പട്ടിപ്പാടം ഗ്രാമ പഞ്ചായത്ത്

വികസന രേഖ 2010-15



വി. എം. സുധീരൻ
പാർലമെന്റ് അംഗം



എ. വി. താമരാക്ഷൻ
നിയമസഭാ അംഗം

സി. എസ്. സുജാത
ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്



പി. സി. ശശികുമാർ
പ്രസിഡന്റ്
ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത്

43-T

ഒൻപതാം പദ്ധതി
ജനകീയപദ്ധതി

പള്ളിപ്പാട് ഗ്രാമപഞ്ചായത്ത്
വികസനറിപ്പോർട്ട്



"'പദ്ധതികളെന്നാൽ
കേന്ദ്രീകരണം എന്നാണർത്ഥം'
എന്ന ചിന്തയക്കു തന്നെ ഞാൻ
എതിരാണ്. കേന്ദ്രീകരണം
പോലെ തന്നെ പദ്ധതികളെ
സംബന്ധിച്ചിടത്തോളം വികേ
ന്ദ്രീകരണവും എന്തു കൊണ്ട്
ഉപയോഗപ്രദമായിക്കൂടാ?"

-ഗാന്ധിജി

എഡിറ്റോറിയൽ ബോർഡ്:-

ചിഫ് എഡിറ്റർ:-

സുചിത്രാ ശക്തിധരൻ

എഡിറ്റർ:-

പ്രൊഫ. കെ.ഹരിഹരൻ

അംഗങ്ങൾ:-

കീച്ചേരിൽ ശ്രീകുമാർ
എം.കെ. വിജയൻ
എൻ. ഗോവിന്ദൻനായർ
മോഹൻ ആറ്റുപുറം
എം. ദിവാകരൻ
സി.ജി. സന്തോഷ്
കെ. രാമചന്ദ്രൻപിള്ള

കവർ:-
വി.ബി. പ്രസാദ്
ഡി.റ്റി.പി & ലേ ഔട്ട്:-
ഐപ്പ് ചാണ്ടപ്പിള്ള & സൺസ്,
മാവേലിക്കര
അച്ചടി:-
വാണി പ്രിന്റേഴ്സ്,
ആലപ്പുഴ.

മുൻകാല സാരഥികൾ

പനയ്ക്കൽ
പരമുപിള്ള

പി. ഇ. മാത്യു
മാപ്പോട്ടിൽ

ചെമ്പകശേരിൽ
കൃഷ്ണപിള്ള



വി. ഗോപാലകൃഷ്ണമേനോൻ

വി. ഒ. ജോർജ്ജ്



പ്രൊഫ. കെ. ഹരിഹരൻ



എം. കെ. വിജയൻ

ഹരിപ്പാട് ബ്ലോക്ക് ചിത്രം



"പഞ്ചായത്തിന് എത്രയേറെ അധികാരമുണ്ടായിരിക്കുമോ, ജനങ്ങൾക്ക് അത്രയേറെ നന്മയുണ്ടാകും"

-ഗാന്ധിജി

പള്ളിപ്പാട് ഗ്രാമപഞ്ചായത്ത്
ഭരണ സമിതി

സുചിത്രാ ശക്തിധരൻ
പ്രസിഡന്റ്



കീച്ചേരിൽ ശ്രീകുമാർ
വൈസ് പ്രസിഡന്റ്



പി. സുനിൽ
ചെയർമാൻ
സ്റ്റാൻഡിംഗ് കമ്മറ്റി

ചിത്രം പള്ളിപ്പാട് ഗ്രാമപഞ്ചായത്ത്



"ഓരോരുത്തർക്കും സമീകൃതാഹാരം, താമസിക്കുവാൻ വൃത്തിയും വെടിപ്പുമുള്ള വീട്, കുട്ടികളുടെ വിദ്യാഭ്യാസത്തിന് സൗകര്യം, ചികിത്സക്കും ഔഷധങ്ങൾക്കും സഹായം- എല്ലാം കിട്ടണം. സാമ്പത്തിക സമത്വത്തെ ക്കുറിച്ചുള്ള എന്റെ ചിത്രം ഇതാണ്. അടിസ്ഥാന ആവശ്യങ്ങൾക്കു പുറമെയുള്ള മറ്റ് ആവശ്യങ്ങളെയൊന്നും ഞാൻ നിഷേധിക്കുന്നില്ല. എന്നാൽ, ദരിദ്രരുടെ അടിസ്ഥാനാ വശ്യങ്ങൾ സാധിച്ചതിനു ശേഷം മാത്രമേ അവ പരിഗണന അർഹിക്കുന്നുള്ളു. ആദ്യം ചെയ്യേണ്ട പ്രവർത്തികൾ ആദ്യം തന്നെ നടക്കണം"

-ഗാന്ധിജി



റ്റി. പ്രസാദ്
മെംബർ
വാർഡ് – 2

എൻ. പി. രാധമ്മ
മെംബർ
വാർഡ് – 4

കെ. ജെ. ജോസഫ്
മെംബർ
വാർഡ് – 6

സി. വി. കുഞ്ഞുപെണ്ണ്
മെംബർ
വാർഡ് – 7



എസ്. രാജേന്ദ്രക്കുറുപ്പ്
മെംബർ
വാർഡ് – 9

തൈത്തറ ബാബു
മെംബർ
വാർഡ് – 10

രാജമ്മ ആനന്ദൻ
മെംബർ
വാർഡ് – 11



അഡ്വ. ബി. രാജശേഖരൻ
ജില്ലാ പഞ്ചായത്ത് അംഗം



കെ. എം. രാജു
ബ്ലോക്ക് പഞ്ചായത്ത് അംഗം

ജനകീയാസൂത്രണ പ്രസ്ഥാനം

സംസ്ഥാനപരിശീലകൻ:- എം.കെ. വിജയൻ

ജില്ലാതല പരിശീലകർ:-

എൻ.ഗോവിന്ദൻനായർ

പ്രൊഫ. കെ. ഹരിഹരൻ

എം.ദിവാകരൻ

സി.ജി. സന്തോഷ്

മോഹൻ ആറ്റുപുറം

എംഎസ്. തങ്കച്ചൻ

ജ്യോതി

ഇന്ദിര

സുജാത

അനിൽ ബാബു

പള്ളിപ്പാട് ഗ്രാമപഞ്ചായത്ത്
പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	-	പള്ളിപ്പാട് ഗ്രാമപഞ്ചായത്ത്
വില്ലേജ്	-	പള്ളിപ്പാട്
ബ്ലോക്ക് പഞ്ചായത്ത്	-	ഹരിപ്പാട്
ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്	-	പി. സി. ശശികുമാർ
ബ്ലോക്ക്ഡിവിഷൻ	-	രണ്ട്
ബ്ലോക്ക് മെമ്പറന്മാർ	-	കെ. എം. രാജു (പള്ളിപ്പാട് കിഴക്ക് എം. കെ. വിജയൻ (പള്ളിപ്പാട് പടിഞ്ഞാറ്)
താലൂക്ക്	-	കാർത്തികപ്പള്ളി
ജില്ല	-	ആലപ്പുഴ
ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്	-	അഡ്വ. സി. എസ് സുജാത
ജില്ലാ പഞ്ചായത്ത് ഡിവിഷൻ	-	ഹരിപ്പാട്
ജില്ലാ പഞ്ചായത്ത് മെമ്പർ	-	അഡ്വ. ബി. രാജശേഖരൻ
അസംബ്ലിനിയോജകമണ്ഡലം	-	ഹരിപ്പാട്
എം.എൽ.എ	-	പ്രൊഫ. എ.വി.താമരാക്ഷൻ
പാർലമെന്റ് മണ്ഡലം	-	ആലപ്പുഴ
പാർലമെന്റ് അംഗം	-	വി.എം. സുധീരൻ
വിസ്തീർണ്ണം	-	16.93 ചതുരശ്രകിലോമീറ്റർ
അതിരുകൾ	-	തെക്ക്:- തൃക്കുന്നപ്പുഴ-മാവേലിക്കര റോഡ്, ചേപ്പാട് പഞ്ചായത്ത് കിഴക്ക്:- ചെട്ടികുളങ്ങര, ചെന്നിത്തല മാന്നാർ പഞ്ചായത്തുകൾ വടക്ക്:- മാന്നാർ, വിയപുരം പഞ്ചായത്തുകൾ പടിഞ്ഞാറ്:-നാഷണൽ ഹൈവേ-47 ഹരിപ്പാട്, കാർത്തികപ്പള്ളി പഞ്ചായത്തുകൾ
വാർഡുകൾ	-	പതിനൊന്ന്
ജനസംഖ്യ (1991 സെൻസസ്)	-	23606
പുരുഷൻമാർ	-	11266
സ്ത്രീകൾ	-	12340
ഗ്രാമപഞ്ചായത്ത്		
ഭരണസമിതി ആഫീസ്	-	പള്ളിപ്പാട് (സ്വന്തം കെട്ടിടം)
പഞ്ചായത്ത് പ്രസിഡന്റ്	-	സുചിത്രാശക്തിധരൻ
" വൈസ് പ്രസിഡന്റ്	-	കീച്ചേരിൽ ശ്രീകുമാർ
സ്റ്റാൻഡിംഗ് കമ്മിറ്റിചെയർമാൻ	-	പി. സുനിൽ
സെക്രട്ടറി	-	കെ. സോമൻ

പഞ്ചായത്തിലെ സ്ഥാപനങ്ങൾ

1. റ്റി.കെ.എം.എം കോളേജ്, നങ്ങ്യാർകുളങ്ങര
2. നടുവട്ടം എൻ.എസ്.എസ് ഹൈസക്കൂൾ
3. മാധവ എഡ്യുക്കേഷൻ സെന്റർ, സെൻട്രൽ സ്ക്കുൾ
4. ഗവണ്മെന്റ് യു.പി.എസ് നങ്ങ്യാർകുളങ്ങര
5. ഗവണ്മെൻറ് യു.പി.എസ് വഴുതാനം
6. ഗവണ്മെൻറ് എൽ.പി.എസ് നടുവട്ടം
7. എച്ച്.ഡബ്ല്യു, എൽ.പി.എസ് തെക്കേക്കര
8. മുല്ലക്കര എൽ.പി.എസ്
9. എം.റ്റി.എൽ.പി.എസ്. അകംകുടി
10. എം.എസ്. സി.എൽ.പി.എസ് പേർക്കാട്
11. നടുവട്ടം എൽ.പി.ജി.എസ്
12. ബി.ബി.എൽ.പി.എസ് നങ്ങ്യാർകുളങ്ങര
13. കാർത്തികപ്പള്ളി താലൂക്കാശുപത്രി
14. ഹരിപ്പാട് റയിൽവേസേറ്റഷൻ
15. ഹരിപ്പാട് ടെലികോംസെന്റർ
16. കൃഷിഭവൻ
17. വെറ്റെറിനറിഡിസ്പൻസറി
18. ആയുർവ്വേദഡിസ്പൻസറി
19. വില്ലേജ് ആഫീസ്
20. പോസറ്റ് ആഫീസുകൾ-3
21. പൊതുജനാരോഗ്യസബ്സെന്റർ-4
22. വില്ലേജ് എക്സറ്റൻഷൻ ആഫീസ്-2
23. സേറ്റ്ബാങ്ക് ഓഫ് ട്രാവൻകൂർ, പള്ളിപ്പാട് ശാഖ
24. ആലപ്പുഴ ജില്ലാ സഹകരണബാങ്ക്, പള്ളിപ്പാട് ശാഖ
25. മാവേലിസോറ്റാർ
26. വൈദ്യുതിബോർഡ് സബ്എഞ്ചിനീയർ ആഫീസ്
27. ജലഅതോറിറ്റി
28. സർവ്വിസ് സഹകരണ സംഘങ്ങൾ-2
29. ക്ഷീരസഹകരണസംഘങ്ങൾ-3
30. ഗ്രന്ഥശാലകൾ-2
31. കെ.സി.റ്റി. വർക്ക്ഷോപ്പ്
32. പഞ്ചായത്ത് ആഫീസ്

താളുകളിലൂടെ.....

1. ആമുഖം
2. സാമൂഹിക-സാംസക്കാരികചരിത്രം
3. ഭൂപ്രകൃതി, ജലവിഭവം, ജനത
4. സാമൂഹികം- സാമ്പത്തിക മേഖലകൾ

    4.1. കൃഷിയും ജലസേചനവും
    4.2. മൃഗസംരക്ഷണം,മത്സ്യബന്ധനം
    4.3. വ്യവസായം
    4.4. വിദ്യാഭ്യാസം
    4.5. പൊതുജനാരോഗ്യം,കുടിവെള്ളം
    4.6. ഗതാഗതം,ഊർജ്ജം
    4.7. സാമൂഹ്യക്ഷേമം,പാർപ്പിടം
    4.8. സാംസ്ക്കാരികരംഗം
    4.9. വനിത
    4.10. സഹകരണം
    4.11. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം
    4.12. വിഭവസമാഹരണം

5.ഉപസംഹാരം

"വ്യക്തി സ്വാതന്ത്ര്യത്തെ ഞാൻ വില മതിക്കുന്നു. എന്നാൽ മനുഷ്യൻ ഒരു സാമൂഹ്യ ജീവിയാണെന്നുള്ളു വസ്തുത നിങ്ങൾ മറന്നു പോകരുത്. സ്വന്തം വ്യക്തിത്വം സാമൂഹ്യപുരോഗതിക്ക് അനുകൂലമാക്കാൻ പഠിക്കണം. അങ്ങനെആ സ്വഭാവം അതിന്റെ ഔന്നത്യത്തിലെ ത്തിക്കണം. അനിയന്ത്രിതമായ വ്യക്തിസ്വാതന്ത്ര്യത്തെക്കുറിച്ചുള്ള സങ്കല്പം കാട്ടുമൃഗങ്ങളുടെനിയമമാണ്. വ്യക്തിസ്വാതന്ത്രത്തിന്റെയുംസാമൂഹ്യസംയമനത്തിന്റെയും മദ്ധേയുള്ളമാർഗ്ഗത്തിലാണ് നമുക്ക് ചരിക്കാനുള്ളത്. മുഴുവൻ സമൂഹത്തിന്റെയും നൻമക്കുവേണ്ടിസസന്തോഷം സാമൂഹ്യസംയമനം പാലിക്കുകവഴി വ്യക്തിയെയും, അയാൾ അംഗമായസമൂഹത്തെയും സമൃദ്ധമാക്കുകയാണ്"

-ഗാന്ധിജി

"സമുഹത്തിന്റെ ഒട്ടാകെ നന്മക്കു വേണ്ടി സാമുഹിക നിയന്ത്രണങ്ങൾക്കു വഴങ്ങുന്നത് വ്യക്തിയെയും അവൻ അംഗമായ സമുഹത്തെയും സമ്പന്നമാക്കുന്നത്"

-ഗാന്ധിജി.

1

ആമുഖം

ഭാരതത്തെ വിദേശാധിപത്യത്തിൽ നിന്നും വിദേശ ചുഷണത്തിൽ നിന്നും വിമോചിപ്പിക്കുക എന്നുള്ളതു മാത്രമായിരുന്നില്ലാ സ്വാതന്ത്ര സമരസേനാനികളുടെയും അവർക്കു നേതൃത്വം നൽകിയ ഗാന്ധിജിയുടെയും ലക്ഷ്യം. ഇവിടെ ഒരു "ക്ഷേമ രാഷ്ട്രം" പടുത്തുയർത്തുക എന്നുള്ളതും അവരുടെ സ്വപ്നായിരുന്നു. ഈ സ്വപ്നം സാക്ഷാത്കരിക്കുന്നതിന് സഹായകമായ അധികാര വികേന്ദ്രീകരണം സ്വതന്ത്ര ഭാരതത്തിൽ ഉണ്ടാകുമെന്നായിരുന്നു അവരുടെ പ്രതീക്ഷ. എന്നാൽ അധികാരകേന്ദ്രീകരണമാണിവിടെ സംഭവിച്ചത്. ജനാഭിലാഷങ്ങൾ വേണ്ടത്ര ഗൗരവ പൂർവ്വം പരിഗണിക്കപ്പെട്ടില്ല. ജനാധിപത്യ സാംവിധാനത്തിന്റെ മഹത്വങ്ങൾ എണ്ണിയെണ്ണിപ്പറഞ്ഞപ്പോഴും ഭരണരംഗത്തും വികസനരംഗത്തും ജനങ്ങൾക്കുള്ള പങ്കിനെക്കുറിച്ചുപോലും അധികാരശക്തികൾ മറന്നമട്ടായി. രാഷ്ട്ര പുനർനിർമ്മാണ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം നാമമാത്രമായൊതുക്കി പക്ഷെ ഭരണഘടന നൽകുന്ന വാഗ്ദാനങ്ങൾ ജനങ്ങൾ മറന്നില്ല. അധികാരവികേന്ദ്രീകരണത്തിനു വേണ്ടി അവർ കുടുതൽ ശക്തിയോടെ വാദിച്ചുതുടങ്ങി. അതിന്റെ അലകൾ എങ്ങും മുഴങ്ങിയതുകൊണ്ടാണല്ലോ "ഗ്രാമപഞ്ചായത്തുകൾ" നടപ്പുക്കാനുള്ള "നിർദേശകതത്വം" 47-ാം വർഷമെങ്കിലും നടപ്പാക്കാൻ നമ്മുടെ രാജ്യം തയ്യാറായത്.

അധികാര വികേന്ദ്രീകരണത്തിന്റെ പേരിൽ പലതും ചെയതു. എന്നാൽ, ഈരംഗത്ത് അർത്ഥവത്തായ ആദ്യ ചുവടുവെപ്പുണ്ടായത്, നമ്മുടെ ഭരണ ഘടനയുടെ 73-ഉം74-ഉം ഭേദഗതികളേടെയാണ്. ഒരുപരിധിവരെയെങ്കിലും അധികാരത്തിൽ പങ്കാളികളാകാൻ ജനങ്ങൾക്കു അവസരം ലഭിക്കുന്ന സ്ഥിതിവന്നു. "ത്രിതലപഞ്ചായത്തുകൾ" നിലവിൽ വന്നതോടെ "അധികാരം ജനങ്ങളിലേയക്ക്" എന്ന ആശയം സാർത്ഥകമാകാൻ തുടങ്ങി. സാധാരണ ജനങ്ങൾക്കും തങ്ങളുടെ രാജ്യത്തിന്റെ ഭാവിവിധാതാക്കളാകാൻ കഴിയുന്നതിന്റെ ഉത്സാഹമാണെങ്ങും കാണാൻകഴിയുന്നത്.

വികസനപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് പഞ്ചായത്തുകൾക്ക് പദ്ധതിവിഹിതത്തിന്റെ 35 - 40% നൽകുമെന്ന് പ്രഖ്യാപിച്ചുകൊണ്ട് ഭാരതത്തിനാകെ മാതൃകയായി,

കേരളസർക്കാർ "ജനകിയാസൂത്രണ പ്രസ്ത്ഥാന"ത്തിനു രുപം നൽകി തങ്ങളിൽ നിക്ഷിപ്തമായ അധികാരാവകാശങ്ങൾ ജനങ്ങൾ, ഗൗരവപൂർവ്വം കൈകാര്യംചെയ്യുമെന്നും കടമകൾ നിർവിഘ്നം നിർവഹിക്കുമെന്നുമുള്ള അചഞ്ചലമായ വിശ്വാസമാണ് ഈ സ്ഥാപനത്തിനു രുപം നൽകാൻ സർക്കരിനെ പ്രേരിപ്പിച്ചതെന്നുവേണം കരുതാൻ. ആ സൂത്രണപ്രവർത്തനങ്ങളിൽ മുൻകാലപരിചയമില്ലാത്ത സാധാരണജനങ്ങളെ ഈ വൻപിച്ച ഉത്തരവാദിത്തം എല്പിക്കുന്നതിൽ സംശയംപ്രകടിപ്പിച്ചവരും ഇല്ലാതില്ല. പക്ഷേ, സർക്കാർ ജനങ്ങളിൽ അർപ്പിച്ചവിശ്വാസം ശരിയാണെന്നുതന്നെയാണ് അനുഭവങ്ങൾ തെളിയിക്കുന്നത്. "ജനകീയാസൂത്രണപ്രസ്ഥാന" ത്തിൽ ജനങ്ങൾ ആവേശപൂർവ്വം വിശ്വസിക്കുന്നതിനെക്കുറിച്ചും, അതിന്റെ ചിട്ടയായ പ്രവർത്തനങ്ങളിൽ ആത്മാർത്ഥതയോടും അർപ്പണമനോഭാവത്തോടും ഭാഗഭാക്കാകുന്നതിനെക്കുറിച്ചുമുള്ള ചർച്ചകളാണിന്ന് കേൾക്കുന്നത്. സംശയിച്ചുമാറിനിന്നവർ പോലും ഇപ്പോൾ, സ്വന്തംകാര്യം എന്നമട്ടിൽ ഇതിന്റെ പ്രവർത്തനങ്ങളിൽ വ്യാപൃതരായിട്ടുണ്ട്.

പള്ളിപ്പാട്ട് ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചത് 1996 സെപ്റ്റംബർ മാസം 18-ാം തീയതി യാണ്. തെരഞ്ഞെടുക്കപ്പെട്ട 84 പ്രതിനിധികളെ പങ്കെടുപ്പിച്ച് കൊണ്ട് ഒരു ഏകദിനശില്പശാലനട ത്തിയാണതിനു തുടക്കം കുറിച്ചത്. ഈ ശില്പശാലയിൽ ജനകിയാസൂത്രണ പ്രസ്ഥാനത്തിന്റെ പ്രസക്തിയെക്കുറിച്ചായിരുന്നു പ്രധാന ചർച്ച. ഇതിൽ പങ്കെടുത്തവർ മാറ്റത്തിന്റെ ശംഖൊലിയാണ് കേട്ടത്. തുടർന്ന്പ്രവർത്തനങ്ങളിൽ ആവേശകരമായ ജനമുന്നേറ്റമാണനുഭവപ്പെട്ടത്. നാലാള് കൂടുന്നിടത്തെല്ലാം ജനകീയാസൂത്രണ പ്രസ്ഥാനം ചർച്ചാവിഷയമായി. കൂടുതൽകൂടുതലാളുകൾ ഇതിന്റെ പ്രവർത്തങ്ങളിൽ താല്പര്യംകാട്ടാൻ തുടങ്ങി.

1996 സെപറ്റംബർ മാസം 29-ാംതീയതി മുതൽ പഞ്ചായത്തിലെ വിശേഷാൽ ഗ്രാമസഭകൾ ചേരുവാൻതുടങ്ങി. അഭൂതപൂർവ്വമായ ആവേശമാണ് ജനങ്ങളിൽ പ്രകടമായത്. 1996 ഒക്ടോബർ മാസം 13-ാം തീയതിയോടെ പതിനൊന്നു വാർഡുകളിലെയും ഗ്രാമസഭകൾ കൂടി. മിക്ക വാർഡുകളിലും വിശേഷാൽ ഗ്രാമസഭകളിൽ പങ്കെടുക്കുന്നതിന് ജനങ്ങളെ സജ്ജരാക്കുന്ന പ്രവർത്തനങ്ങൾ ചിട്ടയാ യിനടന്നു. സംഘാടകർ പ്രചാരണപ്രവർത്തന ങ്ങളിൽ പ്രത്യേകം ശ്രദ്ധിച്ചു

പട്ടിക.I

വാർഡ്	തീയതി	പങ്കെടുത്ത വോട്ടറന്മാർ	പങ്കെടുത്ത സ്ത്രീകളുടെ എണ്ണം	പുരുഷന്മാരുടെ എണ്ണം	ആകെ
I	29.9 .96	2177	85	130	215
II	6. 10.96	1801	97	185	282
III	12.10.96	1593	91	173	264
iv	2. 10..96	1544	148	161	309
v	29..9..96	1001	63	89	152
vi	2.10. 96	1363	49	96	145
vii	6. 10. 96	1468	225	175	400
viii	13.10.96	2061	49	78	127
IX	13.10.96	1888	60	207	267
X	12.10.96	1794	152	181	333
XI	13.10.96	1500	110	153	263
	ആകെ	18190	1129	1628	2757

ഗ്രാമസഭകളിൽ സജീവമായ ചർച്ചകൾനടന്നു. നത്തിന് അനുഭവപ്പെടുന്ന മുരടിപ്പിനെക്കുറിച്ചും പ്രശ്നങ്ങളെക്കുറിച്ചുമവർ മടികൂടാതെ പറഞ്ഞു. ജീവിക്കുന്ന ചുറ്റുപാടുകളെക്കുറിച്ചു അവരെത്ര ബോധവാന്മാരണെന്നു വ്യക്തമാക്കുന്നതായിരുന്നു, അവരുടെ വാക്കുകൾ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അവരുടെ ബുദ്ധിക്കും യുക്തിക്കും നിരക്കുന്ന നിർദേശങ്ങൾ കലവറകൂടാതെ അവതരിപ്പിച്ച ശേഷം മാത്രമാണവർപിരിഞ്ഞുപോയത്. നിയമാനുസരണം തങ്ങൾക്കുലഭിച്ച അവകാശം വിവേകപൂർവ്വം വിനിയോഗിച്ച സംതൃപ്തിയോടെയാണവർ വീടുകളിലേക്കുമടങ്ങിയത്. ഇതോടെ കൂടുതൽ ശ്രമകരമായ ജോലികൾ എറ്റെടുത്തുതുടങ്ങി. വിശേഷാൽ ഗ്രാമസഭകളുടെ റിപ്പോർട്ടുകൾ ക്രോഡീകരിക്കുക ആയിരുന്നു അതിലാദ്യ കർത്തവ്യം. അടുത്ത ചുമതല, ദ്വിതീയ സ്ഥിതി വിവരക്കണക്കുകൾ ശേഖരി ക്കലായിരുന്നു നമ്മുടെ ഗ്രാമത്തെക്കുറിച്ചു കൂടതൽ മനസ്സിലാക്കുവാനും കൂടുതൽ വിവരങ്ങൾ ശേഖരിക്കുന്നതിനുമുള്ള "പഠനപര്യടന" മായിരുന്നു മറ്റോരു ജോലി ഈചുമതലകളെല്ലാം സന്തോഷ പൂർവ്വം ഏറ്റെടുത്ത് ചെയ്യുവാൻ തയ്യാറുള്ളവരെ തേടിനടക്കേണ്ടിവന്നില്ല തികഞ്ഞ ഉത്തരവാദിത്വത്തോടെ ഈ ജോലികൾ ചെയ്തവർ സമൂഹത്തിന്റെ മൊത്തത്തിലുള്ള പുരോഗതിയിൽ സന്തോഷി ക്കുന്നവരാണ്. അവർ ജനങ്ങളുടെ മിത്രങ്ങളാണ്.

രണ്ടാം ഘട്ടപഞ്ചായത്തുതല പരിശീലനം 16.11.1996 ൽനടുവട്ടം ഹൈസ്ക്കുളിൽ വച്ച് നടന്നു. ഇതിലും പ്രതിനിധികളുടെ പങ്കാളിത്തം സജീവ മായിരുന്നു. വിശേഷാൽ ഗ്രാമസഭകളുടെ ക്രോഡീ കരിച്ച റിപ്പോർട്ടിന്റെയും ദ്വിതീയ സ്ഥിതിവിവര കണക്കുകളുടെയും പഠനപര്യടനത്തിലൂടെ നേടിയെടു ത്ത അറിവുകളുടെയും സഹായത്തോടെ തയ്യാറാക്കിയതാണ് ഈ വികസനറിപ്പോർട്ട്. ഇതു പൂർണ്ണമാണന്ന് പറയാൻ കഴിയില്ല. ഇതിൽ കുറ്റങ്ങളും കുറവുകളും കാണാം. ചോർച്ചയും വീഴ്ചയും സംഭവി ച്ചുട്ടുണ്ടാകാം. അതുകൊണ്ട്, ഈ രേഖ വിശദമായ പരിശോധനയ്ക്കും അപഗ്രഥനത്തിനം, വിദഗ്ധമായ ചർച്ചയ്ക്കും പഠനത്തിനും വേണ്ടി അവതരിപ്പിക്കുന്നു. ഇതിന്റെ പോരായ്മകൾ നികത്തി തെറ്റുകൾ തിരുത്തി പൂർണ്ണത വരുത്തി നാളേക്കുള്ള കൈ ചുണ്ടിയായി നമുക്ക് സൂക്ഷിക്കണം, പ്രയോജന പ്പെടുത്തണം. ജനശക്തി ആർജ്ജിച്ചുകൊണ്ട് പുരോഗതിയിലേക്കുള്ള പ്രയാണത്തിലെ ആദ്യശക്തി സ്രോതസ്സാകട്ടെ ഈ രേഖ!

2

സാമൂഹിക സാംസ്കാരിക ചരിത്രം

അഭിമാനാർഹമായ ഒരു സാമൂഹിക സാംസ്കാരിക ചരിത്രമാണ്, പള്ളിപ്പാടിനുള്ളത്. കറപുരളാത്ത സാംസ്കാരിക പാരമ്പര്യവും ഉയർന്ന സദാചാരബോധവും നിലനിന്ന ഒരു പ്രദേശമാണിവിടം. മലയാള മണ്ണിന്റെ തനിമ എവിടെയും തുടിച്ചുനിന്നിരുന്നു. ലക്ഷ്യബോധം നഷ്ടപ്പെടാതെ ലളിത ജീവിതം നയിച്ചിരുന്ന സാധാരണക്കാരുടെ നാടായിരുന്നു പള്ളിപ്പാട്. ഈ നാടിന്റെ പൂർവ്വകാല ചരിത്രത്തിലേക്ക് ഒന്നു തിരിഞ്ഞു നോക്കുന്നതുനന്നായിരിക്കും

ഒരു കാലത്ത് ഇവിടം കടലിനടിയിലാ യിരുന്നെന്നു കരുതുന്നവരുണ്ട്. പള്ളിപ്പാടിന്റെ തൊട്ടുകിഴക്കുള്ള തൃപ്പെരുന്തുറ പഞ്ചായത്ത് പേരുകൊണ്ടു തന്നെ 'തുറ' അഥവാ തുറ മുഖമായിരുന്നു എന്ന സൂചന നൽകുന്നു. അവിടെ ഒരു പെരുംതുറ - ഒരുവലിയ തുറമുഖം ഉണ്ടായിരുന്നതായി പറയപ്പെടുന്നു. കടൽമാറി കരയായതോടെ ഇവിടെ വളർന്നത് കൊടും കാടായിരുന്നെന്നാണ് വിശ്വാസം. ഇന്നും ഇവിടുത്തെ പാടശേഖരങ്ങളിൽ നിന്നും ലഭിക്കുന്ന വൻ 'കാണ്ടാമര'ങ്ങൾ ഈ വിശ്വാസത്തെ ബലപ്പെടുത്തുന്നു.

അവൈദിക കാലം മുതൽ ഇവിടെ ജനവാസമുണ്ടായിരുന്നതായി കരുതണം. സ്ഥലനാമം സൂചിപ്പിക്കുന്നതിതാണ് പള്ളി + പാട് - ആണ് പള്ളിപ്പാട്. പാട്, എന്നാൽ സ്ഥലമെന്ന് സ്ഥൂലാർത്ഥം. ഹരിപ്പാട്, പായിപ്പാട്, ചേപ്പാട് എന്നി അയൽപ്രദേശ നാമങ്ങളിൽ 'പാട്' ഉണ്ട്. പള്ളി അവൈദിക ആരാധന കേന്ദ്രത്തെയാണ് സൂചിപ്പിക്കുന്നത്. ബുദ്ധമതം അവൈദികമായിരുന്നല്ലോ!

ബുദ്ധമതം പ്രചാരത്തിലായതോടെ, ഇവിടെയും ബുദ്ധവിഹാരങ്ങൾ ഉയർന്നുകാണും. AD 11-ാം (പതിനൊന്നാം) ശതകം വരെ ബുദ്ധമതവിഹാരങ്ങൾ ഇവിടെങ്ങും ഉണ്ടായിരുന്നുതായികരുതപ്പെടുന്നു. ബുദ്ധവിഹാരത്തെ "പള്ളി" എന്നുവിളിച്ചിരുന്നെന്നും കാർത്തികപ്പള്ളി, പുതുപ്പള്ളി, കരുനാഗപ്പള്ളി, പള്ളിപ്പാട്, തോട്ടപ്പള്ളി മുതലായ സ്ഥലനാമങ്ങൾ അവിടെങ്ങളിലുണ്ടായിരുന്ന ബുദ്ധമതവിഹാരങ്ങൾ മുലം ലഭിച്ചിട്ടുള്ളതാണന്ന് വിശ്വസിക്കുന്നവരുണ്ട്.

ഓടനാടിന്റെ - ഓണാടിന്റെ അധികാരാതൃത്തിയിൽപെട്ടിരുന്ന സ്ഥലമാണ് പള്ളിപ്പാട്. 1218-ലെ കണ്ടിയൂർ ശിലാശാസനത്തിൽ ഓടനാടിന്റെ നാടുവാഴിയായിരുന്ന രാമൻ കോത വർമ്മനെപ്പറ്റിപറയുന്നുണ്ട്. വാണിജ്യപരമായി കായംകുളത്തിന്റെ പ്രാധാന്യം വർദ്ധിച്ചതോടെയാകണം രാജ

ധാനി കായംകുളം നഗരപ്രാന്തത്തിലേക്കു മാറിയത് 1746ൽ വേണാട്ടധിപനായ മാർത്താണ്ഡ വർമ്മ യുമായുണ്ടായ അവസാന യുദ്ധത്തിൽ പരാജിതനാകുന്നതുവരെ, കായംകുളം പ്രബലമായ ഒരു സ്വതന്ത്ര രാജ്യമായിരുന്നു. കായംകുളം രാജാവിന്റെ മന്ത്രിമുഖ്യനായിരുന്ന "വെട്ടിവിള" യിൽ യജമാനൻ താമസിച്ചിരുന്നത് പള്ളിപ്പാട്ടായിരുന്നു. വേണാട്ടധിപനോടു പരാജയപ്പെട്ടപ്പോൾ, വളരെയേറെ സ്ഥലങ്ങൾ ബ്രാഹ്മണർക്കു ദാനം ചെയ്തു. അങ്ങനെയാണ്, പള്ളിപ്പാടിന്റെ അധീശത്വം ആലുവായ്ക്കടുത്ത് വെള്ളാപ്പള്ളി ദേശത്തുള്ള "അകവൂർമന" ക്കുലഭിച്ചതെന്നു കരുതുന്നു. ഇന്നും, തലത്തോട്ടാ, ഇരട്ടക്കുളങ്ങര തുടങ്ങിയ ക്ഷേത്രങ്ങളുടെ അവകാശം മേൽപറഞ്ഞ മനക്കാണ്

ഈസ്റ്റിൻഡ്യാ കമ്പിനിയുടെ നിർദേശപ്രകാരം 1816 മുതൽ 1820വരെ ബ്രിട്ടിഷ് സൈനികോദ്യോഗസ്ഥന്മാരായിരുന്ന കർണൽവാർഡും, കോണറും ഗ്രാമങ്ങൾതോറും സഞ്ചരിച്ച് വളരെ വിശദമായ ഒരു റിപ്പോർട്ട് തയ്യാറാക്കി. രണ്ടു വാല്യങ്ങളായുള്ള ഈ റിപ്പോർട്ട് വർഷങ്ങൾക്കുമുമ്പ് മദ്രാസിലെ സ്വദേശിമിത്രൻ പ്രസ്സുകാർ അച്ചടിച്ചു പ്രസിദ്ധീകരിച്ചിരുന്നു. ആ റിപ്പോർട്ടിൻ പ്രകാരം തിരുവിതാംകൂർ രാജ്യം 17 ഡിസ്ട്രിക്കുകളായി വിഭജിക്കപ്പെട്ടിരുന്നു. അതിലൊരു ഡിസ്ട്രിക്ട് കടലിനോടു ചേർന്ന് കിടക്കുന്ന കാർത്തികപ്പള്ളിയായിരുന്നു. ഈ ഡിസ്ട്രിക്റ്റിന്റെ അതിർത്തികൾ, വടക്ക് അമ്പലപ്പുഴ, തെക്ക് കരുനാഗപ്പള്ളി, കിഴക്ക് മാവേലിക്കര, തിരുവല്ല ഡിസ്ട്രിക്കുകളായിരുന്നു. ആകെ 74 ച:മൈലുള്ളതിൽ 10ച:മൈൽ ആറും തോടും കായലുമായി കിടന്നിരുന്നു. ശേഷിച്ചതിൽ 35 ച:മൈൽ നെൽകൃഷിയും 28 ച:മൈൽ നാളികേര കൃഷിയുമായിരുന്നു. അന്ന്, ഒരു ചതുരശ്രമൈലിന് 6616 ആളുകൾ താമസിച്ചിരുന്നതായാണ് കണക്ക്. രസാവഹമായ മറ്റൊരു വസ്തുത ഇടപ്പള്ളി രാജാവിന്റെ വകയായിരുന്ന തൃക്കുന്നപ്പുഴ ഈ ഡിസ്ട്രിക്കിൽ ഉൾപ്പെട്ടിരുന്നു. ഭരണസൗകര്യത്തെ മുൻനിർത്തി കാർത്തികപ്പള്ളി ഡിസ്ട്രിക്കിനെ 8(എട്ട്) പ്രവർത്തികളായി ഭാഗിച്ചിരുന്നു. അതിലൊരു പ്രവർത്തിയായിരുന്നു, പള്ളിപ്പാട് : വിസ്തിതി കൊണ്ടും പാടശേഖരങ്ങളുടെ വ്യാപ്തികൊണ്ടും ഇവിടം 'പള്ളപ്പാട്' എന്നറിഞ്ഞിരുന്നെന്നും പിൽക്കാലത്ത് പള്ളിപ്പാടായി മാറിയതാണന്ന് അഭിപ്രായമുണ്ട്.

ഭൂമിശാസ്ത്രാപരമായി നോക്കുമ്പോൾ, തൃപ്പെരുന്തുറമുതൽ പടിഞ്ഞാട്ട് ഈ പഞ്ചായത്തിന്റെ വടക്കുഭാഗത്തുകൂടി വീയപുരം വഴി പടിഞ്ഞാറോട്ടു തോട്ടപ്പള്ളിവരെയുള്ള താഴ്ന്ന പ്രദേശവും കടലിലേക്കുള്ള മാർഗ്ഗവും തന്ത്രപ്രധാനമായ യുദ്ധ സന്നാഹങ്ങളുടേയും സജ്ജീകരണങ്ങളുടെയും സൗകര്യങ്ങൾ ബോദ്ധ്യപ്പെടുത്തുന്നതാണ്. കായംകുളം രാജാവും ചെമ്പകശ്ശേരിരാജാവും തമ്മിൽ ഈ പഞ്ചായത്ത്പ്രദേശത്തോടു ചേർന്നുള്ള മുല്ലവക്കുളങ്ങര പടനിലത്ത് ഏറ്റുമുട്ടിയചരിത്രം തലമുറകളായി ഓർമ്മിക്കുന്നു. യുദ്ധത്തിന്റെയും യുദ്ധസന്നാഹങ്ങളുടെയും ഓർമ്മ പേറുന്ന ഒട്ടേറെസ്ഥലനാമങ്ങൾ ഇന്നും നിലനിൽക്കുന്നു. കോട്ടയ്ക്കകം ഒരു കരതന്നെയാണ്. കോട്ടയിൽ, അകത്തൂട്ട് തുടങ്ങിയ പേരുകളുമുണ്ട്. തീർച്ചയായും ഈ നാട് തന്ത്രപ്രധാനമായ ഒരു പ്രദേശമായിരുന്നിരിക്കാനിടയുണ്ട്.

വൈദികകാലം മുതൽ ഇവിടെ ഹൈന്ദവ ആരാധനാലയങ്ങൾ ഉണ്ടായിരുന്നതായികരുതുന്നു. പ്രധാനമായും എട്ടു ക്ഷേത്രങ്ങളാണിവിടെയുള്ളത്. അവയിൽ തന്നെ, താളിയാതിരിമാർ സ്ഥാപിച്ച "തളിക്കൽ" ക്ഷേത്രംമാണ് അതിപുരാതനമായിട്ടുള്ളതെന്നും കരുതുന്നു. എടുത്തുപറയേണ്ട മറ്റു പുരാതനക്ഷേത്രങ്ങൾ തലത്തോട്ട ശിവക്ഷേത്രവും, മണക്കാട്ട് ശാസ്താക്ഷേത്രവുമാണ്. കുഞ്ചെക്കുട്ടിപിള്ളയുടെ കാലത്താണ് മണക്കാട്ട് ശ്രീ ഭുവനേശ്വരിയെപ്രതിഷ്ഠിച്ചത്. ഇവിടെനടന്നിരുന്ന "കോലവും പൂപ്പടയും" ഈ ഗ്രാമത്തിന്റെ ഉത്സവമായിരുന്നു. വിദഗ്ധവും വിശദവുമായ ചരിത്ര പഠനത്തിനുതകുന്ന ഒട്ടേറെ ചുവർ ചിത്രങ്ങളുള്ള അരയാകുളങ്ങര ശ്രീകൃഷ്ണസ്വാമിക്ഷേത്രം ഈഗ്രാമത്തിന്റെ സാംസ്കാരിക പൈതൃകം വ്യക്തമാക്കുന്ന അസാധാരണ സമ്പത്താണ്. നങ്ങ്യാർകുളങ്ങര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിന്റെ നടപ്പന്തലിൽകാണുന്ന അതുല്യമായ ശില്പചാതുരി ഈ നാടിന്റെ പൂർവ്വകാലപ്രൗഢി യും വിളിച്ചറിയിക്കുന്നു.

തിരുവിതാംകൂർ മഹാരാജാവായിരുന്ന മാർത്തണ്ഡവർമ്മ താമസിച്ചിട്ടുള്ള കരിമ്പാലിൽ കോയിക്കൽ കൊട്ടാരം ഈ പഞ്ചായത്തിലാണ്. അവിടെ വച്ചാരാധന നടന്നിരുന്നു. പിന്നിടവിടം തിരുവിതാംകൂർ ദേവസ്വംബോർഡിന്റെ അധീനതയിലായി.

ഇവിടുത്തെ ആദ്യക്രിസ്തീയ ദേവാലയമായികാണുന്നത്, സെന്റ് ജോർജ് ഓർത്തഡോക്സ് സിറിയൻ പള്ളിയാണ്. ഇന്ന് പഞ്ചായത്തിന്റെ പല വാർഡുകളിലും ക്രിസ്തീയ ദേവാലയങ്ങൾ ഉണ്ട്. ഒരുനൂറ്റാണ്ടിലേറെപഴക്കമുള്ള ഒരു മുസ്ലിം ദേവാലയമാണ് എടുത്തുപറയേണ്ട മറ്റൊരാരാധനാലയം. മതമൈത്രിക്കും മതസൗഹാർദത്തിനും പോറൽപോലും

മുണ്ടാകുന്ന സംഭവങ്ങളൊന്നും തന്നെ ഇന്നോളം ഇവിടെ ഉണ്ടായിട്ടില്ലാ.

കോയിക്കലേത്ത് പേഷ്ക്കാരും നാടക കൃത്തും നടനുമായിരുന്ന കോയിക്കലേത്ത് ചെല്ലപ്പൻ പിള്ളയും, "കുഞ്ചെക്കുട്ടിപ്പിള്ള" "ഉഷ അനിരുദ്ധൻ" "ബാഷ്പാർണ്ണവം" "ഭ്രമരസന്ദേശം" തുടങ്ങിഒട്ടേറെ കൃതികളുടെ കർത്താവും "സോഷ്യൽ ഇൻഡ്യ ഇംഗ്ലിഷ് ഡെയ്ലി" യുടെ പത്രാധിപരുംമായിരുന്ന രാജ ഭക്തൻ ഈരിക്കൽ കേശപിള്ളയും ഈ നുറ്റാണ്ടിൽ ഇവിടെ ജീവിച്ചിരുന്നവരാണ്. ലോകപ്രശസ്തനായ കഥകളിനടൻ ഹരിപ്പാട് രാമകൃഷ്ണപിള്ളയുടെയും പാഠകവിദ്വാൻ ഹരിപ്പാട് അച്യുതദാസിന്റെയും കർണ്ണാടക സംഗീതരംഗത്തു സമാരാധ്യനായിരുന്ന മലബാർ ഗോപാലൻ നായരുടെയും ജന്മംകൊണ്ട് ധന്യമായ ഗ്രാമമാണ് പള്ളിപ്പാട്. വിശ്വവിഖ്യാതനായ കാർട്ടൂണിസ്റ്റ്രവിന്ദ്രൻ പള്ളിപ്പാട്ടാണ് ജനിച്ചുവളർന്നത്. പ്രശസ്തസാഹിത്യകാരൻ പള്ളിപ്പാട്കുഞ്ഞുകൃഷ്ണൻ ഈ നാടിനെ കൂടുതൽ പ്രശസ്തമാക്കി.

ക്രൈസ്തവസമൂഹത്തിനാകെ ആത്മീയാചാര്യനായി വാഴ്ത്തപ്പെടുന്ന മലങ്കര മെത്രപ്പോലീത്തയായി വാഴിക്കപ്പെട്ട നി.വ.ദി.ശ്രീ ഫീലിപ്പോസ് മാർ ദിവന്യാസോസ് ഈ ഗ്രാമത്തിന്റെ സംഭാവനയാണെന്നത് ഈ നാടിന്റെ ആത്മീയചൈതന്യത്തെ പ്രഭാപൂരമാക്കുന്നു.

ഗാന്ധിശിഷ്യനും ഭൂദാനപ്രസ്ഥാത്തിന്റെ ജനയിതാവുമായ വിനോബാഭാവെക്ക് ഭൂമിനൽകി ഭൂപ്രഭുക്കന്മാർക്ക് മാതൃകകാട്ടാൻ കഴിഞ്ഞ മംഗലശേരിൽ എം.സി. ശാമുവേൽ ഈ ഗ്രാമവാസിയായിരുന്നെന്നത് അഭിമാനത്തിനുവകനൽകുന്നു.

ശ്രീ നാരായണഗുരുദേവന്റെ പാദസ്പർശം കൊണ്ട് അനുഗ്രഹീതമായനാടാണ് പള്ളിപ്പാട് ഗുരുദേവൻ സന്ദർശിക്കാറുണ്ടായിരുന്ന ഇളയാംവിട് ഈ പഞ്ചായത്തിലാണ്.

റവന്യൂറിക്കാർഡ് അനുസരിച്ച് 1463 ഹെക്ടർ സ്ഥലമാണിവിടെയുള്ളത്. അതിൽ 783 ഹെക്ടർ പുഞ്ചനിലമായിരുന്നു. 226ഹെക്ടർ വിരിപ്പ് നിലങ്ങളുമുണ്ടായിരുന്നതായി രേഖകൾ സൂചിപ്പിക്കുന്നു. ഇതിന്റെ ഭൂരിഭാഗവും അകവൂർമനയുടെയും കുളങ്ങര ഇല്ലത്തിന്റെയും വകയായിരുന്നു. ഇവരുടെ കൃഷിക്കാരാണ്, പില്ക്കാലത്ത് ഭൂവുടമകളായത്. ഈ ഭൂവുടമകളും കുടികിടപ്പുകാരും തമ്മിൽ നല്ലബന്ധം നിലനിന്നിരുന്നതായാണ് തലമുതിർന്നവർ സൂചിപ്പിക്കുന്നത്. ഭൂപരിഷ്കരണനിയമങ്ങൾ, ജന്മി കുടിയാൻ ബന്ധങ്ങളിൽ വൻപിച്ച മാറ്റങ്ങൾ ഉണ്ടാക്കിയപ്പോഴു ദു:ഖസ്മരണകളുയർത്തുന്ന സംഭവങ്ങളൊന്നും ഈ പഞ്ചായത്തിൽ ഉണ്ടായിട്ടില്ലാ.

ഉച്ചനീചത്വങ്ങൾ കൊടിക്കുത്തിവാണ കാലത്തെക്കുറിച്ച് മനം മടുപ്പിക്കുന്ന കഥകളാരും പറഞ്ഞു കേട്ടില്ല. എന്നുമാത്രമല്ല സ്വാതന്ത്ര്യ സമരസേനാനിയും സാഹിത്യകാരനുമായ ശ്രീ. എ.പി. ഉദയഭാനു നടുവട്ടം നായർകരയോഗം സ്ഥാപിച്ച സ്കൂളിലാണ് തന്റെ പ്രാഥമികവിദ്യാഭ്യാസം തുടങ്ങിയതെന്ന് പറയുമ്പോൾ, കാലം നൽകുന്ന സാക്ഷ്യപത്രം ഇവിടുത്തുകാർക്ക് അഭിമാനവും ആനന്ദവും പകരുന്നതാണ്. ഗ്രാമത്തിന്റെ മന:സാക്ഷിയെ തൊട്ടുണർത്തിയ ഹൈന്ദവ മഹാസമ്മേളനം ഈഗ്രാമത്തിൽ നടന്നു. അതിന്റെ മങ്ങാത്ത ഓർമ്മ പേറുന്നവർ ഇന്നും അതെക്കുറിച്ചും പറയുമ്പോൾ വാചാലരാകുന്നു.

ദേശിയസ്വാതന്ത്ര്യസമരത്തിൽ പങ്കുചേരാൻ ദേശാഭിമാനികളായ ചിലരെയെങ്കിലും സംഭാവനചെയ്യാൻ ഈ ഗ്രാമത്തിനു കഴിഞ്ഞു. കോയിയ്ക്കൽ നാരായണക്കുറുപ്പും, മൂക്കുന്നൂർശിവരാമപിള്ളയും, വൈക്കത്തു രാഘവൻപിള്ളയും, കോയിക്കോലിൽ കുട്ടൻപിള്ളയും, ഇളയംവിട്ടിൽ ശങ്കരനും ആണവർ. ഇവർക്കു പുറമെ, സ്വാതന്ത്ര്യ സമരപ്രസ്ഥാനത്തിലും ഗാന്ധിജിയിലും ആകൃഷ്ടരായി "ഭാരതമാതാ കീ ജെ" "മഹാത്മാ ഗാന്ധി കീ ജെ" എന്നു മുദ്രാവാക്യം വിളിച്ചു ജാഥകൾ നടത്തിയവരും അതുമൂലം സർക്കാരിന്റെ നോട്ടപ്പുള്ളികളായവരും ഇന്നും ഇവിടെ ജീവിച്ചിരിപ്പുണ്ട്. ഇവിടെ എടുത്തുപറയേണ്ട ഒരു കാര്യമുണ്ട്. സ്വാതന്ത്ര്യസമരസേനാനികൾക്ക് പെൻഷൻ അനുവദിച്ചപ്പോൾ "പെൻഷൻവാങ്ങാൻ വേണ്ടിയല്ലാ സമരം ചെയത്" തെന്നു പ്രസ്താവിച്ചുകൊണ്ട് പെൻഷൻനിരസിച്ച ധീരസമരസേനാനിയായിരുന്നു കോയിയ്ക്കൽ നാരായണക്കുറുപ്പ്.

സ്വാതന്ത്ര സമരസേനാനിയും സാമൂഹികപരിഷ്ക്കർത്താവുമായിരുന്ന ടി.കെ മാധവന്റെ പ്രവർത്തന മേഖലയിൽ പള്ളിപ്പാടും ഉൾപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ പാവനസ്മരണ നിലനിർത്തുന്ന ഒരു കലാശാലയുള്ളത് പള്ളിപ്പാട്ടാണ് (ടി.കെ.എം.എം കോളേജ് നങ്ങ്യാർകുളങ്ങര).

ദേശസ്നേഹവും ഗാന്ധിജിയോടുള്ള സ്നേഹാദരങ്ങളും വ്യക്തമാക്കുന്ന മറ്റൊരുസംഭവം നടന്നു. ഗാന്ധിജിയുടെ ചിതാഭസ്മ കലശത്തെ പൊതിഞ്ഞിരുന്ന പുഷ്പങ്ങളിൽ ചിലത്ഭക്ത്യാദരപൂർവ്വം ചോദിച്ചുവാങ്ങി അവയർപ്പിച്ചുകൊണ്ട് ശിലാസ്ഥാപനം നടത്തിയ ഒരു ഗ്രന്ഥശാലയുണ്ടീഗ്രാമത്തിൽ-ഗാന്ധിജിസ്മാരകഗ്രന്ഥശാല. പഞ്ചായത്തിലെ ആദ്യത്തെഗ്രന്ഥശാലയുമിതാണ്. 1952 ഒക്ടോബർ 10-ാം

തീയതി ദേശീയനേതാവും എ.ഐ.സി.സി ജനറൽ സെക്രട്ടറിയുമായിരുന്ന കലാവെങ്കിട്ടറാവുവാണ് ഇതിന്റെ കെട്ടിടം ഉദ്ഘാടനം ചെയ്തത്. 1958ൽ നങ്ങ്യാർകുളങ്ങര യുവജനസമാജം ആരംഭിച്ച മറ്റൊരു ഗ്രന്ഥശാലയും പഞ്ചായത്തിലുണ്ട്.

ഭരണത്തിൽ സ്വാധീനം ചെലുത്താൻകഴിയുമായിരുന്ന രാജസേവകരും ഇടപ്രഭുക്കന്മാരും ഉണ്ടായിരുന്നിട്ടും പ്രദേശത്തിന്റെ വികസനകാര്യങ്ങളിലോ വിദ്യാഭ്യാസപ്രവർത്തനങ്ങളിലോ വേണ്ടത്രശ്രദ്ധിച്ചിരുന്നില്ല. ലഭ്യമായവിവരങ്ങളുടെ അടിസ്ഥാനത്തിൽ, അംഗീകാരമില്ലാതെയാണെങ്കിലും തുടങ്ങിയ ആദ്യ വിദ്യാലയം മഞ്ഞാലിൽ സ്കൂളാണ്. ഇത് ഇന്നും എം.എസ്.സി.എൽ.പി.എസ്സ് പേർകാട്, എന്നപേരിൽ നിലനിൽക്കുന്നു. മണ്ണുക്കാട്ട് വടക്കേതിൽ ശങ്കരപിള്ള സ്ഥാപിച്ച നടുവട്ടം ലോവർ പ്രൈമറിഗേൾസ് സ്കൂളാണ് അടുത്തത്. പെൺകുട്ടികൾക്കും ഔപചാരികവിദ്യാഭ്യാസ സൗകര്യം ലഭിക്കണമെന്ന ആഗ്രഹമായിരുന്നിരിക്കണം ഇതിന്റെ തുടക്കത്തിനു കാരണം. എതാണ്ടീകാലത്തുതന്നെ ഈഴേനേത്തുസകൂളും, പള്ളിയറ സ്കുളും, സ്ഥാപിക്കപ്പെട്ടു നടുവട്ടം നായർകരയോഗം തുടങ്ങിയ സ്കുളാണ് എടുത്തുപറയേണ്ട മറ്റൊരുസ്ഥാപനം. ഇവിടുത്തെ പ്രധാനാദ്ധ്യാപകൻ കൊപ്പാറേത്തു ശങ്കരപ്പിള്ളയായിരുന്നു. ഇതിന്റെ നാലാം ക്ലാസ്സുവരെയുള്ള സ്കുൾ സർക്കാരിനു വിട്ടുകൊടുക്കുകയും, ബാക്കി നിലനിർത്തി, പില്ക്കാലത്ത് ഹൈസ്കുളായി ഉയർത്തുകയും ചെയ്തു. അതാണ് പഞ്ചായത്തിലെ ഏക ഹൈസ്കുൾ. വിദ്യാഭ്യാസപ്രവർത്തനങ്ങൾക്കു മുൻതുക്കം ലഭിച്ചതോടെ ആണ് വിദ്യാലയംങ്ങൾ വർദ്ധിച്ചത് ഇന്ന് ഇവിടെ ഒരു ഫസ്റ്റ് ഗ്രയിഡ് കോളേജ് ഉണ്ട്. അഭ്യസ്തവിദ്യരുടെ എണ്ണം കൊണ്ട് മുന്നിൽ നിൽക്കുന്ന പഞ്ചായത്തുകളിലൊന്നാണ് പള്ളിപ്പാട്. നൂറ് ശതമാനം സാക്ഷരതയും കൈവരിച്ചുകൊണ്ട് കീർത്തിയുടെകിരീടത്തിലെ തൂവലുകളുടെ എണ്ണം വർദ്ധിപ്പിച്ചു.

1949-ൽനിലവിൽവന്ന വില്ലേജ് യുണിയനിലേക്ക് താഴെപ്പറയുന്നവർ നോമിനേറ്റുചെയ്യപ്പെട്ടു. പനയ്ക്കൽ കെ. പരമുപിള്ള, നെല്ലുരയിൽ ഇ. ഗീവർഗ്ഗിസ്, ചെമ്പകശ്ശേരിൽ കൃഷ്ണപിള്ള, ചെങ്ങഴവേലിൽ നാരായണപിള്ളയും, കൊച്ചുപുരയ്ക്കൽ പി.എ ഈപ്പൻ, താണ്ടാശ്ശേരിൽ ആനന്ദൻ ഇവരിൽ പനയ്ക്കൽ കെ.പരമുപിള്ള പ്രസിഡന്റും, നെല്ലുരയിൽ ഇ. വർഗ്ഗിസ് വൈസ്പ്രസിഡന്റും മായിരുന്നു.

പഞ്ചായത്തു രൂപീകരണത്തിനുശേഷം 1953-ൽനടന്ന ആദ്യതെരഞ്ഞെടുപ്പിൽ പഞ്ചായത്തു ഭരണസമിതിയിലെക്ക് മാപ്പോട്ടിൽ പി.ഇ. മാത്യുവും. ചെമ്പകശ്ശേരിൽ കൃഷ്ണപിള്ളയും, ആര്യാട്ട് കെ. ഗോപാലൻ നായരും, കാട്ടുകോയിക്കൽ കെ.ജി കൃഷണപിള്ളയും, തോപ്പിൽ കെ.രാമൻപിള്ളയും,ം ചെങ്ങഴവേലിൽ നാരായണപിള്ളയും, കറുകത്തറ സി.കണ്ടനും തെരഞ്ഞെടുക്കപ്പെട്ടു. ഇവരിൽ മാപ്പോട്ടിൽ പി.ഇ മാത്യു പ്രസിഡന്റും, ചെമ്പകശ്ശേരിൽ കൃഷ്ണപിള്ള വൈസ്പ്രസിഡന്റും മായിരുന്നു. മാപ്പോട്ടിൽ പി.ഇ. മാത്യുവിന്റെ രാജിയെതുടർന്ന് ചെമ്പകശ്ശേരിൽ കൃഷ്ണപിള്ള പ്രസിഡന്റായി. കാട്ടുക്കോയിക്കൽ കെ.ജി കൃഷ്ണപിള്ളയുടെ മരണശേഷം നടന്ന ഉപതെരഞ്ഞെടുപ്പിൽ മരങ്ങാട്ടു വിളയിൽ എ.കെ ജനാർദനൻപിള്ള തെരഞ്ഞെടു ക്കപ്പെട്ടു.

കൊറ്റിനാട്ട് വി.ഗോപാലകൃഷ്ണമേനോൻ പ്രസിഡന്റും കലാവിലാസം കെ.സുകുമാരൻ വൈസ് പ്രസിഡന്റുംമായുള്ള ഭരണസമതിയാണ്, പിന്നിടുനിലവിൽവന്നത്. ഈ ഭരണസമതിയിൽ ചെമ്പകശ്ശേരിൽ കൃഷ്ണപിള്ളയും, മരങ്ങാട്ട്വിളയിൽ എ.കെ ജനാർദനൻ പിള്ളയും, മുക്കന്നുർ ശിവരാമപിള്ളയും ചത്തേരിൽ വി.ഒ. ജോർജും, താണ്ടാശ്ശേരിൽ കെ.ആനന്ദനും പുതവലിൽ പി.കെ കറുത്തകുഞ്ഞും ഏലിയാമ്മ ഗീവർഗിസും(വനിതനോമിനേഷൻ) മായിരുന്നു മറ്റംഗങ്ങൾ. കൊറ്റിനാട്ട് വി.ഗോപാലകൃഷ്ണമേനോന്റെ രാജിയെതുടർന്ന് ചത്തേരിൽ വി.ഒ ജോർജ് പ്രസിഡന്റായി

അടുത്തു നടന്ന പഞ്ചായത്തു തെരഞ്ഞെടുപ്പിലുടെ പ്രൊഫ: കെ. ഹരിഹരൻ, ഗോപാലകൃഷ്ണൻതമ്പി, കീച്ചേരിൽ ശ്രീകുമാർ, വി.ഒ ജോർജ്, ജി.മോഹൻദാസ്, കെ.കെ.പരമേശ്വരൻ, കെ.കൊച്ചുമ്മൻ, എം.ബേബി, ശ്രീലതാഭായി, പുതവാപ്പടിക്കൽ ഭാസ്ക്കരൻ നായർ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. ഈ ഭരണസമതി യുടെ പ്രസിഡന്റ് പ്രൊഫ:കെ.ഹരിഹരനും, വൈസ്പ്രസിഡന്റ് വി.ഗോപാല കൃഷ്ണൻതമ്പിയുമായിരുന്നു.

1988-ൽ നടന്ന തെരഞ്ഞെടുപ്പിലുടെ എം.കെ വിജയൻ പ്രസിഡന്റും എസ്.ഗോപിനാഥൻനായർ വൈസ്പ്രസിഡൻറും മായുള്ളപുതിയ ഭരണസമിതി അധികാരത്തിൽ വന്നു. ഇതിൽ കീച്ചേരിൽ ശ്രീകുമാറും, എസ്.രമേശും, വി.ഒ ജോർജും, മാത്യു ഏബ്രാഹാമും, കെ.തങ്കപ്പനും, സുലോചനയും, സുമതിക്കുട്ടിയമ്മയും, തോട്ടത്തിൽ സദാനന്ദനും അംഗങ്ങളായിരുന്നു.

ത്രിതലപഞ്ചായത്തു നിലവിൽവന്ന ശേഷം

1995ൽ നടന്ന തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽവന്ന ഗ്രാമപഞ്ചായത്തു ഭരണസമിതിയാണ് ഇപ്പോൾ നിലവിലുള്ളത്. ഈഭരണസമിതിയുടെ പ്രസിഡന്റ് ശ്രീമതി സുചിത്രാ ശക്തിധരനാണ്, വൈസ്പ്രസിഡന്റ് കിച്ചേരിൽ ശ്രികുമാറും, ടി.പ്രസാദ്, പി.സുനിലും, എൻ.പി രാധമ്മയും, കെ.ജെ ജോസഫും, സി.വി കുഞ്ഞിപ്പെണ്ണും, എസ്.രാജേന്ദ്രക്കുറുപ്പ്, തൈത്തറ ബാബുവും, രാജമ്മ ആനന്ദനുമാണ് മറ്റ് അംഗങ്ങൾ. ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ ശ്രദ്ധിക്കുന്ന ഇവർ ജനകിയാ ആസുത്രണ പ്രസ്ഥാനം വിജയിപ്പിക്കുന്നതിനും ദേശത്തിന്റെ സർവ്വതൊന്മുഖമായ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കുന്നതിന് പ്രതിഞ്ജാ ബദ്ധരാണ്

3

ഭൂപ്രകൃതി ജലവിഭവം ജനത

ഭൂപ്രകൃതി

കേരളത്തിലെ തീരദേശ ജില്ലകളിലൊന്നായ ആലപ്പുഴയിൽ, പ്രശസ്തമായ കാർത്തികപ്പള്ളി താലൂക്കിലെ ഹരിപ്പാട് ബ്ലോക്കിൽപ്പെട്ട അതിവിസ്തൃതമായ പഞ്ചായത്താണ് പള്ളിപ്പാട്. നഷ്ണൽ ഹൈവേ-47ആണ് ഇതിന്റെ പടിഞ്ഞാറെ അതിർത്തി. അതിനു പടിഞ്ഞാറാണ് ഹരിപ്പാട്, ചിങ്ങോലി, കാർത്തികപ്പള്ളി പഞ്ചായത്തുകൾ. നാഷണൽ ഹൈവേയിൽ നങ്ങ്യാർകുളങ്ങര നിന്നു കിഴക്കോട്ട് മാവേലിക്കരയക്ക് പോകുന്ന റോഡാണ് തെക്കേ അതിർത്തി. അതിനു തെക്കായിട്ടാണ് മുതുകുളം ബ്ലോക്കിൽപ്പെട്ട ചോപ്പാട് പഞ്ചായത്ത്. പള്ളിപ്പാടിന്റെ കിഴക്കേ അതിർത്തിയിലൂടെ പുത്തനാറ് ഒഴുകുന്നു. ഇത് പഞ്ചായത്തിനെ ചെന്നിത്തല-തൃപ്പെരുന്തുറ മാന്നാർ വില്ലോജുകളിൽ നിന്നു വേർതിരിക്കുന്നു. പഞ്ചായത്തിന്റെ വടക്കും, വടക്കു കിഴക്കുമുള്ള വിസ്തൃതമായ പുഞ്ചപാടശേഖരങ്ങൾക്കപ്പുറം വീയപുരം പഞ്ചായത്താണ്.

ഒരുകാലത്ത് ഇവിടം കാടുകളായിരുന്നെന്ന് വിശ്വസിക്കപ്പെടുന്നു. ഇന്നു പാടശേഖരങ്ങളിൻ അങ്ങിങ്ങ് കാണപ്പെടുന്ന തുരുത്തുകളും, കുറ്റിക്കാടുകളും, നിലങ്ങൾ കുഴിക്കുമ്പോൾലഭിക്കുന്ന വൻ മരങ്ങളുടെ അവശിഷ്ടങ്ങളും (കാണ്ടാമരം) ഈ വിശ്വാസം ബലപ്പെടുത്തുന്നു.

പ്രകൃതി മനോഹരമായ ഒരു ഭൂപ്രദേശമാണ് പള്ളിപ്പാട്. ഓണാട്ടുകരയുടേയും അപ്പർകുട്ടനാടിന്റേയും ഭാഗങ്ങൾ ചേർന്നതാണീ പഞ്ചായത്ത്. കൊയ്ത്തു കഴിഞ്ഞാൽ ആണ്ടിന്റെ ഏറിയ പങ്കും വെള്ളം നിറഞ്ഞുനില്ക്കുന്ന ഇവിടുത്തെ അതിവിസ്തൃതമായ പാടശേഖരങ്ങൾ വിശാലമായ തടാകങ്ങളെ അനുസ്മരിപ്പിക്കുന്നവയാണ്. സസ്യസമൃദ്ധമായ ഓണാട്ടു കര നയനാനന്ദകരമാണ്. പഞ്ചായത്തിന്റെ തെക്കു, കിഴക്കും, വടക്കുകിഴക്കും ദ്വീപുകൾപോലെകാണപ്പെടുന്ന പ്രദേശങ്ങൾ അത്യാകർഷകങ്ങളാണ്. പശ്ചിമഘട്ടത്തിന്റെ വരദാനങ്ങളിലൊന്നായ അച്ചൻ കോവിലാർഒഴുകുന്നത് പള്ളിപ്പാട് ഗ്രാമപഞ്ചായത്തിലൂടെയാണ്. പഞ്ചായത്തിന്റെ ഗ്രാമപഞ്ചാത്തിലൂടെയാണ്. പഞ്ചായത്തിന്റെ കിഴക്കേ അതിർത്തിയിൽ എത്തി കുറെ ദൂരം പടിഞ്ഞാറോട്ടൊഴികി വടക്കോട്ടുതിരിഞ്ഞ് പമ്പയാറ്റിലേക്കുള്ള അച്ചൻ കോവിലാറിന്റെ ഗതി പള്ളിപ്പാടിനെ ഫലഭൂയിഷ്ഠമാക്കാൻ വേണ്ടി തന്നെയാണെന്നു തോന്നും . ഈപുഴയുടെ കൈതോടുകൾ നനക്കാത്ത ഒരു മേഖലയും പഞ്ചായത്തിലുണ്ടെന്നു തോന്നുന്നില്ല.

എന്നാൽ, ഇന്നിവിടുത്തെഗ്രാമീണർ നേരിടുന്ന

ഒരു ഭീഷണിയേക്കുറിച്ചു സൂചിപ്പിക്കാതിരിക്കാൻ നിർവാഹമില്ല. കായംകുളം തെർമൽ പ്ലാന്റിനാവശ്യമായ വെള്ളം കൊണ്ടുപോകുവന്നതിനായി പള്ളിപ്പാടിന്റെ കിഴക്കേ അതിർത്തിയിലാണ് അച്ചൻകോവിലാറ്റിൽ തടയണ പണിയുന്നത്. ഈ സംരംഭം ഗ്രാമിണരിൽ മുമ്പെങ്ങും അനുഭവപ്പെട്ടിട്ടില്ലാത്ത ജല ദൗർലഭ്യം സൃഷ്ടിക്കുമോ എന്ന ആശങ്കപര ത്തുന്നു.

16.93ചതുരശ്രകിലോമിറ്റർ വിസ്തൃതിയു ള്ള പഞ്ചായത്ത്, പള്ളിപ്പാട് വില്ലേജിന്റെ അതിർത്തികൾക്കുള്ളി ലാണ്. ഭൂപ്രകൃതി അനുസരിച്ച് ഈ ഭൂവിഭാഗത്തെ മുന്ന് മേഖലകളായി തിരിക്കാം

(1) സമതലം
(2) വെള്ളം കയറുന്ന പ്രദേശങ്ങൾ
(3) പാടശേഖരം

പട്ടിക.I

ഭൂപ്രകൃതി മേഖലകൾ	വിസ്തീർണ്ണം ഹെക്ടറിൽ	ശതമാനം
സമതലം	454	31
വെള്ളംകയറുന്ന	226	15.45
പാടശേഖരങ്ങൾ	783	53.55
ആകെ	1463	

നിമ്നോന്നതിയെ അടിസ്ഥാനമാക്കി പഞ്ചായത്തിനെ വിവിധ മേഖലകളായി തിരിക്കാൻ ബുദ്ധിമുട്ടാണ്. കാരണം സമുദ്രനിരപ്പിൽനിന്നും വളരെ ഉയർന്ന പ്രദേശങ്ങളോ താഴ്ന്നപ്രദേശങ്ങളോ ഇവിടെയില്ലാ. സമതലപ്രദേശങ്ങളധികവും ഓണാട്ടുകരയിൽ ഉൾപ്പെടുന്നു. വെള്ളംകയറുന്ന മേഖലകൾ അപ്പർകുട്ടനാടിന്റെ ഭാഗമാണ്. പൊതുവേ ഭൂമിക്ക്പടിഞ്ഞാറുനിന്നും കിഴക്കൊട്ടാണ് ചരിവുള്ളത്.

ഉപരിതലമൺതരങ്ങൾ വൈവിദ്ധ്യമാർന്നവയാണ്. അവയെമൂന്നായി തിരിക്കാം. ആറ്റുതീരത്തെ എക്കൽമണ്ണ്, വിരിപ്പു നിലങ്ങളിലെ നേരിയ പശയുള്ള മണ്ണ്, ജലം വേഗം വാർന്ന് പോകുന്ന സാധാരണ മണ്ണ് എന്നിവയാണവയാണ്.

മണ്ണ് പരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു

പട്ടിക. II

മണ്ണു പരിശോധന ഫലവും തോതും

ലബോറട്ടറി	സാമ്പിൾ കോഡ്	മണ്ണിന്റെ തരം	പി.എച്ച്	റ്റി.എസ് എസ്.	ജൈവ കാർബൺ %	ഫോസ്ഫറസ്.കി.ഗ്രം/ ഹെക്ടർ	ലഭ്യമയ പൊട്ടസ്യം കി.ഗ്രം/ ഹെക്ടർ	നിർദ്ദേശങ്ങൾ
5055		S	5.3	0.0	0.30	50	109	30/292
5056			5.4	0.2	0.60	37	134	31/493
57			6.2	0.1	0.40	53	130	50/393
58			6.2	0.0	0.45	34	126	50/393
59			6.6	0.0	0.45	34	126	60/393
60			6.7	0.0	0.40	34	109	60/392
61			6.3	0.0	0.40	62	134	50/393
62			6.3	0.0	0.50	46	88	50/492
63			6.0	0.0	0.40	53	97	40/392
5064			6.6	0.0	0.50	37	92	60/49

പട്ടിക.III

FERTILITY RATINGS CLASS

1.PH	0,1,2,3,4,5	Acidic
	6,7	Normal
	8,9	Alkaline
2.TSS	0,1,2	Norcal for all crops
	3,4,5,6	Normal for semi tolerant crops
	7,8,9	Normal for toler ant crops
3.NPK	0,1,2	Low
	3,4,5,6	Medium
	7,8,9	High

ജലവിഭാഗം

ജൂൺ ജൂലായ് മാസങ്ങളിലാണ് ഇവിടെ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. ഡിസംബർ ജനുവരി മാസങ്ങളിലും നല്ല മഴ ലഭിക്കാറുണ്ട്. ഇടവപ്പാതി, തുലാവർഷം എന്നീ പേരുകളിൽ നാട്ടുകാർ ഈ കാലവർഷത്തെ വിളിക്കുന്നു. കഴിഞ്ഞ മൂന്ന് വർഷം ലഭിച്ച മഴയുടെ തോത് താഴെ കാണും പ്രകാരമാണ്.

പട്ടിക IV

ഹരിപ്പാട്1994 മുതൽ 1996വരെ രേഖപ്പെടുത്തിയ മഴയുടെ അളവ്

1994		1995		1996	
ജനുവരി	മഴയില്ല	ജനുവരി	മഴയില്ല	ജനുവരി	46 മി.മീ
ഫെബ്രുവരി	മഴയില്ല	ഫെബ്രുവരി	17.മിമീ	ഫെബ്രുവരി	മഴയില്ല
മാർച്ച്	20.മിമീ	മാർച്ച്	13.മിമീ	മാർച്ച്	മഴയില്ല
ഏപ്രിൽ	84.4.മിമീ	ഏപ്രിൽ	279.മിമീ	ഏപ്രിൽ	94.മി.മീ
മേയ്	244.മിമീ	മേയ്	373.മിമീ	മേയ്	34. „
ജൂൺ	481.മിമീ	ജൂൺ	430.മിമീ	ജൂൺ	389.2„
ജൂലായ്	612.മിമീ	ജൂലായ്	505.മിമീ	ജൂലായ്	325„
ആഗസ്റ്റ്	347.മിമീ	ആഗസ്റ്റ്	246.മിമീ	ആഗസ്റ്റ്	73 „
സെപ്റ്റംബർ	265.മിമീ	സെപ്റ്റംബർ	251.മിമീ	സെപ്റ്റംബർ	311 „
ഒക്ടോബർ	480.മിമീ	ഒക്ടോബർ	142 .മിമീ	ഒക്ടോബർ	139 „
നവംബർ	154.മിമീ	നവംബർ	65മിമീ	നവംബർ	
ഡിസംബർ	മഴയില്ല	ഡിസംബർ	മഴയില്ല	ഡിസംബർ	

പള്ളിപ്പാടിന്റെ കിഴക്കെ അതിർത്തിയിലൂടെ ഒഴുകുന്ന പുത്തനാറും ഏതാണ്ട് മദ്ധ്യഭാഗത്തുകൂടി ഒഴുകുന്ന അച്ചൻ കോവിലാറും എക്കാലത്തും ജല സമൃദ്ധമാണ്. അതുകൊണ്ട്തന്നെ ഇവയിലെ ക്കൊഴുകുന്ന തോടുകളിൽ വേനൽക്കാലത്തല്ലാതെ ജല ദൗർലഭ്യം അനുഭവപ്പെടാറില്ല. ഈ തോടുകളുടെ ആകെ നീളം 7.72 (വില്ലേജ് ലിത്തോ മാപ്പ് അനുസരിച്ച്) കിലോമിറ്റർ വരും.

ധാരാളം കുളങ്ങളും ഈ പഞ്ചായത്തിലുണ്ട്. ഇവയിൽ ചുരുക്കം ചിലതുമാത്രം വേനൽക്കാലത്തും വറ്റിപ്പോകാറുണ്ട് മറ്റുള്ളവയിൽ എക്കാലത്തും വെള്ളമുണ്ടായിരിക്കും. പ്രധാന കുളങ്ങളെക്കുറിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

പട്ടിക.V

ദേവസ്വം കുളങ്ങൾ

വാർഡ്	കുളത്തിന്റെ പേര്	വിസ്തീർണ്ണം സെന്റിൽ
1	കൊച്ചരയാകുളങ്ങര ക്ഷേത്രക്കുളം	60
"	തലത്തോട്ടാ ക്ഷേത്രക്കുളം	130
"	മണിമംഗലം ക്ഷേത്രക്കുളം	100
2	ഇരട്ടകുളങ്ങര ക്ഷേത്രക്കുളങ്ങൾ.2	35,10
3	വഴുതാനംക്ഷേത്രക്കുളം	70
4	നീണ്ടൂർക്ഷേത്രക്കുളം	25
"	പുല്ലമ്പടക്ഷേത്രക്കുളം	25
5	മുല്ലവക്കുളങ്ങരക്ഷേത്രക്കുളം	50
"	പേരാത്തുകുളം	70
"	അരയാകുളങ്ങരക്ഷേത്രക്കുളം	70
8	ശാസ്താംനടക്കുളം	5
9	മണക്കാട്ദേവസ്വംകുളങ്ങൾ-2	60,5
11	നങ്ങ്യാർകുളങ്ങരക്ഷേത്രക്കുളം	40

പട്ടിക VI

പഞ്ചായത്ത്വക കുളങ്ങൾ

വാർഡ്	കുളത്തിന്റെപേര്	വിസ്തീർണ്ണം സെന്റിൽ
2	മഞ്ഞാലിൽക്കുളം	10
"	മഠത്തിൽക്കുളം	50
5	വടക്കനാക്കുളം	55
8	തളിയ്ക്കൽക്കുളം	9
"	പങ്കിക്കുളം	15
"	പള്ളേമ്പിൽക്കുളം	35
10	ആൽത്തറമൂട്ടിൽക്കുളം	8
"	പനംതിട്ടക്കുളം	12

പട്ടിക VII

പഞ്ചായത്ത് അധീനതയിലുള്ളചാലുകളുടെ വിവരം

വാർഡ്	ചാലിന്റെ പേര്	വിസ്തീർണ്ണം
		സെന്റിൽ
8	പന്നിക്കുഴിചാൽ	25
11	താണ്ടാശ്ശേരിൽ കിഴക്ക് വശം ചാൽ (റെയിൽവേലൈനു വേണ്ടി എടുത്തു)	20

പഞ്ചായത്തിലെ കിഴക്കും വടക്കുംമുള്ള പുഞ്ച പാട ശേഖരങ്ങളോടു ചേർന്നു കിടക്കുന്ന മേഖല കളിലെ താമസക്കാരൊഴിച്ചാൽ മറ്റെല്ലാ പ്രദേശ ങ്ങളിലും കുടിവെള്ളം ലഭ്യമാണ്. കുടിവെള്ളം ദുർല ഭ്യം അനുഭവപ്പെടുന്ന മേഖലകളിൽ അതിരൂക്ഷ മാകുന്നത് ഏപ്രിൽ മേയ് മാസങ്ങളിലാണ്. ഇക്കാ ലത്ത് ആറ്റിൽ ഓരുകയറുന്നത് പ്രശ്നം കൂടുതൽ ഗുരുതരമാക്കുന്നു. ഒരു ശുദ്ധജല വിതരണ പദ്ധതി ഇവിടെ നടപ്പാക്കി. മൊത്തം ജനസംഖ്യയിൽ ഏകദേശം30% ഈപദ്ധതിയുടെ ഗുണഭോ ക്താക്കളാണ്. എങ്കിലും ശുദ്ധജല ലഭ്യതയുടെ കാര്യത്തിൽ ഇന്നു വളരെയേറെ കാര്യങ്ങൾ ചെയ്തുതീർക്കേണ്ടതായിട്ടുണ്ട്

പട്ടിക VIII

പഞ്ചായത്തിലെ ജനസംഖ്യയെ സംബന്ധിച്ച് വിവരം

വാർഡ് നമ്പർ	വീടുകളുടെ എണ്ണം	കുടുംബങ്ങളുടെ എണ്ണം	ഭവനരഹിതരായവരുടെ ഉൾപ്പടെ ജനസംഖ്യ			6വയസിൽതാഴെയുള്ളവരുടെ ജനസംഖ്യ			സാക്ഷരരുടെ എണ്ണം	
			ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ
1	529	529	1165	1309	2474	143	133	276	1051	1128
2	469	485	1125	1226	2351	143	112	255	950	1030
3	411	419	979	1111	2090	122	134	256	843	930
4	500	508	1178	1307	2485	120	133	253	1020	1092
5	436	436	1004	1122	2126	117	111	228	859	942
6	504	510	1205	1252	2457	163	120	283	995	1046
7	414	416	882	1005	1887	97	89	186	778	884
8	561	562	1334	1446	2780	177	163	340	1098	1136
9	469	471	951	1118	2069	118	123	241	806	916
10	549	561	1443	1444	2887	151	155	306	1277	1223
ആകെ	4842	4897	11266	12340	23606	1351	1273	2624	9641	10327

[അവലംബം-1991ലെ പ്രാഥമികസെൻസസ് രേഖകൾ

ജനത

1991ലെ സെൻസസ് കണക്കുകൾ പ്രകാരം പള്ളിപ്പാട്ടെ ജനസംഖ്യ 23606 ആണ്. ഇതിൽ 11266 പുരുഷൻമാരും 12340 സ്ത്രീകളുംമുണ്ട് പുരുഷന്മാരേക്കാൾ 1074 സ്ത്രീകൾ ഇവിടെ കൂടുതലായുണ്ട്. 4897 വീടുകളാണുള്ളത് അപ്പോൾ, ശരാശരി വീടൊന്നിൽ 5 ആളുകളുണ്ട്. ആറുവ യസ്സിനു താഴെയുള്ള കുട്ടികളുടെ എണ്ണം 2624 ആണ് ഇതിൽ 1351ആൺ കുട്ടികളും 1273 പെൺ കുട്ടികളുമുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ ജനസംഖ്യ 3675 ആണ് അവരിൽ 1863 പുരുഷന്മാരും 1812സ്ത്രീകളുംമുണ്ട്. സാക്ഷരത 95%ഉണ്ടായിരുന്നു. നിരക്ഷരരിൽ സ്ത്രീകളായിരുന്നു കൂടുതൽ. അവരിൽതന്നെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവരായിരുന്നു ഏറെയും. ഇന്ന് പഞ്ചായത്തിലെ മുഴുവൻ ജനങ്ങളും സാക്ഷരരാണ്

വിദ്യാഭ്യാസ രംഗത്ത് ഈ പഞ്ചായത്ത് ഒട്ടും പിന്നിലല്ല. ഇടത്തരം കർഷകരും കർഷകത്തൊഴിലാളികളുമാണ് ജനസംഖ്യയിൽ ഭൂരിപക്ഷം ഉയർന്ന വിദ്യാഭ്യാസയോഗ്യത നേടുന്നവരുടെ എണ്ണം പ്രതിവർഷം വർഷം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ ഇവിടെ പഠനനിവലാവാരം മെച്ചമാണെന്നു പറയാൻ കഴിയില്ലാ.

അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മ ഗുരുതരമായ ഒരു പ്രശ്നായി വളർന്നു കൊണ്ടിരിക്കുന്നു. അഭ്യസ്തവിദ്യരിൽ തൊഴിലാല്ലായ്മ രുക്ഷമായി അനുഭവപ്പെടുന്നത് സ്ത്രീകൾക്കാണ്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നല്കിയും സ്വയം തൊഴിലിൽ ഏർപ്പെടാൻ സന്നദ്ധരാകുന്നവരെ സഹായിക്കാനും കഴിഞ്ഞാലെ ഈ പ്രശ്നത്തിന് ഒരു പരിധിവരെയെങ്കിലും പരിഹാരം കാണാൻ കഴിയും. പട്ടിക 9,10,11 നോക്കുക

പട്ടിക IX

പഞ്ചായത്തിലെ ജനങ്ങളുടെ തൊഴിൽ സംബന്ധിച്ച വിവരങ്ങൾ

വാർഡ് നമ്പർ	പാരമ്പര്യ തൊഴിലാളികൾ		ഗ്രഹോപകരണങ്ങളുടെനിർമ്മാണത്തിൽഏർപ്പെട്ടിരിക്കുന്നവർ		ഗാർഹികേതര നിർമ്മാണപ്രവർത്തനങ്ങളിൽ എർപ്പട്ടിരിക്കുന്നവർ		നിർമ്മാണ തൊഴിലാളികൾ		വ്യാപാരവ്യവസായരംഗത്ത് പണിയെടുക്കുന്നവർ		സംഭരണവിതരണ മേഖലയിൽ പണിയെടുക്കുന്നവർ പണിയെടുക്കുന്നവർ	
	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
1	-	-	17	3	37	-	31	-	69	4	26	5
2	-	-	3	5	36	2	19	-	39	3	26	3
3	1	-	3	-	29	-	11	-	48	4	15	-
4	-	-	2	-	46	3	17	-	43	4	15	-
5	-	-	-	-	12	2	15	-	31	1	20	-
6	1	-	6	1	73	6	3	-	32	9	13	2
7	1	-	1	-	72	-	15	3	38	3	22	2
8	-	-	16	1	98	2	17	-	36	1	28	-
9	-	-	6	1	32	2	17	-	62	5	33	-
10	-	-	16	5	55	2	35	6	68	6	33	3
ആകെ	3	-	70	16	490	19	180	9	466	42	234	15

അവലംബം-1991ലെ പ്രാഥമികസെൻസസ് രേഖകൾ

പട്ടിക X

പഞ്ചായത്തിലെ ജനങ്ങളുടെ തൊഴിൽസംബന്ധിച്ചവിവരങ്ങൾ

വാർഡ് നമ്പർ	മറ്റുമേഖലകളിൽ പണിയെടുക്കുന്നവർ		നാമമാത്രതൊഴിലുകൾ ഉള്ളവർ		തൊഴിലില്ലാത്തവർ	
	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
1	113	47	25	33	658	1123
2	71	51	63	37	605	1052
3	30	15	4	40	495	924
4	46	23	20	10	684	1099
5	31	25	49	94	543	877
6	41	19	22	66	656	894
7	52	26	-	7	441	865
8	53	32	75	19	726	1225
9	55	29	79	49	574	975
10	234	76	48	24	820	1288
ആകെ	726	324	385	379	6175	10322

അവലംബം-1991ലെ പ്രാഥമികസെൻസസ് രേഖകൾ

പട്ടിക XI

പഞ്ചായത്തിലെ ജനങ്ങളുടെ തൊഴിൽസംബന്ധിച്ച വിവരങ്ങൾ

വാർഡ് നമ്പർ	മുഖ്യ തൊഴിൽക്കാരുടെ എണ്ണം		കൃഷിക്കാർ		കർഷികതൊഴിലാളികൾ		മൃഗസംരക്ഷണം മത്സ്യബന്ധനം മുതലായ മേഖലകളിൽ തൊഴിലെടുക്കുന്നവർ	
	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
1	482	153	26	16	159	75	4	3
2	457	137	89	8	168	65	6	-
3	480	147	106	14	220	114	14	-
4	474	198	69	4	212	163	24	1
5	412	151	87	1	170	122	46	-
6	527	292	44	-	283	255	31	-
7	441	133	129	6	107	93	4	-
8	533	202	44	-	237	164	4	2
9	325	94	25	5	85	52	10	-
10	575	132	23	-	107	31	4	1
ആകെ	4706	1639	642	54	1748	1134	147	7

അവലംബം-1991ലെ പ്രാഥമിക സെൻസസ് രേഖകൾ

കൃഷി ലാഭകരമല്ലാതായി. ഇതു കാരണം കാർഷിക രംഗത്ത് നിന്ന് തൊഴിലാളികൾ മറ്റു തൊഴിൽ മേഖലകളിലേക്ക് കൂടു മാറുന്നതായികാണാം ഇഷ്ടികനിർമ്മണ രംഗത്തേക്കും കെട്ടിടനിർമ്മാണ രംഗത്തേക്കും ആണ് ഇവർ കടന്ന് ചെല്ലുന്നത്. അതുകൊണ്ട്, ഈ മേഖലകളിലും ഇപ്പോൾ തൊഴിലവസരം കുറഞ്ഞകൊണ്ടിരിക്കുന്നു. തൊഴിലില്ലാത്തവരിൽ ഒരു നല്ല പങ്കും തൊഴിൽ ചെയ്യാൻ ശേഷിയുള്ളവരും സന്നദ്ധരുമാണ്. പക്ഷെ അവർക്ക് ജീവിതം വഴിമുട്ടി നിൽക്കുന്ന അനുഭവമാണ്

അയിത്തവും ഉച്ചനീചത്വവും ഇവിടെ നിലനിന്നിരുന്നതായി പറഞ്ഞുകേൾക്കുന്നു. എങ്കിലും ആ കാലത്തിന്റെ ദുരന്തകഥൾ ഒന്നും അയവിറക്കുന്നവരെ കണ്ടെത്താൻ ബുദ്ധിമുട്ടാണ് അയിത്തത്തിനെതിരായ പ്രവർത്തനങ്ങളിൽ ശ്രദ്ധിച്ചവർ ഇവിടെയുണ്ടായിരുന്നതുകൊണ്ടാകണം ക്ഷേത്രപ്രവേശനവും പന്തിഭോജനവും അതിനു വേണ്ടിയുള്ള പ്രത്യേകസമരങ്ങൾ കൂടാതെ തന്നെ ഇവിടെ നടപ്പായതെന്നു വേണം കരുതാൻ ഇന്നിപ്പോൾ സകല ജാതിമതസ്ഥരും ഏകോദരസഹോദരങ്ങളെപ്പോലെ കഴിയുന്നു.

4.1

കൃഷി, ജലസേചനം

കൃഷി ജലസേചനം

കൃഷി

അപ്പർ കുട്ടനാടിന്റെയും ഓണാട്ടുകരയുടെയും ഭാഗങ്ങൾ ഉൾക്കൊള്ളുന്ന അതി വിസ്തൃതമായ ഗ്രാമമാണ് പള്ളിപ്പാട്. ഇതൊരു കാർഷിക മേഖലയാണ്. പൗരാണിക കാലഘട്ടം മുതൽ അരനൂറ്റാണ്ടു മുമ്പുവരെ പരമ്പരാഗത കൃഷി സംമ്പ്രദായങ്ങളാണ് ഇവിടെ തുടർന്നു പോന്നിരുന്നത്. അച്ചൻ കോവിലാറും അതിൽനിന്നുള്ള കൈവരി തോടുകളും ഇവിടത്തെ പുഞ്ചപ്പാടങ്ങളെ എക്കൽ കൊണ്ട് സമ്പുഷ്ടമാക്കിയിരുന്നു. പുറം ബണ്ടുകൾ കുത്തിയുറപ്പിച്ച് ചക്രവും അറയും ഉപയോഗിച്ച് വെള്ളം വറ്റിച്ച് ഉഴവുമാടുകളെ കൊണ്ട് നാടൻ കലപ്പ ഉപയോഗിച്ച് ഉഴവുനടത്തി കൊച്ചു വിത്ത്, കുളപ്പാല, തുനിപ്പാവ്, ചമ്പാവ്, മൈല മുതലായ വിത്തിനങ്ങൾ കൃഷിചെയ്തിരുന്നു. ഇടക്കാലത്ത് രണ്ടാം വിളയായി കന്നിക്കുളപ്പാലയും കൃഷിചെയ്തിരുന്നു. ഇക്കാലത്ത് കൃഷിനഷ്ടമായിരുന്നില്ല. ജൈവവളങ്ങളായിരുന്നു ഉപയോഗിച്ചിരുന്നത്. കീടനാശിനികൾ ഉപയോഗിച്ചിരുന്നില്ല. കൃഷിയെ ബാധിച്ചിരുന്ന കീടങ്ങളേയും പുഴുക്കളെയും ഒരു പ്രത്യേകതരം കുട്ട ഉപയോഗിച്ച് വീശിപ്പിടിച്ച് നശിപ്പിക്കുകയായിരുന്നു പതിവ്. ഇതിനു പുറമെ വിളക്കുകെണികളും പ്രാണികളെ നശിപ്പിക്കാൻ ഉപയോഗിച്ചിരുന്നു. പത്തുമുതൽ ഇരുപതു മേനിവരെ ലഭിച്ചിരുന്നപ്പോൾ കൃഷിക്കാർ സംതൃപ്തരായിരുന്നു.

പട്ടിക I.എ

ഭൂമിസംബന്ധിച്ചവിവരങ്ങൾ

ഇനം	വിസ്തീർണ്ണം (ഹെക്ടറിൽ)
പുഞ്ച	783
വിരിപ്പ്	226
പുരയിടം	454
ആകെ	1463

പട്ടിക I ബി

വർഡ്	നാമമാത്രകർഷകർ (1ഹെക്ടറിൽതാഴെ)	ചെറുകിടകർഷകർ (1-2ഹെക്ടർ)	വൻകിടകർഷകർ (2ഹെക്ടറിനുമുകളിൽ)
1	338	35	2
2	340	38	4
3	338	34	2
4	337	33	1
5	330	25	3
6	325	30	1
7	320	28	3
8	340	38	4
9	351	35	5

10	338	35	3
11	351	35	3
ആകെ	3708	366	30

(അവലബം:കൃഷിഭവൻ രേഖകൾ)

കൃഷിപ്പണികൾ കഴിഞ്ഞാൽ പാടശേഖരങ്ങൾ വിശാലമായ ജലാശയങ്ങൾ പോലെ കിടന്നിരുന്നു. ചെറിയ തോതിലാണെങ്കിലും മത്സ്യബന്ധനം ഒരു വിഭാഗം ജനങ്ങളുടെ ജീവിതമാർഗ്ഗമായിരുന്നു.

കൂലിച്ചിലവും, സസ്യസംരക്ഷണചെലവും കുറവായിരുന്നതിനാൽ കൃഷി ലാഭകരമായി നടത്തിപ്പോന്നു. ജോലിക്കൂലിയായി നെല്ലുതന്നെയാണ് നൽകിയിരുന്നത്. കാർഷിക വൃത്തി മാന്യമായ തൊഴിലായി അംഗീകരിക്കപ്പെട്ടിരുന്നു. എന്നാൽ ഇന്ന് ആസ്ഥിതിക്ക് മാറ്റമുണ്ടായി. കൃഷിലാഭകരമല്ലാതായതോടും കൃഷികൊണ്ടുമാത്രം ജീവിക്കാൻ കഴിയില്ല എന്ന നിലവന്നതോടും കൃഷിയോടുള്ള ആഭിമുഖ്യം കുറഞ്ഞുവരുന്നതായി കാണുന്നു. കൃഷനിലങ്ങളും കുറഞ്ഞുവരുന്നു.

പട്ടിക-II
ഭൂമിസംബന്ധിച്ചവിവരങ്ങൾ
(Aരജിസ്റ്റർ BTരജിസ്റ്റർ)

വില്ലേജിന്റെപേര് പേര്	ഭൂമിയുടെ വിസ്തീർണ്ണം(ഏക്കറിൽ)			ഉടമസ്ഥരുടെഎണ്ണം								
	പുരയിടം	നിലം	പുറമ്പോക്ക്	തരിശ്	ആകെ	1-10 സെന്റ്	10-25 സെന്റ്	25-50 സെന്റ്	50-100 സെന്റ്	1-2 ഏക്കർ	2-5 ഏക്കർ	5 ഏക്കറിന്മേൽ
പള്ളിപ്പാട് B2-11	1083.27	1145.91	152.19	-	2381.37	2200	450	500	150	100	50	7
പള്ളിപ്പാട് B2-12	418.15	1299.71	116	-	1833.86							
ആകെ	1501.42	2445.62	268.19		4215.23	2200	450	500	150	100	50	

(അവലംബം-വില്ലേജ് ഓഫിസ് രേഖകൾ)

ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ 783 ഹെക്ടർ പുഞ്ചനിലങ്ങളും 226ഹെക്ടർ വിരിപ്പുനിലങ്ങളുംമാണ് ഉള്ളത്. 454ഹെക്ടർ പുരയിടവും ഉണ്ട്. അച്ചൻകോവിലാറിൽ നിന്നും ലഭിക്കുന്ന ജലവും കാലാകാലങ്ങളിൽ ലഭിക്കുന്ന മഴ വെള്ളവും ശാസ്ത്രീയമായി വിനിയോഗിക്കാൻ കഴിഞ്ഞാൽ ജലദൗർല്ലഭ്യം ഉണ്ടാകാൻ ഇടയില്ല.

പട്ടിക III
ഭൂമിസംബന്ധിച്ചവിവരങ്ങൾ

ഇനം	വിസ്തീർണ്ണം(ഹെക്ടറിൽ)
പുഞ്ച	783
വിരിപ്പ്	226
പുരയിടം	454
പുറമ്പോക്ക്	-
കൃഷിയോഗ്യതരിശ്	-
കൃഷിയോഗ്യമല്ലാത്തതരിശ്	-
ആകെ	1463

ഇന്ന് ആധുനിക കൃഷി സമ്പ്രദായങ്ങൾ ഈ മേഖലയിൽ അനുവർത്തിക്കുന്നു. ഉൽപ്പാദനവർദ്ധനവ് അനുഭവപ്പെടുന്നുണ്ടെങ്കിലും മൊത്തം ഉദ്പാദനത്തിന്റെ തോത് കുറഞ്ഞുവരുന്നതായാണ് കാണുന്നത്. തരിശിടീൽ, അനാവശ്യമായ കുഴിക്കലും നികത്തലും, അശാസ്ത്രീയമായ ഭൂവിനിയോഗം ഇവ കൃഷിയിടങ്ങളുടെ വിസ്തീർണ്ണം കുറച്ചിട്ടുണ്ട്. വൻ പാടശേഖരങ്ങൾപോലും തുണ്ടുതുണ്ടായി മാറുന്നുണ്ട്

പട്ടിക IV
കാർഷിക ഉപകരണങ്ങൾ

ഇനം		എണ്ണം
	നാടൻ കലപ്പ	-
ഉഴവുപകരണങ്ങൾ	ട്രാക്ടർ	2
	ട്രില്ലർ	6
മരുന്നുതളി ഉപകരണങ്ങൾ	റോക്ക്സ്പ്രെയർ	9
	നാപ്സ്റ്റാക്ക്സ്പ്രെയർ	146
	മറ്റുള്ളവ	-
മെതിയന്ത്രം		2
തെങ്ങുകയറ്റയന്ത്രം		-
പോർട്ടബിൾ പമ്പുസെറ്റ്		10
(അവലംബം - കൃഷിഭവൻ രേഖകൾ)		

പ്രധാനകൃഷികൾ, വിളകൾ

നെല്ലും, തെങ്ങും, എള്ളുമാണ് ഇവിടുത്തെ പ്രധാന കൃഷികൾ കമുക്, വാഴ, പയർ വർഗ്ഗങ്ങൾ സുഗന്ധവിളകൾ, പച്ചക്കറികൾ മറ്റ് ഇടവിളകൾ എന്നവയും ആണ് കൃഷി ചെയ്തുവരുന്നത്. കുടാതെ മാവ്, പ്ലാവ്, കശുമാവ് തുടങ്ങിയ ഫലവൃക്ഷങ്ങളും ധാരാളമായി കൃഷിചെയ്യുന്നു

നെൽകൃഷി, പുഞ്ച

ഈ പഞ്ചായത്തിലെ ഒന്നു മുതൽ ഒൻപതു വരെ വാർഡു കളിൽ 15 പാടശേഖരങ്ങളിലായാണ് 783ഹെക്ടർ പുഞ്ചനിലം വ്യാപിച്ചുകിടക്കുന്നത്

പട്ടിക V

പുഞ്ചനിലങ്ങളെ സംബന്ധിച്ച വിവരം

ക്രമ നമ്പർ	പുഞ്ച പാടശേഖരാസമിതിയുടെ പേര്	വിസ്തീർണ്ണം (ഹെക്ടർ)
1	ആയിരത്തുംപടവ്	80
2	കോയിക്കലേത്ത് കിഴക്കുവശം	83.5
3	വൈപ്പിൻകാട്തെക്ക്	67.9
4	വൈപ്പിൻകാട്വടക്ക്	43.5
5	പനമുട്ടുകാവ്	18.8
6	നടയിൽകിഴക്കുവശം	21.7
7	പായിപ്പാട്തറ	87.6
8	കുരീത്രകഴുനാക്കാട്	20.1
9	പള്ളിക്കൽമുല്ലേമുല	52.3
10	കോനാരി	11.0
11	കോതേരികടുക്കുഴി	34.6
12	വെട്ടിക്കൽ	55.0
13	ചിറക്കുഴി	46.0
14	കരീലി	46.0
15	കാട്ടുകണ്ടം	15
	ആകെ	783.00

അവലംബം:കൃഷിഭവൻ രേഖകൾ

ഓരോ പാടശേഖരത്തിനും പാടശേഖര സമിതിയും നെല്ലുൽപ്പാദകസമിതിയും ഉണ്ട് ഈ സമിതികൾ ആലോചിച്ചാണ് കൃഷിപ്പണികൾ നടത്തുന്നത്. എന്നാൽ ഈ സമിതികളുടെ ഏകോപിച്ചുള്ള പ്രവർത്തനം ഇല്ല. അതുകൊണ്ടുതന്നെ ഈ മേഖലയിൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. കൃഷിച്ചെലവുകൾ കർഷകർക്ക് താങ്ങാവുന്നതിൽ അധികമായി.രാസവളങ്ങളുടെയും കീടനാശിനികളുടെയും വർദ്ധിച്ച വിനിയോഗവും അമിതമായ വിലവർദ്ധനവും, വർദ്ധിച്ചകൂലിച്ചിലവും കർഷകനെ പൊറുതിമുട്ടിക്കുകയാണ്. അതേസമയം അവിചാരിതമായി ഉണ്ടാകുന്ന രോഗങ്ങളും പ്രകൃതിക്ഷോഭവും കൃഷിക്കാരെ കൂടുതൽ തളർത്തുന്നു. കാര്യക്ഷമമായ വിള ഇൻഷ്വറൻസ് പദ്ധതികൾ ഒന്നും തന്നെ ഇല്ലാതിരിക്കുന്നതും കർഷകനെ ഈ രംഗത്തുനിന്നും പിന്തിരിപ്പിക്കാൻ കാരണമാകുന്നു. അടുത്ത കാലത്തായി ഈ മേഖലയിൽ തൊഴിലാളികളെ ലഭിക്കാതെ വരുന്നതും കർഷകരെ ബുദ്ധിമുട്ടിലാക്കുന്നു ഇതിനെല്ലാമുപരി വിളവെടുപ്പുകാലത്ത് ഉൽപ്പന്നങ്ങൾക്ക് ന്യായമായവില ലഭിക്കാതെ വരുന്നതും വാങ്ങാൻ ആളില്ലാതെ വരുന്നതും അവസരം മുതലെടുക്കാൻ ഇടനിലക്കാർ കടന്നുവരുന്നതും കർഷകരെ ആകെ തകർക്കുന്നു.

വിരിപ്പുകൃഷി

നമ്മുടെ ഗ്രാമപഞ്ചായത്തിൽ വിരിപ്പു കൃഷി വളരെ കുറയുന്നതായിട്ടാണ് കാണുന്നത്. വിവിധവാർഡുകളിലായി 226ഹെക്ടർ വിരിപ്പുനിലമാണ്ഉള്ളത്. ഇവിടെ 11നെല്ലുൽപാദക സമിതികൾ പ്രവർത്തിക്കുന്നുണ്ട്. പരമ്പരാഗതമായി എള്ളുൾപ്പടെ മൂന്ന് വിളകളാണ് കൃഷിചെയ്തിരുന്നത്. കുടാതെ പയറുവർഗ്ഗങ്ങളും പച്ചക്കറിയും കൃഷിചെയ്തിരുന്നു .എന്നാൽ ഈ മേഖലകളിൽ കടുത്ത മാന്ദ്യം അനുഭവപ്പെടുന്നു. കൃഷിലാഭകരമല്ലാ എന്നതിനു പുറമെ അശാസ്ത്രീയമായ റോഡു നിർമ്മണവും, കനാൽ നിർമ്മാണവും, നികത്തലും, ജലനിർഗ്ഗമനമാർഗ്ഗങ്ങൾ അടഞ്ഞുപോകുന്നതും ഇതിനുള്ള കാരണങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

പട്ടികVI

വിരിപ്പുനിലങ്ങളെസംബന്ധിച്ചുള്ള വിവരം

ക്രമ നമ്പർ	വിരിപ്പ്-പാടങ്ങൾ	വിസ്തീർണ്ണം (ഹേക്ടർ)
1	കോതേരി	25
2	ചേങ്കര	16
3	കുരണ്ടിപ്പള്ളിൽകിഴക്ക്	15
4	പുതിയക്കൽകിഴക്ക്	20
5	ചിരട്ടംകേരി	6.3
6	അരയാകുളങ്ങര (മീന്തലക്കാട്)	28
7	കടയ്ക്കൽ	20
8	നിണ്ടൂർ	30.7
9	വഴുതാനം	17
10	പുലിയം വയൽ	25
11	തണ്ടാശ്ശേരിൽ	23
	ആകെ	226

പാടങ്ങൾ വ്യാപകമായി പാർപ്പിട

ആവശ്യത്തിനും വ്യാവസായിക ആവശ്യത്തിനും നികത്തുന്നതും മറ്റൊരു കാരണമായി സൂചിപ്പിക്കപ്പെടുന്നു

തെങ്ങുകൃഷി

നമ്മുടെ ഗ്രാമപഞ്ചായത്തിൽ തെങ്ങുകൃഷി വളരെ വ്യാപകമായിരുന്നു. ആരോഗ്യമുള്ള ആദായകരമായ തെങ്ങുകൾ നമ്മുടെ ഗ്രാമീണരുടെ കൽപ്പകവൃഷം തന്നെയായിരുന്നു. എന്നാലിന്ന് തെങ്ങുകളിൽ നിന്നുള്ള ആദായം ഗണ്യമായി കുറഞ്ഞിരിക്കുന്നു. കുമ്പുചീയൽ, കാറ്റുവിഴ്ച തുടങ്ങിയ രോഗങ്ങളില്ലാത്ത തെങ്ങുകളുടെ എണ്ണവും കുറവാണ്. കൂടാതെ മണ്ടപ്പുഴുക്കളുടെയും, ചെല്ലികളുടേയും, എലികളുടേയും ആക്രമണം രൂക്ഷമാണ്. മച്ചങ്ങാ പൊഴിച്ചിലാണ് മറ്റൊരു ദുരന്തം. വിലനിലവാരം അസ്ഥിരമായിരിക്കുന്നതും കേരകർഷകരുടെ മനം മടുപ്പിക്കുന്നു. അശാസ്ത്രീയമായിതെങ്ങിൻ തൈ നടുന്നതും ഗുണനിലവാരമില്ലാത്തതും മണ്ണിനും പ്രകൃതിക്കും യോജിക്കാത്തതുമായ തൈകൾ ഉപയോഗിക്കുന്നതും ഈ രംഗത്തെ കൂടുതൽ ദുർബലമാക്കിയിട്ടുണ്ട്.

തെങ്ങുകളിൽ "കുത" വെട്ടുന്നതും കായ്ഫലം കുറയുവാൻ ഇടയാക്കുന്നു. കേരകർഷക സമിതിയുടെ പ്രവർത്തനം തൃപ്തികരമല്ല. വേനൽക്കാലത്ത് അനുഭവപ്പെടുന്ന ജലദൗർല്ലഭ്യവും തെങ്ങുകളെ നശിപ്പിക്കുന്നുണ്ട്. വിദഗ്ധ തൊഴിലാളികളുടെ അഭാവവും ഇന്ന് ഒരു പ്രശ്നമാണ്.

പട്ടിക VII

തെങ്ങുകൃഷിസംബന്ധിച്ചവിവരങ്ങൾ

വാർഡ് നമ്പർ	തെങ്ങുകൃഷി വിസ്തീർണ്ണം ഹെക്ടറിൽ	തെങ്ങ് എണ്ണം കായ്ക്കത്തത്	കായ്ക്കുന്നത്	ആകെ	റൂട്ട്	രോഗം ലീഫ് വിൽറ്റ്	ബാധിച്ച ബഡ് നോട്ട്	തെങ്ങ് സ്റ്റെം റൂട്ട്	മറ്റുള്ളവ ബ്ലീഡിംഗ്	ആകെ രോഗം ബാധിച്ചവ
1	50	4375	4375	8750	1000	500	500	50	-	2050
2	45	3938	3937	7875	1050	450	400	60	-	1960
3	44	3850	3850	7700	2000	400	500	50	-	2950
4	38	3325	3325	6650	1600	300	250	40	-	2190
5	35	3062	3062	6124	1000	200	200	25	-	1425
6	34	2975	2975	5950	1000	200	200	25	-	1425
7	25	2187	2187	4374	750	175	100	15	-	1040
8	50	4375	4375	8750	2000	500	450	75	-	3025
9	42	3675	3675	7350	2000	500	450	75	-	3025
10	41	3587	3588	7175	750	100	80	20	-	950
11	70	6125	6125	12250	500	100	50	15	-	665

അവലംബം :-കൃഷിഭവൻ രേഖകൾ

എള്ള്, ഇടവിളകൾ, പച്ചക്കറി

ഒരു കാലത്ത് നമ്മുടെ പഞ്ചായത്തിൽ വളരെ ലാഭകരമായി എള്ള് കൃഷിചെയ്തുപോന്നിരുന്നു. കൃഷിയിടങ്ങളിൽനിന്നുംജലം വാർന്നു പോകുന്നതിനുള്ള മാർഗ്ഗങ്ങൾ അടഞ്ഞതും തൊഴിലാളികളെലഭിക്കാതെവന്നതും വിപുലമായ രീതിയിൽ എള്ള് കൃഷി ചെയ്യുന്നതിൽ നിന്നു കർഷകരെ പിന്തിരിപ്പിച്ചു. ഇന്നാകട്ടെ നല്ലയിനം എള്ളുവിത്ത്കൾ സമയത്ത് ലഭിക്കുന്നില്ല.

മുൻ കാലങ്ങളിൽ വാണിജ്യാടിസ്ഥാനത്തിൽ പോലും പച്ചക്കറികൾ കൃഷി ചെയ്തുപോന്ന നമ്മുടെ പഞ്ചായത്ത് ഇന്നു വളരെ പിന്നിലാണ്. അതു കൊണ്ടുതന്നെ അന്യനാടുകളിൽ നിന്നുകൊണ്ടു വരുന്ന പച്ചക്കറികളെ ആശ്രയിക്കേണ്ടിവരുന്നു. അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ ലഭിക്കുന്നില്ല. കീടബാധയും ഉൽപ്പാദനത്തെ കാര്യമായി ബാധിക്കുന്നു. രാസവളങ്ങളുടെയും കീടനാശിനികളുടെയും പ്രയോഗത്തിൽ കൃഷിക്കാരുടെ

പരിചയക്കുറവ് ഉൽപ്പാദനം കുറയക്കുന്നു. സർക്കാരിന്റെപുതിയ നയത്തിന്റെ ഭാഗമായി നമ്മുടെ പഞ്ചായത്ത് മാത്രമാണ് ഈ നിയോജകമണ്ഡലത്തിൽ മാതൃകാ പച്ചക്കറിഗ്രാമമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളത്

വാഴകൃഷിയും നമ്മുടെ പഞ്ചായത്തിൽ കുറഞ്ഞുകൊണ്ടിരിക്കുന്നു. മെച്ചപ്പെട്ട വാഴക്കന്നുകൾ ലഭ്യമല്ലാ. വാഴകൃഷിക്കു സഹായകരമായ ജലസേചന സൗകര്യവും കുറവാണ്. പ്രകൃതിക്ഷോഭവും രോഗങ്ങളും വാഴ കൃഷിയെദോഷകരമായി ബാധിക്കുന്നു. ഈ രംഗത്ത് ആധുനിക കൃഷി സമ്പ്രദായങ്ങൾ അവലംബിച്ചു കാണുന്നില്ലാ. കൃഷിഭവന്റെ പ്രവർത്തനവും പ്രോത്സാഹജനകമല്ല.

ഇടവിളകളായി കപ്പ, കാച്ചിൽ, ചേന, ചേമ്പ്, കിഴങ്ങ്, സുഗന്ധവിളകളായ കുരുമുളക്, മഞ്ഞൾ, ഇഞ്ചി ഇവയുംകൃഷിചെയ്തുവരുന്നു. നമ്മുടെ നാട്ടിൽ ഒരു തടം കുരുമുളകു ചെടിയെങ്കിലും ഇല്ലാത്ത വീടുകൾ ചുരുങ്ങും എന്നാൽ രോഗബാധ ഈ ക്ഷിയെ ഗുരുതരമായി ബാധിച്ചതായി കാണാം അത്യുൽപ്പാദന ശേ,ഇയുള്ള കുരുമുളകു ചെടികളുടെ വിതരണം തൃപ്തികരമല്ല. വിദേശനാണ്യം നേടിത്തരുന്ന കുരുമുളകു കൃഷിയിൽ നിന്നു പോലും കൃഷിക്കാർ അകന്നു പോകുന്നു. കാലാവസ്ഥയിലുള്ള മാറ്റവും കൃഷിക്കാരുടെ താത്പര്യക്കുറവും കരകൃഷി കുറയുവാൻ കാരണമായിട്ടുണ്ട് .

പട്ടിക VIII

നടീൽവസ്തുവിതരണം

ഇനം	എണ്ണം		
	1993-94	1994-95	1995-96
തെങ്ങ്	4545	200	1500
കശുമാവ്	-	-	100
കുരുമുളക്	100	2500	500
കവുങ്ങ്	150	100	1000
പച്ചക്കറി വിത്തുകൾ	110	879	1623
ഫലവർഗ്ഗ തൈകൾ	72	105	220
വാഴവിത്ത്	-	-	5715
കിഴങ്ങു വർഗ്ഗങ്ങൾ	268കി.ഗ്രം	2കിറ്റ്	7കിറ്റ്
പയർവർഗ്ഗ വിത്തുകൾ	-	-	-

അവലംബം:-കൃഷിഭവൻ രേഖകൾ

സാദ്ധ്യതകൾ

കൃഷിലാഭകരമായി അനുഭവപ്പെട്ടാൽ മാത്രമേ

വിശേഷാൽ ഗ്രാമസഭകളിൽനിന്നും ക്രോഡീകരിച്ച നിർദ്ദേശങ്ങൾ

പുഞ്ച

I കൃഷിഭവന്റെ സജീവവും ശാസ്ത്രീയവുമായ ഇടപെടൽ ഉണ്ടാകേണ്ടത് അത്യന്താപേഷിതമാണ്. കൃഷിഉദ്യോഗസ്ഥന്മാർ പാടശേഖരങ്ങളും മറ്റു കൃഷിയിടങ്ങളും സന്ദർശിച്ച് വിളകൾക്കുണ്ടാകുന്ന രോഗങ്ങളെക്കുറിച്ചും കീടബാധയെ കുറിച്ചും കൃഷിക്കാരെ പറഞ്ഞുമനസ്സിലാക്കി പ്രതിവിധികൾ നിർദ്ദേശിച്ചു നടപ്പാക്കുമെന്ന് ഉറപ്പുവരുത്തണം

II പുഞ്ച സ്പെഷ്യൽ ആഫീസിൽ നിന്നുനൽകുന്ന ആനുകുല്യങ്ങൾ യഥാസമയം ലഭിക്കുന്നു വെന്ന് ഉറപ്പുവരുത്തണം

III കാർഷികാവശ്യത്തിനുപയോഗിക്കുന്ന വൈദ്യുതിയുടെ വിലയിൽ ഗണ്യമായ കുറവുവരുത്തണം

IV പമ്പിംഗിനുള്ള മോട്ടോർ തറകളിലേക്ക് സ്ഥിരമായി വൈദ്യുതികണക്ഷൻ ലഭിക്കണം.

V പുറം ബണ്ടുകൾ റബിൾ കെട്ടിബലപ്പെടുത്തുകയും തോടുകൾ ആഴം വർദ്ധിപ്പിച്ച് ഇരുവശങ്ങളും ബലപ്പെടുത്തി മട വീഴ്ചയിൽ നിന്നും പാടശേഖരങ്ങളെ സംരക്ഷിക്കുകയും വേണം

VI കുറഞ്ഞ പലിശനിരക്കിൽ കാർഷിക വായ്പനൽകുന്ന ഒരു കാർഷിക വികസന ബാങ്ക് ഈ ഗ്രാമത്തിൽ സ്ഥാപിക്കുക

VII അത്യുൽപ്പാദന ശേഷിയുള്ള വിത്തും വിളകൾക്കാവശ്യമായ രാസവളങ്ങളും കീടനാശിനികളും സൗജന്യനിരക്കിൽ കൃത്യസമയത്ത് ലഭ്യമാക്കണം

VIII അത്യാവശ്യം വേണ്ട മേഖലകളിലെങ്കിലും ലിഫ്റ്റ് ഇറിഗേഷൻ സൗകര്യങ്ങൾ ഉണ്ടാകണം

IX കർഷകരെ ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും സംരക്ഷിക്കാൻ കഴിയണം

X ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനും അത്യാധുനിക കാർഷിക ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനും കർഷകരുടേതായ സഹരണസംഘങ്ങൾ ഉണ്ടാകണം

XI ഉൽപ്പന്നങ്ങൾക്ക് മതിയായവില ഉറപ്പുവരുത്തണം

XII ഈ പഞ്ചായത്തിൽ കൂടികടന്നുപോകുന്ന അച്ചൻ കോവിലാറിന്റെ തോട്ടുമുഖങ്ങളിൽ കലുങ്കുകെട്ടി ചീപ്പുനിർമ്മിച്ച് പാടശേഖരങ്ങളെ സംരക്ഷിക്കണം

കൃഷിക്കാർ ഈ രംഗത്ത് ഉത്സാഹഭരിതരാകുകയുള്ളു. സർക്കാരും സർക്കാർ നേതൃത്വം നൽകുന്നവിവിധ ഏജൻസികളും പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങൾ കൃഷിഭവനിലൂടെ യഥാർത്ഥകർഷകർക്ക് കൃത്യസമയത്ത് തന്നെ ലഭിക്കണം. രാസവളങ്ങളും കീടനാശിനികളും സൗജന്യനിരക്കിൽ ലഭ്യമാകണം. ഉൽപ്പാദനവർദ്ധനവിനനുസരിച്ച് കൃഷിക്കാർക്ക് പാരിതോഷികങ്ങൾ നൽകണം. ജൈവവളത്തിന്റെ പ്രയോഗം പ്രോത്സാഹിപ്പിക്കുന്നത് നന്നായിരിക്കും. ശാസ്ത്രീയമായ കൃഷി സമ്പ്രദായങ്ങൾ അനുവർത്തിക്കുന്നതിന് കൃഷിക്കാരെ ബോധവൽക്കരിക്കണം ഇതിനു വേണ്ടി സെമിനാറുകളും ചർച്ചാ ക്ലാസ്സുകളും സംഘടിപ്പിക്കണം. പരസ്പരധാരണയോടുകൂടി കഴിവതും അത്യുൽപ്പാദനശേഷിയുള്ള ഒരേയിനം വിത്തു ഉപയോഗിക്കുന്നത് ആശാവഹമാണ്. ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പാസഹായം കൂടുതൽ ലഭ്യമാക്കുകയും നടപടിക്രമങ്ങൾ ലഘൂകരിക്കുകയും വേണം. തെങ്ങിൻതടി, ചകിരി, ചിരട്ട, കരിക്ക്, മുതലായവ ഉപയോഗിച്ചുള്ള വ്യാവസായിക സംരംഭങ്ങൾക്ക് സാദ്ധ്യതയുണ്ട്

പട്ടിക IX
വിളവിസ്തീർണ്ണവും ഉത്പാദനവും

വിള	ഉതപാദാനക്ഷമത	വിസ്തീർണ്ണം	മൊത്തംഉത്പാദനം (ഹെക്ടറിൽ)
നെല്ല് (ഒന്നാംവിള)	78327	47.5ടൺ	3.50ടൺ
നെല്ല് (രണ്ടാംവിള)	226	452ടൺ	2ടൺ
നെല്ല് (മൂന്നാംവിള)	220	330ടൺ	1.5ടൺ
പയർ	15	250കി.ഗ്രം	16.65കി.ഗ്രം
എള്ള്	200	60ടൺ	0.3ടൺ
പച്ചക്കറികൾ	10	7500കിലോ.ഗ്രം	750കിലോ.ഗ്രം
തെങ്ങ്	454	159000തേങ്ങ	330തേങ്ങ
വാഴ	120	900ടൺ	7.5ടൺ
മരച്ചിനി	250	250ടൺ	1ടൺ
കുരുമുളക്	25	27ടൺ	1.08ടൺ
പ്ലാവ്	-	-	-
കശുമാവ്	-	-	-
മാവ്	10	15ടൺ	1.5ടൺ
റബ്ബർ	ഇല്ല		
കവുങ്ങ്	40	36ടൺ	0.9ടൺ

(അവലംബം-കൃഷിഭവൻ രേഖകൾ)

വിരിപ്പുകൃഷി

I അനധികൃതമായി കൃഷിയിടങ്ങൾ കുഴിക്കുന്നതും നികത്തുന്നവതും തടയുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തുകാർക്കു നൽകണം

II പരമ്പരാഗതമായി കർഷകർ ഉപയോഗിച്ചിരുന്നതും ഇപ്പോൾ അടഞ്ഞുപോയിട്ടുള്ളതുമായ നീർച്ചാലുകൾ തെളിച്ച് കൃഷിക്ക് ഉപയോഗപ്രദമാക്കണം

III ജലസേചനത്തിനുള്ള തോടുകളുടെ സംരക്ഷണം ഗ്രാമപഞ്ചായത്തിനെ ഏൽപ്പുക്കുക

IV സാമൂഹ്യ ജലസേചന പദ്ധതികൾ നടപ്പിലാക്കണം

V നിലവിലുള്ള കനാലുകൾ ഉപയോഗപ്രദമാക്കണം

VI പുഞ്ചകൃഷിക്കുനൽകുന്നതുപോലെ തന്നെ വിരിപ്പുകൃഷിക്കുള്ള സഹായവും ഉദാരവൽക്കരിക്കണം

VII വിരിപ്പുകൃഷിക്കും തെങ്ങുകൃഷിക്കും സഹായകരമായ രീതിയിൽ ജലസേചന പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുക

VIII പി.ഐ.പി. കനാലുകൾക്ക് ആവശ്യമായ അറ്റകു റ്റപ്പണികൾ നടത്തി എല്ലാക്കാലത്തും ജല ലഭ്യത ഉറപ്പാക്കണം

തെങ്ങുകൃഷി കരകൃഷി

I അത്യുൽപ്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ ലഭ്യമാക്കണം

II കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികളെ ഏകോപിപ്പിച്ച് പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ നടപ്പാക്കേണ്ടതാണ്

III തെങ്ങുകളെ രോഗബാധയിൽ നിന്ന് സംരക്ഷിക്കുക

IV മരുന്നുതളി, ബോർഡോമിശ്രിത പ്രയോഗം ഇവ വർഷത്തിൽ രണ്ടു പ്രാവിശ്യം നിർബന്ധമായും നടത്തണം

V ഡ്രിപ്പ്-സ്പ്രിംഗ്ളർ ഇറിഗേഷൻ സമ്പ്രദായങ്ങൾ ആവിഷ്ക്കരിച്ച് നടപ്പാക്കുക

VI വിദഗ്ദ തൊഴിലാളികളുടെ ലഭ്യത ഉറപ്പാക്കണം.

VII നീർതട പദ്ധതികളുടെ പ്രാധാന്യം പ്രചരിപ്പിക്കുക

VIII ജൈവവളത്തിനാവശ്യമായ ചണമ്പ്, പയർ വിത്തുകൾ കൃഷിഭവനിൽകൂടി സൗജന്യനിരക്കിൽ ലഭ്യമാക്കണം.

എള്ള്, പയർ, പച്ചക്കറി, വാഴ നൂതന കൃഷികൾ

I അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ തക്കസമയത്ത് കൃഷിഭവനിൽ നിന്നും ലഭിക്കണം

II ഉൽപ്പന്നങ്ങളുടെ വിപണനം കർഷകർക്ക് ഒരു പ്രശ്നമാകാൻ ഇടവരാത്ത വിധം ആസൂത്രിത പദ്ധതികൾ നടപ്പാക്കണം

III നല്ലയിനം വാഴക്കന്നുകൾ യഥാസമയം വിതരണം ചെയ്യുന്നതിന് കഴിയണം

IV കുൺ കൃഷി, ഔഷധസസ്യകൃഷി, കൂറ്റിമുല്ലകൃഷി, സുഗന്ധവിളകൃഷി ഇവ പ്രോത്സാഹിപ്പിക്കുന്നതിനായി വിത്തിനങ്ങൾ ലഭ്യമാക്കണം

V നല്ലയിനം കശുമാവിൻ തൈകൾ നൽകി ഈ കൃഷിയെ പ്രോത്സാഹിപ്പിക്കണം.

VI വെറ്റില കൃഷി പ്രോത്സാഹിപ്പിക്കണം

VII തീറ്റപ്പുൽ വിത്ത് ലഭ്യമാക്കണം

VIII കരകൃഷികളായി ചേന, ചേമ്പ്, കാച്ചിൽ, കിഴങ്ങ്, മുതലായവ പ്രോത്സാഹിപ്പിക്കണം

IX കാർഷിക രംഗത്ത് വൻതോതിൽ നഷ്ടം വരുത്തുന്ന എലികളെ നശിപ്പിക്കുന്നതിന് ആസൂത്രിതവും സംഘടിതവുമായ പ്രവർത്തനങ്ങൾ നടത്തുക

X യുവതലമുറക്ക് കൃഷിയിൽ അഭിരുചി തോന്നത്തക്കതരത്തിൽ ബന്ധപ്പെട്ട വിഷയങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം

ജലസേചനം

പ്രകൃതിയെ മാത്രം ആശ്രയിച്ചുള്ള കൃഷിരീതികളാണ് പൊതുവെ ഇവിടെ അനുവർത്തിച്ചുവരുന്നത്. മഴ, നദി, തോടുകൾ കുളങ്ങൾ സ്വകാര്യ മേഖലയിലെ കുഴൽക്കിണറുകൾ ഇവയാണ് ജല ശ്രോതസ്സുകൾ . നടപ്പിലാക്കിയ ഒരു സാമൂഹ്യ ജലസേചന പദ്ധതി പരാജയമായിരുന്നു. ജല നിർഗ്ഗമല പാതക്കളിൽ ചിലത് അടഞ്ഞതും മറ്റു ചിലത് നികത്തിയതും ഈ രംഗത്ത് പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. തോടുകളുടെ സംരക്ഷണമില്ലായ്മയാണ് മറ്റൊരു പ്രശ്നം.

തോട്ടുമുഖങ്ങൾ അടക്കുന്നതും അടയുന്നതും ജലസേചന സൗകര്യങ്ങൾ കുറയുന്നു. ഓരു വെള്ളം കയറുന്നത് തടയാൻ കഴുയുന്നില്ല. ഈ കാരണങ്ങളാൽ മാന്ദ്യം അനുഭവപ്പെടുന്നുണ്ട്.

കര കൃഷിയും പച്ചക്കറികൃഷിയും മഴയെ ആശ്രയിച്ചാണ് ഭൂരിപക്ഷം കർഷകരും നടത്തുന്നത് ചുരുക്കം ചില കർഷകർക്കുമാത്രമെ കുഴൽ കിണറുകൾ സ്ഥാപിച്ച് ജലസേചനം നടപ്പാക്കാൻ കഴിഞ്ഞിട്ടുള്ളൂ.

മുഖ്യ വിളകളിൽ ഒന്നായ തെങ്ങു കൃഷിക്കും ജലസേചന സൗകര്യം ലഭ്യമല്ല. കേര കർഷകരിൽ വളരെയേറെ പ്രതീക്ഷകൾ ഉണർത്തിയ പി.ഐ.പി കനാലുകൾ പഞ്ചായത്തിലെ ഒൻപതു വാർഡുകളിൽ കീടി കടന്നു പോകുന്നുണ്ടങ്കിലും ഇന്നോളം പ്രയോജനപ്പെട്ടിട്ടില്ല. ഇതിന്റെ പ്രയോജനം വിരിപ്പു കൃഷിക്കും ലഭ്യമല്ല. ചുരുക്കത്തിൽ പഞ്ചായത്തിലെ ജലസേചന സൗകര്യം അനുദിനം കുറഞ്ഞുകൊണ്ടിരിക്കുന്നതായി അനുഭവപ്പെടുന്നു.

പട്ടിക--X

ചെറുകിട ജല സേചന തോടുകൾ സംബന്ധിച്ച വിവരങ്ങൾ

നമ്പർ	തോടിന്റെ പേര്	ആകെ നീളം മീറ്റർ	ശരാശരി വീതി മീറ്റർ
1.	നെടുന്തറ തോട്	651	12.8
2.	നീണ്ടൂർ മൂല തോട്	3500	4.4
3.	വെട്ടിക്കൽ തോട്	2000	7.6
4.	പറയങ്കേരി തോട്	672	10
5	തളിക്കൽ തോട്	282	8.6
6	നാലുകെട്ടിൽ തോട്	298	22.9
7	കന്നാലി തോട്	299	22.3

(അവലംബം വില്ലേജ്ലിത്തോമാപ്പ്)

സാദ്ധ്യതകളും നിർദ്ദേശങ്ങളും

1 പഞ്ചായത്തിന്റെ അധിനതയിലുള്ള തോടുകളുടെയും ജല നിർഗ്ഗമന പാതകളുടെയും സംരക്ഷണത്തിൽ വേണ്ടത്ര ശ്രദ്ധ പതിച്ചു കാണുന്നില്ല. ഇവയുടെ സംരക്ഷണം കർഷകർക്ക് പ്രയോജനപ്പെടു ന്നതരത്തിൽ ജനപങ്കാളിത്തത്തോട് നടപ്പാക്കണം.

2 എല്ലാ ജലനിർഗ്ഗമന മാർഗ്ഗങ്ങളും തെളിക്കുന്നതിനുള്ള നടപടികളുണ്ടാകണം

3 പി.ഐ.പി കനാലുകൾളുടെ അറ്റകുറ്റപ്പണികൾ നടത്തി ജല ലഭ്യത ഉറപ്പുവരുത്തണം

4 തോട്ടുമുഖങ്ങൾ അടയ്ക്കുന്നത് കർശനമായി തടയുക

5 ഓരു വെള്ളം കയറുന്നതിൽ നിന്നും പഞ്ചായത്തിനെരക്ഷിക്കുക

6 സാമൂഹ്യ ജലസേചന പദ്ധതി കൾ കാര്യക്ഷമമായി നടപ്പിലാക്കുക

7ഡ്രിപ്-സ്പ്രിംഗ്ലർജലസേചന സമ്പ്രദായങ്ങൾ ആവിഷ്ക്കരിച്ചുനടപ്പിലാക്കുക

പട്ടിക XI
നീരൊഴുക്ക് തോടുകൾ

1	ഈരിയ്ക്കൽ-പുതുവാപ്പാടി തോട്
2	പിള്ള തോട്
3	പുത്തൻ പറമ്പിൽ - ചെമ്പകശേരിതോട്
4	മുണ്ടറ്റിൻ കര തോട്
5	മേടത്തോട്
6	പുതിയയക്കൽ-കൊക്കാ തോട
7	രാമനിലയം തോട്
8	നടയിൽ കിഴക്കുവശം തോട്
9	കൊക്കാതോട്
10	കോയിക്കൽ തോട്
11	വൈപ്പിൻകാട് വടക്ക് തോട്
12	വൈപ്പിൻകാട് തെക്ക് തോട്
13	രാമൻങ്കേരി തോട്
14	കൈതക്കോത്ത് തോട്
15	വളയംചാൽ തോട്
16	മുപ്പത്തെട്ടിൽ തോട്
17	ചേക്കോട്ടു തെക്കു വശം മീന്തലക്കാട് തോട്
18	തുണ്ടിൽ തോട്
19	വേലശ്ശേരിൽ തെക്ക് തോട്
20	ചാത്തൻ തറക്കോട്
21	കോനാരി തോട്
22	തുരുത്തിൽ വടക്കുവശം തോട്
23	തോങ്ങയിൽ തോട്
24	ആർ.ഡി.ഓ ചിറ കുന്നത്തു ലക്ഷം വീട് തോട്
25	പ്ലാപ്പുറം തോട്
26	മംഗലശ്ശേരിൽ തോട്
27	പൂത്തോട്ടാ തോട്
28	കോളച്ചിറ തോട്
29	ചക്കാലയിൽ തോട്
30	കുമാരങ്കേരി തോട്
31	ചേലത്ത് തോട്
32	തുണ്ടയിൽ തോട്
33	ആഞ്ഞിലിമൂട് -വടക്കേമഠം തോട്
34	പോങ്കാട്ട്-നായിക്കര തോട്
35	ചെറുവള്ളിവടക്ക്വശം തോട്
36	കുറ്റിയിൽ തോട്
37	ആത്രമൂട്ടിൽ തോട്

പട്ടിക XII
പുതുതായിനിർമ്മിക്കേണ്ട ബണ്ടുകൾ

1	അച്ചൻ കോവിലാറിന്റെ ഇരുകരകളും	12.കിമീ
2	ചാത്തൻതറതോടിന്റെ ഇരുകരകളും	2.കിമീ
3	കന്നുകാലിതോടിന്റെ ഇരുകരകളും	2.8.കിമീ
4	വൈപ്പിൻ കാട്ചുറ്റുബണ്ട്	3കി.മീ
5	വൈപ്പിൻ കാട്വടക്ക് ചുറ്റുബണ്ട്	3.കിമീ
6	വെട്ടിക്കബണ്ട്	3.കിമീ
7	കൈമവീട്ടിൽ കിഴക്ക്	1.കിമീ
8	ചിറക്കുഴിപാടം പുറബണ്ട്	1.6.കിമീ
9	കോളാച്ചിറ തോട്ബണ്ട്	2.4.കി.മി
10	പുതുവാപ്പടിക്കൽ തോട്ബണ്ട്	3.2.കിമീ
11	തളിയക്കൽ തോട്	3 കിമീ
12	മുട്ടത്തു വടക്ക് മംഗലശ്ശേരി തോട്ബണ്ട്	4കിമീ
13	ആയിരത്തും പടവുപാടം ബണ്ട്	2.കിമീ
14	കോയിക്കലേത്തുകിഴക്കു	3കിമീ

15 കോനനാരിപാടശേഖരബണ്ട് 1.കിമീ

16 [illegible] 2.കിമീ

പട്ടിക.XIII

പള്ളിപ്പാട് ഗ്രാമപഞ്ചായത്ത്

രാസവള-കീടനാശിനി വിപണനം

	1993-94	1994-95			1995-96					
ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	രാസവളം കി.ഗ്രാം	കീടനാശിനി സബ്സിഡി നിരക്കിൽ		രാസവളം കി.ഗ്രാം	കീടനാശിനി		രാസവളം	കീടനാശിനി	
						ദ്രവം	ഖരം		ദ്രവം	ഖരം
			ദ്രവം	ഖരം						
	സഹകരണം.1777	-	-	400Kg	8 Ton	-	-	6Ton	-	-
	1744	-	-	350Kg	5Ton	-	-	-	-	-

പള്ളിപ്പാട് ഗ്രാമപഞ്ചായത്ത്

3.4 ജലസേചന സംവിധാനങ്ങൾ

വർഷം	വ്യക്തി	കുഴൽകിണർ	കുളം	ക്രോസ്ബാർ	ആയക്കെട്ട് (ഹെക്ടർ)
93-94	6No	-	-	-	-
94-95	33	6	-	-	-
95-96	16	5	-	-	-

പട്ടിക XIV

11.8CCS for SF/MFപരിപാടി അനുസരിച്ച് ഉണ്ടായ ആസ്തികളുടെ വിവരം

ക്രമനമ്പർ നമ്പർ	പരിപാടി നടപ്പിലാക്കിയ കാലയളവിൽ പൂർത്തിയാക്കിയ ആസ്തികൾ	വാർഡ് ആസ്തികളുടെ എണ്ണം,അളവ്											ആകെ
		I	II	III	IV	V	VI	VII	VIII	IX	X	XI	
1	കിണറുകൾ	2	5	2	2	3	4	4	5	4	1	1	33.....1994
	കുഴൽകിണർ-6Nos	2	3	4	2	1	2	-	-	1	-	-	15.....1995
2	കുളങ്ങൾ	-	-	-	-	-	-	-	-	-	-	-	- -
3	വാട്ടർ ടാങ്കുകൾ												
4	പമ്പ് ഹൗസുകൾ												
5	പമ്പ് സെറ്റുകൾ												
	ബ്ലോക്ക് മുഖേന	8	25	16	9	12	11	8	10	13	10	17	139
	കൃഷി ഭവൻ മുഖേന	1	3	1	1	1	1	1	4	2	1	1	17.....1994
	Do	2	5	2	3	1	2	1	3	5	3	1	28..1995-96

പട്ടിക XV

1993നുശേഷം ഹരിപ്പാട് മൈനർ ഇറിഗേഷൻ സബ്ഡിവിഷനിൽനിന്നും നടത്തിയിട്ടുള്ള പണികളുടെ വിവരം

1 കോട്ടയക്കകം പട്ടികജാതി കോളനിയിലേക്കുള്ള ബണ്ടുറോഡും കലുങ്കും അനുബന്ധപണികളും

2 പുതുവാപ്പടിയക്കൽ തോട്ടിലേക്കുള്ള ഡ്രെയിനേജ്

3 പറയങ്കേരി പാലത്തിനു വടക്കുവശത്തുള്ള തോടിന്റെ പടിഞ്ഞാറെ ബണ്ടിന്റെ സംരക്ഷണ പണികൾ

4 വളയം ചാലിൽ തോടിന്റെബണ്ട് കരിങ്കൽകെട്ട്

5 കരീലിപാടത്തിന്റെ പുറംബണ്ട് സംരക്ഷണ പണികൾസംരക്ഷണപണികൾ

പട്ടിക XVI

ചെറുകിട ജലസേചന വകുപ്പ് 1996-97 1997-98 വർഷങ്ങളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ

ക്രമ നമ്പർ പദ്ധതിയുടെ പേര് പ്രയോജനം ലഭിക്കുന്നഭൂമിയുടെ വിസ്തീർണ്ണം(ഹെക്ടറിൽ) അടങ്ങൽ തുക:രൂപ

1 കോയിക്കലേത്തുകിഴക്കവശം പാടത്തിന്റെ കിഴക്കുവശം സംരക്ഷണപ്പണികൾ 98 1900000

2 പള്ളിക്കൽ മുല്ലേമൂലപാടത്തിന്റെ കിഴക്കു പുറം ബണ്ടിന്റെ സംരക്ഷണപ്പണികൾ 48 400000/-

3 പള്ളിക്കൽ മുല്ലേമൂല പാടത്തിന്റെ തെക്കേപ്പുറം ബണ്ടിന്റെ സംരക്ഷണപ്പണികൾ 78 1540000/-

4 പുളിവേലിൽപടിഞ്ഞാറുപാടശേഖരത്തിന്റെ തെക്കേപുറം ബണ്ടിന്റെ സംരക്ഷണം - 400000/-

5 മണ്ണൂർപാടം മുതൽ കോതേരിൽപാടം വരെയുള്ള ഓടയും കലുങ്കും സംരക്ഷണഭിത്തിയും 200000/-

6 മണിമംഗലംപാടത്തെ തോടിന്റെ സംരക്ഷണം 200000/-

7 കല്ലുംമൂട് ജംഗ്ഷനിലെ കലുങ്കും അനുബന്ധ പണികളും(1994-'95ൽപൂർത്തിയായി) 20 46131/-

പട്ടികXVII

പള്ളപാട് ഗ്രാമപഞ്ചായത്ത് നടീൽ വസ്തുവിതരണം

ഇനം	എണ്ണം			
	1993-94	1994-95	1995-96	
തെങ്ങ്	45	45	200	1500
കശുമാവ്	-	-	100	
കുരുമുളക്	100		2500	500
കവുങ്ങ്	150		100	1000
പച്ചക്കറി വിത്തുകൾ	1100		879	1623
ഫലവർഗ്ഗ തൈകൾ	72		105	220
വാഴവിത്ത് കിഴങ്ങു	-	-	5715	
വർഗ്ഗങ്ങൾ	268 കിഗ്രം		2കിറ്റ്	7കിറ്റ്
പയർവർഗ്ഗ വിത്തുകൾ	13കിറ്റ്			

പട്ടിക XVIII

പള്ളിപ്പാട് ഗ്രാമപഞ്ചായത്ത് ദുരിതാശ്വാസ വിതരണം പ്രശ്ന ബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം (ഹെക്ടർ) ധനസഹായംലഭിച്ചവരുടെഎണ്ണം വിതരണംചെയ്തതുക

വർഷം	വെള്ളപൊക്കം	സഹായം ലഭിച്ചവർ	വിതരണം ചെയ്തതുക
1993-94	2,42,935	1035	2,42,935
1994-95	1,36,320	667	1,36,320

പട്ടികXIX

2.2പുറമ്പോക്ക് ഭൂമിസംബന്ധിച്ച് വിവരങ്ങൾ (Ref: പുറമ്പോക്ക് രജിസ്റ്റർ)

	വിസ്തീർണ്ണം(ഏക്കറിൽ)					
റോഡ്		തോട്	കുളം	പുഴ	റെയിൽവെ	ആകെ
പള്ളിപാട്	80	67	10	81	30	268.4
ആകെ	80	67	10	81	30.4	268.4

സാദ്ധ്യതകളും, നിർദ്ദേശങ്ങളും

VIII നീർതടപദ്ധതികളുടെ പ്രാധാന്യം പ്രചരിപ്പിക്കുക

IX വിരുപ്പുനിലങ്ങളിലെ ജല സേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനാവശ്യമായ തോടുകൾ പഞ്ചായത്തിന്റെ ഉത്തരവാദിത്വത്തിൽ ജനപങ്കാളിത്തത്തോടുകൂടി നിർമ്മിക്കുക

X അച്ചൻ കോവിലാറ്റിലെജലം പ്രയോജനപ്പെടുത്തി ലിഫ്റ്റ് ഇറിഗേഷൻ സമ്പ്രദായങ്ങൾ ആവിഷ്ക്കരിക്കുക

XI നീർച്ചാലുകൾ നികത്തുന്നതും കൈയ്യേറുന്നതും ഒഴിവാക്കുന്നതിനാവശ്യമായ ബോധവൽക്കരണം നടത്തുക

4.2

മൃഗസംരക്ഷണം മത്സ്യബന്ധനം

മൃഗസംരക്ഷണം

കാർഷിക ഗ്രാമമായ പള്ളിപ്പാടിന് മൃഗ സംരക്ഷണമേഖല സമ്പന്നമായിരുന്ന ഒരു കാലമുണ്ട് അക്കാലത്ത് കൃഷിപ്പണികൾക്കായി കാളകളേയും കന്നുകളേയും പ്രത്യേക ശ്രദ്ധയോടുകുടി സംരക്ഷിച്ചു പോന്നു. പാലുൽപ്പാദനത്തിനായി പശുക്കളെയും, ആടുകളേയും എരുമകളേയും ധാരാളമായി വളർത്തി യിരുന്നു. ഒന്നിലേറെ കാലിത്തൊഴുത്തുകളുള്ള കുടുംബങ്ങൾ ഉണ്ടായിരുന്നു. കാലിസമ്പത്ത് പല കുടുംബങ്ങളും അന്തസ്സിന്റെ ഭാഗമായിട്ടാണ് കരുതി യത്. വിളപെടുപ്പിനുശേഷം കാലികൾ കുട്ടം കുട്ടമായി പാടശേഖരങ്ങളിൽ മേയുന്ന കാഴ്ച ഇന്ന് സാർവ്വ ത്രികമായിരുന്നു. എന്നാൽ ഇന്നു സ്ഥിതി വ്യത്യ സ്തമാണ്. മൃഗസംരക്ഷണം അന്നൊരു ബാദ്ധ്യത യായിരുന്നില്ല. കാർഷിക വൃത്തിയിൽ നിന്നു തന്നെ ഇവയെ സംരക്ഷിക്കാൻ കഴിഞ്ഞിരുന്നു. പുല്ല്, വൈ ക്കോൽ, തവിട് ഇവ സുലഭമായിരുന്നതു കൊണ്ട് സംരക്ഷണചെലവ് കുറവായിരുന്നു

കാർഷികരംഗത്തുണ്ടായ മാറ്റങ്ങൾ മൃഗസംരക്ഷണ മേഖലയേയും സാരമായി ബാധിച്ച തായികാണാം. ഈ രംഗത്തെ ചെറിയ തോതോലെ ങ്കിലുമുള്ള യന്ത്രവൽക്കരണം കാളകളുടെയും കന്നുകളുയെടും ആവശ്യം ഒരു പരിധിവരെയെങ്കിലും ഒഴിവാക്കിയിട്ടുണ്ട്. ജീവിതരീതികളിൽ വന്നമാറ്റവും കാലി സംരക്ഷണം അത്യാവശ്യമല്ലാതാക്കി തീർത്തി ട്ടുണ്ട്. കാളവണ്ടികളുടെ സ്ഥാനത്ത് മറ്റുവാഹനങ്ങൾ എത്തി. ഉഴവുരംഗത്ത് ട്രില്ലറും ട്രാക്ടറും ഉപയോഗിച്ചു തുടങ്ങി. ഇതെല്ലാം കാലിസമ്പത്തിനെ മൊത്തത്തിൽ കുറച്ചിട്ടുണ്ടെങ്കിലും പശുക്കളുടേ കാര്യത്തിൽ കുറവു ണ്ടായിട്ടുള്ളതായി തോന്നുന്നില്ല. എന്നാൽ കുറഞ്ഞചെലവിൽ സംരക്ഷിക്കാമായിരുന്ന നാടൻ പശുക്കളുടെ സ്ഥാനത്ത് അത്യുൽപ്പാദനശേഷിയുള്ള സങ്കരയിനം പശുക്കൾ മാത്രമാണ്ഇന്ന് എവിടെയും ഉള്ളത്. മേച്ചിൽപ്പുറങ്ങൾ കുറഞ്ഞതും സംരക്ഷണ ചെലവുകുടിയതും ഈ മേഖല നേരിടുന്ന ഗുരു തരമായ പ്രശ്നങ്ങളാണ് നാടൻ പശുക്കൾക്ക് രോഗ പ്രതിരോധശേഷി ഉണ്ടായിരുന്നു. എന്നാൽ ശങ്കരയിനം പശുക്കൾക്ക് രോഗപ്രതിരോധ ശക്തികുറവായിട്ടാണ് കാണുന്നത്. തക്കസമയത്ത് രോഗ പ്രതിരോധ കുത്തിവയ്പ്പു നടത്താത്തതും ചികിത്സ ലഭിക്കാത്തതും പലപ്പോഴും കർഷകരെ നിരാശപ്പെടുത്താറുണ്ട്. അതുകൊണ്ട് തന്നെ കാലിവളർത്തൽ ഒരുതൊഴിലായി സ്വീകരിക്കാൻ മടിക്കുന്നവരുമുണ്ട്. പഞ്ചായത്തിൽ ഒരു വെറ്റിനറി ഡിസ്പൻസറി ഉണ്ടെങ്കിലും അതി

വിസ്തൃതമായ ഈ പഞ്ചായത്തിലെ എല്ലാ മേഖലകൾക്കും അതിന്റെ പൂർണ്ണപ്രയോജനം ലഭിക്കുന്നുണ്ടെന്നുപറയാൻ കഴിയില്ല.

പഞ്ചായത്തിൽ മൂന്നു ക്ഷിരോൽപ്പാദന സഹകരണ സംഘങ്ങളാണം ഇന്നുള്ളത്. പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിലുള്ള കൃഷിക്കാർക്ക് ഇതിന്റെ സേവനം പ്രയോജനപ്പെടുന്നില്ല എങ്കിലും ഈ സഹകരണസംഘങ്ങൾ ക്ഷീരകർഷകർക്ക് ആശ്വാസപ്രദമാണ്.

പാലുശേഖരിച്ചും കാലിത്തീറ്റനൽതിയും കർഷകരെ ഒരു പരിധിവരെയെങ്കിലും സഹായിക്കാൻ ഈ സംഘങ്ങൾക്കു കഴിയുന്നുണ്ട്. പ്രശ്നങ്ങൾ വളരെയുണ്ടെങ്കിൽപ്പോലും ഇന്നും ധാരാളം കറവമാടുകൾ ഉള്ള ഒരു പഞ്ചായത്താണ് നമ്മുടേത് സംസ്ഥാനസർക്കാർ ക്ഷിരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി ഏർപ്പെടുത്തിയ "ക്ഷീരധാര അവാർഡ്" ആദ്യമായി നേടിയത് ഈ പഞ്ചായത്തിലെ ഒരു ക്ഷീരകർഷകനാണെന്നത് എടുത്തു പറയേണ്ടിയിരിക്കുന്നു.

പട്ടിക. 1
വളർത്തുമൃഗ സംഖ്യ.

വാർഡ് നമ്പർ	കാള വംശ വർദ്ധനവ്	നാടൻ മറ്റുള്ളവ	കാളസങ്കരം വംശ വർദ്ധനവ	മറ്റുള്ളവ	പശുനാടൻ കറവ യുള്ളത്	കറവ യില്ലാത്തത്	പശുസങ്കരം കറവ യുള്ളത്	കറവ യില്ലാത്തത്	എരുമ കറവ യുള്ളത്	കറവ യില്ലാത്തത്	പോത്ത്	ആട്	പട്ടി	ആന
1	2	3	4	5	6	7	8	9	10	11	12	13	14	15
I	-	-	-	-	-	-	148	28	1	-	-	89	299	
II	-	-	-	-	-	-	137	27	2	-	-	36	296	-
III							182	35	-	-	14	56	294	-
IV							176	28	4	-	6	47	299	-
V							106	25	-	-	-	18	292	-
VI							103	19	6	-	8	62	294	
VII							178	32	-	-	-	71	218	-
VIII							163	28	-	-	-	28	229	-
IX							149	25	-	-	4	39	239	-
X							172	30	-	-	-	53	247	-
XI							143	26				43	329	
Total							1657	303	13		32	492	3036	

പട്ടിക. 2
പള്ളിപാട് ഗ്രാമപഞ്ചായത്ത് പേ വിഷ ബാധ-പ്രതിരോധവും ചികിത്സയും

വിവരം	പശു	എരുമ	ആട്	പട്ടി	പൂച്ച	മറ്റുള്ളവ
പ്രതിരോധ കുത്തിവെയ്പ് നൽകിയവരുടെ എണ്ണം	Nil	Nil	Nil	900	Nil	Nil
കടിയേറ്റതിനുശേഷം കുത്തിവയ്പ് നടത്തിയവരുടെ എണ്ണം	-	-	-	-	-	-

പട്ടിക.3

പള്ളിപാട് ഗ്രാമ പഞ്ചായത്തിന്റെ കൃത്രിമ ബീജ സങ്കലന വിവരങ്ങൾ

വളർത്തു മൃഗം	ആകെ എണ്ണം	കൃത്രിമ ബീജസങ്കലനം നടത്തിയവ	ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജ സങ്കലനം വേണ്ടി വന്നവ
പശു	1960	6080	290
കിടാരി	342	1216	580
എരുമ	13	9	Nil

ക്ഷീരവികസന ഓഫീസ് ഹരിപ്പാട്

ക്ഷീരവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ, ഹരിപ്പാട് ക്ഷീര വികസന ഓഫീസ് മുഖേന പള്ളിപ്പാട് പഞ്ചായത്തിൽ ഇതു വരെ നടപ്പാക്കിയിട്ടുള്ള പദ്ധതികളുടയും 96-97 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുള്ള പദ്ധതികളുടയും സംക്ഷിപ്ത വിവരണവും അവയിലൂടെ ചിലവാക്കിയിട്ടുള്ളതും ചിലവാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നതുമായ സാമ്പത്തി കാനുകൂല്യ ങ്ങളെയും സംബന്ധിച്ച വിവരങ്ങളും താഴെ കൊടുക്കുന്നു.
ഇതുവരെ നടപ്പാക്കിയ പദ്ധതികളും സാമ്പത്തിക ലക്ഷ്യവും.

1.വൃത്തിയും ശുചിത്വവുമുള്ള മാതൃകാ കാലിത്തൊഴുത്തു സ്ഥാപിക്കുന്നതിന് സഹായം നൽകൽ

മുൻ വർഷങ്ങളിൽ പള്ളിപ്പാടു പഞ്ചായത്തിൽ മൂന്ന് മാതൃകാ കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിന് ധന സഹായം നൽകി. തൊഴുത്ത് ഒന്നിന് 1250/- രൂപാ പ്രകാരം ഈയിനത്തിൽ 3750/- ചിലവഴിച്ചു.

2.തീറ്റപ്പുൽ കൃഷിക്ക് വിത്തും രാസവളവും സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതി

ഈ പദ്ധതിയിൽ ഹെക്ടർ സ്ഥലത്ത് ദീർഘകാല പുല്ലിനങ്ങൾ കൃഷി ചെയ്യുന്നതിന് ആവശ്യമായ നടിൽ വസ്തുക്കളും രാസവളവും സൗജന്യ നിരക്കിൽ വിതരണം ചെയ്തു.. ഈ ഇനത്തിലുള്ള മൊത്തം ചിലവ് 2700/- ഇതേ പദ്ധതിയിൽ 4 ഹെക്ടർ സ്ഥലത്ത് ഹ്രസ്വ കാല വിളകൾ കൃഷി ചെയ്തു. ഇവക്കു വേണ്ട വിത്തും രാസവളങ്ങളും സൗജന്യനിരക്കിൽ വിതരണം ചെയ്ത വകയിൽ ചിലവായത് 3520/-

3.വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽ കൃഷി.

ഹെക്ടറിൽ കുറയാത്ത സ്ഥലം സ്വന്തമായുള്ളതോ, പാട്ടത്തിനെടുത്തതോ (മൂന്നിൽ കവിയാത്ത പ്ലോട്ടുകൾ) തീറ്റപ്പുൽ കൃഷി ചെയ്ത് വിപണനം ചെയ്യുന്നപദ്ധതി. ഈ ഇനത്തിൽ മുൻ വർഷങ്ങളിൽ 2ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി. ഒരാളിന് 15000/-രൂപ പ്രകാരം മൊത്തം 30000/-രൂപ ചെലവായി.

4. കറവപ്പശുക്കൾ, കന്നുകുട്ടികൾ എന്നിവയക്ക് സബ്സിഡിനിരക്കിൽ ധാതുലവണമിശ്രിതവും (മിനറൽ മിക്സ്ച്ചർ), ജീവകദായക മരുന്നുകളും വിതരണം ചെയ്യുന്ന പദ്ധതി,

ഈ പദ്ധതിയിൽ മുൻവർഷത്തിൽ 30Kg മിനറൽമിക്സ്ചറും 30കുപ്പി ജീവകദായകമരുന്നുകളും (വിറ്റാമിൻ സപ്ലിമെൻറ്) കർഷകർക്കു നൽകി. മൊത്തം ചെലവ് 990/-രൂപ

5.യൂറിയ ചേർത്ത് വയ്ക്കോലിൽ സമ്പുഷ്ടീകരിക്കുന്നപദ്ധിതി.

വയ്ക്കോലിൽ യൂറിയ ലായനി കലർത്തി പോഷകഗുണം വർദ്ധിപ്പിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി, ഈ പദ്ധതിയിൽ 8ഗുണഭോക്താക്കൾക്ക് മുൻവർഷം സഹായംനൽകി. മൊത്തം തുക 4000/-രൂപ

6. ക്ലിൻമിൽക് പ്രൊഡക്ഷൻ കിറ്റുകൾ (Clean Milk Propduction Kit) വിതരണം ചെയ്യുന്ന പദ്ധതി.

ശുദ്ധമായ പാൽ ഉൽപ്പാദിപ്പിക്കുന്നതിന് കർഷകരെ സഹായിക്കുന്ന പദ്ധതി. ഇതിനു വേണ്ട ഉപകരണങ്ങളും മരുന്നുകളും സൗജന്യനിരക്കിൽ 20 കർഷകർക്ക് വിതരണം ചെയ്തു. മൊത്തം ചെലവായ തുക 800/-രൂപ

7.പട്ടിക ജാതിക്കാർക്ക് കറവപ്പശുവിതരണപദ്ധതി

പള്ളിപ്പാട് നാലുകെട്ടുകവല IHDPകോളനിയിൽപട്ടികജാതിക്കാരായ 3ഗുണഭോക്താക്കൾക്ക് തൊഴുത്തുണ്ടാക്കുന്നതിനും കറവപ്പശുവിനെ വാങ്ങുന്നതിനും ധനസഹായും നല്കി. 1ഗുണഭേക്താവിന് 6000/-രൂപ പ്രകാരം മൊത്തം 18000/-രൂപ ചെലവായി.

8.വനിതാ ക്ഷീരോത്പാദക യൂണിറ്റ് സ്ഥാപിക്കൽ

അഭ്യസ്ത വിദ്യരായ യുവതികൾക്ക് തൊഴിൽ നൽകുന്ന പദ്ധതിയിൽ ഉല്പന്നയൂണിറ്റുകൾക്ക് തൊഴിൽ നൽകുന്ന പദ്ധതിയിൽ ഉല്പന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നപദ്ധതി. മുൻ വർഷത്തിൽ ഇത്തരം 2 യൂണിറ്റുകൾ സ്ഥാപിച്ചു. 1യൂണിറ്റിന് 22000/-രൂപ പ്രകാരം മൊത്തം ചെലവ് 44000/-രൂപ

9.ഗ്രാമീണ ക്ഷിരവികസനവും വിജ്ഞാന വ്യാപനവും

ഈ പദ്ധതിയിൽ 3 കർഷക സമ്പർക്ക പരിപാടികളും 3പാലുല്പന്ന നിർമ്മാണപ്രദർശനവും നടത്തി. കർഷക സമ്പർക്കപരിപാടിയക്ക് 200/-രൂപ പ്രകാരം മൊത്തം 600/-രൂപയും പാലുൽപന്ന നിർമ്മാണ പ്രദർശനത്തിന്100/- രൂപ പ്രകാരം 300/-രൂപയും ചെലവായി.

10 ക്ഷിര സംഘങ്ങൾക്കുള്ള സഹായപദ്ധതികൾ

ക്ഷിരസംഘങ്ങളുടെ നവികരണ പദ്ധതിയിൽ താഴെപറയുന്ന പദ്ധതികൾ നടത്തി.

a. ക്ഷീരസംഘങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്ന തിന് ധനസഹായം നൽകുന്ന പദ്ധതി

മുൻവർഷത്തിൽ 1സംഘത്തിന് 20000/-രൂപ ധനസഹായം നൽകി.

b. സംഘം സെക്രട്ടറിയക്ക് മാനേജീരിയ1ൽ സബ്സിഡി

സംഘം സെക്രട്ടറിയക്ക് പ്രതിമാസം 300/-രൂപ തോതിൽ 1വർഷത്തേക്ക് മാനേജീരിയൽ സബ്സിഡി നൽകി മൊത്തം തുക 3600/-രൂപ

96-97സാമ്പത്തികവർഷത്തിൽ നടപ്പാക്കാൻ ലക്ഷ്യമിട്ടിട്ടുള്ള പദ്ധതികൾ

1 ഗ്രാമിണ ക്ഷീരവികസനവും വിജ്ഞാനവ്യാപന പ്രവർത്തനങ്ങളും

		തുക
a. കർഷകസമ്പർക്കപരിപാടി	3 എണ്ണം	X 200 - 600.00
b. പാലുൽപന്ന നിർമ്മാണ പ്രദർശനം		3X100-300.00
c.മാതൃകാ കാലിത്തൊഴുത്തു നിർമ്മാണം		5 X1250

2 തിറ്റപ്പുൽകൃഷി

a ദീർഘകാല പുൽവിളകൾക്ക് വിത്ത് സൗജന്യനിരക്കിലും രാസവളം സൗജന്യമായും

1.പുൽവിത്തുകൾ -	2ഹെക്ടർ-	500.00
2. പുൽകടകൾ	2.5 "	1250.00

b ഹ്രസ്വകാല പുൽവിളകൾ

1. വൻപയർ -	1ഹെക്ടർ -	300.00
2. മക്കച്ചോളം -	0.5ഹെക്ടർ	350.00

3. യൂറിയ ചേർത്ത് വയ്ക്കോൽ സമ്പുഷ്ടീകരണ പദ്ധതിഗുണഭോക്താക്കൾ(ലക്ഷ്യം) 10 x 50 = 5000/

4. മിനി ഡയറിഫാം സ്ഥാപിക്കുന്നതിനു ധനസഹായം നൽകൽ

രണ്ട് സങ്കരയിനം പശുക്കൾ, തൊഴുത്ത്, പുൽകൃഷി, ജലസേചനസൗകര്യം എന്നിവയോടുകുടി 7000/-രൂപ

1 ഗുണഭോക്താവ് (ഫണ്ട് ലഭ്യമായിട്ടില്ല)

5. ധാതുലവണവും മിശ്രതവും ജിവക ദായിനികളു ംവിതരണം ചെയ്യുന്നപദ്ധതി

താറാവുകൃഷി

പരമ്പരാഗതമായി താറാവു കൃഷി ഉപജീവന മാർഗ്ഗമായി സ്വികരിച്ചുപോന്ന ഒരു ജനവിഭാഗം ഈ പഞ്ചായത്തിലുണ്ട്. ഇന്നും 38 താറാവുകർഷകർ ഇവിടെയുണ്ട് എന്നാൽ പകർച്ചവ്യാധികൾ മൂലം മുള്ള താറാവു കളുടെകുട്ട മരണവും രോഗനിവാരണത്തിന് ഗുണനിലവാരമുള്ള മരുന്നു കളുടെ തക്കസമയത്തുള്ള ദൗർല്ലഭ്യവും തീറ്റയുടെ വില വർദ്ധനവും ധനകാര്യസ്ഥാപനങ്ങളുടെ അവഗണനയും താറാവുകർഷകർ നേരിടുന്ന പ്രശ്നങ്ങളാണ്. അതിലുപരി മുട്ടയുടെ വിലക്കുറവും കർഷകരെ ഏറെ ബുദ്ധിമുട്ടിലാക്കുന്നു. ഈ മേഖലയിൽ രണ്ടുസഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു. പക്ഷെ അവയുടെ പ്രവർത്തനം കാര്യക്ഷമമാണെന്ന് പറയാൻ കഴിയില്ല

കോഴിവളർത്തൽ

നാടൻ ഇനത്തിൽ പെട്ട മുട്ട കോഴികൾ മിക്കവാറും എല്ലാ വീടുകളിലും ഉണ്ടായിരുന്നു. എന്നാൽ ഇന്ന് പുതിയ ഇനത്തിൽ പെട്ട കോഴികളെയാണ് കൂടുതലും വളർത്തുന്നത്. കോഴികൾക്ക് വ്യാപകമായി ഉണ്ടാകുന്ന വസന്ത രോഗം, തീറ്റയുലുള്ള വിലവർദ്ധവും ഉൽപ്പന്നത്തിന്റെ വിലക്കുറവും തുടങ്ങിയ ഒട്ടേറെപ്രശ്നങ്ങൾ ഈ മേഖലയിലുണ്ട്. അതു കൊണ്ടാകാം കോഴിവളർത്തൽ ലാഭകരമായ ഒരു തൊഴിലായി പലരും സ്വീകരിക്കാൻ മടിക്കുന്നത്. എങ്കിലും ഇറച്ചിക്കോഴികളെ വളർത്തുന്ന യൂണിറ്റുകൾ ഇപ്പോഴും പഞ്ചായത്തിൽ ഇല്ലാതില്ല.ഇറച്ചിക്കോഴിയുടെ കുഞ്ഞുങ്ങളെആവശ്യാനുസരണം ലഭിക്കാത്തത് ഈ മേഖലയിലേക്ക് കർഷകരെ ആകർഷിക്കാൻ കഴിയാതെ വരുന്നതകാരണങ്ങളിൽ ഒന്നാകാം.

കാടക്കോഴികളുടെ മുട്ടയും ഇറച്ചിയും വളരെ പ്രിയമുള്ളതാണെങ്കിലും ഈ കൃഷിനമ്മുടെ പഞ്ചായത്തിൽ നാമമാത്രമാണ്. ഇതുതന്നെയാണ് പന്നി, മുയൽ കൃഷിയുടേയും സ്ഥിതി

പട്ടിക VI

വളർത്തു പക്ഷിസംഖ്യ

വാർഡ്	പിടക്കോഴി		താറാവ്		
	പുവൻകോഴി	മുട്ടയിടുന്നത്	മുട്ടയിടാത്തത്	ആൺ	പെൺ	മറ്റുള്ളവ
I	7	866	29	-	-	-
II	9	711	34	-	-	-
III	16	850	28	640	31360	-
IV	14	685	34	160	2400	-
V	22	797	33	-	-	-
VI	22	841	29	960	47040	-
VII	21	657	28	440	21560	-
VIII	22	704	26	-	-	-
IX	20	699	27	-	-	-
X	20	806	28	-	-	-
XI	20	814	34	-	-	-
ആകെ	193	8430	330	2200	102360	-

വളർത്ത്നായ്ക്കളും അലഞ്ഞുതിരിയുന്നനായ്ക്കളും ഈ പഞ്ചായത്തിൽ ഉണ്ട്. വളർത്തു നായ്ക്കളെ പേ വിഷബാധക്കെതിരായ കുത്തിവയ്പ്പു നടത്തി ലൈസൻസെടുത്തിരിക്കണമെന്നാണ് നിയമം. എന്നാൽ ഇക്കാര്യത്തിൽ വേണ്ടത്ര ശുഷ്ക്കാന്തി പ്രകടിപ്പിച്ചു കാണുന്നില്ല. അതുകൊണ്ട് നായ്ക്കളെ പിടിച്ചു നശിപ്പിക്കുന്നതിന് പലപ്പോഴും പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എങ്കിലും ഇന്നും പഞ്ചായത്തു നേരിടുന്ന ഭീക്ഷണികളിൽ ഒന്നാണ് നായ്ക്കൾ

മൊത്തത്തിൽ പരിശോധിക്കുമ്പോൾ മൃഗസംരക്ഷണ മേഖല സ്വയം പര്യാപ്തമല്ല. എങ്കിലും ഈരംഗത്ത് നാമമാത്രമായെങ്കിലും പുരോഗതി ഉണ്ടാക്കിയിട്ടുണ്ട്. ദരിദ്രജനവിഭാഗങ്ങളുടെയും തൊഴിൽ രഹിതരായ സ്ത്രീ കളുടെയും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് ഒൻപതാം പദ്ധതിയിൽ ആവശ്യമായ പരിപാടികൾ ആസൂത്രണം ചെയ്തുനടപ്പാക്കേണ്ടതാണ്.

മൃഗസംരക്ഷണ രംഗത്ത് തൊഴിൽ കണ്ടെത്തുന്നതിൽ തൊഴിൽരഹിതരായ യുവതീയുവാക്കൾക്കുള്ള വൈമുഖ്യം, വായ്പകൾ കൊടുക്കുന്നതിൽ ധനകാര്യസ്ഥാപനങ്ങൾളുടെ നിസ്സഹരണം, മേച്ചിൽസ്ഥലങ്ങളുടെ കുറവ്, ഉൽപ്പാദനചെലവിന്റെ വർദ്ധനവ്, അത്യുൽപ്പാദനശേഷിയുള്ള കന്നുകാലികളുടെ ദൗർലഭ്യം, കാലിത്തിറ്റയുടെ തദ്ദേശീയ ഉൽപ്പാദനക്കുറവ്, ഉൽപ്പന്നങ്ങൾക്ക് മതിയായ വിലകിട്ടായ്കതുടങ്ങിയവയാണ് ഈ രംഗത്തെ പ്രധാന പ്രശ്നങ്ങൾ

പള്ളിപ്പാട് ഗ്രാമപഞ്ചായത്ത്

രോഗവിവരങ്ങൾ

ക്രമനമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	കോഴി	താറാവ്	പൂച്ച	ആന	മറ്റുള്ളവ
1	ദഹനസംബന്ധമായവ Digestive disocders	1200	-	250	-	8	-	-	-	-
2	ശ്വാസകോശസംബന്ധം Respiratory disease	340	-	42	-	-	4000	12000	-	-
3	ഉപാചയ സംബന്ധം Metabolic diseases.									
4	തൊക്രോഗങ്ങൾ Skin diseases									
5	ധാതുലവണങ്ങളുടെ അഭാവം Deficiency diseases	1300		6	90					
6	പരാദരോഗങ്ങൾ	463			76					

	Parasitic diseases					
7	പ്രത്യുത്പാദന വ്യവസ്ഥ യുമായി ബന്ധപ്പെട്ട	983		43		
8	വന്ധ്യത Infertility	125	8			
9	അകിടുവീക്കം Masstitis	287		67		
10	മൂടന്തൻ പനി Ephemeral Fever	37				
11	പകർച്ച വ്യാധികൾ Contagion diseases	639	6	27	4500	26000

നിർദ്ദേശങ്ങൾ

1മൃഗസംരക്ഷണ മേഖലയിലെ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പ്രവർത്തനം ഏകോപിപ്പിക്കുക

2 അത്യുൽപ്പാദനശേഷിയുള്ള പശുക്കൾ ആടുകൾ, എരുമകൾഎന്നിവലഭ്യമാകുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പകൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുക.

3 വെറ്റിനറിഡിസ്പൻസറി അപ്പ്ഗ്രേഡ് ചെയ്ത അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കണം

4 കാലാകാലങ്ങളിൽ രോഗപ്രതിരോധകുത്തിവയ്പ് സൗജന്യമായി നൽകുക. ഇതിനാവശ്യമായ മരുന്നുകൾ യഥാസമയം ലഭ്യമാക്കണം

5 വെറ്റിനറിഡിസ്പൻസറിയുടെ വാർത്ത ബോർഡുകൾ എല്ലാവാർഡിലും സ്ഥാപിക്കുക

6 കാലികളെ വാങ്ങുന്നതിന് വർദ്ധിച്ചതോതിൽ ധനസഹായം നൽകണം

7 തീറ്റപുൽവിത്ത് സൗജന്യമായിവിതരണം ചെയ്ത്പുൽകൃഷികാര്യക്ഷമമാക്കണം

8 വ്യാവസായികാടിസ്ഥാനത്തിൽ പന്നി, മുയൽ, ഇവയെ വളർത്താൻ ധനസഹായംലഭ്യമാക്കണം

9 നല്ലയിനം ആടുകളെ ലഭ്യമാക്കണം

10 പാലും പാലുൽപ്പന്നങ്ങളും വിപണനം ചെയ്യുന്നതിനുള്ള പുതിയമേഖലകൾ കണ്ടെത്തുക

11 ഉൽപ്പാദകരുടെ സഹകരണസംഘ ങ്ങൾ സ്ഥാപിക്കുക

12 മൃഗാശുപത്രിക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാകണം

13 നല്ലയിനം കോഴിക്കുഞ്ഞുങ്ങളെലഭ്യമാക്കണം

14 ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കണം

15 കാലിതീറ്റയും കോഴിത്തീറ്റയും പ്രാദേശിക മായി ഉൽപ്പാദിപ്പിച്ച് കുറഞ്ഞവിലക്ക് നൽകണം

16 ആദായകരമായി നടത്താൻ കഴിയുന്ന കാടകൃഷി പ്രോത്സാഹിപ്പിക്കണം

17 താറാവു കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു ഡക്ക് ഫാം ആരംഭിക്കണം

18 ഡയറി യൂണിറ്റുകൾക്ക് വർദ്ധിച്ച സാമ്പത്തിക സഹായം നൽകി പ്രോത്സാഹിപ്പിക്കുക

19 കാലികളുടേയും, താറാവുകളുടെയും ഇൻഷ്വറൻസ് നിർബന്ധിതമാക്കുക

20 താറാവുകർഷകർക്ക് കുറഞ്ഞ പലിശനിരക്ക് വായ്പലഭ്യമാക്കണം

21 താറാവുകർഷക്ക് ക്ഷേമനിധി ഏർപ്പെടുത്തുക

22 ഈപഞ്ചായത്തിൽ ഒരു സ്ളോട്ടർഹൗസ് സ്ഥാപിക്കുക

23 അനധികൃത ഇറച്ചിവെട്ട് കർശനമായും നിരോധിക്കുക

24പേവിഷബാധക്ക് തിരെയുള്ളകുത്തിവയ്പ് നിർബന്ധിതമാക്കുക

25 അലഞ്ഞുതിരഞ്ഞുനടക്കുന്നപട്ടികളെ പിടിച്ചുനശിപ്പിക്കുന്നതിൽ കാലവിളംബം ഒഴിവാക്കുക

26 കാലികളുടെ വന്ധ്യതാനി വാരണ പ്രവർത്തനങ്ങളുടെ അപാകതകൾ പരിഹരിക്കുക

മത്സ്യബന്ധനം

പള്ളിപ്പാട് കടൽതീരത്തോടു ചേർന്നു കിടക്കുന്ന പഞ്ചായത്തല്ല. എങ്കിലും കടലിൽ മത്സ്യബന്ധനത്തിനുപോകുന്ന വർ ചിലരെ ങ്കിലു മുണ്ട്. ഉൾനാടൻ മത്സ്യ ബന്ധനം ഈ പഞ്ചായത്തിൽ വ്യാപകമാണ്. മത്സ്യത്തിന്റെ ഉപഭോഗം പണ്ടു മുതലെ വളരെ കൂടിയിരുന്ന ഈ പഞ്ചായത്തിൽ കടൽ കായൽ മത്സ്യങ്ങൾ സൈക്കിളിലും തലച്ചുമടായും ആറാട്ടുപുഴ, തൃക്കുന്നപ്പുഴ മേഖലകളിൽ നിന്നും ഇവടെ എത്തിച്ചു വിൽപ്പന നടത്തിയിരുന്നു. മത്സ്യവില്പനയിൽ പുരുഷന്മാരും സ്ത്രീകളും ഏർപ്പെട്ടിരുന്നു. ഇന്ന് സംസ്ഥാനത്തിനു പുറത്തുനിന്നുപോലും കടൽ മത്സ്യങ്ങൾ ലോറികളിലും ടെമ്പോകളിലും കൊണ്ടുവന്ന് വില്പനക്കാർക്ക് വിതരണം ചെയ്യുന്നു. ഈ

വിപണനസമ്പ്രദായം മൂലം വീട്ടുപടിക്കൽ മത്സ്യം കിട്ടുമെന്നുള്ളതു കൊണ്ട് മത്സ്യമാർക്കറ്റുകളുടെ പ്രസക്തികുറഞ്ഞുവരുന്നതായി കാണാം. എങ്കിലും പള്ളിപ്പാട് ചന്തയിൽ ഇന്നും സ്വകാര്യ മേഖലയിൽ ഒരു മത്സ്യ മാർക്കറ്റ് പ്രവർത്തിക്കുന്നുണ്ട് നമ്മുടെ പഞ്ചായത്തിലെ ജലാശയങ്ങളും, നദിയും, കുളങ്ങളും, ചാലുകളും മത്സ്യസമ്പത്ത്കൊണ്ട് സമ്പുഷ്ടമാണ് ശുദ്ധജലമത്സ്യങ്ങളായ വരാൽ, കാരി, വാള, ചെമ്പല്ലി, കൊഞ്ച് ഇവ ധാരാളമായി ലഭ്യമാണ്. എങ്കിലും ഈ മത്സ്യങ്ങൾ ഒന്നു തന്നെ വാണിജ്യാടിസ്ഥാനത്തിൽ കൃഷിചെയ്യുന്നരിതി ഇവിടെ ആരംഭിച്ചിട്ടില്ല.

പഞ്ചായത്തിലെ മത്സ്യബന്ധന സാദ്ധ്യതകൾ ഇവിടുത്തെ ജല സ്രോതസ്സുകളുമായി ബന്ധപ്പെടുത്തി വേണം ആലോചിക്കുവാൻ. പ്രകൃതിദത്ത ജലാശയങ്ങളു മാണ് ഇവിടെയുള്ളത്. അതുകൊണ്ട് ശുദ്ധജലമത്സ്യങ്ങളെ മാത്രമേ ഇവിടെ വാണിജ്യടിസ്ഥാനത്തിൽ വളർത്താൻ കഴിയു. കൊഞ്ചുകൃഷിക്കുള്ള സാധ്യത പ്രയോജനപ്പെടുത്താവുന്നതാണ്. രാസവളങ്ങളുടെയും കീടനാശിനികളുയെയും അമിതവും അശാസ്ത്രീയവുമായ പ്രയോഗം മത്സ്യസമ്പത്തിന് കാര്യമായ കുറവുവരുത്തിയിട്ടുണ്ട്. അടുത്തകാലത്തുണ്ടായ ചില അസാധാരണ രോഗങ്ങളും ഈ രംഗത്ത് നാശനഷ്ടം വരുത്തിയിട്ടുണ്ട്. മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരി ക്കുന്നവർ സ്വീകരിക്കുന്ന അശാസ്ത്രീയമായ മത്സ്യബന്ധനരീതികളും മത്സ്യസമ്പത്ത് കുറയുന്നതിനു കാരണമായിട്ടുണ്ട്

ഈ പഞ്ചായത്തിൽ 100 നോടടുത്ത മത്സ്യതൊഴിലാളികുടുംബങ്ങൾ ഉണ്ട്. ഇവർ അസംഘടിതരാണ് എങ്കിലും ഇവരുടെ ക്ഷേമം ലാക്കാക്കി പ്രവർത്തിക്കുന്ന ഒരു സഹകര ണസംഘം ഇന്നോളം ഉണ്ടായിട്ടില്ലാ. മത്സ്യസംസ്മക്കരണത്തിന് ഉപ യോഗിക്കു ന്നുമില്ല. ഇത് മത്സ്യ വിപണനരംഗത്ത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. വക്ര കണ്ണി വലകൾ ഉപയോഗിച്ച് മീൻ കോരുന്നരീതി മത്സ്യസമ്പത്തിന് വരുത്തുന്ന നഷ്ടം ഭീമമാണ്.

സാദ്ധ്യതകളും നിർദ്ദേശങ്ങളും

1 പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള കുളങ്ങളും തോടുകളും കൃഷിക്കായി ഉപയോഗിക്കണം

2 ഒരുപ്പുനിലങ്ങളിൽ വ്യാവസായിക അടിസ്ഥാനത്തിൽ മത്സ്യ കൃഷിചെയ്യാൻ പ്രോത്സാഹിപ്പിക്കുക

3 സർക്കാർ സഹായം ലഭ്യമാക്കി ഉൾനാടൻ മത്സ്യകൃഷിപ്രോത്സാഹിപ്പിക്കുക

4 മത്സ്യവിപണനത്തിന് പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ ഒരു മാർക്കറ്റ് സ്ഥാപിക്കുക

5 ശാസ്ത്രീയമായി മത്സ്യം സംസ്കരിച്ചു സുക്ഷിക്കുന്നതിനുള്ള യൂണിറ്റുകൾ സ്ഥാപിക്കുക.

6 മേൽത്തരം മത്സ്യക്കുഞ്ഞുങ്ങളുടെലഭ്യത ഉറപ്പുവരുത്തി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക

7 മത്സ്യതൊഴിലാളികളുടെ കുട്ടികൾക്ക് നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് യഥാസമയം നൽകുക

8 മത്സ്യതൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിനുള്ളധനസഹായം വർദ്ധിപ്പിച്ച് യഥാസമയം നൽകുക

9 മത്സ്യബന്ധനവുമായി ബന്ധപ്പെട്ട മരണത്തിനുള്ള ആനുകൂല്യം ഉൾനാടൻ മത്സ്യതൊഴിലാളികൾക്കും ബാധമാക്കുക

10 പറ്റുകണ്ണി വലയുപയോഗിച്ചുള്ള മത്സ്യബന്ധനം ഒഴിവാക്കുക

11 ഉഴനാടൻ മത്സ്യതൊഴിലാളികൾക്ക് സബ്സിഡിനിരക്കിൽ വള്ളവും വലയും നൽകുക

12 മത്സ്യകൃഷി ചെയ്യുന്നതിന് താൽപര്യമുള്ള കർഷകരെ കണ്ടെത്തി പരിശീലനം നൽകുക

13 കായം കുളംതാപവൈദ്യുതനിലയത്തിനുവേണ്ടി നാലുകെട്ടും കവലയിൽ തടയിണനർമ്മിച്ച് ജലം കൊണ്ട് പോകുന്നതുകാരണം പഞ്ചായത്തിലെ ജലദൗർലഭ്യം ഉണ്ടാകുമെന്ന ആശങ്ക ഒഴിവാക്കേണ്ടതാണ്

14 ഉൾനാടൻ മത്സ്യകൃഷിയെ പ്രോത്സാഹിപ്പിക്കുവാൻ ഒരു ഫിഷറിസ് ആഫീസ് ഈ പഞ്ചായത്തിൽ അരംഭിക്കണം

15 ശുദ്ധ ജല മത്സ്യങ്ങളായ കട്ല, രോഹിത, സിപ്രിന, മൃഗാൽ, സൈപ്രസ്, മുതലായവയുടെ കുഞ്ഞുങ്ങളെ ലഭ്യമാക്കണം

16 അലങ്കാര മത്സ്യകൃഷി പ്രോത്സാഹിപ്പിക്കണം

4.3

വ്യവസായം

അവലോകനം

വ്യാവസായികമായി രാജ്യത്തെ പിന്നോക്ക ജില്ലകളിലൊന്നായ ആലപ്പുഴയിൽ ഉൾപ്പെട്ട പള്ളിപ്പാട് പഞ്ചായത്തിലെ വ്യാവസായിക രംഗം തൃപ്തികരമല്ല. നൂതന സാങ്കേതിക വിദ്യകളുകയോഗപ്പെടുത്തി സങ്കീർണ്ണമായ യന്ത്രസാമഗ്രികൾ വിന്യസിച്ച് പ്രവർത്തനം നടത്തുന്ന ആധുനിക വ്യവസായങ്ങളോ ഫാക്ടറികളോ ഈ പഞ്ചായത്തിൽ ഇല്ലന്നു തന്നെ പറയാം. കയർ, കശുവണ്ടി, കൈത്തറി, ബീഡി, കളിമൺ തുടങ്ങങ്ങിയ പരമ്പരാഗത വ്യവസായങ്ങളും വ്യാവസായിക മേഘലയെ സംപുഷ്ടമാക്കുന്നില്ല. എങ്കിലും പഞ്ചായത്തിന്റെ പൂർവ്വ കാല വ്യവസായ ചരിത്രം പരിശോധിക്കുമ്പോൾ ഈ നൂറ്റാണ്ടിന്റെ ആരംഭം മുതൽ പരമ്പരാഗതമായി. ഇഷ്ടിക നിർമ്മാണം കാർഷികോല്പന്നങ്ങളുടെ സംസ്കരണം .എന്നിവ വളരെ മുൻപുതന്നെ പ്രചാരത്തിലിരുന്നെന്നുകാണാം. തടി ചൂരൽ ഈറ മുള എന്നീ വന വിഭവങ്ങൾ ഉപയോഗപ്പെടുത്തിയുള്ള വ്യവസായങ്ങളും ഇവിടെ സ്ഥാപിതമായിട്ടുണ്ട്.

മരച്ചക്കുകളിൽ നാളീകേരവും എള്ളും ആട്ടി എണ്ണ ഉത്പാദിപ്പിച്ചിരുന്നു. ഗ്രാമീണ കുടിൽവ്യവ സായങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടായിരുന്നു. നാളീകേരം സംസ്കരിച്ച് കൊപ്രയാക്കി കാള വണ്ടികളിലും വള്ളങ്ങളിലും കിഴക്കിന്റെ വെനീസ് എന്ന് ഖ്യാതി നേടിയിരുന്ന ആലപ്പുഴ തുറമുഖ പട്ടണത്തിലേക്ക് ഇവിടെ നിന്നും കൊണ്ടുപോയിരുന്നതായി പഴമക്കാർ ഇന്നും ഓർക്കുന്നു. നാളീകേരത്തിന്റെ തൊണ്ട് കയർപിരി വ്യവസായത്തിന്റെ അസംസ്കൃത വസ്തു എന്ന നിലയിൽ അന്ന് കാർത്തികപള്ളിയിൽ നിലവിലിരുന്ന തൊണ്ടു പേട്ടയിലെത്തിച്ച് അവിടെ നിന്നും വള്ളങ്ങളിൽ ജില്ലയിലെ കയർപിരി മേഖലയിലേക്ക് കൊണ്ടുപോയിരുന്നതായി കയർ വ്യവസായത്തിലെ കാർണ്ണവൻമാർ സ്മൃതി പഥത്തിൽ നിന്നും വെളിപ്പെടുത്തുന്നു. തികച്ചും കാർഷിക ഗ്രാമമായ പള്ളിപ്പാട്ടെ കർഷകതൊഴിലാളി സ്ത്രീകൾവയ ലേലകളിലെ പണികൾക്കു ശേഷം വിശ്രമവേളകളിൽ അവരവരുടെ വീടുകളിൽ തഴപ്പായ് നെയ്ത് കാർത്തിക പള്ളിയിലെ മാർക്കറ്റിൽ കൊണ്ടുപോയി വിറ്റിരുന്ന തായും കഴിഞ്ഞകാല വ്യവസായ ചരിത്രം ചരിത്രം വ്യക്തമാക്കുന്നുണ്ട്. പഞ്ചായത്തിൽ ഇന്ന് പരമ്പരാഗത കുടിൽവ്യവസായത്തിന്റെ സാങ്കേതിക വിദ്യ ഏറ്റുവാങ്ങുന്നതിന് ഇപ്പോഴത്തെ തലമുറക്ക്

താൽപര്യം ഇല്ല. ഇതിന് പ്രധാന കാരണം ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ലഭിക്കുന്ന തുച്ഛ മായ വരുമാനവും വിപണിയുടെ തിരോധാനവുമാണ്.

ആധുനിക വ്യവസായങ്ങളായ ബ്രഡ് നിർമ്മാണം, ഐസ്കാൻഡി, എന്നീ ചെറുകിട വ്യവസായങ്ങളും പഞ്ചായത്തിന്റെ വ്യവസായ വികസനത്തിനനുകൂലമായ ഘടകങ്ങളെ ഭാഗീകമായി ഉപയോഗപെടുത്തിയിരിക്കുന്നതായികാ ണാം.

പള്ളിപ്പാട് പഞ്ചായത്തിൽ വൻകിട വ്യവസായങ്ങളോ, ഫാക്ടറികളോ ഇല്ല. പഞ്ചായത്തിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ വിവിധ മേഖലകളിൽ സ്ഥിതി ചെയ്യുന്നു. വിവിധ തൊഴിൽ മേഖലകളിലായി 6345 പേർ ജോലി ചെയ്യുന്നു. ഇതിൽ 4706 പുരുഷൻമാരും 1639 സ്ത്രീകളുമാണ്. പഞ്ചായത്തിലെ ആകെ വ്യവസായ തൊഴിലാളികൾ 508 പേരും അതിൽ 22 പേർ ബുധനൂർ കൊല്ലകടവ് എന്നിവടങ്ങളിലെ ഇഷ്ടിക ചൂളകളിൽ പണിയെടുക്കുന്നവരും ആണ്. പഞ്ചായത്തിനകത്ത് തൊഴിലെടുക്കുന്ന 486 പേരിൽ 444 പുരുഷൻമാരും 42 സ്ത്രീകളും ഉണ്ട്.

വർദ്ധിച്ച തോതിൽ വ്യവസായ വൽക്കരണ സാദ്ധ്യതകളുള്ള പഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ ചെറുകിട വ്യവസായങ്ങൾക്ക് അനുകൂലമാണ്. ആട്ടോമൊബൈൽ സർവ്വീസ് സ്റ്റേഷൻ, ഫോട്ടോസ്റ്റാറ്റ്, ഫോട്ടോസ്റ്റുഡിയോ, പ്രിന്റിംഗ് പ്രസ്സുകൾ, ടയർ റീ ട്രേഡിംഗ് ഇലക്ട്രിക്ഉപകരണങ്ങൾ, ഗാർഹിക ഉപകരണങ്ങൾ എന്നിവയുടെ റിപ്പയറിംഗ് സർവ്വീസിംഗും, നെല്ല്കുത്ത്, ധാന്യങ്ങൾ പൊടിയ്ക്കൽ, എണ്ണ ആട്ടുമില്ലുകൾ, ലൈറ്റ് എഞ്ചിനീയറിംഗ്, മൈക്ക്സെറ്റ്ഹയറിംഗ്, ബ്യൂട്ടിപാർലർ എന്നിങ്ങനെയുള്ള സേവന വ്യാപാര സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ ചെറുകിട വ്യവസായ രംഗത്തിന് മുതൽ ക്കൂട്ടാണ്.

പട്ടികI

ചെറുകിട വ്യവസായങ്ങൾ

ക്രമനമ്പർ	ഇനം	ആകെവ്യവസായങ്ങൾ	തൊഴിലാളികളുടെ എണ്ണം പു.	സ്ത്രീ	ആകെ
1.	നാളീകേരം	7	12	3	15
2.	തടിവ്യവസായം	5	25	-	25
3	എഞ്ചനീയറിംഗ്	14	29	-	29
4	ഐസ് കാൻഡി	1	4	-	4
5.	അച്ചടി	2	2	4	6
6	ഭക്ഷ്യസംസ്കരണം	3			
7.	ഇഷ്ടിക	23	95	-	95
8.	റബ്ബർ വ്യവസായം	1	5	-	5
9.	മറ്റുള്ളവ	15	34	38	72

വൈരക്കല്ലറയ്ക്കുന്ന യൂണിറ്റ്, സൈക്കിൾ ചെയിൻ കവർ, സ്റ്റീൽ ഫർണ്ണീച്ചർ എന്നിങ്ങനെയുള്ള ആധുനീക ചെറുകിട വ്യവസായ യൂണിറ്റികൾ ഇവിടെ പ്രവർത്തനം തുടങ്ങി അധികം താമസിയാതെ നിന്നുപോയ സംരംഭങ്ങളാണ്. ചെറുകിട വ്യവസായ യൂണിറ്റുകൾ ഭൂരിഭാഗവും സ്വകാര്യ മേഖലയിലുള്ള വ്യക്തി ഗതയൂണിറ്റികളും, കുട്ടുപങ്കാളിത്ത മുള്ളവയുമാണ്. ഈ പഞ്ചായത്തിൽ പൊതുമേഖല യിൽനിലവിൽ വ്യവസായ യൂണിറ്റുകളില്ല. വ്യവസായ യൂണിറ്റുകളിൽ കൂടുതലും യന്ത്രസാമഗ്രികളുടെ മൂലധന നിക്ഷേപം കണക്കിലെടുക്കുമ്പോൾ ടൈനിസെക്ടർ എസ്. എസ്.ബി.ഇ വിഭാഗത്തിൽ പ്പെട്ടവയാണെന്നുകാണാം. സ്ത്രീകൾ, പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർ എന്നിവർക്ക് തൊഴിൽ ലഭ്യമാകുന്ന വ്യവസായങ്ങളും നാമമാത്രമാണ്. എ സ് . എ സ് . ഐ . യിലുള്ള യൂണിറ്റുകൾ വിരലിലെണ്ണാവുന്നതും, കയറ്റുമതിയധിഷ്ഠിത എസ്.എസ്.ഐ (ഇഒയു) മേഖലകളിൽ യാതൊരു സംരംഭവുമി ല്ലെന്നും കാണാം.

വ്യവസായ യൂണിറ്റുകളിൽ കൂടുതലും നാടൻ ഇഷ്ടിക നിർമ്മാണ യൂണിറ്റുകളാണ്. ഇഷ്ടിക നിർമ്മാണത്തിനനു യോജ്യമായ ചെളിയുടെ നിക്ഷേപം പഞ്ചായത്തിന്റെ കിഴക്കേ അതിർത്തിയിൽ ലഭ്യമാണ്. പഞ്ചായത്തിന്റെ വടക്ക്, കിഴക്ക്, തെക്ക്, എന്നീ അതിരുകളോട് ചേർന്ന് അപ്പർ കുട്ടനാട്-ഓണാട്ടുകര ഉൾക്കൊള്ളുന്ന പുഞ്ചപ്രദേശത്ത് ഈ വ്യവസായ ത്തിനനുയോജ്യമായ ചെളി, മണൽ, വെള്ളം, എന്നിവ ലഭ്യമാണ്.

പള്ളിപ്പാട് തെക്കേക്കരകിഴക്ക്, കുറീത്ത റ,നടുവട്ടം, നീണ്ടൂർ, പുല്ലമ്പട, വഴുതാനം, കോട്ടയ ക്കകം, വടക്കേക്കര കിഴക്ക് എന്നി വിടങ്ങ ളിൽ ഗുണമേന്മയുള്ള ഇഷ്ടിക നിർമ്മാണം നടക്കുന്നുണ്ട്. പഞ്ചായത്തിലെ രജിസ്റ്റർ പ്രകാരം 20 നാടൻ ഇഷടിക നിർമ്മാണ യൂണിറ്റുകളും ഒരുയന്ത്ര വൽക്കൃ ത വയർക്കട്ട് ബ്രിക്സ് യൂണിറ്റും ഇവിടെ പ്രവർത്തിക്കുന്നു. കാലാവർഷക്കെടുതികളും, വെള്ളപ്പൊക്കവും, മൂലം ഇഷ്ടിക യൂണിറ്റുകൾക്ക് നാശനാഷ്ടങ്ങളുണ്ടായ അവസരങ്ങളുമില്ലാതില്ല. ഈ അവസരങ്ങളിലെല്ലാം വ്യവസായികൾ നഷ്ടപരിഹാരം, കടാശ്വാസം, പലിശ ഇളവ് തുടങ്ങിയ കാര്യങ്ങൾ ക്കായി സർക്കാരിൽ നിവേദനങ്ങൾ നൽകിയിരുന്നെങ്കിലും യാതൊരുവിധ ആശ്വാസ

നടപടികളും സ്വീകരിച്ചിരുന്നില്ലാ. ഇക്കാരണത്താൽ ചില യൂണിറ്റികൾ കടക്കെണിയിൽപ്പെട്ട് ധനകാര്യ സ്ഥാപനങ്ങളുടെ ജപ്തി നടപടികളിൽ കൂടി ആസ്തിക ളെല്ലാം നഷ്ടപ്പെട്ടിട്ടുള്ള സംഭവങ്ങളും വിരളമല്ല. ഈ വ്യവസായത്തിനു ബാങ്കുകൾ വായ്പ നൽകുന്ന തിൽവൈമുഖ്യം കാണിയ്ക്കുന്നുണ്ട്. പഞ്ചായത്തിലെ വ്യവസായ മേഖലയിൽ ഏറ്റവും കൂടുതൽ തൊഴിലാ ളികൾ ഇഷ്ടിക നിർമ്മാണ യൂണിറ്റുകളിലാണ്.

വ്യവസായ മേഖലയും സ്ത്രീകളുടെ പങ്കാളിത്തവും

പഞ്ചായത്തിൽ പട്ടിക ജാതിയിൽ പ്പെട്ട വ്യവസായ സംരംഭകരുടെ ഒരു സഹകരണ സംഘം കോളാച്ചിറ പാലത്തിനു തെക്കു ഭാഗംപഞ്ചായത്തിന്റെ VIIIാംവാർഡിൽ സ്ഥിതിചെയ്യുന്നു. ഇതിന്റെ പേര് പള്ളിപ്പാട് പട്ടികജാതി ക്ഷേമകൈത്തൊഴിൽ വ്യവസായ സഹകരണസംഘം ക്ലിപ്തം നമ്പർ 124 എന്നാണ്.

ഈ സംഘത്തിന്റെ ആഭിമുഖ്യത്തിൽ തഴ, ഈറ, മുള എന്നീ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചുള്ള കരകൗശല ഉല്പന്നങ്ങൾ നിർമ്മിച്ചിരുന്നു. 20പേർ (15പുരുഷന്മാരും 5സ്ത്രീകളും) സംഘത്തിൽ അംഗങ്ങളാണ്. ഇതുകൂടാതെ ഇന്ദിരാസ്മാരക വനിതാ ഇൻസ്ട്രിയൽ ഐ.സി.എസ് ലിമിറ്റഡ് നമ്പർ226 എന്നവനിതാ വ്യവസായ സംഘം പ്രവർത്തനം ഈപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഫുഡ് പ്രോഡക്സിന്റെ നിർമ്മാണം ലക്ഷ്യമിട്ടിട്ടുള്ള ഈ സംഘം പ്രവർത്തനം ആരംഭിയക്കാനുള്ള നടപടികൾ പൂർത്തീകരിയക്കുന്നു.

വ്യവസായ വളർച്ചയ്ക്കുനുകൂലമായ അടിസ്ഥാന സൗകര്യങ്ങൾ

പഞ്ചായത്തിന്റെ പടിഞ്ഞാറു ഭാഗത്തുകൂടി കടന്നുപോകുന്ന ദേശിയപാത 47നങ്ങ്യാർകുളങ്ങര നിന്നും തെക്കേ അതിർത്തിയിലുടെ കിഴക്കോട്ടു മാവേലിക്കരയക്കുള്ള റോഡ് വടക്കേ അതിർത്തിയിൽ കൂടി ചെങ്ങുന്നൂരിന് പോകുന്ന റോഡ് കൂടാതെമറ്റു റോഡുകളും ആലപ്പുഴ കായംകുളം തീരദേശ റയിൽവേയുടെ ഹരിപ്പാട് സ്റ്റേഷനും പഞ്ചായത്തിന്റെ കിഴക്കേ അതിർത്തിയിലുടെയുള്ള അച്ചൻകോവിലാറും ,റോഡ്, റയിൽ, ജലമാർഗ്ഗങ്ങൾവഴിയുള്ള ഗതാഗത സൗകര്യങ്ങളാണ്. കാർത്തികപ്പള്ളി താലുക്ക് ആശുപത്രി ഈ പഞ്ചായത്തിന്റെ1ാംവാർഡിൽ നാഷണൽ ഹൈവേയുടെ കിഴക്ക് വശത്തായി സ്ഥിതിചെയ്യുന്നു. തൊട്ടടുത്തായി ടെലികോം, ടെലിഗ്രാഫ്, ഫാക്സ് സെൻറർ, ഇന്ത്യ ഓയിൽ കോർപ്പറേഷന്റെ പെട്രോൾ ഡീസൽ പമ്പ്, ഇൻഡേൻഗ്യാസ് ഏജൻസി ഇവപഞ്ചായത്തിലെ അടിസ്ഥാന സൗകര്യങ്ങളുടെ എടുത്തുപറയേണ്ട സവിശേഷതകളാണ്.

ആഭ്യന്തര മാനവവിഭവശേഷി കൂടാതെ ആമേരിക്കൻ ഐക്യ നാടികൾ, ഗൾഫ് രാജ്യങ്ങൾ എന്നിവിടങ്ങളിലും ഈ പഞ്ചായത്തിൽ നിന്നു സാങ്കേതിക രംഗങ്ങളിൽ യുവതീയുവാക്കൾ പണിയെടുക്കുന്നുണ്ട്. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രവൻകൂർ, ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക്, എന്നിവയുടെ ഓരോ ശാഖകൾ ഈ പഞ്ചായത്തിലുണ്ട് ഇവ കൂടാതെപഞ്ചായത്തിനു സമീപം തന്നെ അതിർത്തി യിൽ മുട്ടത്ത് ഫെഡറൽ ബാങ്കിന്റെ ശാഖ, നങ്ങ്യാർകുളങ്ങരയിൽ സൗത്ത് ഇന്ത്യൻബാങ്കിന്റെ ശാഖ, എന്നി ധനകാര്യ സ്ഥാപനങ്ങളും, പ്രവർത്തിയ്ക്കുന്നുണ്ട്. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ 11KV ലൈൻ പഞ്ചായത്തിലുടെ കടന്നുപോകുന്നു. പഞ്ചായത്തിന്റെ ആസ്ഥാനമായ പള്ളിപ്പാട് ഒരു സബ്ബ് എഞ്ചിനീയറുടെ മേൽ നോട്ടത്തിൽ വൈദ്യുതി ബോർഡിന്റെ ആഫീസും പ്രവർത്തിക്കുന്നു. പഞ്ചായത്തിലുടെ കടന്നുപോകുന്ന അച്ചൻ കോവിലാറ് ജലത്തിന്റെ ലഭ്യത ഉറപ്പാക്കുന്നു. റയിൽ വേസ്റ്റേഷൻകൂടാതെ പഞ്ചായത്തിനോട് ചേർന്ന് കെ.എസ്.ആർ.ടി.സി യുടെ സബ് ഡിപ്പൊ സ്ഥിതിചെയ്യുന്നു. ഹരിപ്പാട്, നങ്ങ്യാർകുളങ്ങര, ,പള്ളിപ്പാട് ചന്ത എന്നിവിടങ്ങളിൽ ടാക്സി ടെമ്പോ ആട്ടോ ഗ്യരേജുകളുണ്ട്. ഗവൺമെന്റ് ഏർപ്പെടു ത്തിയിട്ടുള്ള പവർകട്ടും വോൾട്ടേജ് ഇല്ലായ്മയും ഊർജ്ജ ത്തിന്റെ കാര്യത്തിൽ ബുദ്ധിമുട്ടുണ്ടാ കുന്നുണ്ടെങ്കിലും കാർത്തികപ്പള്ളി, ചിങ്ങോലി, ചേപ്പാട്, പള്ളിപ്പാട്, എന്നി പഞ്ചായ ത്തുകൾ ഉൾക്കൊള്ളുന്ന പ്രദേശത്ത് ഉയർന്നുവരുന്ന കായംകുളം താപവൈദ്യുതി നിലയം, പഞ്ചായത്തിന്റെ സമഗ്ര വ്യവസായ സാദ്ധ്യതകളിലേക്ക് വിരൽ ചുണ്ടുന്നു. ശാസ്ത്ര സാങ്കേതിക മേഖലയിൽ ഉയർന്ന വിദ്യാഭ്യാസം നേടിയ ചുറുചുറുക്കുള്ള അഭ്യസ്ത വിദ്യരും തൊഴിൽ രഹിതരുമായ യുവതീയുവാക്കളുടെ മനുഷ്യ വിഭവശേഷി ഈ പഞ്ചായത്തിന്റെ മറ്റൊരു അടിസ്ഥാനഘടകമാണ്.

വ്യവസായ വളർച്ചയ്ക്ക യോജ്യമായ റെയിൽ, റോഡ്,ജലഗതാഗതം സൗകര്യം വാർത്താവിനിമയം സാങ്കേതിക വിദ്യാഭ്യാസവും പരിശീലനവും നേടിയ അഭ്യസ്തവിദ്യരും, തൊഴിൽ രഹിതരുമായ യുവശക്തി യൊക്കെ വ്യവ സായ വളർച്ചയക്കനുകുലമായഘടകങ്ങളണ്.45 ആരോഗ്യപരിപാലന സൗകര്യങ്ങൾ, ഉന്നത ജീവിത സൗകര്യങ്ങൾ, തുടങ്ങിയ മേന്മകളെല്ലാം ഉണ്ടായിട്ടും നമ്മുടെ പഞ്ചായത്ത് കാർഷിക, വ്യാവസായിക, വാണിജ്യ രംഗങ്ങളിലൊന്നുംതന്നെ പുരോഗതി കൈവരിയ്ക്കാതിരിയ്ക്കുന്നതിനുള്ള പ്രധാന കാരണങ്ങളും, പ്രശ്നങ്ങളുമെന്ന് പരിശോധിക്കാം.

<u>പ്രശ്നങ്ങൾ</u>

1. പ്രധാനകാർഷിക വിളകളായ നെല്ലും, നാളീകേരവും അസംസ്ക്യത വസ്തുക്കളായി ഉപയോഗിക്കുന്ന. വ്യവസായങ്ങൾ ആരംഭിക്കുന്നില്ല.
2. ഇഷ്ടിക നിർമ്മാണ വ്യവസായത്തിൽ നൂതന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നില്ല.
3. വ്യവസായ യൂണിറ്റുകൾക്ക് ദീർഘകാല കാത്തിരിപ്പിനുശേഷം മാത്രമാണ് വൈദ്യുത കണക്ഷനുകൾ ലഭിക്കുന്നത്. ഇത് മതിയായ വോൾട്ടേജിൽ ലഭ്യവുമല്ല.
4. നൂനത സാങ്കേതിക വിദ്യകളുപയോഗപ്പെടുത്തി പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത വിഭവങ്ങൾ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പിന്റെ ബോധവൽക്കരണം, പ്രചോദനം എന്നിവയുടെ അഭാവമുണ്ട്
5. ധനകാര്യ സ്ഥാപനങ്ങൾ നിക്ഷേപവായ്പാ അനുപാതം കണക്കിലെടുത്ത് വ്യവസായ വായ്പ്പകൾ അനുവദിക്കാതിരിക്കുന്നത് അശാസ്ത്രീയവും, യുക്തിരഹിതവും, വികസനത്തെ തന്നെ തടസപ്പെടുത്തുന്ന തരത്തിലുള്ള ബാങ്കുകളുടെ സർവ്വീസ് ഏരിയാ സംവിധാനവും മാറേണ്ടതാണ്
6. ഉപഭോഗ വസ്തുക്കൾ നിർമ്മിക്കുന്ന വ്യവസായ ശൃംഖലയുടെയും വിപണന കേന്ദ്രങ്ങളുടേയും കുറവ്.
7. നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ച് ലോഹങ്ങളിലും തടിയിലും കരകൗശല വസ്തുക്കൾ നിർമ്മിയ്ക്കുന്നതിന് പരിശീലനം നൽകുന്നതിനുള്ള സൗകര്യമില്ലായ്മ.
8. നിത്യോപയോഗ സാധനങ്ങൾ ഉൽപ്പാദിപ്പിക്കുന്ന യൂണിറ്റുകളുടെ അഭാവം
9. വ്യാവസായിക സംസ്കാരവും ഉത്തേജനവും, വളർത്തിയെടുക്കുന്നതിനും,പരിപോഷിപ്പിയ്ക്കുന്നതിനും, വ്യവസായ യൂണിറ്റുകളുടെ സ്ഥാപനം, പരിപാലനം, പുനരധിവാസം എന്നി കാര്യങ്ങളിൽ സേവനം ലഭ്യമാക്കേണ്ടവരിൽ നിന്നുമുള്ള അലംഭാവവും, കാലവിളംബവും കൊണ്ടുണ്ടായ നിസ്സംഗത.
10. വ്യവസായ യൂണിറ്റുകളുടെ സ്ഥാപനത്തിന് പഞ്ചായത്ത് ലൈസൻസ് നൽകുന്നതിനായി മറ്റ് വകുപ്പുകളായ കേരളാ സ്റ്റേറ്റ് പൊളൂഷൻ കൺട്രോൾ ബോർഡ്, ഫാക്ടറീസ് ആൻഡ് ബ്രോയിലേഴ്സ് ഡിവിഷണൽ ഫയർ ഫോഴ്സ് ഡിപ്പാർട്ടുമെന്റ് എന്നിവയിൽ നിന്ന് ക്ലിയറൻസ് ആവശ്യമുള്ള പക്ഷം അത് നിലവിലുള്ള ഗ്രീൻ ചാനൽ ക്ലിയറൻസ് എന്ന സുഗമ സംവിധാനത്തിലുടെ ബന്ധപ്പെട്ട കമ്മിറ്റി അംഗങ്ങളുടെ അന്വേഷണം സമയബന്ധിതമായി നടത്തി ഏകജാലക പദ്ധതി എന്നവണ്ണം നൽകുന്നില്ല.
11. വ്യവസായ സംരംഭകരെ പിൻതിരിപ്പിയ്ക്കുന്ന തരത്തിലുള്ള സങ്കിർണ്ണമായ നടപടി ക്രമങ്ങളും, നീതീകിരയ്ക്കാൻ കഴിയാത്ത കാലതാമസവും വ്യവസായ വകുപ്പ് ആഫീസുകളിൽ നിന്നും തുടർന്നുകൊണ്ടേയിരിയ്ക്കുന്ന അവസ്ഥ.
12. ജില്ലാ വ്യവസായ കേന്ദ്രങ്ങളിലെ ഇൻഫർമേഷൻ കൗണ്ടർ ഗ്രീൻ ചാനൽ കൗണ്ടർ, പി.എം ,ആർ,വൈ പദ്ധതിയുടെ ലെയ്സൺ എന്നിവിടങ്ങളിൽ നിലവിലുള്ള നടപടിക്രമങ്ങൾ നൂതന സാങ്കേതിക വിദ്യകൾ, വിപണനസൗകര്യങ്ങൾ വ്യവസായ വികസന സാദ്ധ്യതകൾ എന്നീ രംഗങ്ങളിൽ പരിശീലനം സിദ്ധിച്ചിട്ടുള്ള ഉന്നത ഉദ്യോഗസ്ഥന്മാരുടെ അഭാവം.
13. വ്യാവസായ വൽക്കരണത്തിന്റെ വെല്ലുവിളി ഏറ്റെടുക്കുന്നതിനുള്ള ധൈര്യക്കുറവ്.
14. വ്യാവസായിക വായ്പകൾ അനുവദിക്കുന്നതിൽ ധനകാര്യസ്ഥാപനങ്ങൾ സ്വീകരിക്കുന്ന നിഷേധാത്മകമായ സമീപനം.

<u>പഞ്ചായത്തിന്റെ വ്യവസായവികസന സാദ്ധ്യതകൾ.</u>

ഇന്ത്യൻ സമ്പദ്ഘടനയിൽ വളരെ നിർണ്ണായകമായ പങ്കാണ് ചെറുകിട വ്യവസായങ്ങൾക്കുള്ളത്. കാതൽ വ്യവസായങ്ങളുടെ വളർച്ചക്ക് സഹായകമായ ഘടകം എന്ന നിലയിൽ ചെറുകിടവ്യവസായങ്ങൾക്ക് പുരോഗതി നേടാവുന്നതാണ്. ഇന്ന് 7500ൽ കൂടുതൽ ഉല്പന്നങ്ങളുടെ ശൃംഘലയുള്ള ഈ രംഗം 24 ലക്ഷം ചെറുകിട വ്യവസായ യൂണീറ്റുകളിലൂടെ രാജ്യത്തെ 140 ലക്ഷം പേർക്ക് തൊഴിൽ നൽകുന്നു. വ്യാവസായിക ഉല്പാദനത്തിന്റെ 35% ത്തോളവും ഇന്ന് ചെറുകിട വ്യവസായ യൂണീറ്റുകളിൽ നിന്നുമാണ്. മൊത്തംകയറ്റുമതിയുടെ40% ഈ മേഖലയിൽ നിന്നുമുള്ള സംഭാവനയാണ്. ജീവിതത്തിന്റെ നാനാതുറകളിൽ തൊഴിലെടുക്കുന്ന അഭ്യസ്തവിദ്യരും, സംസ്കാര സമ്പന്നരുമായ പഞ്ചായത്തിലെ

യുവജനങ്ങൾ ജില്ലക്കാകെ അഭിമാനം നൽകുന്നു. അന്യസംസ്ഥാനങ്ങളിൽ ഈ പഞ്ചായത്തിൽ നിന്നും സർക്കാർ,അർദ്ധസർക്കാർ കമ്പനി, വ്യാവസായ, വാണിജ്യമേഖലകളിൽ ധാരാളംപേർ തൊഴിലെടുക്കുന്നു. ഗൾഫ് നാടുകളിലും, അമേരിക്കൻ ഐക്യനാടുകളിലുമായി ഒട്ടനവധി പേർ തൊഴിൽ ചെയ്ത് രാജ്യത്തിന് വിദേശനാണ്യം നേടിത്തരുന്നു.

പഞ്ചായത്തിലെ പരമ്പരാഗത വ്യവസായങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്ന ഇഷ്ടിക നിർമ്മാണ രംഗത്ത് പണിയെടുക്കുന്ന ഭൂരിഭാഗവും പുരുഷന്മാരാണ്. ചില യൂണിറ്റുകളിൽ സ്ത്രീകളേയും കാണാം. പഞ്ചായത്തിലെ ബ്രഡ് വ്യവസായ യൂണിറ്റ് സ്പെൻസർ കമ്പനിയുമായുമായുള്ള സാങ്കേതിക സഹകരണത്തോടെ സ്ഥാപിതമായതാണ്. ഇവിടെ സ്ത്രീതൊഴിലാളികളാണ് കൂടുതൽ പണിയെടുക്കുന്നത്. സ്ത്രീകളുടെ വസ്ത്രങ്ങളായ മാക്സി, മിഡി, ചുരിദാർ തുടങ്ങിയ റെഡിമെയ്ഡ് വസ്ത്രനിർമ്മാണത്തിന് ഇവിടെ സാദ്ധ്യതയുണ്ട്. പഞ്ചായത്തിലെ പ്രധാനകാർഷിക വിഭവങ്ങളായ നെല്ല്, നാളികേരം, എള്ള് ഇവ അടിസ്ഥാനമാക്കി വ്യവസായങ്ങൾ ആരംഭിയ്ക്കാവുന്നതണ്.

നാളികേരത്തിൽ നിന്നും വെളിച്ചെണ്ണ, ഡെസിക്കേറ്റഡ് കോക്കനട്ട്, കോക്കനട്ട്ക്രീ, കോക്കനട്ട് വാട്ടർ ബോട്ടിലിംഗ്, കോക്കനട്ട് ഷെൽ പൗഡർ ചിരട്ടയിൽ നിന്നും ആക്ടിവേറ്റഡ് കാർബൺ തെങ്ങിൻതടിയുപയോഗിച്ച അലങ്കാരപ്പണികളോടെയുള്ള ഫർണിച്ചർ, ഡോർ കർട്ടനുകൾ ചുവർ പാനലുകൾ കതകുകൾ തുടങ്ങിയവ നിർമ്മിക്കുവാൻ കഴിയും.

<u>ഖാദിഗ്രാമവ്യവസായങ്ങൾ</u>

സ്വദേശീ പ്രസ്ഥാനത്തിന്റെയും സ്വാശ്രയത്വത്തിന്റെയും മുഖമുദ്രയായ ഈ രംഗം വനിതകൾക്ക് കൂടുതൽ തൊഴിൽ സാദ്ധ്യതയുള്ളതാണ്. പള്ളിപ്പാട് പഞ്ചായത്തിന്റെ 1ാം വാർഡിൽ കസ്തൂർബാ മഹിളാസമാജത്തിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തനം നടത്തിയിരുന്ന ഖാദി ചർക്കാ യൂണിറ്റും IXാം വാർഡിൽ കോട്ടയ്ക്കകത്ത് പ്രവർത്തിച്ചിരുന്ന ഖാദി നെയ്ത്ത് കേന്ദ്രവും ഇപ്പോൾ പ്രവർത്തന ക്ഷമമല്ല

ഹോളോബ്രിക്സ് നിർമ്മാണം, നോട്ട്ബുക്ക്, രജിസ്റ്റർ, എൻവലപ്പ് എന്നിവയുടെ നിർമ്മാണം, മസാല വ്യവസായം റബ്ബർ ഉല്പന്നങ്ങളുടെ നിർമ്മാണം റെക്സിൻ, പി.വി.സി റബ്ബർ, അലുമിനിയം എന്നിവ ഉപയോഗിച്ചുള്ള ഉൽപ്പന്നങ്ങൾ ഇലക്ട്രോണിക് ചോക്ക്, ക്ലോക്ക് എന്നിവയും ഖാദി ഗ്രാമവ്യവ സായമേഖലയിൽ ഈ പഞ്ചായത്തിൽ നടപ്പിലാക്കാ വുന്ന വ്യവസായങ്ങളാണ്.

സിമന്റ്, ചരൽ, പാറപ്പൊടി, കമ്പി, തുടങ്ങിയവ ഉപയോഗിച്ചുള്ള ഹോളോ ബ്ലോക്സ് കട്ടിളകൾ, വെന്റിലേഷൻ, ജാളികൾ, മതിൽ സ്ലാബുകൾ,കിണറിന്റെ തൊടികൾ എന്നിവ സഹകരണമേഖലയിൽ ഉത്പാദിപ്പയ്ക്കാവുന്നതും, സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന ഭവനനി ർമ്മാണ പദ്ധതിയിലുടെ ഈ സംഘത്തിന് നേരിട്ട് പണികൾ ചെയ്തുകൊടുത്ത് വിപണി സൃഷ്ടിക്കാവുന്നതുമാണ്.

പ്രാദേശികമായി ലഭ്യമായ അസംസ്കൃത വസ്തുക്കൾ ഉപയോഗപ്പെടുത്തി ക്കൊണ്ട് വലിയ മുതൽ മുടക്കി ല്ലാതെ ആരംഭിയ്ക്കാവുന്ന വ്യവസായ യൂണിറ്റുകൾ

പട്ടിക II

വിഭാഗം	നമ്പർ	ഇനം
ചെറുകിട വ്യവസായം	1	വെളിച്ചെണ്ണ എള്ളെണ്ണ
	2	തേങ്ങാ പൗഡറും ക്രീമും
	3	തേങ്ങാ വെള്ളം ബോട്ടിലിംഗ്
	4	ചിരട്ടപ്പൊടി
	5	തെങ്ങ് ഉപയോഗിച്ചുള്ള സ്റ്റെയർകേയിസ് കാലുകൾ, ഫർണ്ണിച്ചർ ചുവർ പാനലുകൾ മുതലായവ
	6	ഉണക്കലരി അവൽ അരിപ്പൊടി

നിത്യജീവിതവുമായി ബന്ധപ്പെട്ട് എന്തിനും ഏതിനും അന്യസംസ്ഥാനങ്ങളിൽനിന്നും കാർഷിക വ്യാവസായിക ഉത്പന്നങ്ങളെ പഞ്ചായത്തിന്റെ വിപണന കേന്ദ്രങ്ങളിലൂടെ വാങ്ങുന്നതിന് വഴികണ്ണുമായിരിക്കുന്ന നമ്മുടെ അഭ്യസ്തവിദ്യരും, തൊഴിൽരഹിതരുമായ യുവജനങ്ങളുടെ കർമ്മശേ ഷിയെ ഉത്പാദന മേഖലയിലേക്ക് തിരിക്കു ന്നതിന് സഹായ കമായ തീവ്ര വ്യവസായ ബോധവൽക്കരണ സെമിനാറുകൾ പഞ്ചായത്തിലുടനീളം നടത്തേ ണ്ടിയിരിക്കുന്നു.

പട്ടിക III

പ്രോജക്ട് ചെലവ് കുറഞ്ഞതും കൂടുതൽ തൊഴിലവസരങ്ങൾ ലഭിയ്ക്കുന്നതുമായ ചെറുകിട വ്യവസായ വാണിജ്യ സേവനരംഗങ്ങൾ

വിഭാഗം	നമ്പർ	ഇനം
	1	അലുമിനിയംപാത്രങ്ങൾ
	2	കാർഷികോപകരണങ്ങളുടെ നിർമ്മാണം
	3	ക്ലബ് സോഡാ ബോട്ടിലിംഗ്
	4	ഓട്, പിത്തള, ചെമ്പ്, പാത്രങ്ങൾ കരകൗശല വസ്തുക്കൾ
ചെറുകിട വ്യവസായം		
	5	സ്റ്റീൽ, തടി, അപ്ഹോൾസ്റ്ററിഫർണ്ണിച്ചർ
	6	തടികൊണ്ടുള്ള കെട്ടിട നിർമ്മാണ ഉരുപ്പടികൾ
	7	തടികൊണ്ടുള്ള സിച്ച് ബോർഡ് ബോക്സുകൾ
	8	കോറുഗേറ്റഡ് പേപ്പർ കാർട്ടുണുകൾ
	9	സിമന്റ് പെയിന്റുകൾ
	10	ബ്ലോമോൾഡഡ് പ്ലാസ്റ്റിക് കണ്ടെയിനർ
	11	റോളിംഗ് ഷട്ടർ, ഗേറ്റ്, ഗ്രിൽ
	12	പി വി സി പൈപ്പ് ഫിറ്റിംങ്ങുകൾ
	13	ആട്ടോ മൊബൈൽ വർക്ക്ഷോപ്പ്, സർവ്വിസ് സ്റ്റേഷൻ
	14	ഇലക്ട്രിക് ഇലക്ട്രോണിക് റിപ്പയർ സർവ്വിസ് സെൻറർ
	15	സൈക്കിൾ, ചെയിൻകവർ, സ്റ്റാൻറ്,കാരിയർ
	16	ആയുർവ്വേദ മരുന്നു നിർമ്മാണം
	17	ഇൻജക്ഷൻ മോൾഡിംഗ് പ്ലാസ്റ്റിക് നിർമ്മാണം
	18	പോളിത്തീൻ ബാഗുകൾ
	19	ഓഫിസ് ഫയൽ ജംക്ലിപ്, ഗം
	20	ടിഷ്യു കൾച്ചർ, ഹൈബ്രിഡ്സീഡം പ്രോസസിംഗ്
	21	നാളികേര സംസ്കരണം
	22	ബ്യൂട്ടിപാർലറുകൾ, ക്രഷുകൾ
	23	സ്കൂൾ ബാഗുകൾ
	24	ടയർ റീ ട്രേഡിംഗ്
	25	മാർക്കറ്റിംഗ്
		ഇൻഡസട്രിയൽ & അഡ്വർടൈസിംഗ് ഏജൻസി

പട്ടികIV

വനിതാ വ്യവസായങ്ങൾ

	1	കറിപൗഡർ, മസാല പൗഡർ, അച്ചാർ, ചിപ്സ്, ഹൽവ
വനിത	2	പേപ്പർപ്ലേറ്റ്, പേപ്പർകപ്പ് നിർമ്മാണം
	3	കുട അസംബ്ളിംഗ് യൂണിറ്റ്
	1	നോട്ട്ബുക്കുകൾ, രജിസ്റ്ററുകൾ, ലഡ്ജറുകൾ, പ്രിന്റിംസ് പ്രസ്
വനിത വ്യവസായ സഹകരണ സംഘങ്ങൾ	2	ഹാവത്ചെരുപ്പുകൾ
	3	സൈക്കിൾ, സ്കൂട്ടർ, ബൈക്ക് സീറ്റ്കവറുകൾ
	4	സ്ത്രീകളുടെവസ്ത്ര നിർമ്മാണം
	5	ഇലക്ട്രിക് ചോക്ക്, സ്റ്റെബിലൈസർ അസംബ്ളിഗ്, ക്ലോക്ക് അസംബ്ളിഗ്
ജനറൽ സഹകരണ സംഘങ്ങൾ	1	സ്റ്റോൺലസ്സ്റ്റൈസ്, ഉണക്കലരി, അവൽ അരിപ്പൊടി
	2	സിമിന്റ് കട്ടിള, ജന്നൽ ജാളികൾ, മതിൽ സ്ലാബുകൾ
	3	വയറിംഗ് കേബിളുകൾ പി..വി..സിപൈപ്പുകൾ
സഹകരണസംഘങ്ങൾ പട്ടിക ജാതി ക്ഷേമം	1	വയർകട്ട് ബ്രിക്സ്

വൻകിട ഇടത്തരം വ്യവസായം

1. നാളികേരാധിഷ്ഠിത വ്യവസായ ശൃംഗല സ്ഥാപിയ്ക്കുക.

നാളികേരത്തിൽ നിന്നും, കൊപ്ര വെളിച്ചെണ്ണ, പിണ്ണാക്ക്, ഡസിക്കേറ്റഡ് കോക്കനട്ട്, കോക്കനട്ട്ക്രീം, എന്നിവയും തൊണ്ടിൽ നിന്ന് ചകിരിയും ചകിരിച്ചോറിൽനിന്ന് ജൈവവളവും, തേങ്ങാ വെള്ളത്തിന്റെ ഗുണവും മണവും നിലനിർത്തി ബോട്ടിലിംഗിനും ചിരട്ടപ്പൊടി ആക്ടിവേറ്റഡ് കാർബൺ തെങ്ങിൻ തടി ഉപയോ

ഗിച്ചുള്ള ഫർണ്ണീച്ചർ, ഡോർകർട്ടൻ, സ്റ്റേയർ കേയ്സ് കാലുകൾ, ചുവർ പാനലുകൾ, തുടങ്ങിയ ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനു ലക്ഷ്യമാക്കിയുള്ള വ്യവസായങ്ങൾക്ക് വിപുലമായ സാദ്ധ്യത ഉണ്ട്.

2സ്റ്റീംബോയിൽഡ് റൈസ്മിൽ സ്ഥാപിച്ച് സ്റ്റോൺലസ് റൈസ്, ഉണക്കലരി, അവൽ, അരിപ്പൊടി, ഇവ ഉൽപ്പാദിപ്പിച്ചും ഉമിതവിട് ഇവ കൊണ്ടുള്ള ഉൻപ്പന്ന ങ്ങൾ നിർമ്മിച്ചും വിപണന നം ചെയ്യുക.

3 <u>ടുറിസംവികസനം</u>

ആകർഷകങ്ങളായ കേരളിയ നാടൻ കലാരൂപങ്ങളും, ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും ടുറിസം വ്യവസായരംഗത്ത് നമ്മുടെ പഞ്ചായത്തിന് വികസനസാദ്ധ്യതയുള്ളതാണ്.

പായിപ്പായ്, കരുവാറ്റ, മാന്നാർ, വാഴകുട്ടംകടവ് ജലോത്സവങ്ങൾ.....മണ്ണാറശാല, ഹരിപ്പാട് ക്ഷേത്രങ്ങൾ ഇവയുമായി പഞ്ചായത്തിന്റെ സാമീപ്യവും കര,ജലറയിൽ മാർഗ്ഗേണയുള്ള യാത്രാസൗകര്യവും ഇവിടേയ്ക്ക് വിനോദസഞ്ചാരികളെ ആകർഷിയ്ക്കും

<u>നിർദ്ദേശങ്ങൾ</u>

1. പഞ്ചായത്തിന്റെ കിഴക്കുഭാഗത്തുള്ള അച്ചൻകോവിലാറ് ഡ്രഡ്ജ് ചെയ്ത് വീതിയും ആഴവും കൂട്ടിയാത്രീനിവാസ് നിർമ്മിക്കുക. യാത്രീനിവാസിൽ കേരളത്തിന്റെ തനത് കലാരൂപങ്ങൾ അവതരിപ്പിയ്ക്കണം, കേവുവള്ളങ്ങൾ ടുറിസ്റ്റുകൾക്ക് യാത്രചെയ്യത്തക്ക തരത്തിൽ രൂപകല്പന ചെയ്ത് സൗകര്യമുണ്ടാക്കുക.

2.തദ്ദേശിയരായ ടുറിസ്റ്റുകൾക്കും പ്രയോജനപ്രദമായ രിതിയിൽ ടുറിസം വികസന പ്രവർത്തനം നടത്തണം

3. ഇന്ത്യാ ടുറിസം ഡവലപ്പ്മെന്റ് കോർപ്പറേഷൻ കേരളാടുറിസംഡവലപ്പ്മെന്റ് കോർപ്പറേഷൻ ജില്ലാ ടുറിസം പ്രൊമോഷൻ കൗൺസിൽ എന്നിവ യുടെ വിനോദസഞ്ചാര ഭൂപടത്തിൽ പള്ളിപ്പാട് പഞ്ചായത്തിന് സ്ഥാനം ലഭിക്കുവാൻ ശ്രമം നടത്തുക.

4. വൈദ്യുതി ഉൽപ്പാദനവും വിതരണവും.

ഈ പഞ്ചായത്തിൽ ഒരു ഇലക്ട്രിക് സബ് സ്റ്റേഷൻ സ്ഥാപിച്ച് പഞ്ചായത്തിന്റെ ഉയർന്നു വരേണ്ട വ്യവസായ എസ്റ്റേറ്റിലേക്കാവശ്യമായ വൈദ്യുതിയുടെ പ്രസരണം ഉറപ്പ് വരുത്തുക.

5. ഈ പഞ്ചായത്തിൽ ഒരു വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുക

6. <u>ഗ്രാമസഭാനിർദ്ദേശങ്ങൾ അനുസരിച്ച് ആരംഭിക്കുവാൻ കഴിയുന്ന വ്യവസായങ്ങൾ</u>

എ. മോഡേൺ റൈസ്മിൽ

ബി. വയർകട്ട് ബ്രിക്സ് ഫാക്ടറി

സി. കെട്ടിടനിർമ്മാണ ഉരുപ്പടിക ൾനിർമ്മി ക്കുന്നതിന്നുള്ളയുണിറ്റ്

ഡി.നാളികേര ഉൽപ്പന്ന കോംപ്ലക്സ്

ഇ. കോറുഗേറ്റഡ് കാർട്ടൺ ഫാക്ടറി

എഫ്. ഇലക്ട്രക്കൽ/ ഇലക്ട്രോണിക് ഉൽപ്പന്നയുണിറ്റ്

ജി. ആണി, നട്ട്, ബോൾട്ട്, നോളിംഗ്ഷട്ടർ, ഗേറ്റ്, ഗ്രിൽ, കൊളാപ്സിബിൾ ഗേറ്റ്, തുടങ്ങിയവ നിർമ്മിക്കുന്ന യുണിറ്റ്

എച്ച്. ആട്ടോമൊബൈൽ എഞ്ചിനീയറിംഗ് ബോഡി ബിൽഡിംഗ് സ്ഥാപനം

ഐ. പാൽ ഉൽപ്പന്നങ്ങൾ

ജെ. കറിപൗഡറുകൾ, അച്ചാറുകൾ

കെ. കുട അസംബ്ലിംഗ് യുണിറ്റ്

എൽ. വനിതാ വസ്ത്രനിർമ്മാണ യുണിറ്റ്

എം. തീപ്പട്ടി, ഫയൽ, ബോർഡ്ഗം, മുതലായവ നിർമ്മിക്കുന്ന യുണിറ്റ്

എൻ. ഖാദി ഗ്രാമവ്യവസായങ്ങൾ

ഒ. കാർഷികോപകരണങ്ങളുടെ നിർമ്മാണ യുണിറ്റ്

പി. സ്റ്റോൺക്രഷർ

7. ചെറുകിട വ്യവസായങ്ങളുടെ വളർച്ച, വികസനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്രഗവൺമെന്റ് 1977 ൽ പ്രഖ്യാപിച്ച ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്ക് സ്ഥാപിത ലക്ഷ്യം കൈവരിക്കുന്നതിന് കഴിഞ്ഞിട്ടില്ല. അതിനുവേണ്ട നടപടികൾ സ്വികരിക്കണം.

8. മലിനീകരണ സാദ്ധ്യതയില്ലാത്ത എല്ലാവ്യവസായങ്ങൾക്കും വൈദ്യുതിത്തോത് കണക്കാക്കാതെ ലൈസൻസ് കൊടുക്കുവാനുള്ള അധികാരം ഗ്രമപഞ്ചായത്തുകൾക്ക് നൽകണം.

9. സംസ്ഥാനസർക്കാരിന്റെ വ്യവസായ നയത്തിന് രൂപം കൊടുക്കുമ്പോൾ ഗ്രാമസഭാനിർദ്ദേശങ്ങൾക്ക് പരിഗണനനൽകണം

10. എന്റർപ്യുണർ ഇന്ത്യയുടേയും, വ്യവസായ കേരളത്തിന്റെയും കോപ്പികൾ പഞ്ചായത്തിലും വായനശാലകളിലും ലഭ്യമാക്കണം.

4.4

വിദ്യാഭ്യാസം

കേരളത്തിന്റെ ഇതരഭാഗങ്ങളേപ്പോലെ വിദ്യാഭ്യാസത്തിന്റെ സാർവ്വത്രികത പള്ളിപ്പാടിന്റെ സാമൂഹിക വികാസ പരിണാമങ്ങൾക്ക് ഊർജ്ജം പകർന്ന കളരികളും കുടിപ്പള്ളിക്കുടങ്ങളുമായിരുന്നു ആദ്യകാല വിദ്യാഭ്യാസ സ്ഥാപനങ്ങൾ. വിവിധ മത, സാമുദായിക സംഘടനകളും സർക്കാരും സ്വകാര്യ വ്യക്തികളും സ്കൂളുകൾ സ്ഥാപിക്കാൻ മുന്നോട്ട് വന്നു. മഞ്ഞാലിൽ സ്കൂൾ, കൊങ്ങിണിയത്ത് LPGS, നടേവാലേൽ മലയാളം സ്കൂൾ തുടങ്ങിയവ യായിരുന്നു ആദ്യകാലത്ത് ആരംഭിച്ച പ്രാഥമിക വിദ്യാലയങ്ങൾ. ഉച്ചനീചത്വം നിലനിന്നിരുന്ന ആ കാലഘട്ടത്തിലാണ് പ്രമുഖ സ്വതന്ത്ര്യ സമരസേ നാനിയും പത്രപ്രവർത്തകനും സാഹിത്യകാരനുമായ ഏ.പി ഉദയഭാനു നടേവാലേൽ സ്കൂളിൽ പഠിച്ചിരുന്നത്. ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് പഞ്ചായത്തിൽ സ്കൂൾ ഉണ്ടായിരുന്നില്ല. ഈ കുറവ് പരിഹരിക്കാൻ കഴിഞ്ഞത് നടുവട്ടം നായർ കരയോഗം നടത്തിവന്നിരുന്ന അപ്പർ പ്രൈമറി സ്കൂൾഹൈസ്കൂളായി അപ്ഗ്രേഡു ചെയ്ത തോടെയാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് സൗകര്യമുണ്ടായിരുന്നില്ല. 1965 ൽബഥനി ബാലികാമഠം എൽ.പി ഇംഗ്ലീഷ് മീഡിയം സ്കൂൾ ആരംഭിച്ചു. 1983ൽ മാധവ എജ്യുക്കേഷ ൻസെന്റർ സെൻട്രൽ സ്കൂളും 1987ൽ നടുവട്ടം H.Sൽഇഗ്ലീഷ് മിഡിയം ക്ലാസും ആരംഭിച്ചു ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിക രിക്കുന്നവർക്ക് ഉന്നത വിദ്യാഭ്യാസത്തിന് ദൂരെ സ്ഥലങ്ങളിൽ പോകേണ്ടിയിരുന്നു. നങ്ങ്യാർകുള ങ്ങരയിൽ പ്രമുഖ സ്വാതന്ത്ര്യ സമരസേനാനിയും സാമൂഹ്യ പരിഷ്കർത്താവുമായിരുന്ന T.Kമാധവന്റെ സ്മാരകമായി എസ്. എൻ ട്രസ്റ്റ് T.K.M.M കോളേജ് സ്ഥാപിച്ചതോടെ ദൂരെ സ്ഥലങ്ങളിൽ പോകേണ്ട അവസ്ഥയ്ക്ക് കുറേയൊക്കെ മാറ്റം വന്നു. ആദ്യകാലഘട്ടത്തിൽ പ്രീഡിഗ്രി ക്ലാസുകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. പഞ്ചായത്തിലെ വിദ്യാഭ്യാസരം ഗത്തിന് ഈ സ്ഥാപനങ്ങൾ നൽകിയ സേവനങ്ങൾ നിസ്തുല മാണ്.

പഞ്ചായത്തിൽ ആകെയുള്ള 11- സർക്കാർ, എയിഡഡ്, അൺ എയ്ഡഡ് സ്കൂളുകളിലായി 4395 കുട്ടികൾ പഠിക്കുന്നുണ്ട്. ഇവരിൽ 50.92%പേർ പെൺകുട്ടികളാണ് ഈസ്കൂളു കളിലായി ജോലി ചെയ്യുന്ന 150 ഓളം അദ്യാപകരിൽ 85%ഉംസ്ത്രീകളാണ്

വിദ്യാഭ്യാസ നവികരണപ്രസ്ഥാനങ്ങൾക്ക് തുടക്കം കുറിക്കേണ്ടത് പ്രാഥമിക വിദ്യാല യങ്ങളിൽ നിന്നാണ്. മെച്ചപ്പെട്ട ക്ലാസുമുറികൾ കുടിവെള്ള സൗകര്യങ്ങൾ, മൂത്രപ്പുരകൾ, അനുയോജ്യമായ പഠനോപകരണങ്ങൾ മാന സികോല്ലാസത്തിന്

പട്ടിക.1

സ്കൂളുകളെ സംബന്ധിച്ച വിവരങ്ങൾ

നമ്പർ	സ്കൂൾ	മാനേജ്മെന്റ്	വിദ്യാർത്ഥികൾ			അധ്യാപകർ		
			ആൺ	പെൺ	ആകെ	പുര	സ്ത്രീ	ആകെ
1	നടുവട്ടം H.S	എയ്ഡഡ്	896	730	1626	12	45	57
2.	വഴുതാനം U.P.S	ഗവ:	197	188	385	2	12	14
3.	നങ്ങ്യാർകുളങ്ങര U.P.S	ഗവ:	191	150	341	2	12	14
4.	നടുവട്ടം L.P.S	ഗവ:	83	80	163	1	4	5
5.	തെക്കെക്കര H.W.L.P.S	ഗവ:	42	38	80	1	2	3
6	നടുവട്ടം L.P.G.S	എയ്ഡഡ്	60	70	130	0	4	4
7.	അകംകുടി M.T.L.P.S	"	73	71	144	0	3	3
8.	പേർകാട് M.S.C. L.P.S	"	92	102	194	0	5	5
9.	മുല്ലക്കര L.P.S	"	69	63	132	2	3	5
10.	മാധവ എഡ്യുക്കേഷൻ സെന്റർ സെൻട്രൽസ്കൂൾ	അൺ "	157	81	238	1	17	18
11.	നങ്ങ്യാർകുളങ്ങര B.B.L.P.S	"	297	675	972	0	18	18

വേണ്ടിയുള്ള ഗ്രന്ഥങ്ങൾ തുടങ്ങിയവയുടെ ലഭ്യത ഉറപ്പാക്കുന്ന ഓപ്പറേഷൻ ബ്ലാക് ബോർഡ് പദ്ധതി പഞ്ചായത്തിലെ അഞ്ചോളം പ്രാഥമിക വിദ്യലയങ്ങളിൻ നടപ്പിലാക്കി വരുന്നു. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടു ത്തുന്നതിനും, നേടിയിരിക്കേണ്ട പഠന നിലവാരം എല്ലാ വിദ്യാർത്ഥികൾക്കും ലഭ്യമാക്കു ന്നതിനുമായി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച അവശ്യ പഠനനിലവാര പദ്ധതി (MLL) ചെങ്ങുന്നൂരിലെ ജില്ലാ വിദ്യാഭ്യാസ പരിശീലനകേന്ദ്രത്തിന്റെ സഹായ ത്തോടെ ആരംഭിച്ച. കാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമു (QIP) മായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പഞ്ചായ ത്തിലെ എല്ലാ പ്രാഥമിക വിദ്യാലയങ്ങളിലും കാര്യ ക്ഷമമായി നടക്കുന്നുണ്ട്. പ്രാഥമിക വിദ്യാല യങ്ങളിലെ പഠനനിലവാരമുയർത്തന്നതിന് ഒട്ടന വധി പ്രവർത്തനങ്ങൾ നടക്കുമ്പോൾ തന്നെ അപ്പർ പ്രൈമറി, ഹൈസ്കൂൾ വിഭാഗങ്ങളിലെ പഠനനിലവാരം ആശാവഹമല്ല. മുൻവർഷങ്ങളിലെ S.S.L.C വിജയ ശതമാനവും അപ്പർപ്രൈമറി ഹൈസ്കൂൾ ക്ലാസുകളിലെ ഒന്നാംപദ പരിക്ഷ കളുടെ മാർക്കും വിലയിരുത്തുമ്പോൾ മികച്ച പഠനനിലവാരം പുലർത്തുന്നില്ലായെന്നുകാണാം.

20കറുകയിൽ ജംഗ്ഷൻ3 550m കൈപ്പള്ളിൽ ജംഗ്ഷൻറോഡ്
21മുണ്ടാറ്റിൻകര ജംഗ്ഷൻറോഡ് പറകുളംറോഡ് " 6.M 1.200Km
22 നേരിയൻതറജംഗംഷൻ

കരിപ്പോലിൻജംഗ്ഷൻറോഡ് " 3.M 0.150Km
23നേരിയൻതറജംഗ്ഷൻ
വഴുതാനംക്ഷേത്രറോഡ് " 4. M 0.15Km
24 പാടിയിൽജംഗ്ഷൻ
അഞ്ഞിലികളത്തിൽ റോഡ് " 4M 0.35m
25 പാടിയിൽജംഗ്ഷൻ
കാട്ടുള്ളംപാടശേഖരറോഡ് " 4M 0.400m
26 കണ്ടാൻ വിള ജംഗ്ഷൻ
കറുകയിൽ മുണ്ടകൻറോഡ് " 4M 0.200m
27കൈതമുക്ക്വച്ചുത്തറ
ജംഗ്ഷൻറോഡ് " 4M 0.600m
28വരാന്തറജംഗ്ഷൻനീറ്റൂർ
ഹരിജൻ സെറ്റിൽമെൻറ്റ്
റോഡ് 4 5M 0.300m
29 കൈപ്പള്ളിൽ മുക്ക് കുറവൻ
തററോഡ് " 5M 0.300m
30 കാഞ്ഞരത്തിൻമൂട് ജംഗ്ഷൻ
കളിയ്ക്കകിഴക്കതിൽ റോഡ് " 5M 0.400m
31വിളയിൽജംഗ്ഷൻകേളട്ട്
ചിററോഡ് " 5M 0.400m
32 പനയറ ജംഗ്ഷൻ
കേളാട്ടുചിറ റോഡ് " 5M 0.500m
33 പനയറ ജംഗ്ഷൻ പെട്ടി
യ്ക്കൽ പാടശേഖര റോഡ് " 4.M 0.400m
34മേടയിൽജംഗ്ഷൻ ബ്ലാഹറോഡ് 4 4M 0.200m
35 തുണ്ടിൽജംഗ്ഷൻ കളിയക്കൽ
ജംഗ്ഷൻറോഡ് " 4M 0.200m
36വഴുതാനം ഗവ യുപിസ്കൂൾ
മുതൽ വടക്കോട്ട് ഹരിജൻസെറ്റിൽ
മെൻറ്റ് കോളനി റോഡ് " 4M 0.300m
37 തുണ്ടുപറമ്പിൽ ജംഗ്ഷൻ
കൊളുത്തികൊമ്പിൽ ജംഗ്ഷൻ
റോഡ് " 4M 0.300Km
38 കാഞ്ഞരത്തുംമൂട് ജംഗ്ഷൻ
കളിയ്ക്കൽ ക്ഷേത്രജംഗ്ഷൻ " 4M 0.250Km
39മഠത്തിലേത്ത് ജംഗ്ഷൻ ശ്രീകൃഷ്ണ
സ്വാമി ക്ഷേത്രറോഡ് 5 4M 0.200Km
40 പടനിലംമാർക്കറ്റ് കിച്ചേരിൽ ജംഗഷൻ
റോഡിൽ ആറ്റുപുറത്തുജംഗഷൻ
കിച്ചേരിൽ ജംഗഷൻറോഡ് 6M 0.220m
41 പേരാത്തുകുളങ്ങര ജംഗ്ഷൻ
ചേലക്കാട്ടുവടക്കതിൽ ജംഗ്ഷൻ 5M 0.270m
42 പള്ളിപ്പാട് പോസ്റ്റാഫിസ്
ജംഗ്ഷൻ ചേലക്കാട് ജംഗ്ഷൻറോഡ് 4M
0.250Km
43 മുല്ലകുളങ്ങര ക്ഷേത്രജംഗ്ഷൻ
കിത്തവത്ത് മുക്ക് റോഡ് 5M 0.400Km
44 കുരിക്കാട്ട് ജംഗ്ഷൻകടുകോ
യിക്കൽജംഗഷ്ൻ റോഡ് 4M 0.300Km
45 പൊന്നുരുട്ടജംഗ്ഷൻ കളരി
യ്ക്കൽ ജംഗ്ഷൻ റോഡ് 5M 0.400Km
46 പഞ്ചായത്താഫിസ് ജംഗ്ഷൻ
നീണ്ടൂർ ക്ഷേത്രറോഡ് 5M 0.500Km
47 പള്ളിപ്പാട് പമ്പുഹൗസ് ജംഗ്ഷൻ
കൊണ്ടുരത്ത് ജംഗഷ്ൻറോഡ് 3M 0.175Km
48 മുല്ലവാക്കുളങ്ങര ജംഗ്ഷൻ
കടയ്ക്കൽ നോർത്ത് ജംഗ്ഷൻ 2M 0.220Km
49 നെൽപുരജംഗ്ഷൻ തോട്ടു
മുഖംറോഡ് 6 5M 0.700Km
50 ഗുരുമന്ദിരം വെട്ടിക്കൽപാടശേഖരം " 5M
0.390Km
51ഉണ്ണിയേത്തു ജംഗ്ഷൻ പൊ
ന്നാണ്ടശേരിൽറോഡ് " 5M 0.390Km
52കളത്തിൽ ജംഗ്ഷൻ
കറുകയിൽ ജംഗ്ഷൻ " 5M 0.460Km
53M.S.C, L.P സ്ക്കൂൾ ജംഗ്ഷൻ
വാണിയപുര കുളിക്കടവ് റോഡ് 4.M 0.670Km
54ചത്തേരിൽ ജംഗ്ഷൻ നടയിൽ
കിഴക്ക് പാടശേഖര റോഡ് 4 . M
0.370
55വാലയ്യത്തു തറ കുപ്പത്തറ റോഡ്.
4.M0.220Km.
56പേരാത്ത് മുക്ക് ചാരുവ ക്കണ്ടത്തിൽ
മുക്ക് " 4M 0.190K
57വാണിയപുരകുന്നേൽറോഡ് " 5M 0.310
58പേരാത്തുകുളങ്ങര
ജോബിവില്ല" 6M 0.200Km
59ഇരുപത്തെട്ടിൽ കടവ് കുരിത്തറ
തോപ്പിൽ ജംഗ്ഷൻ റോഡ് " 6M 0.2..Km
60കുരിത്തറമുതൽ കിഴക്കോട്ട്
ഇരുപത്തെട്ടിൽകടവ് റോഡ് " 6M 1.100Km
61ഇരുപത്തെട്ടിൽ കടവ്
മംഗലശ്ശേരിറോഡ് " 6M 1.500Km
62പതിനെട്ടിൽചിറ
നാലുകെട്ടുംകവലറോഡ് " 6M 1.300Km
63 നാലുകെട്ടും കവല
ചത്തൻതറ റോഡ് " 6M 1.700Km
64 ചാത്തൻതറ കടവ്
ആഞ്ഞിലിമൂട് റോഡ് " 6M 1.200Km
65കോടംമ്പള്ളിൽ ജംഗഷ്ൻ
ചാത്തൻതറകടവ്റോഡ് 8 5M 0.250Km
66കോനുമഠത്തിൽജംഗ്ഷൻ
R.D.O ചിറ അച്ചൻകോവി
ൽറോഡ് 5M 0.400Km
67കറത്താട്ടിൽജംഗ്ഷൻ
കൊങ്ങണിയോത്ത്ജംഗ്ഷൻ
റോഡ് 5M 0.400Km
68 വാഴത്തറ ജംഗ്ഷൻ പേരാ
ത്തേരിൽജംഗ്ഷൻ കൊയ്പ്പള്ളിൽറോഡ് 5m 250
19 റോഡു നിർമ്മാണ പ്രവർത്തനങ്ങളിൽ

ഇടത്തട്ടുകാരെ ഒഴിവാക്കി പൊതുജനസഹകരണവും ശ്രമദാനവും പ്രയോജനപ്പെടുത്തണം

20 അച്ചൻകോവിലാറ്റിൽ ക്കുടി ബോട്ടുസർവ്വിസ് ആരംഭിക്കണം

21റോഡുകൾ വൃത്തിയാക്കുന്നതിന് ആവശ്യമായ ജീവനക്കാരെ നിയമിക്കണം

22 പഞ്ചാത്തുവക റോഡുകളിൽ അനധികൃത കയ്യേറ്റമൊഴിവാക്കാൻ അതിർത്തിക്കല്ലുകൾ സ്ഥാപിക്കണം

23 റോഡുകളുടെ സംരക്ഷണം പൊതുജനപങ്കാളിത്തത്തോടുകൂടിനടപ്പാക്കണം, ഇതിനാവശ്യമായ ബോധവൽക്കരണം നടത്തണം

ഊർജ്ജം

ഊർജ്ജ പ്രതിസന്ധി വളരെ രുക്ഷമായി അനുഭവപ്പെടുന്ന ഗ്രാമ്മാണ് പള്ളിപ്പാട്. പരിമിതമായ ഊർജ്ജ സ്രോതസുകളും നിലവിലുള്ള ഊർജ്ജ സ്രോതസുകൾ ആവശ്യാനുസരണം ലഭ്യമാകാത്തതും പഞ്ചായത്തിന്റെ വികസന പ്രതീക്ഷകളെ മുരടിപ്പിക്കുന്നു.

ക്രൂഡോയിലും, മരോട്ടിഎണ്ണടും, മണ്ണെണ്ണയു്, മെഴുകുതിരിയും‌മൊക്കെ പകർന്നു നല്കിയ മങ്ങിയ വെളിച്ചത്തിൽ നിന്നും വൈദ്യുതി പ്രകാശനത്തിന്റെ തെളിമയിലേക്കുള്ള ചുവടുമാറ്റം ഗ്രാമത്തിന്റെ മഖചായ തന്നെമാറ്റി. 1953 ൽ ഗ്രാമത്തിൽ വൈദ്യുതി എത്തിയതെന്നാണ് അറിവ് മരച്ചക്കുകളിൽ എണ്ണയാട്ടുന്നവർ വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന എണ്ണയാട്ടുമില്ലുകൾ വന്നതോടെ രംഗംവിടുവാൻ നിർബന്ധിതരായി. അരയ്ക്കാനും പൊടിക്കാനും തടിമുറിക്കാനും മൊക്കെ വൈദ്യുതി ഉപയോഗിച്ചുള്ള ചെറുകിടയൂണിറ്റുകൾ നിലവിൽ വന്നു. ഇപ്പോൾ പഞ്ചായത്തിൽ 4എണ്ണയാട്ടുമില്ലുകളും 16 ഫ്ലവർമില്ലുകളും ഒരു സോമില്ലും പ്രവർത്തിക്കുന്നുണ്ട്

ആദ്യകാലങ്ങളിൽ തെരുവോരങ്ങളിൽ വഴിവിളക്കുകൾ സ്ഥാപിച്ചുരുന്നു. ഇതിനു മാറ്റം വന്നത് വൈദ്യുതീകരിക്കപ്പെട്ടതെരുവുവിളക്കുകൾ സ്ഥാപിച്ചതോ ടെയാണ്. കേരള ഇലക്ട്രിസിറ്റി ഡിപ്പാർട്ട്മെന്റായിരുന്നു ഇതിന്റെ നടത്തിപ്പുകാർ പിന്നിട് കേരളാ സ്റ്റേറ്റ് ഇലകാട്രിസിറ്റി ബോർഡ് നിലവിൽ വന്നപ്പോൾ തെരുവുവിളക്കുകളുടെ നടത്തിപ്പ് അവരുടെ ചുമതല യിലായി. പിന്നിട് വഴിവിളക്കുകൾ പഞ്ചായത്തിന്റെ അധീനതയിലാവുകയും പഞ്ചായത്തുകൾ നിശ്ചിത തുക വൈദ്യുതി ചാർജ്ജായും പുതിയവ സ്ഥാപിക്കുന്നതിനും നൽകേണ്ടതായിവന്നു പള്ളിപ്പാട് പഞ്ചായിത്തിൽ ഇപ്പോൾ ആകെ 698തെരുവുവിളക്കുകൾ ആണ്ഉള്ളത്. ഇവയുടെ വൈദ്യുതി ചാർജ്ജിനത്തിൽ 95-96 വർഷത്തിൽ 9763രൂപ ഇലക്ട്രിസിറ്റി ബോർഡിന് പഞ്ചായത്ത് നല്കി.

പട്ടിക I

പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള തെരുവുവിളക്കുകളെ സംബന്ധിച്ച വിവരങ്ങൾ

ബൾബ് 689

ട്യൂബ് 18

പഞ്ചായത്തിൽ ഉള്ള 4087 കണക്ഷനുകളിൽ 3905 ഗാർഹിക ഉപയോഗങ്ങൾക്കുള്ളതും 32 കാർഷിക ഉപയോഗത്തിനും 119 വാണിജ്യാവശ്യങ്ങൾക്കും 31 വ്യവസായ ആവശ്യങ്ങൾക്കും മാണുള്ളത്. പഞ്ചായത്തിന്റെ ചുരുക്കും ചില മേഖലകളിൽ ഇന്നും വൈദ്യുതി എത്തിയി ട്ടില്ല. അപേക്ഷ കൊടുത്ത് കണക്ഷൻ പ്രതീക്ഷിച്ചിരിക്കു ന്നവരുടെ എണ്ണം 101 ഓളം വരും. അപേക്ഷ നല്കാതെ മണ്ണെണ്ണ വിളക്കിന്റെ ഇരുണ്ടപ്രകാശത്തിൽ കഴിയുന്നവ രായി ഏറെപ്പേരുണ്ട്

പട്ടിക II

വൈദ്യുതി ഉപഭോക്താക്കളെ സംബന്ധിച്ച വിവരങ്ങൾ

കണക്ഷനുകളുടെ എണ്ണം

ഗാർഹികം	3905
വാണിജ്യം	119
വ്യാവസായികം	31
കാർഷികം	32
അപോക്ഷകരുടെ എണ്ണം സാധാരണം	63
O.Y.C.E	38

പ്രധാനമായും കരുവാറ്റ നങ്ങ്യാർകുളങ്ങര സബ് സ്റ്റേഷനുകളിൽ നിന്നാണ് പഞ്ചായത്തിൽവൈദ്യുതി ലഭിക്കുന്നത്. പീക്ക് ലോഡ് സമയത്ത് അനുഭവപ്പെടുന്ന വോൾട്ടേജ്ക്ഷാമം പഞ്ചായത്തിൽ രുക്ഷമാണ്. പഞ്ചായ ത്തിൽ ലഭ്യമാകുന്ന വോൾട്ടേജ് 200Vനും 210Vഇടയ് ക്കണ്. പിക്ക്ലോസ് സമയങ്ങളിൽ ഇത് 190 വോൾട്ടായി കുറയും

പട്ടിക III

പഞ്ചായത്തുപ്രദേശത്തുള്ള ട്രാൻസ്ഫോമറുകളും അവയുടെ കപ്പാസിറ്റിയും

നമ്പർ	കപ്പാസിറ്റി (KVA)	സ്ഥലത്തിന്റെ പേര്
1	160	R.Kജംഗ്ഷൻ
2	160	നങ്ങ്യാർകുളങ്ങര
3	160	കോളേജ്ജംഗഷൻ
4	100	സ്പെൻസർബ്രഡ്കമ്പനി
5	100	കരിമ്പാലിൽ കോയിക്കൽ
6	160	ഹരിപ്പാട് ഗവ ഹോസ്പിറ്റൽ
7	160	മുട്ടം
8	63	നെടുന്തറ

9 100 വഴുതാനം
10 63 പള്ളിപ്പാട്
11 63 കോളാച്ചിറ
12 100 ചാത്തൻതറ
13 100 മുട്ടം വെസ്റ്റ്
14 250 പള്ളിപ്പാട് ഈസ്റ്റ്
15 100 നാലുകെട്ടും കവല
16 100 കൊടുന്താർ
17 100 പൊയ്യക്കര
18 100 കുരിക്കാട് ജംഗ്ഷൻ

കേരളത്തിലാകമാനം അനുഭവപ്പെടുന്ന ഊർജ്ജ പ്രതിസന്ധി പഞ്ചായത്തിൽ ചെറുകിടവ്യവസായം തുടങ്ങുന്നവരെ ബുദ്ധിമുട്ടിലാക്കുന്നു. ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കാനാഗ്രഹിക്കുന്ന തൊഴിൽ രഹിതർക്ക് കൃത്യമായി വൈദ്യുതി കണക്ഷൻ നാല്കാൻ ബോർഡിനു കഴിയുന്നില്ല. കായംകുളം താപനിലയത്തിന്റെ പണി എത്രയും പെട്ടെന്ന് പൂർത്തികരിക്കേണ്ട ആവശ്യക്ത യിലേക്കിത് വിരൽ ചൂണ്ടുന്നു.

വൃക്ഷക്കൊമ്പുകൾ വീണും കൃത്യമായ അറ്റകുറ്റപ്പണികളുടെ അഭാവവും വമ്പിച്ച പ്രേഷണ നഷ്ടം വരുത്തിവയ്ക്കുന്നു. കൂടാതെ ട്രാൻസ്ഫോമറുകളുടെ കപ്പാസിറ്റിയിൽ കവിഞ്ഞ് കണക്ഷൻ കൊടുക്കുന്ന തിനാലും വോൾട്ടേജ് നിലനിർത്താൻ കഴിയുന്നില്ല. ട്രാൻസ് ഫോമറുകളുടെ ശേഷിക്കനുസരിച്ച് കണക്ഷൻ നല്കുകയും, ആവശ്യമായ സ്ഥലങ്ങളിൽ പുതിയവ സ്ഥാപിക്കുകയും ട്രാൻസ് ഫോമറുകളുടെ സ്ഥാനം പുനഃക്രമികരിച്ചും വൈദ്യുത കമ്പികളിലെ ടച്ചിംഗ് ജന പങ്കാളിത്തത്തോടെ ഇല്ലാതാക്കിയും പ്രേഷണ നഷ്ടവും വോൾട്ടേജ് ക്ഷാമവും കുറയ്ക്കാൻ കഴിയും

ചെറുകിട പദ്ധതികൾ ആരംഭിക്കാനുള്ള സാദ്ധ്യത കളൊന്നും തന്നെ പഞ്ചായത്തിൽ ഇല്ലാത്തതിനാൽ ഇപ്പോ ൾ ലഭ്യമാകുന്ന സ്രോതസുകളെ തന്നെ ആശ്ര യിക്കേണ്ട സ്ഥിതിയാണ് ഉള്ളത്.

പവർകട്ട് പഞ്ചായത്തിലെ ഗാർഹിക-വാണിജ്യ ഉപഭോക്താക്കളെ ബുദ്ധിമുട്ടിലാക്കുന്നു. ചിലരുടെയെങ്കിലും വിടുകളിൽ ഇൻവർട്ടറുകളും എമർജൻസി ലാമ്പുകളും വ്യാപകമായി ഉപയോഗപ്പെടുന്നതിനാൽ അവർ പവർകട്ടിൽ നിന്നും സ്വയം ഒഴിവക്കപ്പെടുകയും ഭൂരിപക്ഷം വരുന്ന സാധാരണക്കാർ ഈ സമയങ്ങളിൽ ഇരുട്ടിൽ കഴിയേണ്ടതായും വരുന്നു ഊർജ്ജ പ്രതിസന്ധി നിലനില്ക്കുന്ന ഇപ്പോഴത്തെ അവസ്ഥയിൽ ഇൻവർട്ടറുകളുടെ വ്യാപകമായ ഉപയോഗം വഴി ഒരു വിഭാഗം നടത്തുന്ന വൈദ്യുതിയുടെ ചൂഷണത്തെ തടയേണ്ടതായിട്ടുണ്ട്

[ജൈവദ്രവ്യാശ്രിതത്വം പഞ്ചായിത്തിൽ വളരെ കൂടുതലാണ്. ഗാർഹികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന വിറകിന്റെ ഏകദേശം 80% ഭക്ഷണം പാകംചെയ്യുന്നതിനും മറ്റു ഗാർഹികാവശ്യങ്ങൾക്കും ഉപയോഗിക്കുന്നു. തെങ്ങുത്പന്നങ്ങൾ, ചപ്പ്,ചവറ്,ഉണങ്ങിയഇല, തുടങ്ങിയവ ഇന്ധനമായി ഉപയോഗിക്കുന്നു. ഗാർഹികാവശ്യങ്ങൾ ക്കുള്ള വിറക് വിലക്കു വാങ്ങുന്ന ഇന്ധനമായി ഉപയോഗി ക്കുന്നു. ഗാർഹികാവശ്യങ്ങൾക്കുള്ള വിറക് വിലക്കുവാ ങ്ങുന്നവരാണ് ഏറെയും. മലയോരപ്രദേശങ്ങളിൽനിന്നും എത്തുന്ന റബ്ബർമരങ്ങളുടെ വിറകാണ് വാങ്ങാൻ ലഭിക്കുന്നത് ഇഷ്ടികച്ചൂളകളിലെ വർദ്ധിച്ചതോതിലുള്ള വിറകിന്റെ ഉപഭോഗം വീട്ടാവശ്യങ്ങൾക്കുള്ള വിറകിന്റെ വില വർദ്ധിക്കാൻ കാരണമായിട്ടുണ്ട്. പഞ്ചായത്തിൽ ഒരുകാലത്ത് സുലഭമായിരുന്ന കേര ഉത്പന്നങ്ങളായ തൊണ്ട്, ചിരട്ട, തുടങ്ങിയവയുടെ ലഭ്യതക്കുറവും ജൈവ ദ്രവ്യാശ്രിത ഉപഭോഗത്തെ ബാധിച്ചിട്ടുണ്ട്. ജനസംഖ്യാ വർദ്ധനവും, പാർപ്പിടങ്ങളുടെ വർദ്ധിച്ചതോതിലുള്ള നിർമ്മാണ പ്രവർത്തനങ്ങളും മൂലം ഇന്ധനാ വശ്യങ്ങൾക്കായി പാഴ്മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള സൗകര്യം കുറഞ്ഞത് മറ്റ് ഊർജ്ജസ്രോതസുകളെ അമിത മായി ആശ്രയിക്കേണ്ട സ്ഥിതിയിലാക്കി. വാണിജ്യ ആവശ്യങ്ങൾക്കും ജൈവ ദ്രവ്യാശ്രിതത്വം വളരെ കൂടുതലാണെങ്കിലും കാർഷിക മേഖലയിൽ കുറവാണെന്നു കാണാം. കാർഷികാവശ്യങ്ങൾക്കുള്ള ഇന്ധന ഉപഭോഗ ത്തിൽ മണ്ണെണ്ണ, ഡീസൽ, പെട്രോൾ, വൈദ്യുതി തുട ങ്ങിയ വാണിജ്യ ഇന്ധനങ്ങളെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. കരി ഇന്ധനമായി ഉപയോഗിക്കുന്ന ഏതാനും പരമ്പരാഗതലോഹപാത്ര നിർമ്മാണ യൂണിറ്റു കളും ആലകളും മാത്രമെ പഞ്ചായത്തിൽ ഉള്ളു.

പാചകവാതകത്തിന്റെ ഉപയോഗം പഞ്ചായത്തിൽ വർദ്ധിച്ചുവരുന്നുണ്ട്. പഞ്ചായത്തിൽ ഇപ്പോൾ 1350ഓളം പാചകവാതക കണക്ഷനുകളാണ് ഉള്ളത്. വളരെയേറെപ്പേർ പുതിയ കണക്ഷനുവേണ്ടി അപേക്ഷനല്കി കാത്തിര ി ക്കുന്നു. പാചക വാതക കണക്ഷനുകൾ ഉള്ള വിടുകളുലും വിറകടുപ്പ്, മണ്ണെണ്ണ സ്റ്റൗ, ഇലക്ട്രിക്സ്റ്റൗ, തുടങ്ങിയവ ഉപയോഗിക്കുന്നുണ്ട്.

വാണിജ്യ ഇന്ധനങ്ങൾ ആവശ്യാനുസരണം ലഭ്യമാകാത്തതാണ് ജൈവദ്രവ്യങ്ങളുടെ അമി താശ്ര യത്തിനു കാരണം. പാചകവാതക സിലിണ്ടറുകൾ വാങ്ങാ ൻ ഭൂരിപക്ഷം വരുന്ന സാധാരണക്കാരനും കഴിയാതി രിക്കുകാ, സിലിണ്ടറുകൾ ലഭിക്കുനുള്ള

കാലതാമസം, റേഷൻ ഷോപ്പുകളിൽ നിന്നും ലഭിക്കുന്ന മണ്ണെണ്ണയുടെ കാട്ടാ നിശ്ചയിച്ചുള്ള ലഭ്യത, ഇവയൊക്കെ വിറകിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് കാരണമാകുന്നു. കൂടാതെ വോൾട്ടതക്കുറവുമൂലം മെഴുകുതിരി,മണ്ണെണ്ണ വിളക്ക് ഇവയെ വെളിച്ചത്തിനായി ആശ്രയിക്കേണ്ടിവരുന്നു.

പരമ്പരാഗത ഊർജ്ജ സ്രോതസുകളുടെ ലഭ്യതക്കുറവ് മൂലം പാരമ്പര്യേതര ഊർജ്ജ സ്രോത സുകളെ ആശ്രയിക്കേണ്ടി വരുന്നു പരിമിതവിഭവങ്ങളുടെ നിയന്ത്രിത ഉപഭോഗത്തിന്റെ കാര്യത്തിലും നാം ശ്രദ്ധി ക്കേണ്ടതുണ്ട്. പഞ്ചായത്തിലെ വിറകിന്റെ ലഭ്യത, മറ്റുസ്ഥ ലങ്ങളിൽ നിന്നുള്ള വരവിനെ ആശ്രയിച്ചാണ്. കാർഷിക വൃത്തിയുമായി ബന്ധപ്പെട്ടു ജീവിക്കുന്ന സാധാരണക്കർക്ക് വർദ്ധിച്ച വില താങ്ങാനാവത്തതാണ്. ഈ സാഹചര്യ ത്തിൽ വിറകിന്റെയും മറ്റും ഉപയോഗം കുറച്ചുകൊണ്ടു വരുന്നതിന് ദക്ഷതകൂടിയ പുകയില്ലാത്ത അടുപ്പുകൾ (പരിഷത്തടുപ്പുകൾ) പ്രചരിപ്പിക്കപ്പെടണം. മാതൃകാ ശുചിത്വ ഗ്രാമമായ പള്ളിപ്പാട്ട് അനർട്ടിന്റെ (എജൻസി ഫോർനോൺ കൺവൻഷൺൽ എനർജി ആൻഡ് റൂറൽ ടെക്നോളജി) സഹായത്തോടെ പഞ്ചായത്തിന്റെ നേതൃത്വ ത്തിൽ പുകയില്ലാത്ത അടുപ്പുകൾ വീടുകളിൽ സ്ഥാപിച്ചു വരുന്നു. ഇതുവരെ 366അടുപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. എങ്കിലും പുകയില്ലാത്ത അടുപ്പുസ്ഥാപിച്ചാലുള്ള ഇന്ധന ലാഭത്തേപ്പറ്റി ജനങ്ങൾക്കുള്ള അജ്ഞതയും താത്പര്യ ക്കുറവും സാദ്ധ്യതകൾ ഉണ്ടായിരുന്നിട്ടും കൂടുതൽ അടുപ്പുകൾ സ്ഥാപിക്കാൻ പഞ്ചായത്തിലെ എല്ലാ വീടുകളിലും ദക്ഷതകൂടിയ അടുപ്പുകൾസ്ഥാപിച്ചാൽ വിറക് ലാഭിക്കുന്നതിനും, ഇന്ധനക്ഷാമത്തിനും ഒരളവുവരെ പരിഹാരം കാണുന്നതിനും വിറകിനായി വെളിയിലേക്ക് ഒഴുകുന്ന പണം ലാഭിക്കുന്നതിനും കഴിയും

പട്ടിക IV

പള്ളിപ്പാട് പഞ്ചായത്തിൽ അനർട്ട് വിതരണം ചെയ്ത അടുപ്പുകൾ, വിളക്കുകൾ എന്നിവയേ സംബന്ധിച്ച വിവരങ്ങൾ

പരിഷത്ത്	എണ്ണം
അടുപ്പുകൾ	366
സോളാർ	31
വിളക്കുകൾ	
വിറക്	
സ്റ്റൗ	200
മണ്ണെണ്ണ	153
സ്റ്റൗ	

(അവലംബം: IREP ആഫിസ് പട്ടണക്കാട്)

പട്ടിക V

പഞ്ചായത്തിലെ ഇന്ധനസൗകര്യത്തെ സംബന്ധിച്ച വിവരം

ഇനം	ലഭ്യമായിട്ടുള്ളവരുടെ എണ്ണം
ഗ്യാസ് കണക്ഷൻ	1350
മണ്ണെണ്ണ	4634
ഗോബർ ഗ്യാസ്	15

കാർഷിക മേഖലയായ പള്ളിപ്പാട് പഞ്ചാത്തിൽ കന്നുകാലികളെ വിടുകളിൽ വളർത്തുക സർവ്വ സാധാരണമാണ്. ബയോഗ്യാസ് പ്ലാൻറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതകളെ വേണ്ടരിതിയിൽ പ്രോയോജനപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിൽ വിവിധ ഏജൻസികളുടെ സഹയത്തേടെ ആകെ 15 ബയോഗ്യാസ് പ്ലാൻറ്റ് കളാണ് സ്ഥാപിച്ചിട്ടുള്ളത്. ഇവയിൽ ചിലത് മാത്രമെ പ്രവർത്തിക്കുന്നുള്ളു. നിലവാരമില്ലാത്ത അടുപ്പുകളും വിളക്കുകളും, വിതരണം ചെയ്യപ്പെടുന്നതിനാൽ പ്രവർത്തന സജ്ജമായ പ്ലാൻറ്റുകൾ പോലും വേണ്ടരീതിയിൽ പ്രയോജനപ്പെടു ത്തുവാൻ കഴിയുന്നില്ല. പഞ്ചായത്തിന്റെ പല ഭാഗ ങ്ങളിലും ജനസാന്ദ്രത വളരെ കുടുതലാണ്. ഇവിടെ കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാൻറ്റുകൾ സ്ഥാപിക്കാൻ കഴിഞ്ഞാൽ ആപ്രദേശങ്ങളിലെ വിളക്കുകൾ കത്തിക്കു ന്നതിനും മറ്റ് ഇന്ധനാ വശ്യങ്ങൾ നിറവേറ്റാനും കഴിയും

അനർട്ടിന്റെ ആഭിമുഖ്യത്തിൽ സോളർ വിളക്ക്, ഉർജ്ജ ക്ഷമത കൂടിയ മണ്ണെണ്ണസ്റ്റൗ, വിറക്സ്റ്റൗ, തുടങ്ങിയവ പഞ്ചായത്തിൽ വിതരണം ചെയ്ത് വരുന്നു. ഇതുവരെയായി 31 സോളാർ വിളക്കുകളും 153മണ്ണെണ്ണ സ്റ്റൗവും, 200വിറക്സ്റ്റൗവും വിതരണം ചെയ്തിട്ടുണ്ട്. ഇവയേ സംബന്ധിച്ച് വേണ്ടത്ര പ്രചാരണം നല്കാത്തതിനാൽ കുടുതൽ ആൾക്കാർക്ക് അറിയുന്നതിനും വാങ്ങുന്നതിനും കഴിയാതെപോകുന്നു.

പ്രശ്നങ്ങൾ

1 പഞ്ചായത്തിൽ എല്ലായിടത്തും വൈദ്യുതി എത്തിയിട്ടില്ലാ

2 വോൾട്ടേജ് ക്ഷാമം രുക്ഷമാണ്

3 തെരുവിളക്കുകൾ എല്ലായിടത്തും സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല. സ്ഥാപിക്കപ്പെട്ടിട്ടുള്ളവയിലെ ബൾബുകൾ ഫ്യൂസായാൽ മാറിഇടാനുള്ള കാലതാമസം മൂലം ഉപയോഗിക്കാത്തകറൻറ്റിനും പഞ്ചായത്ത് പണം നൽകേണ്ടിവരുന്നു.

4 ദക്ഷതക്കുടിയ അടുപ്പുകളേക്കുറിച്ചും പുകയില്ലാത്ത അടുപ്പുകളെക്കുറിച്ചും ജനങ്ങൾക്കുള്ള അജ്ഞതയും അവയോട് പൊരുത്തപ്പെടാനുള്ള വിമുഖതയും

5പ്രേഷണ-വിതരണ രംഗങ്ങളിൽ ശ്രദ്ധക്കുറവും

അശാസ്ത്രീയമായ ട്രൻസ്ഫോമർ ക്രമികരണവും കപ്പാസിറ്റയുൽ കവിഞ്ഞ കണക്ഷനുകളും

6 വൈദ്യുത കണക്ഷൻ നല്കുന്നതിലുള്ള കാലതാമസം

7 ഇൻവർട്ടറുകളും എമർജൻസി ലാമ്പുകളും ഉപയോഗിച്ച് വൈദ്യുതിനിയന്ത്രണത്തെ മറികടക്കുന്നതു മൂലംമുള്ള പ്രശ്നങ്ങൾ

8 ആഘോഷങ്ങളുമായി ബന്ധപ്പെട്ട അമിതമായ വൈദ്യുത ഉപഭോഗം കൊണ്ടുള്ള ഊർജ്ജ നഷ്ടം

നിർദ്ദേശങ്ങൾ

1 വൈദ്യുത ലൈനുകളിലെ ടച്ചിംഗ് ജനപങ്കാളിത്തത്തോടെ മുറിച്ചുമാറ്റി ആവശ്യമായ സ്ഥലങ്ങളിൽ ട്രാൻസ്ഫോമറുകൾ സ്ഥാപിച്ചും നിലവിലുള്ള ട്രാൻസ്ഫോ മറുകളുടെ സ്ഥാനം പുനക്രമീകരിച്ചും വോൾട്ടേജ് ക്ഷാമം പരിഹരക്കണം

2 കൂടുതൽ പ്രേഷണലൈനുകൾ സ്ഥാപിക്കുകയും വൈദ്യുതിവിതരണത്തിനായി കൂടുതൽ വണ്ണമുള്ള വിതരണകമ്പികൾ ഉപയോഗിക്കുകയും ചെയ്യുക

3 തെരു വിളക്കുകൾ ഇല്ലാത്ത സ്ഥലത്തങ്ങളിൽ അവസ്ഥാപിക്കുകയും ഫ്യൂസായ ബൾബുകളും ട്യൂബു കളും പഞ്ചായത്ത് നേരിട്ട് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുക

4 പാചകാവശ്യത്തിന് വൈദ്യുതി ഉപയോഗിക്കുതിനെതിരെ ബോധവൽക്കരണം നടത്തുക

5 കായകുളംതാപനിലയത്തിന്റെ പണി എത്രയും പെട്ടെന്ന് പൂർത്തികരിക്കണം

6 സ്വയംതൊഴിൽ സംരംഭകർക്ക് വൈദ്യുതി കണക്ഷൻ മുൻഗണന നല്കുക.

7 പവർകട്ട് നിലവിലുള്ളപ്പോൾ ഇൻവർട്ടറുകളും എമർജൻസിലാമ്പുകളും ഉപയോഗിക്കുന്ന വരിൽ നിന്നും അധികം ചാർജ്ജ് ഈടാക്കുകയും സോളാർ വിളക്കുകൾ ഉപയോഗിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുക

8 വൈദ്യുത ഉപഭോഗം കുറയ്ക്കുന്ന ഇലക്ട്രോണിക്സ് ചോക്കും, കോം പാക്ട് ഫ്യൂറസെൻസ് ലാമ്പുകൾ സബ്സി ഡി നിരക്കിൽ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ വിത രണം നടത്തുക

9 പ്രധാന ജംഗ്ഷനുകളിൽ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുക

10 ദക്ഷതകുടിയ അടുപ്പുകൾ സ്ഥാപിക്കുന്നതിന് സന്നദ്ധ സംഘടനകളുടെ സഹായത്തോടെ പ്രചരണം നടത്തുക

11 ഖാദിആൻഡ് വില്ലേജ് ഇൻഡസ്ട്രിസ് ബോർഡ് അനർട്ട് തുടങ്ങിയ ഏജൻസികളുടെ സഹായത്തോടെ കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകൾസ്ഥാപിക്കുകയും അവയ്ക്കു വേണ്ട നിലവാരമുള്ള സ്റ്റൗവും, വിളക്കുകളും വിതരണം ചെയ്യുക

12 സാമൂഹ്യവനവത്ക്കരണ പരിപാടി പ്രോത്സാഹിപ്പിക്കുക

പട്ടിക VI

പള്ളിപ്പാട് ഗ്രമപഞ്ചായത്ത് വഴിവിളക്കുകൾ സ്ഥാപിക്കേണ്ട റോഡുകൾ സംബന്ധിച്ചുള്ള വിവരങ്ങൾ

1 ഇരുപത്തെട്ടിൽകടവിൽ വടക്കേക്കര മുതൽ പറപ്പള്ളി വരെയുള്ള റോഡ്

2 ഏഴുപറയിൽ കടവു മുതൽ നാലുകെട്ടും കവല വരെ

3കുരിത്തറഗുര മന്ദിരം മുതൽ ഇരുപത്തെട്ടിൽകടവുവരെ

4 കളപ്പുരകടവുമുതൽ പനയ്ക്കൽ കടവുവരെ

5 ആറ്റുപുറത്തുപാലം മുതൽ കുത്തുകുഴിവരെ

6 28ൽ കടവുമുതൽ കരിപ്പുഴവരെ

7 ആഞ്ഞിലിമുട്ടിൽ പാലം മുതൽ തെക്കോട്ട്നാലുകെട്ടു കവലവരെ

8 അരണപ്പുറത്തുജംഗ്ഷൻ മുതൽ കിഴക്കോട്ട് ഉള്ളന്നൂർ ചേലയ്ക്കാപള്ളി

9 മുടാം പാടി ജംഗ്ഷൻ മുതൽ കിഴക്കോട്ട് റയിൽവേ ലൈൻ വരെ

10 തട്ടാരേത്ത് മുക്ക് മുതൽ കിഴക്കോട്ട്താമരവേലിൽ കിഴക്കുവശം വരെ

11തണ്ടാശേരി മുക്ക് മുതൽ കിഴക്കോട്ട് റയിൽവേ ലൈൻവരെ

12 T.K.M.M കോളജ് ജംഗ്ഷൻ മുതൽ തെക്കോട്ട് പള്ളിവേട്ട ജംഗ്ഷൻ വരെ

13വൈപ്പിൻ മുക്കു മുതൽ വടക്കോട്ട് ഉള്ള റോഡ്

14 പുതിയ വിട്ടിൽ മുക്ക് മുതൽ കിഴക്കോട്ട് ഉള്ള റോഡ്

15 കോളാച്ചിറ പുത്തൻകണ്ടത്തിൽ റോഡ്

16 ഗുരുമന്ദിരം -പുത്തൻ പറമ്പിൽ ജംഗ്ഷൻറോഡ്

17 ഇടയാടിയിൽ ജംഗ്ഷൻ മുതൽ കളപ്പുരയ്ക്കൽ ജംഗ്ഷൻവരെ

18 പ്ലാക്കോടത്ത് ജംഗ്ഷൻ മുതൽ പൂവച്ചൻ തറവരെ യുള്ള റോഡ്

19 കാട്ടുകോയിക്കൽ ജംഗ്ഷൻ മുതൽ-പുത്തൻകരത്തിൽജംഗ്ഷൻവരെ

20 ബഥേൽ ജംഗ്ഷൻ മുതൽകണ്ടുവിള ജംഗ്ഷൻവരെ

21പേറുകാട്ടു ജംഗ്ഷൻ മുതൽ ചെമ്പകശ്ശേരി ജംഗ്ഷ ൻവരെ

22 കൊങ്ങണിയേത്ത് ജംഗ്ഷൻ മുതൽ അകവൂർ മഠംവരെ

23 തെന്നടി ജംഗ്ഷൻ മുതൽവാഴുവിളവരെ

24 പുത്തൻ വിട്ടിൽ ജംഗ്ഷൻമുതൽ കുരുപ്പള്ളി കിഴക്കുവശം വരെയും അവിടെനിന്ന് തെക്കോട്ട് പുവച്ചൽ തറവരെയുള്ള നടപ്പത

25 മഠത്തിലേത്ത് ജംഗ്ഷൻ ശ്രീകൃഷ്ണസ്വാമി ക്ഷേത്രം റോഡ്

26പോരാത്തുകുളങ്ങര ജംഗ്ഷൻ-ചേലയ്ക്കാട്ട് വടക്കേതിൽ ജംഗ്ഷൻ
27 പോസ്റ്റാഫിസ് ജംഗ്ഷൻ മുതൽ ചേലയ്ക്കാട്ട് ജംഗ്ഷൻ വരെയുള്ള റോഡ്
28 മഠത്തിൽ ജംഗ്ഷൻ-ചേനച്ചേരിൽ-അച്ചൻകോവിലാറ് വരെയുള്ള നടപ്പാത
29പമ്പുഹൗസ്ജംഗ്ഷൻ മുതൽ കൊട്ടേർ ജംഗ്ഷൻ
30 കൊയ്പള്ളിൽ ജംഗ്ഷൻ മുതൽ-കൊച്ചുമഠത്തിൽ ജംഗ്ഷൻ വരെയുള്ള റോഡ്
31 മല്ലാകുളങ്ങര ക്ഷേത്രജംഗ്ഷൻ മുതൽ പടിഞ്ഞാറോട്ട് കടയക്കൽ വടക്കുവശം വരെയുള്ള റോഡ്
32 തലത്തോട്ട് കനാൽ ജംഗ്ഷൻ മുതൽ കിഴക്കോട്ട് പോങ്കാട്ടിൽ വരെയുള്ള റോഡ്
33 ആര്യട്ട് ജംഗ്ഷൻ മുതൽ കിഴക്കോട്ട് ഉള്ളറോഡ്
34 റയിൽവേക്രോസ് മുതൽ തെക്കോട്ടു ഉള്ള റോഡ്
35 കനാൽ ജംഗ്ഷൻ മുതൽ വടക്കോട്ട്തനോലിൽ റോഡ്
36 കോതേറി കോളനി റോഡ്
37 വെള്ളയിൽ ജംഗ്ഷൻ മുതൽ തെക്കേട്ടുള്ള റോഡ്
38 ബ്ലാഹയിൽ ജംഗ്ഷൻ മുതൽ കിഴക്കോട്ട്ഉള്ള റോഡ്
39 റജിഭവൻ-കയ്യള്ളി റോഡ്
40മുർത്തിയമ്പലം -കൊല്ലമലറോഡ്
41പൊന്നുതട്ടജംഗ്ഷൻ മുതൽ പടിഞ്ഞാട്ട് ലക്ഷംവിട് കോളനി
42 കറുകമുട്ടകം റോഡ്
43 ചക്കച്ചം കാവ് കോളനി റോഡ്
44 പള്ളിയറ സ്കുൾ ജംഗ്ഷൻ മുതൽ വടക്കോട്ട് ഉള്ള റോഡ്
45 കുളഞ്ഞികെമ്പ് ജംഗ്ഷൻ മുതൽ പള്ളിയറവരെ
46 ഹനുമാൻ തറ കോളനി റോഡ്
47 നീണ്ടുമുലതോടുമുതൽ വടക്കോട്ട് പള്ളിയറവരെ
48കാഞ്ഞിരത്തംമുട് കളിയ്ക്കൽ ക്ഷേത്രം റോഡ്
49 ആഞ്ഞിലിമുട്ടിൽ മുതൽ വാണിയപ്പുരവരെ
50 കേളട്ട് ചിറമുതൽ കറുകയിൽ വരെ
51 ഗുരുമന്ദിരം മാനപ്പള്ളി കോളനി
52 ഗുരുമന്ദിരം വെട്ടിക്കൽ പാടശേഖരം റോഡ്
53 വള്ളവൻതറ കുപ്പത്തറ
54 ചിരട്ടൻകേരിൽ പേരാത്തേരിൽ നടപ്പാത
55 വേലശേരിൽ കറത്താട്ടിൽ പടിറ്റതിൽ റോഡ്
56 ഇടയ്ക്കാട്ട് തോപ്പിൽ റോഡ്
57 കോനാരി കുന്നത്ത് ലക്ഷം വിട്
58 അമ്പിലേഴത്ത് മുല്ലേമുല പാടശേഖരം
59 ഗവർമെന്റ് എൽ.പി.എസ് മുതൽ തെക്കോട്ട് കാരികുന്നത്ത് റോഡ
60ആഞ്ഞിലക്കാട്ടിൽ മുതൽ നെടിയയിൽ വരെ
61 മണക്കട്ട്ക്ഷേത്രം മുതൽ കിഴക്കോട്ട് നാലുകെട്ടുംകവല വരെ
62 തുരിത്തിക്കാട്ട് ജംഗ്ഷൻ മുതൽ പടിഞ്ഞാട്ട്
63 നരിഞ്ചിൽക്ഷേത്രം മുതൽ വടക്കോട്ട്
64 കാട്ടുകോയിക്കൽ ജംഗ്ഷൻ മുതൽ കാട്ടിച്ചിറവരെ
65തയ്യിൽ ജംഗ്ഷൻ PIP കാനാൽവരെ

4.7

സാമൂഹ്യക്ഷേമ പാർപ്പിടം

പഞ്ചായത്തിലെ ജനസംഖ്യയിൽ ഭൂരിപക്ഷവും ഇടത്തരം നാമമാത്ര കർഷകരും കർഷക തൊഴിലാളികളും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുമാണ്. വൻകിട ഭൂവുടമകൾ ഇല്ല. സർക്കാർ ഉദ്യോഗസ്ഥന്മാരും മറ്റുമേഖലകളിൽ പണിയെടുക്കുന്ന സ്ഥിരവരുമാനക്കാരും താരതമ്യേനകുറവാണ്. 1991ലെ സെൻസസ് പ്രകാരം തൊഴിലുള്ളവർ 6345 ഉം നാമമാത്ര തൊഴിലുള്ളവർ 746 പേരുമാണ്. തൊഴിലില്ലാത്തവർ 16497 എന്നരേഖപ്പെടുത്തിയിരിക്കുന്നു. വിദേശപണത്തിന്റെ സ്വാധീനം ചില മേഖലകളിൽ പ്രകടമാണ്. സർക്കാരിന്റെ വിവിധ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിലുംഇതിന്റെ പരിധിയിൽ വരുന്ന നിരവധി കുടുംബങ്ങൾ ഇനിയുമുണ്ട്. സാമൂഹ്യക്ഷേമ പദ്ധതികളുമായി ബന്ധപ്പെട്ടമിക്ക ആഫീസുകളും അകലെയായതിനാലും സങ്കീർണ്ണമായ നടപടി ക്രമങ്ങളുടെ ഫലമായും ആനുകൂല്യങ്ങൾ യഥാസമയം കിട്ടുന്നതിന് ബുദ്ധിമുട്ടും കാലതാമസവും നേരിടുന്നു. അർഹതയില്ലാത്തവരും ഈ അനുകൂല്യങ്ങൾ നേടിയെടുക്കുന്നുവെന്നത് ഗൗരവമർഹിക്കുന്നു. സാമൂഹ്യക്ഷേമരംഗത്ത് സമുദായ സംഘടനകളുടേയും സന്നദ്ധസംഘടനകളുടേയും പ്രവർത്തനം ശ്രദ്ധേയമാണ്

പട്ടിക I
ലക്ഷംവീടുകോളനി

നമ്പർ	വാർഡ്	പേര്
1	2	അകവൂർ മഠം
2	3	വഞ്ചിയിൽ
3	6	മുളമൂട്ടിൽ
4	8	കുന്നത്ത്
5	9	മീനത്തേരിൽ

ഭൂരഹിത പുനരധിവാസകോളനികൾ

നമ്പർ	വാർഡ്	പേര്
1	1	കോതേരി
2	2	പാലത്തുംപാട്ട്
3	3	ചേരിയിൽ
4	4	ഹനുമാൻതറ
5	"	തയ്യിൽ
6	6	വള്ളുവൻതറ
7	7	ചിരട്ടങ്കേരി
8	"	നാലുകെട്ടും കവല
9	"	കുരീത്തറ
10	"	കുമരങ്കേരിൻ

11	8	പഷ്ണക്കാട്ടുതറ
12	10	കാട്ടിൽ ചിറ

(അലംബം:ജില്ലാപ്ലാനിംഗ് ഓഫിസ്)

പട്ടിക II

ദാരിദ്ര്യരേഖയ്ക്ക താഴെയുള്ളവരെ സംബന്ധിച്ച വിവരങ്ങൾ

വാർഡ്	ആകെ കുടുംബങ്ങൾ	SC/ST	സഹായം ലഭിച്ചവർ	ഇതിൽ SC/ST
1	200	26	43	17
2	156	12	45	9
3	100	46	56	43
4	194	34	43	27
5	149	44	46	33
6	179	100	57	49
7	120	13	20	11
8	206	70	77	
9	153	25	34	18
10	180	16	33	14

(അവലംബം:IRDP സർവ്വെ)

പട്ടിക III

ദുരിതാശ്വാസ വിതരണം

പ്രശ്ന ബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം (ഹെക്ടർ)

വർഷം	വെള്ളപ്പൊക്കം	വരൾച്ച	കൊടുങ്കാറ്റ്	ഉരുൾപ്പൊട്ടൽ	ധനസഹായം ലഭിച്ചവരുടെ എണ്ണം	വിതരണംചെയ്തതുക
1993- 94	242935	-	-	-	1035	242935
1994-95	136320	-	-	-	677	136320
1995-96	-	-	-	-	-	-
ആകെ	379255				1712	379255

പട്ടികIV

വികലാംഗരെസംബന്ധിച്ചവിവരം

പ്രായം	പുരുഷൻ	സ്ത്രീ	ആകെ
0-5വരെ	5	5	10
6-10വരെ	10	11	21
11-18 വരെ	19	10	29
19-25വരെ	26	23	49
26-45 വരെ	61	50	111
46-60 വരെ	37	29	66
60വയസ്സിന് മുകളിൽ	21	11	32
ആകെ	179	139	318

(അവലംബം: ശിശു വികസന പദ്ധതി ഓഫിസ് രേഖകൾ)

പട്ടികV

പാരമ്പര്യതൊഴിലാളികൾക്ക് തൊഴിൽ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം 1995-95ൽ തുടങ്ങിയ പദ്ധതി

സാമ്പത്തിക അർഹരായ ധനസഹായം ധനസഹായം

വർഷം	അപേക്ഷകരുടെ എണ്ണം	ലഭിച്ചവരുടെ എണ്ണം
1995-96	1727	28000.00
ആകെ	1727	28000.00

സർക്കാർ പ്രഖ്യാപിക്കുന്ന വിവിധ സാമൂഹ്യക്ഷേമ പദ്ധതികളെപ്പറ്റിയുള്ള വിവരങ്ങൾ ഗുണഭോക്താക്കൾ യഥാസമയം ലഭിക്കുന്നില്ല. അനുവദിക്കുന്നതുക അപര്യാപ്തവുമാണ്

പൊതുവിതരണം

ജനക്ഷേമപ്രവർത്തനങ്ങൾക്കുള്ള ശക്തമായ മേഖലയാണ് പൊതുവിതരണ ശൃംഖല. നിത്യോപയോഗ സാധനങ്ങളുടെ വില അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇടത്തരക്കാർക്കും അല്പവരുമാനക്കാർക്കും ജീവിതംദുസ്സഹമാകുന്നു. വിദേശപണത്തിന്റെ സ്വാധിനം സ്ഥിതി കുടുതൽ വഷളാക്കുന്നു

ജനക്ഷേമ പ്രവർത്തനങ്ങളിൽ താത്പര്യമുള്ള ഒരു ഗവണ്മെന്റിനും പൊതുവിതരണ ശൃഖലയെ അവഗണിക്കാൻ കഴികയില്ല. പഞ്ചായത്തിൽ 17 ന്യായവിലറേഷൻ കടകളും ഒരു മാവേലിസ്റ്റോറും പ്രവർത്തിക്കുന്നുണ്ട്. 3ാം വാർഡിൽ പ്രവർത്തിക്കുന്ന മാവേലിസ്റ്റോറിന്റെ പ്രയോജനം പഞ്ചായത്തിന്റെ ഇതരമേഖലകളിൽ ജീവിക്കുന്നവർക്ക് ലഭിക്കുന്നുണ്ടെന്നു പറയാൻ കഴിയില്ലാ. അതിലുപരി ഈ പൊതുവിതരണസ്ഥാപനത്തിന്റെ പ്രവർത്തനം തൃപ്തികരമല്ലെന്ന പരാതിയുണ്ട്. പഞ്ചായത്തിന്റെ 6,7, 8,9 വാർഡുകളിലെ ജനങ്ങൾക്ക് പ്രയോജനങ്ങൾ ലഭിത്തക്ക രിതിയിൽ ഒരുമാവേലിസ്റ്റോറെങ്കിലും തുറന്ന് കാര്യക്ഷമമായി പ്രവർത്തിച്ചാൽ അവിടുത്തെ ജനങ്ങൾക്ക് അതൊരു വലിയ സഹായമായിരിക്കും

പട്ടിക VI

റേഷൻ കടകളിലൂടെയുള്ള വിതരണ വിവരം

നമ്പർ	കടനമ്പർ	കാർഡിന്റെ എണ്ണം	E വീടുകൾ	NE വീടുകൾ	പ്രായപൂർത്തി ആയവർ	കുട്ടികൾ	ആകെ യൂണിറ്റ്	മണ്ണെണ്ണ പെർമിറ്റ്
1	221	249	190	59	1001	206	22.8	195
2	222	129	84	45	476	103	1055	124
3	223	322	233	89	1243	214	27	422
4	225	334	202	132	1257	223	27.37	423
5	224	247	142	105	958	195	21.71	140
6	266	214	217	97	815	147	17.77	169
7	227	417	226	191	1598	278	34.74	389
8	228	179	74	105	779	101	16.59	67
9	229	338	171	217	1807	195	38.09	218
10	230	287	155	132	1246	146	26..38	218
11	231	332	168	164	1420	182	30.22	174
12	232	224	145	99	1054	181	22.89	173
13	233	299	179	120	1246	187	26.79	145
14	234	291	129	168	1186	205	25.77	274
15	235	264	149	115	1132	207	24.71	107
16	246	215	73	142	800	116	17.16	111
17	261	293	185	108	1158	160	24.76	648
		4634	2622	2088	19176	3046	384.3	3997

പട്ടിക VII

ട്രൈസം-തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

പരിശലന വിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയംതൊഴിൽ കണ്ടെത്തിയവരുടെ എണ്ണം
ഇലക്ട്രിഷ്യൻ		
വയർമാൻ	1	1
സ്പ്രെപെയിന്റിംഗ്	1	1
ഇലക്ട്രോണിക്സ്	4	4
ടെയിലറിംഗ്	1	1
ശ്രീ വിൽ മെക്കാനിസം	2	2
ഡീസൽ മെക്കാനിസം	2	2
പെയിന്റിംഗ്	2	2
ബുക്ക്ബയന്റിംഗ്	1	1

(അവലംബം:ബ്ലോക്ക് ആഫിസ് രേഖകൾ)

ട്രൈസം

ഈ പദ്ധതിയിലുടെ പരിശീലനം ലഭിച്ച 14 പേരാണ് ഈ പഞ്ചായത്തിലുള്ളത്. ഇവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള സൗകര്യങ്ങൾ ലഭിക്കണം. ധനകാര്യ സ്ഥാപനങ്ങൾ ഇവർക്കുനൽകുന്നവയ്പകളുടെ നടപടിക്രമങ്ങൾ സങ്കിർണ്ണങ്ങളാണ്. ടൂൾകിറ്റുകൾ സ്വതന്ത്രമായി വാങ്ങാൻ കഴിയുന്നില്ലെന്നു മാത്രമല്ല ലഭിച്ച ടൂൾ കിറ്റുകൾ ഉപയോഗയോഗ്യവുമല്ല.

ഡി.ഡബ്ല്യു.സി.ആർ.എ

നമ്മുടെ പഞ്ചായത്തിൽ മുന്ന് ഡി.ഡബ്ലു.സി.ആർ.എ യുണിറ്റ് പ്രവർത്തിക്കുന്നു.ഇവയിൽ മൊത്തം 30 അംഗങ്ങൾ ഉണ്ട്. കിണർതൊടി, സിമിൻറ്റ് ഇഷ്ടിക എന്നിവയുടെ നിർമ്മാണമാണ് ഇവർ ഏറ്റെടുത്തിട്ടുള്ള പ്രധാനതൊഴിലുകൾ

ഇതിൻറെ കുടുതൽ യൂണിറ്റുകൾ അനുവദിക്കുന്നതോടെ തൊഴിൽ രഹിതരായ ഒട്ടേറെപേർക്ക് തൊഴിൽ സാദ്ധ്യതയുണ്ടാകും

സി.ബി.സി.എസ്

രജിസ്റ്റർ ചെയ്ത 6സി.ബി.സി.എസ് (കമ്മ്യൂണിറ്റി ബേസ്ഡ് കൺവർജൻറ്റ് സർവ്വിസസ്) യുണിറ്റുകൾ ഇവിടെ പ്രവർത്തനനിരതമാണ്. ഇവയിൽ മൊത്തം 142 അംഗങ്ങൾ ഉണ്ട്. ഇവർ 31980രൂപ സംഭരിച്ചു. ഗവൺമെൻറ്റ് ധനസഹായമായി 30000രൂപായും ലഭിച്ചിട്ടുണ്ട്. കുടുതൽ സി.ബി.സി.എസ് യൂണിറ്റുകൾ ആരംഭിച്ചാൽ തൊഴിൽ രഹികരായ വനിത കൾക്ക് സഹായംകരമായിരിക്കും

പി.എം.ആർ.വൈ

ഈ പദ്ധതിയുടെ ആനുകുല്യം25 പേർക്ക് ലഭ്യച്ചു. സ്റ്റേറ്റു ബാങ്ക് ഓഫ് ട്രാവൻകുർ ഹരിപ്പാട്, പള്ളിപ്പാട് ബ്രഞ്ചുകളിൽ നിന്നായി 909500/-രൂപ

വിതരണംചെയ്തിട്ടുണ്ട്

ജെ.ആർ.വൈ

പട്ടികജാതി-പട്ടികവർഗ്ഗത്തിൽപെട്ടവർക്ക് 1992മുതൽ1994 വരെ32 വീടുകൾ നൽകിയിട്ടുണ്ട്. അപേക്ഷകരുടെ എണ്ണം നോക്കുമ്പോൾ ഇതു വളരെ കുറവായാണ് കാണുന്നത് ഈപദ്ധതിയുടെ ആനുകൂല്യം ലഭിക്കാൻ അർഹതയുള്ളവർ ഏറെയാണ്

ഐ.എ.വൈ

ഈ പദ്ധതി അനുസരിച്ച് പട്ടികജാതി-പട്ടിക വർഗ്ഗവിഭാഗത്തിൽ പ്പെട്ട 32കുടുംബങ്ങൾക്കാണ് വീടുകൾ നിർമ്മിച്ചുക്കൊടുത്തിട്ടുള്ളത്. കൂടാതെ ഇതരവിഭാഗങ്ങളിൽ പെട്ട 14 കുടുംബങ്ങൾക്കും ഇതിന്റെ പ്രയോജനണ ലഭിച്ചിട്ടുണ്ട്

പട്ടികVIII

കക്കുസുകൾ സംബന്ധിക്കുന്ന വിവരം

വാർഡ്	സാനിട്ടറികക്കുസുകൾ ഇല്ലാത്തവീടുകളുടെ എണ്ണം	പൂർത്തികരിച്ചവ	ഇനി കക്കുസുകൾവേണ്ട കുടുംബങ്ങൾ
1	162	82	80
2	200	90	110
3	152	62	90
4	126	61	65
5	134	64	70
6	200	60	140
7	230	65	165
8	163	50	113
9	120	70	50
10	85	45	40
ആകെ	1572	649	923

(അവലംബം:ബ്ലോക്ക് ഡവലപ്മെൻറ് ആഫിസ് രേഖകൾ)

പട്ടിക X

പി.എം.ആർ.വൈ.പദ്ധതി

നമ്പർ	ബാങ്കിന്റെപേര്	വർഷം	ധനസഹായം ലഭിച്ചവരുടെ എണ്ണം	തുക
1	എസ്സ്.ബിറ്റി പള്ളിപ്പാട്	1995-96	7	1,77500/-
"		1995-96	6	235000/-
"		1996-97	7	253000/-
2	എസ്സ്.ബി.റ്റി ഹരിപ്പാട്	1994-95	4	164000/-
		1995-96	1	80000/-
		1996-97	-	-
	ആകെ -		25	909500/-

(അവലംബം-വ്യവസായ ഓഫിസ്)

പെൻഷൻ പദ്ധതികൾ

വിവിധ പെൻഷൻ പദ്ധതികളുടെ ആനുകൂല്യം 289 പേർക്ക് ലഭിക്കുന്നുണ്ട്. അവരിൽ 110 പേർക്ക് വിധവ പെൻഷനും, 125പേർക്ക് വികലാംഗ പെൻഷനും, 35പേർക്ക് വർദ്ധക്യകാല പെൻഷനും 15പേർക്കും ക്ഷയരോഗി പെൻഷനും, 3പേർക്ക് ക്യാൻസർ രോഗിപെൻഷനും,1 ആൾക്ക് കുഷ്ഠരോഗി പെൻഷനുംമാണ് ലഭിക്കുന്നത്. ഇതിനുപുറമേ കർഷകതൊഴിലാളി പെൻഷന്റെ ആനുകൂല്യം ലഭിക്കുന്നവരും പഞ്ചായത്തിലുണ്ട്

എങ്കിലും അർഹരായ എല്ലാവർക്കും പെൻഷൻ ലഭിക്കുന്നില്ല എന്ന പരാതി ഉണ്ട്.

പട്ടികXI

പെൻഷൻ ധനസഹായം സംബന്ധിച്ച വിവരങ്ങൾ

വിധവാ പൻഷൻ	വികലാംഗ പെൻഷൻ	ക്ഷയരോഗി പെൻഷൻ	കുഷ്ഠരോഗി പെൻഷൻ	കാൻസർരോഗി പെൻഷൻ
110	125	15	1	3

നിർദ്ദേശങ്ങൾ

1 സർക്കാരിന്റെ വിവിധക്ഷേമ പദ്ധതികളുടെ അപേക്ഷാ മാതൃകയും അപേക്ഷിക്കേണ്ട രീതിയും ഗ്രാമപഞ്ചായത്തിലുടെ വിതരണം ചെയ്യുക. ഇതിനു സഹായകമായ ഇൻഫർമേഷൻ സെൻറ്ററുകൾ തുടങ്ങണം.

2 ക്ഷേമ പദ്ധതികളുടെ തുക അപര്യാപതമാണ്. ഇത് കാലാനുസൃതമായി വർദ്ധിപ്പിക്കേണ്ടതാണ്

3 ട്രൈസംപദ്ധതി വ്യാപകമാക്കണം. പരിശീലനം ലഭിക്കുന്നവർക്ക് തൊഴിൽ തുടങ്ങുന്നതിനുള്ള വായ്പകൾ ഉദാരവൽക്കരിക്കണം. ഗുണനിലവാരമുള്ള ടൂൾകിറ്റുകൾ സ്വതന്ത്രമായി വാങ്ങാൻ അനുവദിക്കണം.

4 D.W.C.R.A യുടെകൂടുതൽ യൂണിറ്റുകൾ അനുവദിക്കണം

5 C.B.C.S ന്റെ കൂടുതൽ യൂണിറ്റുകൾ രൂപികരിച്ച് പദ്ധതി യുടെ പ്രയോജനം വിപുലമാക്കണം

6പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനസൗകര്യം വർദ്ധിപ്പിക്കാൻ സഹായകമായ ഹോസ്റ്റലുകൾ സ്ഥാപിക്കണം

7 ഒരു വൃദ്ധ സദനം തുടങ്ങണം

8 പഞ്ചായത്തിൽ ഡേ-കെയർ സെൻറ്ററുകൾ ആരംഭിക്കേണ്ടതാണ്

9 അയൽക്കൂട്ടങ്ങൾ സംഘടിപ്പിക്കുന്നതിന് പഞ്ചായത്ത് മുൻ കൈ എടുക്കണം

10 പൊതുവിതരണ ശൃംഖല ശക്തവും വ്യാപകവും ആക്കണം

11 മദ്യം, മയക്കുമരുന്ന് ഇവയെക്കതിരെയുള്ള പ്രചാരണവും പ്രവർത്തനവും ശക്തമാക്കണം

12 അങ്കണവാടികളിലെ ഇല്ലാത്ത വാർഡുകളിൽ അവ തുടങ്ങണം. രോഗപ്രതിരോധ

നടപടികൾകാര്യക്ഷമമാക്കണം
13 അങ്കണവാടികളിലെ പ്രഥമിക സൗകര്യങ്ങൾ വർദ്ധപ്പിക്കണം
14 സ്ത്രീ ധനം,സ്ത്രീ പീഢനം, എല്ലാമേഖലയിലുംമുള്ള ആർഭാടങ്ങൾ ഇവ ഒഴിവാക്കാൻ സജീവമായ ബോധവൽക്കരണ നടപടികൾ ആരംഭിക്കുക
15 കോളനികളിൽ ടി.വി സ്ഥാപിക്കുക
16 ഐ.ആർ.ഡി.പി സർവ്വെ നടത്തി അർഹരായ മുഴുവൻ ആളുകൾക്കും സഹായം ലഭ്യമാക്കുക
17 സാമൂഹ്യനിന്മകൾക്കെതിരെ ശക്തമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തുക.

പാർപ്പിടം

സ്ഥിരതാമസത്തിന് നിർബ്ബന്ധിതനായതോടെ മനുഷ്യന് പാർപ്പിടം ഒരു പ്രശ്നമായി. അന്നു മുതൽക്കാകണം പാർപ്പിടം അവന്റെ പ്രഥാമികാവശ്യങ്ങളിൽ ഒന്നായി അനുഭവപ്പെട്ടത്. വിവിധതരം വിടുകൾ പണിത് താമസിക്കാൻ തുടങ്ങിയതോടെ ഈ പ്രശ്നം കൂടുതൽ ഗൗരവത രമായി. ഇന്നു ഏതൊരാളുടേയും ആഗ്രഹങ്ങളി ലൊന്നാണ്, സ്വന്തമായ ഒരു പാർപ്പിടം. 21ാം നൂറ്റാണ്ടിലേക്ക് കടക്കുമ്പോഴും തലചായ്ക്കാ നിടമില്ലാത്തവർ ഉണ്ടായിരിക്കുന്നത് ഒരു പരിഷ്കൃത സമൂഹത്തിനു അഭിമാനകരമല്ല.

ഇടത്തരം വീടുകളും വളരെ ചെറിയ വീടുകളും കുടിലുകളുമുള്ള ഒരു പഞ്ചായത്താണ് പള്ളിപ്പാട്. കുടിലുകൾ കൂടുതലും കാണുന്നത് പട്ടികജാതി-വർഗ്ഗ ജനങ്ങൾ താമസിക്കുന്ന പ്രദേശങ്ങളിലാണ്. എന്നാൽ മറ്റു മേഖലകളിലും കുടിലുകൾ കുറവല്ല. ഗൾഫ് പണത്തിന്റെ വരവോടെ ധാരളം മണിമാളികകളും ഉയർന്നിട്ടുണ്ട്. ഇതുമൂലം മാണ് കെട്ടിടം നിർമ്മാണ സാമഗ്രികളുടെ വില ക്രമാതീതമായി വർദ്ധിച്ചതെന്ന പരാതിയിൽ കഴമ്പില്ലാതില്ല.

കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവും കൂലിയിലുള്ള വർദ്ധനവും സാദാരണക്കാർക്ക് പാർപ്പിട നിർമ്മാണം പലപ്പോഴും ഒരു സ്വപ്നമായി അവശേഷിക്കുവാൻ കാരണമാകുന്നു. പഞ്ചായത്തിൽ ഭവന നിർമ്മാണ സൊസൈറ്റികൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. ദുർബല വിഭാഗങ്ങൾക്ക് ഭവനനിർമ്മാണത്തിന് കാര്യമായ സഹായം ലഭിക്കാത്തതുമൂലം പാർപ്പിട ങ്ങളില്ലാത്തവരുടെ എണ്ണം കുറയുന്നതിനിട യാകുന്നില്ല. ഇന്നും ഒരു വിട്ടിൽ ഒന്നിലധികം കുടുംബങ്ങൾ താമസിക്കുന്നതായികാണാം

കേന്ദ്രസംസ്ഥാന സർക്കാരുകളുടെ വിവിധ പാർപ്പിട പദ്ധതികളിലുടെ ഭവനനിർമ്മാണ രംഗത്ത് ചലനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ആവശ്യക്കാരുടെ എണ്ണം പെരുകുന്നതായിട്ടാണ് കാണുന്നത്. സ്വന്തമായി ഭൂമിയില്ലാത്തഭവനരഹിതർ നേരിടുന്ന പ്രശ്നം വളരെ ഗുരുതരമാണ്. ഇവർക്ക് ഭവനനിർമ്മാണത്തിന് സഹായത്തിന് അപേക്ഷി ക്കുന്നതിന് പോലും മുള്ള അർഹതയില്ല. പട്ടികജാതി -വർഗ്ഗവിഭാഗങ്ങൾ ക്കുനൽകുന്നതു പോലെയുള്ള സഹായം മറ്റുദുർബ്ബല വിഭാഗങ്ങളിൽ പെട്ടവർക്കും നൽകുവാൻ കഴിഞ്ഞാൽ ഒരു പരിധിവരെയെങ്കിലും ഈ പ്രശ്നം പരിഹരിക്കാൻ കഴിയും.

സാമൂഹിക സംഘടനകളും സന്നദ്ധ സംഘടനകളും സർക്കാർ ഏജൻസിക ളുമായി സഹകരിച്ച് പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുണ്ടെന്നുള്ളത് എടുത്തുപറയേണ്ടിരിക്കുന്നു

പട്ടിക IX

നിർദ്ദേശങ്ങൾ
1 പഞ്ചായത്തുതലത്തിൽ ഭവനനിർമ്മാണ സഹകരണസംഘങ്ങൾ രൂപീകരിക്കുക
2 ചെലവുകുറഞ്ഞ പാർപ്പിട നിർമ്മാണ രിതികൾ ആവിഷ്കരിച്ചു പ്രചരിപ്പിക്കുക
3 വിവിധ പാർപ്പിട പദ്ധതികളിൽ ഇപ്പോഴുള്ള ധനസഹായത്തിന്റെ പരിധി ഉയർത്തുക
4 കെട്ടിട നിർമ്മാണസാമഗ്രികൾ നിർമ്മിക്കുന്നതിനും, ശേഖരിക്കുന്നതിനും, വിതരണംചെയ്യുന്നതിനും സഹകരണ സംഘങ്ങൾ രൂപികരിക്കുക
6 പ്രകൃതി ക്ഷോഭപുനരധിവാസത്തിന് കൂടുതൽ സഹായധനമനുവദിക്കുക
7 ഭവനനിർമ്മാണപദ്ധതികളനുസരിച്ച് പണിയുന്ന വിടുകളുടെ സ്റ്റേജ് സർട്ടിഫിക്കേറ്റ് നൽകു ന്നതിനുള്ള അധികാരംപഞ്ചായത്തംഗങ്ങൾക്ക് നൽകുക
8 ഭവന നർമ്മാണപദ്ധതികളുടെ എഗ്രിമെന്റ് ഫീസ് കുറയ്ക്കുക
9 വിവിധ ഭവനനിർമ്മാണപദ്ധതികളിലെ ഗുണഭോക്താക്കൾ ഇന്നു നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി നടപടിക്രമങ്ങൾ ലഘുകരിക്കുക
10 വിവിധ ഭവനനിർമ്മാണ പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകുക
11 കോളനിനിവാസികൾക്ക് ഓടുമേഞ്ഞവിടുകൾ നിർമ്മിക്കുക
12 പുര കെട്ടി മേയുന്നതിനുള്ള ആനുകൂല്യം വർദ്ധിപ്പിച്ച് ദുർബല വിഭാഗങ്ങൾ ക്ക് കൂടുതൽ പ്രയോജന പ്രദമാക്കുക
13 പ്രകൃതിക്ഷോഭത്തിനെതിരെ പഞ്ചായത്തിലെ എല്ലാവിടുകളും ഇൻഷ്വർ ചെയ്യേണ്ടതാണ്. ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ പ്രിമിയം പഞ്ചായത്തുതന്നെ അടയ്ക്കേണ്ടതാണ്
14 മേലിലെങ്കിലും കോളനികൾക്ക് വേണ്ടി എടുക്കുന്ന സ്ഥലത്ത് ഒറ്റപ്പെട്ടവിടുകൾ നിർമ്മിക്കുന്നതിനുപകരം ഫ്ളാറ്റുകളുടെ മാതൃകയിൽ വിടുകൾ പണിത് ബാക്കിവരുന്ന സ്ഥലം കളിസ്ഥലം, പൂന്തോട്ടം, ശ്മശാനം മുതലായവയ്ക്കായി നിക്കിവയ്ക്കുക
15 ഇത്തരം കോളനികളിലെ കക്കുസുകളുപയോഗിച്ച് ഗോബർഗ്യസ് പ്ലാന്റുകൾ സ്ഥാപിക്കാവുന്നതാണ്

4.8

സാംസ്ക്കാരിക രംഗം.

സാംസ്ക്കാരികമായി ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന ഒരു പ്രദേശമാണ് പള്ളിപ്പാട്. ഉയർന്ന ധാർമ്മികബോധവും ആചാരഅനുഷ്ഠാനങ്ങളിലുള്ള അചഞ്ചലമായ വിശ്വാസവും എക്കാലത്തും ഈ പ്രദേശത്ത് നിലനിന്നിരുന്നു. അതുകൊണ്ടു തന്നെയാണ് നാനാ ജാതി മതസ്ഥരായ ആളുകൾ ഈ പ്രദേശത്ത് തിങ്ങിപ്പാർക്കുന്ന ഈ പ്രദേശത്ത് ജാതി മത ചിന്തകൾക്കതീതമായി പ്രവർത്തിക്കാൻ കഴിയുന്ന എല്ലാ ജാതിമതസ്ഥരെയും സമ ഭാവനയോടെ കാണാൻ കഴിയുന്ന ഒരു സമൂഹം നിലനിൽക്കുന്നത്.

വിദ്യാഭ്യാസ രംഗത്ത് വൻനേട്ടങ്ങൾ ഒന്നും കൈവരിക്കാൻ കഴിഞ്ഞിരുന്നില്ലെങ്കിലും സാർവ്വത്രിക വിദ്യാഭ്യാസം എന്ന ആശയത്തിന് പ്രാമുഖ്യം ലഭിക്കുന്നതിന് മുൻപുതന്നെ സമീപ പ്രദേശങ്ങളിലുള്ള വിദ്യാലയങ്ങളിൽ കുട്ടികളെ അയച്ചു പഠിപ്പിക്കുവാൻ ഇവിടുത്തെ ഗ്രാമീണർ ശ്രദ്ധിച്ചിരുന്നു. സാർവ്വത്രിക വിദ്യാഭ്യാസം ശക്തമായതോടെ ഈ പ്രദേശത്തും വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കപ്പെട്ടു. മത സംഘടനകളും വ്യക്തികളും ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. പട്ടിക ജാതി വിദ്യാർത്ഥികളുടെ പഠനത്തിനായി വിദ്യാലയം സ്ഥാപിക്കുന്ന കാര്യത്തിൽ സർക്കാരും ശ്രദ്ധിച്ചു.
ഇതു തീർച്ചയായും പ്രദേശത്തിന്റെ സാസ്ക്കാരിക വളർച്ചക്ക് സഹായകമായി എന്നു വേണം കരുതുവാൻ.

വിദ്യാഭ്യസപരമായ ഈ വളർച്ച കൂടുതൽ വായിച്ചു വളരുവാൻ പ്രചോദനമായി. കൊല്ലവർഷം 1123 കുഭമാസത്തിൽ ആണ് ഒരു ഗ്രന്ഥശാലയും വായനശാലയും സ്ഥാപിക്കുക എന്ന ആശയം പൊന്തി വന്നത്. മഹാത്മജിയുടെ രക്ത സാക്ഷിത്വത്തോടെ അദ്ദേഹത്തിന് ഒരു സ്മാരകം പണിയിക്കണമെന്ന ആശയം തെക്കേക്കര കിഴക്കുള്ള ഏതാനും യുവാക്കൾക്കുണ്ടായി. കന്യാകുമാരിയിൽ നിമഞ്ജനം ചെയ്യാനുള്ള ഗാന്ധിജിയുടെ ചിതാ ഭസ്മകലശം ശ്രീ. കെ.പി. മാധവൻ നായരുടെ നേതൃത്വത്തിൽ ഹരിപ്പാടു വഴിയാണ് കൊണ്ടുപോയത്. ഈ യുവാക്കൾ ചിതാഭസ്മകുഭം പൊതിഞ്ഞിരുന്ന കുറെ പൂക്കൾ ആദരപൂർവ്വം വാങ്ങി കൊണ്ടു വന്നു. ചെമ്പകശ്ശേരിൽ നാണുക്കുട്ടിയമ്മ സംഭാവന ചെയ്ത സ്ഥലത്ത് 1123 ഇടവം 1ന് ഗാന്ധിജി സ്മാരക ഗ്രന്ഥ ശാലയുടെയും വായനശാലയുടെയും അടിസ്ഥാനശില ഈ പുഷ്പങ്ങൾ വിതറി സ്ഥാപിച്ചു.

മുക്കന്നൂർ ശിവരാമപിള്ള പ്രസിഡന്റും ശ്രീ വലാസം ഗോപാലൻ നായർ സെക്രട്ടറിയുമായുള്ള കമ്മറ്റി 10. 02. 1124 (1948 സെപ്റ്റമ്പർ 26) ൽ കേരളാ ഗ്രന്ഥശാലാ സംഘത്തിൽ 448 ാം

നമ്പരായി ഗാന്ധിജി സ്മാരക ഗ്രന്ഥശാല ആൻഡ് വായനശാല എന്നപേരിൽ റജിസ്റ്റർ ചെയ്തു. കഴിഞ്ഞ 48 വർഷമായി ഈ പ്രദേശത്തിന് വിജ്ഞാനത്തിന്റെ പ്രഭാപൂരം ചൊരിഞ്ഞുകൊണ്ട് ഇത് ഒരു "എ" ഗ്രേഡ് ഗ്രന്ഥശാലയായി പ്രവർത്തിക്കുന്നു.

1958ൽ കോട്ടക്കകം കേന്ദ്രമാക്കി 113ാം നമ്പർ എൻ. എസ്. എസ് കരയോഗം സംഭാവന ചെയ്ത സ്ഥലത്ത് നങ്ങ്യാർകുളങ്ങര യുവജനസമാജം ഗ്രന്ഥശാലയും വായനശാലയും സ്ഥാപിക്കപ്പെട്ടു. ഇപ്പോൾ ഇത് ഒരു "ബി" ഗ്രേഡ് ഗ്രന്ഥശാലയായി പ്രവർത്തിക്കുന്നു. കൂടുതൽ ഗ്രന്ഥശാലകളും വായനശാലകളും സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല എന്ന പോരായ്മ നിലനിൽക്കുന്നു.

പട്ടിക.1

ഗ്രന്ഥ ശാലകൾ

പേര്	സ്ഥാപിച്ച വർഷം	ഗ്രേഡ്	അംഗങ്ങൾ എണ്ണം	പ്രതിദിന വിതരണം
ഗാന്ധിജി സ്മാരക ഗ്രന്ഥശാല& വായനശാല.	1948	A	679	65
നങ്ങ്യാർകുളങ്ങര യുവജന സമാജം	1958	B	642	58

ആർട്സ് ക്ലബ്, തെക്കേക്കരകിഴക്ക്	8736	സന്ന ദ്ധ പ്രവർത്തനം		
സ്പോർട്സ് ക്ലബ്	5327	പ്രവർത്തനം, കലാരൂപങ്ങളുടെ നവോദ്ധാനം.		

പട്ടിക.2

സ്പോർട്സ് കിറ്റ് വിതരണം ചെയ്തതു സംബന്ധിച്ച വിവരം.

വാർഡ്	ക്ലബിന്റെ പേര്	വർഷം 91-92	92-93	93-94	94-95
iv	പ്രിയ ദർശനി ആർട്സ്&സ്പോർട്സ് ക്ലബ്	-	-	-	-
xi	ശ്രുതി ആർട്ട്സ്				

വയോജനവിദ്യാഭ്യാസം എന്നലക്ഷ്യം മുൻനിർത്തി കൊണ്ട് കാൻഫെഡ് മുതലായ സംഘടനകളും സാംസ്ക്കാരികരംഗത്ത് ഉണർവ്വേകാൻ ശക്തമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന കാര്യം വിസ്മരിക്കാൻ കഴിയില്ല. സമ്പൂർണ്ണ സാക്ഷരതാ പ്രവർത്തനവും സാംസ്ക്കാരിക വളർച്ചക്ക് സഹായിച്ചിട്ടുണ്ട്. സാക്ഷരതാ പ്രവർത്തനത്തിന്റെ തുടർ വിദ്യാഭ്യാസ പരിപാടിക്കുവേണ്ടി പഞ്ചായത്തിൽ രണ്ടു ജന വിദ്യാകേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്.

സാംസ്ക്കാരികത്തനിമ വിളിച്ചോതുന്ന ക്ഷേത്രകലകളും നമ്മുടെ പ്രദേശത്ത് നടന്നിരുന്നു. പ്രധാനമായും മുല്ലവക്കുളങ്ങര ക്ഷേത്രത്തിൽ നടന്നു വന്നിരുന്ന പടയണി, ചൂട്ട് എന്നിവയും മണക്കാട് ദേവി ക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ച് നടന്നുവന്നിരുന്ന കോലം, പൂപ്പട എന്നിവയും ശ്രദ്ധേയമാണ്. ഈ പ്രദേശത്ത് ക്ഷേത്രങ്ങളിൽ നടന്നു വരുന്ന പറയെഴുന്നള്ളത്ത് വളരെയധികം പ്രത്യേകതകൾ ഉള്ളതാണ്. സാംസ്ക്കാരിക പൈതൃകത്തിന്റെയും ഉത്തമോദാഹരണമായി എടുത്ത് പറയേണ്ടത് അരയാകുളങ്ങര ശ്രീ കൃഷ്ണ സ്വാമി ക്ഷേത്രത്തിലെ ശ്രീകോവിലിനു ചുറ്റുമുള്ള ചുവർ ചിത്രങ്ങളും നങ്ങ്യാർകുളങ്ങര ക്ഷേത്രത്തിലെ നടപ്പന്തലിലുള്ള മഹാഭാരതം കഥയുടെ തടിയിലുള്ള കലാ ആവിഷ്ക്കാരവും ആണ്.ഇത്രയധികം മഹത്തരമായ ചുവർ ചിത്രങ്ങൾ സമീപപ്രദേശത്തെങ്ങും ദൃശ്യമല്ല.

കലാസാംസ്ക്കാരികരംഗത്ത് പലിയമുന്നേറ്റങ്ങൾ ഒന്ന് കാഴ്ചവയ്ക്കുവാൻ കഴിഞ്ഞില്ലെങ്കിലും പ്രവർത്തനം നമ്മുടെ പ്രദേശത്തിന്റെ ഉയർച്ചക്കും വളർച്ചക്കും സഹായകമായി എന്നും കാണാൻ കഴിയും. കഥകളി രംഗത്ത് ലോക പ്രശസ്തിയിലേക്ക്യർന്ന അനുഗ്രഹിത കലാകാരൻ ശ്രീ ഹരിപ്പാട് രാമകൃഷ്ണപിള്ളയുടെ ജന്മം കൊണ്ടും പ്രവർത്തനം കൊണ്ട് ഈ ഗ്രാമം ശ്രദ്ധേയമായി.

പാഠകരംഗത്ത് തനതായ വ്യക്തിത്വം സ്ഥാപിച്ച് ഈ കലയെ ജനകീയ വൽക്കരിച്ച കലാരത്നം ഹരിപ്പാട് അച്യുതദാസ് സജീവ സാന്നിദ്ധ്യം കൊണ്ട് ഈഗ്രാമത്തെ ധന്യമാക്കിയിരുന്നു. സാഹിത്യരംഗത്ത് തന്റെ മേഖലയിൽ ശ്രദ്ധേയമായ നേട്ടം കൈവരിക്കാനും നിലനർത്താനും കഴിഞ്ഞ പള്ളിപ്പാട് കുഞ്ഞുകൃഷ്ണൻ,

നാടകകൃത്തും നടനും മായിരുന്ന കോയിക്കലെത്ത് ചെല്ലപ്പൻ പിള്ള, സാഹിത്യകാരനും പത്രപ്രവർത്തകനുമായിരുന്ന ശ്രദ്ധേയനായ ഈരിക്കൽ കൊച്ചുപിള്ളയാശാൻ ചെണ്ടവിദ്വാൻ പള്ളിപ്പാട്ട് അച്യുതപ്പണിക്കർ, കാക്കാരശി നാടകരംഗത്ത് ശ്രദ്ധേയനായിരുന്ന കോട്ടയ്ക്കകം കുഞ്ഞുപിള്ളയാശാൻ ഇവരൊക്കെ കാലയവനികക്കുള്ളിൽ മറഞ്ഞുപോയെങ്കിലും എന്നും ഓർമ്മിക്കപ്പെടുന്ന നേട്ടങ്ങൾ കൈവരിച്ചിരുന്നു.

ഈ പഞ്ചായത്തിന്റെ ആദ്യ പ്രസിഡന്റ് പനയ്ക്കൽ പരമുപിള്ളയുടെ മകൻ വിശ്വപ്രസിദ്ധ കാർട്ടൂണിസ്റ്റ് രവീന്ദ്രൻ, വിയറ്റ്നാമിലെ അമേരിക്കൻ സൈനിക ഇടപെടലിനോടുള്ള പ്രതിഷേധം സൂചിപ്പിച്ചുകൊണ്ട് തനിക്ക് ലഭിച്ച ലോകോത്തര സമ്മാനം നിരസിച്ചനടപടി ഇന്നും നമ്മുടെ അഭിമാനമായി നില കൊള്ളുന്നു.

അന്യംനിന്നുകൊണ്ടിരിക്കുന്ന ക്ഷേത്രമലയാള തീയാട്ടിന്റെ അവതരണത്തിനും പ്രചാരണത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ കോയിക്കൽ ഉണ്ണിമാരുടെ നേതൃത്വത്തിൽ നടന്നു വരുന്നു.

നമ്മുടെ പഞ്ചായത്തിലുള്ള ക്ഷേത്രങ്ങളും, കൃസ്ത്യൻ, മുസ്ലിം പള്ളികളും മതമൈത്രിയും സാമുദായിക ഐക്യവും നിലനിർത്താൻ എക്കാലത്തും സഹായിച്ചിട്ടുണ്ട്. പഴമയുടെ കാര്യത്തിൽ മുന്നിട്ടുനിൽക്കുന്ന തലത്തോട്ടാ ശിവക്ഷേത്രം ബൗദ്ധിക കാലഘട്ടത്തിന്റെ ആദ്യനാളുകളിൽ സ്വയം ഭൂവായി ഉദയം ചെയ്തതായി കണക്കാക്കപ്പെടുന്നു. പുരാതനമായ മണക്കാട്ടു ശാസ്താക്ഷേത്രവും കുഞ്ഞെക്കുട്ടിപ്പിള്ളയുടെ കാലത്ത് പ്രതിഷ്ടിക്കപ്പെട്ട ഭൂവനേശ്വരിയു, നാഞ്ചിനാട്ട് (വേണാട്ട്) തളിയാതിരിമാർ സ്ഥാപിച്ച തളിയ്ക്കൽ ക്ഷേത്രവും പഴക്കം കൊണ്ട് മുന്നിൽ നിൽക്കുന്നു.

ആദ്യമായി സ്ഥാപിക്കപ്പെട്ട സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയും തുടർന്ന് സ്ഥാപിക്കപ്പെട്ട അനവധി കൃസ്ത്യൻ ദേവാലയങ്ങളും ഒരു നൂറ്റാണ്ടിലേറെ പഴക്കമുള്ള മുസ്ലിം ദേവാലയവുമൊക്കെ ഈ പ്രദേശത്തിന്റെ മതപരവും സാംസ്ക്കാരികവുമായ ഉന്നമനത്തിന് അളവറ്റ സഭാവനകൾ നൽകിയിട്ടുണ്ട്. ഈ ദേവാലയ അങ്കണങ്ങളും വൈ.എം.സി.എ ഹാളും അടുത്തകാലത്ത് നടുവട്ടം എൻ.എസ്.എസ് കരയോഗവും സ്ഥാപിച്ച മംഗല്യ ആഡിറ്റോറിയവും മാത്രമാണ് സാംസ്കാരിക പ്രവർത്തനങ്ങൾക്ക് വേദിയാകാനുള്ള സൗകര്യമൊരുക്കുന്നത്.

ഗ്രാമസഭയിൽനിന്നും ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സമയബന്ധിതമായി നടപ്പാക്കേണ്ടകാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1 പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ ഗ്രന്ഥശാലകളും വായനശാലകളും ആരംഭിക്കുക.

2 ഗ്രന്ഥശാലകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ വേണ്ട സഹായങ്ങൾ ചെയ്യുക

3 ഗ്രന്ഥശാലകളെ ഇൻഫർമേഷൻ സെന്ററുകൾ ആക്കുക

4 ഗ്രന്ഥശാലകളിലും വായനശാലകളിലും ടി.വി സ്ഥാപിക്കുക

5 പഞ്ചായത്തിൽ ഒരു സാംസ്ക്കാരിക നിലയം സ്ഥാപിക്കുക

6 പൊതുകളിസ്ഥലവും,കുട്ടികളുടെ പാർക്കും നിർമ്മിക്കുക.

7 നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കലകളുടെ പുനരുജ്ജീവനത്തിനും അവതരണത്തിനും ഒരു ഓപ്പൺ എയർതീയേറ്റർസ്ഥാപിക്കുക

8 സന്നദ്ധ-സാംസ്കാരിക സംഘടനകളുടെ ആസ്ഥാനങ്ങളിൽ ടി.വി, റോഡിയോ എന്നിവ സ്ഥാപിക്കുക

9 മദ്യം,മയക്കുമരുന്ന്, സ്ത്രീ പീഢനം ഇവയ്ക്കെതിരെ സാമൂഹ്യസംഘടനകളുടെ സഹായത്തോടുകൂടി പ്രചാരണ പ്രവർത്തനങ്ങളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തുക

10അനൗപചാരിക വിദ്യാഭ്യാസത്തിന്റെ വികസനത്തിന് വേണ്ട സഹായങ്ങൾ ചെയ്യുക

11 ലളിത കലാപരിശീലന കേന്ദ്രം സ്ഥാപിക്കുക

12 മെച്ചപ്പെട്ട കായികസംസ്ക്കാരം വളർത്തിയെടുക്കുക

13 കായികവിനോദത്തിന്റെ പ്രാധാന്യം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക

14 പടിഞ്ഞാറൻ സംസ്ക്കാരത്തിന്റെ വിപത്തിനെതിരെയും മൂല്യച്യുതിക്കെതിരെയും ബോധവൽക്കരണം നടത്തുക

15 പരമ്പരാഗത കലാരൂപങ്ങൾക്ക് പ്രോത്സാഹനവും പ്രചാരണവും കൊടുക്കുക.

4.9

വനിത

1991ലെ സെൻസസ് അനുസരിച്ച് ഈ പഞ്ചായത്തിൽ 12340 സ്ത്രീകൾ ഉണ്ട്. ഇത് പുരുഷന്മാരേക്കാൾ 1074 കൂടുതലാണ്. സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിലും സ്വാകര്യമേഖലയിലും തൊഴിൽ ചെയ്യുന്ന സ്ത്രീകൾ ധാരാളമുണ്ട്. എന്നാൽ തൊഴിൽ രഹിതരായ വനിതകളുടെ എണ്ണം അതിലൊക്കെ എത്രയോ കൂടുതലാണ്. സാമ്പത്തികമായി ഇവരുടെ നില പരുങ്ങലിൽ ആണെങ്കിലും വനിതകളുടെ സാമൂഹിക പദവി ഉയർന്നിട്ടുണ്ട്.

പഴയകാലത്ത് സാമൂഹിക പ്രവർത്തനമണ്ഡലങ്ങളിൽ സ്ത്രീ പങ്കാളിത്തം ഇല്ലായിരുന്നു എന്നുതന്നെ പറയാം. പെൺകുട്ടികൾക്കെലാം വിദ്യാഭ്യാസം വേണ്ടത്ര ലഭിച്ചിരുന്നില്ല. ലഭിച്ചവർക്ക് തന്നെ ഈ രംഗത്ത് മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുവാനോ കൈ പിടിച്ചുയർത്തുവനോ കഴിഞ്ഞിരുന്നില്ല. ശൈശവ വിവാഹം നിലനിന്നിരുന്ന കാലത്ത് സ്ത്രീ കൾ ഗൃഹാന്തരിക്ഷത്തിൽ ഒതുങ്ങി കഴിയന്നതായിരുന്നു മാന്യതയുടെ ലക്ഷണം

പെൺകുട്ടികളെ സ്ക്കൂളിലയക്കാൻ മടിച്ചിരുന്ന കാലം ഇന്നൊരോർമ്മ മാത്രമാണ്. അതുപോലെ തന്നെ സ്ത്രീകളുടെ സാമൂഹിക പദവി ഉയരുന്നതിനു വിഘാതമായ ആചാരങ്ങളൊന്നും തന്നെയില്ലെന്നും പറയാം. സാർവത്രിക വിദ്യാഭ്യാസത്തിന്റെ സദ്ഫലങ്ങൾ രുചിക്കുവാൻ അവർക്കുകഴിയുന്നു. തീർച്ചയായും സാമൂഹിക പുരോഗതിയിൽ സ്ത്രീകളുടെ പങ്കാളിത്തവും മാന്യതയും ഉയരുന്നതിനുള്ള പ്രധാന കാരണങ്ങളിൽ ഒന്ന് ഇതു തന്നെയാണ്.1991ലെ സെൻസസ് പ്രകാരം സാക്ഷരരായ സ്ത്രീകൾ പുരുഷന്മാരെക്കാൾ 686 കൂടുതലാണ്.

പഞ്ചായത്തിലുള്ള വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിലേയും മേധാവികളുടേയും അവിടെ തൊഴിൽ ചെയ്യുന്നവരുടേയും കണക്ക് ഇത് വ്യക്തമാക്കുന്നുണ്ട്.

ഇന്ന് ബിരുദങ്ങൾ നേടിയ വനിതകൾ ഇവിടെ ഒട്ടനവധിയാണ്. സാങ്കേതിക ബിരുദങ്ങൾ നേടിയവരും ധാരാളമുണ്ട്. എന്നാൽ ഇവർക്കെല്ലാം യോഗ്യതക്ക്നുസൃതമായി തൊഴിൽ ലഭിക്കുന്നില്ല എന്ന ദുഃഖ സത്യം സൂചിപ്പിക്കാതെ തരമില്ല.

വിവിധ മേഖലകളിലുള്ള തൊഴിൽ രംഗങ്ങളിലേയ്ക്ക് സ്ത്രീകളുടെ കടന്നുവരവ് ശ്രദ്ധാർഹമാണ്. മുൻകാലങ്ങളിൽ പുരുഷന്മാർ മാത്രം തൊഴിലെടുത്തിരുന്ന മേഖലകളിൽപോലും ഇന്ന് സ്ത്രീകൾ പണിയെടുക്കുന്നതുകാണാം. കെട്ടിട നിർമ്മാണ രംഗത്താണ് ഇത് വളരെ പ്രകടമായി കാണുന്നത്.

അങ്ങനെ കട്ടിപ്പണി ചെയ്യുന്നതിനും അവർ കെല്പുള്ളവരാണെന്ന് തെളിയിച്ചു കഴിഞ്ഞിരിക്കുന്നു. വർദ്ധിച്ചുവരുന്ന തൊഴിൽ ഇല്ലായ്മയും, ജീവിത പ്രയാസങ്ങളുമാണ് ഇതിനോക്കെ കാരണമെന്ന് ചൂണ്ടിക്കാണിക്കുന്നു.

തൊഴിൽ രംഗത്ത് ചില മേഖലകളിൽ സ്ത്രീ കൾക്ക് പുരഷന്മാരേക്കാൾ കുറഞ്ഞ കൂലി യാണ് ലഭിക്കുന്നത്. കൂലി വ്യവസ്ഥയിൽ ഈ വ്യത്യാസത്തിനു കാരണം പുരുഷമേധാവിത്വ മാണെന്നാരും പറയുമെന്ന് തോന്നുന്നില്ല.

വനിതാ വിമോചന പ്രസ്ഥാനങ്ങൾ വളരെ സജീവമായും കാര്യക്ഷമമായും മുന്നേറുന്ന ഇക്കാലത്തും പൊതുരംഗങ്ങളിൽ സ്ത്രീ കളുടെ അദൃശ്യത അനുഭവപ്പെടുന്നു. അവേശപൂർവ്വം ക്രിയാത്മകമായി പ്രവർത്തിക്കുവാൻ കഴിയുന്ന മേഖലകളിൽ നിന്നുപോലും അവർ വിട്ടു നില്ക്കുന്നതായി തോന്നുന്നു. ഈ വിമുഖതയ്ക്കുള്ള കാരണങ്ങൾ പലതാകും ഏതായാലും വീടുകളിൽ ഒതുങ്ങിക്കഴിയുന്നതിനാണ് അവരിലേറെപ്പേരും ഇഷ്ടപ്പെടുന്നതെന്നു തോന്നൽ സൃഷ്ടിക്കുന്നു. ഇതിനു മാറ്റ മുണ്ടായേ മതിയാകു.

സാമൂഹിക രംഗത്തെപ്പോലെ രാഷ്ട്രനിർമ്മണ പ്രവർത്തനത്തിലും സ്ത്രീകളുടെ പങ്ക് നിർണ്ണായകമാണ്. വനിതകളുടെ തൊഴിൽ സൗകര്യം വർദ്ധിപ്പിക്കുക, അവരെ സന്നദ്ധ-ക്ഷേമ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക എന്നി ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന ഒട്ടേറെ വനിതാസംഘടനകൾ ഇവിടെയുണ്ട്. അവയിൽ തന്നെ ശ്രിമതി രാജമ്മ ആനന്ദൻ പ്രസിഡന്റായുള്ള എസ്.എൻ.വനിതാസമാജവും ശ്രിമതി പുഷ്പാ സോമൻ നേതൃത്വം നൽകുന്ന കോട്ടയക്കകം മഹിളാ സമാജവും എടുത്ത് പറയേണ്ടവയാണ്. കോട്ടയക്കകം മഹിള സമാജത്തിന്റെ ആഭിമുഖ്യത്തിൽ S.IND/A.226/96ാം നമ്പരായി രജിസ്റ്റർചെയ്തിട്ടുള്ള ചെറുകിട വ്യവസായ യൂണിറ്റുകളും, CBCSന്റെ ആറു യൂണിറ്റികളും, DWCRAയുടെ മുന്ന് യൂണിറ്റുകളും സ്ത്രീ തൊഴിൽ കണ്ടെത്തുന്നതിനുള്ള പുതിയ സംരംഭങ്ങളാണ്. ഇതിൽ CBCS യൂണിറ്റുകൾ ഹരിപ്പാട് ബ്ലോക്കിൽ രണ്ടുപഞ്ചായത്തകളിൽ മാത്രം നടപ്പാക്കിയിട്ടുള്ള തിൽ ഒന്നാണ് പള്ളിപ്പാട്.

പട്ടിക.1

Community Based Convergent Service. (C.B.C.S)

ക്രമനമ്പർ	വർഷം	പേരും രജിസ്റ്റർ നമ്പരും	അംഗസംഖ്യ	സംഭരിച്ചതുക	ഗവ: ധനസഹായം	ആകെ
1	1995-96	പൗർണ്ണമി Reg: No: A 198/96 - 13.3.1996	22	6245	5000	11245
2	1995-96	സുബല ഗ്രാമീണവനിതാ ശിശു വികാസനകേന്ദ്രം Reg: No: A 198/96 - 6.3.1996	27	4957	5000	9957
3	1995-96	ഗ്രാമജ്യോതി ഗ്രാമീണ വനിതാ ശിശു വികാസകേന്ദ്രം Reg: No: A 256/96 - 27.3.1996	17	4263	5000	9263
4	1995-96	നവജ്യോതി ഗ്രാമീണ വനിതാ ശിശു വികാസകേന്ദ്രം Reg: No: A 385/96 17.7.1996	26	6255	5000	11255
5	1995-96	ഉദയം ഗ്രാമ വനിതാ ശിശുവികാസകേന്ദ്രം Reg:No: A 599/96 30.10.1996	26	5995	5000	10995
6	1995-96	പ്രിയദർശിനി ഗ്രാമവനിതാ ശിശു വികാസകേന്ദ്രം Reg: No: A 595/96 30.6.1996	24	4265	5000	9265

പട്ടികII

ഡി.ഡബ്ലിയു.സി.ആർ.എ യൂണിറ്റ് 1996-97

നമ്പർ	പേര്	അംഗങ്ങളുടെ എണ്ണം	പദ്ധതി
1	ശിവശക്തി വനിതായൂണിറ്റ് വെട്ടുവേനി പള്ളിപ്പാട്	10	കിണർതൊടികൾ സിമന്റ് കട്ടകൾ
2	പൗർണ്ണമി വനിതാ യൂണിറ്റ് ചിരട്ടൻകേരി	10	കിണർതൊടികൾ സിമന്റ്കട്ട
3	ഗ്രാമദീപംപറയങ്കേരി	10	കിണർതൊടികൾ സിമന്റ് കട്ട

(അവലംബം: ഹരിപ്പാട് ബ്ലോക്കാഫീസ്)

പ്രശ്നങ്ങൾ

1. രൂക്ഷമായ തൊഴിൽ ഇല്ലായ്മയാണ് സ്ത്രീകൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. ഉള്ള തോഴിൽ അവസരങ്ങൾ തന്നെ കുറയുന്നതും കുലിനിരക്കിലുള്ള വ്യത്യാസവും ഈ പ്രശ്നം കുടുതൽ സങ്കീർണ്ണമാക്കുന്നു.

2. ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്നതിനും, കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനും സ്ത്രീകൾക്ക് കഴിയുമോ എന്ന സംശയം അവരെ പല മേഖലകളിൽ നിന്നും വിട്ടു നിൽക്കാൻപ്രേരിപ്പിക്കുന്നു.

3. ഭാരിച്ച ഉത്തരവാദിത്വങ്ങൾ സ്ത്രീകളെ ഏല്പിക്കുവാൻ പുരുഷന്മാരും വിമുഖത കാണിക്കുന്നതായി തോന്നുന്നു. മനുഷ്യ സമൂഹത്തിലെ പകുതിയോ അതിലേറെയോ വരുന്ന തങ്ങൾക്കുംപുരുഷതുല്യമായ അധികാരാവകാശങ്ങൾ ഉണ്ടെന്നും, അത് ലഭിക്കണമെന്നും സ്ത്രീകൾക്ക് സ്വയം ബോദ്ധ്യപ്പെട്ടിട്ടില്ല

4. ജീവിതത്തിന്റെ സമസ്തമേഖലകളിലും പുരുഷ തുല്യം നില്ക്കുന്നതിനുള്ള കഴിവ് സ്ത്രീയും നേടിക്കഴിഞ്ഞെന്ന വിശ്വാസം ഉണ്ടെന്നു തോന്നുന്നില്ല.

5. പൊതുരംഗത്തും ജീവിതത്തിന്റെ വിവിധതുറകളിലും പരിചയം നേടിയ അനുഭവ സമ്പന്നർ തങ്ങളുടെ അറിവും അനുഭവും പുതിയ തലമുറയ്ക്ക വേണ്ടത്ര ശ്രദ്ധയോടെ കൈമാറുന്നില്ല.

6. സ്ത്രീകളുടെ തൊഴിൽ മേഖല വിപുലികരിക്കുന്നതിന് ഈ രംഗത്ത് വൈവിദ്ധ്യവൽക്കരണം ഉണ്ടായിട്ടില്ല.

7. സ്വയംതൊഴിൽ സംരംഭങ്ങളിൽ സ്ത്രീകൾ വേണ്ടത്ര താല്പര്യം കാട്ടുന്നില്ല. സർക്കാർ നടപ്പാക്കുന്ന സഹായ പദ്ധതികളെക്കുറിച്ച് അവർ അജ്ഞരാണ്.

8. അങ്കണവാടികളുടെ പ്രവർത്തനം പ്രയോജനപ്പെടുത്തുന്നതിലും സ്ത്രീകൾ വിമുഖത കാട്ടുന്നു. അവിടെനിന്നും ലഭിക്കുന്ന സഹായം പോലും മുതലാക്കുവാൻ ദുരഭിമാനം അവരെ നിരുത്സാഹപ്പെടുത്തുന്നു.

9. തൊഴിൽനിയമങ്ങളിൽ സ്ത്രീ കൾക്ക് വേണ്ടത്രഅറിവില്ല. അതുകൊണ്ടുതന്നെ തുല്യജോലിക്കു തുല്യവേതനം എന്ന വകാശപ്പെടാൻ പോലും അവർക്ക് കഴിയാതെവരുന്നു.

10. സാമാന്യ വിദ്യാഭ്യാസമുള്ളവർ പോലും അന്ധവിശ്വാസങ്ങളിൽ താല്പര്യം കാട്ടുന്നതായി കാണാം. ശാസ്ത്രബോധം ഇവരിൽ തീരെ കുറവാണ്

11. ആർഭാടങ്ങളോടുള്ള വർദ്ധിച്ച താല്പര്യം കീശകാലിയാക്കുന്നതിനിടയാക്കുന്നു.

12. വിവാഹത്തിന്റെ ആർഭാടം ദൈനദിനം വർദ്ധിച്ചുവരുന്നതായി കാണാം ഇതുപലപ്പോഴും കുടുംബങ്ങളെ കടക്കൊണിയിൽ കുടുക്കുന്നു.

പരിഹാര നിർദ്ദേശങ്ങൾ

വനിതകളുടെ പുരോഗതി സാമുഹിക പുരോഗതിയിൽ നിർണ്ണായകമാണ്. വിശേഷാൽ ഗ്രാമസഭകളിൽ നിന്നും ഉയർന്നവന്ന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. തൊഴിൽ രഹിതരായ വനിതകൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനുതകുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക. ഇക്കാര്യത്തിൽ പ്രദേശത്തിന്റെ വിഭവവിപണനസൗകര്യങ്ങൾ ശരിക്കും മനസ്സിലാക്കേണ്ടതാണ്

2. അടുക്കളത്തോട്ടം, ഉദ്യാന കൃഷി, കുറ്റിമുല്ലകൃഷിതുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്നതിന് കഴിയണം. ഇതിന് ആവശ്യമായ ധനസഹായം ലഭിക്കുന്നതിനുള്ള സൗകര്യം ഉണ്ടാകണം

3. സർക്കാർ നടപ്പാക്കുന്ന വിവിധ വനിതാ ക്ഷേമ പദ്ധതികളെ സംബന്ധിച്ച വിശദ വിവരങ്ങൾ സ്ത്രീകൾക്ക് ലഭ്യമാക്കുക. ഇതിലേക്ക് ഗ്രന്ഥശാലകളിലും പഞ്ചായത്തിലും ഇൻഫർമേഷൻ സെന്ററുകൾ തുറക്കുക

4. വിധവാപെൻഷൻ, അഗതിപെൻഷൻ മാതൃസഹായപദ്ധതിയിലെ ആനുകുല്യങ്ങൾ എന്നിവ അർഹരായ മുഴുവൻ സ്ത്രീകൾക്കും ലഭ്യമാക്കുക. ഇതിന്റെ തുകകൾ കാലാനുസൃതമായി വർദ്ധിപ്പിക്കേണ്ടതുമാണ്.

5. അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. അമ്മമാർക്കും കുഞ്ഞുങ്ങൾക്കും വിശ്രമത്തിനും വിനോദത്തിനും ആരോഗ്യപരിപാലത്തിനുമുള്ള പുതിയ പദ്ധതികൾ ആവിഷ്കരിക്കണം

6. തൊഴിൽ അവസരങ്ങൾ, തൊഴിൽനിയമങ്ങൾ എന്നിവയെക്കുറിച്ച് ബോധവൽക്കരണം നടത്തണം

7. ആർഭാടവസ്തുക്കളോടും അനാർഭാട ജീവതത്തോടും കാട്ടുന്ന അമിതാവേശം കുറയ്ക്കുന്നതിനും മിതമായ ജീവിതത്തിന് കുടുംബ ബഡ്ജറ്റ് തയ്യാറാക്കുന്നതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുന്നതിന് കഴിയണം

8. സ്കൂളിലെ പാഠ്യേതര മേഖലകളിൽ പെൺകുട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുവാൻ കഴിയണം

9. മദ്യനിരോധനം പൂർണ്ണമായി നടപ്പാക്കണം

10. പൊതുപ്രവർത്തനത്തിൽ അനുഭവ സമ്പന്നരായ സ്ത്രീകൾ തങ്ങളുടെ അനുഭവങ്ങൾ മറ്റുള്ളവരുമായി പങ്കിടുവാൻ സഹായകരമായ വനിതാ സെമിനാറുകൾ സംഘടിപ്പിക്കണം

11. സ്ത്രീകൾനയിക്കുന്ന കുടുംബങ്ങൾക്ക് സർക്കാർ ധനസഹായത്തിന് മുൻഗണനൽകണം

12. പെൺകുട്ടികൾക്കായി പ്രത്യേകം കലാ-കായിക മത്സരങ്ങൾ സംഘടിപ്പിക്കണം

13. സ്ത്രീധന നിരോധന നിയമം കർശനമാക്കണം

14. നാടൻ കലകളിൽ പ്രാവീണ്യം നേടിയ വനികതൾക്ക് പ്രോത്സാഹനം നൽകണം

4.10

സഹകരണം

നമ്മുടെ രാജ്യത്ത് ഒരു സഹകരണ നിയമം ഉണ്ടായത് 1904-ൽ ആണ്. സഹകരണ പ്രസ്ഥാനത്തിന്റെ സദ്ഫലങ്ങളെക്കുറിച്ച് അക്കാലത്ത് ജനങ്ങൾ വേണ്ടത്ര ബോധവാന്മാരിയിരുന്നില്ല. എന്നാൽ സഹകാരികൾ ആകുന്നതും സഹകരണ പ്രസ്ഥാനത്തിന് രൂപം നൽകുനനതും ജനോപകാരപ്രദമായിരിക്കുമെന്ന് ബോദ്ധ്യമുണ്ടായിരുന്ന ഈ ഗ്രാമത്തിലെചിലർ ചേർന്ന് നെടിയയിൽ എസ്. വേലായുധക്കുറുപ്പ് പ്രസിഡന്റായി കൊല്ല വർഷം 1103 മീനമാസം 7-ാം തീയതി 1744-ാം നമ്പരായി ഒരു സർവ്വീസ് സഹകരണസംഘത്തിന് രൂപം നൽകി. അതേ വർഷം തന്നെ കർക്കടകമാസം 28-ാം തീയതി ചിരട്ടം കേരിൽ ഇ.ഗീവർഗീസ് പ്രസിഡന്റായി 1777-ാം നമ്പരായി മറ്റൊരു സഹകരണ സംഘവും പ്രവർത്തനമാരംഭിച്ചു.

ഈ രണ്ടുസർവ്വീസ് സഹകരണ സംഘങ്ങളും ഗ്രാമത്തിന് ചൈതന്യം പകർന്ന സഹകരണ സ്ഥാപനങ്ങളായിരുന്നു. ഇവയിൽ അംഗങ്ങളാകുന്നതും ഇവയുടെ പ്രവർത്തകരായി സഹകാരി സഹകാരികളെന്ന് അറിയപ്പെടുന്നതിലും ജനങ്ങൾ അഭിമാനിച്ചിരുന്നു. ഇവയുടെ ഗുണഫലങ്ങൾ ലഭിക്കാത്ത കുടുംബങ്ങൾ വളരെ കുറവായിരുന്നു. സംഘടനാ പാടവവും സമർത്ഥമായ നേതൃത്വവും ഈ സഹകരണസംഘങ്ങളുടെ സമ്പത്തായിരുന്നു. ജനങ്ങൾ പൂർണ്ണ വിശ്വാസം അർപ്പിച്ചിരുന്ന ഇവയുടെ പ്രവർത്തനങ്ങളിൽ ഏവരും തൃപ്തരായിരുന്നു. പക്ഷേ കാലചക്രത്തിന്റെ കുത്തൊഴുക്കിൽ ഇവയുടെ പ്രവർത്തനം വഴിതെറ്റിപ്പോകുകയോ വഴിവിട്ടുപോകുകയോ മൂലം ഇന്ന് നാമ മാത്ര പ്രവർത്തനങ്ങളിൽ ഒതുങ്ങി ഒന്ന് ഊർദ്ധ ശ്വാസം വലിക്കുകയാണെങ്കിൽ മറ്റൊന്ന് ചുരുക്കം പ്രവർത്തനങ്ങളിൽ ഒതുങ്ങുന്നു. ഇവയെക്കുറിച്ച് ഓർമ്മിക്കുന്നതു പോലും ഇന്ന് ഇവിടുത്തെ സഹകാരികൾക്ക് വേദനാ ജനകമാണ്.

പട്ടിക I

സഹകരണസംഘം സംബന്ധിച്ച വിവരങ്ങൾ

1.സ്ഥാപത്തിന്റെ പേര്	:	പള്ളിപ്പാട്സർവ്വീസ്സഹകരണം സംഘം ക്ലിപതം നമ്പർ 1744
2.പ്രവർത്തന പരിധി	:	1,2,3,4,5 വാർഡുകൾ
3. പ്രവർത്തനം ആരംഭിച്ച വർഷം (കൊല്ലവർഷം)	:	7.8.1103
4. ആകെ അംഗങ്ങൾ	:	1689
5. ഒരു ഓഹരിയുടെ വില	:	അഞ്ചുരുപ
6. അംഗികൃത ഓഹരി മുലധനം	:	ഒരുലക്ഷംരുപ
7. പിരിഞ്ഞുകിട്ടിയ ഓഹരി മുലധനം	:	67645രുപ
8. സർക്കാരി ഓഹരി	:	10000രുപ

9. പരമവധി കടം എടു
ക്കാവുന്നതുക : 5000രൂപ
10. പൊതുജനങ്ങളിൽ
നിന്നും
സ്വികരിച്ചനിക്ഷേപങ്ങൾ
സ്ഥിരം : 106470.61
ഹൃസ്വകാലം
11നൽകിയിട്ടുള്ള വായ്പകൾ
a. കാർഷിക വായ്പ് : ഇല്ല
b മറ്റുവായ്പകൾ (B.O.L) : 3384 രൂപ
പ്രസിഡന്റെ് : S. രാജേന്ദ്രകുറുപ്പ്

പട്ടിക II

സഹകരണ സംഘം സംബന്ധിച്ച വിവരങ്ങൾ

1. സ്ഥാപനത്തിന്റെ പേര് : സർവ്വീസ് സഹകരണ
സംഘംക്ലിപ്തം1777
പള്ളിപ്പാട്
2. പ്രവർത്തനപരിധി : 3,4,5,6 വാർഡുകൾ
പൂർണ്ണമായും
2,7,8 വാർഡുകൾ
ഭാഗികമായും
3. പ്രവർത്തനം
ആരംഭിച്ച വർഷം : 28-12-1103(കൊല്ലവർഷം)
4. ആകെ അംഗങ്ങൾ : 1745
5. ഒരു ഓഹരിയുടെ
വില : അഞ്ചുരൂപ
6. അംഗികൃഓഹരി
മൂലധനം : രണ്ടുലക്ഷം
7. പിരിഞ്ഞ കിട്ടിയ
ഓഹരി മൂലധനം : 240355
8. സർക്കർ ഓഹരി : 3500രൂപ
9. പരമാവധി കടം
എടുക്കാവുന്ന തുക : 13 ലക്ഷം
10.പൊതുജനങ്ങളിൽ
നിന്നും സ്വികരിച
നിക്ഷേപങ്ങൾ
സ്ഥിരം : 91445 രൂപ
ഹൃസ്വകാല : 9859 രൂപ
12.നൽകിയിട്ടുള്ള വായ്പകൾ
a കാർഷികവായ്പകൾ : 460000രൂപ
b മറ്റുവായ്പകൾ : 528000രൂപ
പ്രസിഡന്റെ് : K.J ജോസഫ്

ക്ഷിരസഹകരണരംഗത്ത് പ്രവർത്തനക്ഷമമായ 3 സംഘങ്ങൾ ഈ പഞ്ചായത്തിലുണ്ട്

1. പള്ളിപ്പാട് A13D അപ്കോസ്
2. പള്ളിപ്പാട് A66D അപ്കോസ്
3. നങ്ങ്യാർകുളങ്ങര A100D അപ്കോസ്

പട്ടിക-III

ക്ഷീരോത്പാദകസഹകരണ സംഘങ്ങളെ സംബന്ധിച്ച വിവരങ്ങൾ

1. സ്ഥാപനത്തിന്റെപേര്
: ക്ഷീരോത്പാദക സഹകരണ സംഘം
പള്ളിപ്പാട് ഈസ്റ്റ് ക്ലിപ്തംA13Dഅപ്കോസ്
2. പ്രവർത്തനപിരധി :
:8,9 വർഡുകൾ പൂർണ്ണമായും
1,2,7,10 വാർഡുകൾ ഭാഗികമായും
3. പ്രവർത്തനം ആരംഭിച്ച വർഷം
:10.7.74
4. ആകെ അംഗങ്ങൾ
:451
5. ഒരു ഓഹരിയുടെവില
:പത്തുരുപ
6. പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം
: 7380രൂപ
7. സർക്കാർ ഓഹരി
: ഇല്ല
8. പരമാവധികടം എടുക്കാവുന്ന തുക
: 1000രൂപ
9. പൊതുജനങ്ങളിൽ നിന്നും സ്വികരിച്ച
നിക്ഷേപങ്ങൾ
: ഇല്ല.
പ്രസിഡൻറ് : ശ്രീ ആനന്ദൻ

പട്ടിക IV

ക്ഷീരസഹകരണസംഘങ്ങളെ സംബന്ധിച്ച വിവരങ്ങൾ

1. സ്ഥാപനത്തിന്റെ പേര്
: ക്ഷീരോദ്പാദക സഹകരണ സംഘം
പള്ളിപ്പാട് വെസ്റ്റ് A66D അപ്കോസ്
2. പ്രവർത്തന പരിധി
: 3,4,5,6 പൂർണ്ണമായും2,7,8 വാർഡുകൾ
ഭാഗികമായും
3. പ്രവർത്തനം ആരംഭിച്ച വർഷം
: 6-7-1980
4. ആകെ അംഗങ്ങൾ
: 283
5. ഒരുഓഹരിയുടെ വില
: 10രൂപ
6. പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം
: 2830രൂപ
7. സർക്കാർ ഓഹരി
: ഇല്ല
8. പരമാവധി കടം എടുക്കാവുന്ന തുക :
: ഇല്ല
9. പൊതുജനങ്ങളിൽ നിന്നു സ്വികരിച്ച നിക്ഷേപങ്ങൾ
: ഇല്ല
പ്രസിഡൻറ് : K. ശ്രീ കുമാർ കിച്ചേരിൽ

പട്ടികV

സ്ഥാപനത്തിന്റെ പേര് : നങ്ങ്യാർകുളങ്ങര ക്ഷീരോൽപ്പാദക സഹകരണ സംഘം. ക്ലിപ്തംA-100 D APCOS
പ്രവർത്തനപരുധി : 9,10,11,വാർഡുകൾ
ആകെ അംഗങ്ങൾ : 242
ഓഹരിയുടെ വില : 10 രൂപാ
പ്രസിഡന്റ് : S ഗോപിനാഥപിള്ള

പട്ടിക VI

ക്ഷീരസഹകരണ സംഘങ്ങളെ സംബന്ധിച്ച വിവരങ്ങൾ

ക്രമനമ്പർ	സഹകരണസംഘത്തിന്റെ പേരും നമ്പരും	വർഷം	അംഗങ്ങൾ	വാങ്ങിയ പാൽ ലിറ്ററിൽ	വില രൂപ
1	നങ്ങ്യാർകുളങ്ങര A100D	1993-94	242	59441	3,89,343.88
		1994-95	242	47138	3,65,323.51
		1995-96	253	72206	5,76,209.68
2	പള്ളിപ്പാട്A13D	1993-94		28337	2,19,611.75
		1994-95		44669	3,46,184.75
		1995-96		70710	5,50,123.80
3	പള്ളിപ്പാട് A66D	1993-94	271	80709	6,25,496.50
		1994-95	283	85109	6,59,595.22
		1995-96	317	89066	6,90,265.00

ഈ ഗ്രാമത്തിലെ ക്ഷീരോല്പാദകർക്ക് ആവശ്യമായ സഹായവും ആ ശ്വാസവും നൽകാൻ ഈ സംഘങ്ങൾക്ക് കഴുയുന്നതുകൊണ്ട് അവയുടെ നിലനിൽപ്പിലും പുരോഗതിയിലും അവർ താല്പര്യം കാണിക്കുന്നു. തങ്ങൾക്ക് അനുഗ്രഹമായി തുടരുന്ന ഈ സ്ഥാപനങ്ങളുടെ വളർച്ചയിൽ അവർ അതീവ സന്തുഷ്ടരുമാണ്.

പട്ടികജാതി പട്ടിക വർഗ്ഗ ജനവിഭാഗങ്ങളുടെ ക്ഷേമംലാക്കാക്കി രജിസ്റ്റർ ചെയ്യപ്പെട്ട രണ്ട് വിവിധോദ്ദേശ സഹകരണ സംഘങ്ങൾ രൂപീകരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ രണ്ടുസംഘങ്ങൾക്കും നാമമാത്രമായ പ്രവർത്തനം പോലുമില്ല. മറ്റൊരുസഹകരണസംഘമുള്ളത് സെറികൾച്ചർ മേഖലയിൽലാണ്.

വഴുതാനം,വടക്കേക്കര കിഴക്ക് എന്നീ പ്രദേശങ്ങൾ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്ന താറാവു കർഷക സഹകരണസംഘങ്ങളും ഈ പഞ്ചായത്തു പ്രദേശത്ത് പ്രവർത്തിക്കുന്നുണ്ട്.

വിദ്യാഭ്യാസ മേഖലയിൽ T.K.M.M കോളേജിൽ പ്രവർത്തിക്കുന്ന സഹകരണ സംഘവും നടുവട്ടം ഹൈസ്ക്കുളിൽ പ്രവർത്തിക്കുന്ന സഹകരണസംഘവും നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്നു. ആയത് വിദ്യാർത്ഥിക്കും അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാർക്കും ഒരു അനുഗ്രഹമാണ്.

1996 - ൽഒരു വനിതാ സഹകരണസംഘങ്ങൾ രൂപീകരിക്കപ്പെട്ടിട്ടുണ്ട്. ഹരിപ്പാട് കേന്ദ്രമായി പ്രവർത്തിക്കുന്ന കാർഷിക വികസന ബാങ്കിന്റെയും ഭവനനിർമ്മാണ സഹകരണ സംഘത്തിന്റെയും മാർക്കറ്റിംഗ് സഹകരണസംഘത്തിന്റെയും പ്രവർത്തനമേഖലയിൽ പ്രദേശമാണ് പള്ളിപ്പാട് പഞ്ചായത്ത്

പട്ടിക VII

കാർഷികവികസന ബാങ്കുകൾ ഈ പഞ്ചായത്ത് പ്രദേശത്ത് വിതരണം ചെയ്ത വായ്പകളുടെ വിവരം

1. കർഷിക വികസന ബാങ്കിന്റെ പേര് : കാർത്തികപ്പള്ളി താലുക്ക് സഹകരണ കർഷിക വികസന ബാങ്ക് ക്ലിപ്തം No:A326.ഹരിപ്പാട്
2. ഏത് ഇനം വായ്പ: കാർഷികവായ്പകൾ
   എത്ര പേർക്ക് : 140
   വിതരണം ചെയ്തതുക : 769050രൂപ
3. മറ്റ്വായ്പകൾ
   എത്രപേർക്ക് : 82
   നൽകിയതുക : 956433രൂപ
4. പ്രത്യേകവായ്പകൾ
   എത്രപേർക്ക് :130
   നൽകിയതുക :3375700രൂപ

ആലപ്പുഴ ജില്ലാ സഹകരണബാങ്കിന്റെ ഒരു ശാഖയും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു

പ്രശ്നങ്ങൾ

നിലവിലുള്ള സർവ്വീസ് സഹകരണസംഘങ്ങളുടെ പ്രവർത്തനം സഹായകരമല്ല്. വിവധോദ്ദേശ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ നാമമാത്രമാണ്. സാദ്ധ്യതകളുള്ള വിവിധമേഖലകളിൽ സഹകരണ പ്രസ്ഥാനങ്ങളുടെ അഭാവം, സംഘങ്ങളിൽനിന്നു നേരിയ തോതിലെങ്കിലുമുള്ള കൊഴിഞ്ഞുപോകൽ, സഹകരണവാകുപ്പിന്റേയും ജീലാസഹകരണബാങ്കിന്റേയും പ്രോത്സാഹജനകമല്ലാത്ത നിലപാട് ഇവയൊക്കെത്തന്നെ സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയെ തടസ്സപ്പെടുത്തുന്നു.

സാദ്ധ്യതകൾ

സഹകരണമേഖലയിൽ ഏറെസാദ്ധ്യതകളുള്ള ഒരു പഞ്ചായത്താണ് പള്ളിപ്പാട്

1. നെല്ലുല്പാദകരുടേയും നാളീകേര ഉല്പാദകരുടേയും ശക്തമായ സഹകരണ പ്രസ്ഥാനം ഉണ്ടാകേണ്ടതാണ്
2. താറാവുകർഷക മേഖലയിൽ സഹകരണ പ്രസ്ഥാനം ശക്തിപ്പെടുത്താവുന്നതാണ്
3. ക്ഷീരോല്പാദകരുടെ മേഖലയിലും ഒന്നിലധികം സഹകരണസംഘങ്ങൾക്കു കൂടി സാദ്ധ്യതയുണ്ട്
4. തൊഴിൽ സംരംഭകരെ സംഘടിപ്പിച്ചുകൊണ്ട് സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്യാവുന്നതാണ്
5. പച്ചക്കറി സംഭരണത്തിനു വിപണനത്തിനും സഹകരണസംഘങ്ങൾ രൂപീകരിക്കാവുന്നതാണ്
6. ഭവനനിർമ്മാണ സഹകരണ സംഘത്തിനു സാദ്ധ്യതയുണ്ട്

നിർദ്ദേശങ്ങൾ

1. കാർഷികോല്പന്നങ്ങളുടെ സംഭരണത്തിനും വിപണനത്തിനും സഹായകമായ രീതിയിൽ നിലവിലുള്ള സംഘങ്ങളുടെ ശക്തിപ്പെടുത്തകയും പുതിയ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുകയും വേണം
2. താറാവു കർഷക സഹകരണ സംഘങ്ങൾ ശക്തിപ്പെടുത്തുകയും ആവശ്യമുള്ളിടത്ത് പുതിയവ രജിസ്റ്റർ ചെയ്ത് പ്രവർത്തിപ്പിക്കുകയുംചെയ്യുക
3. കെട്ടിട നിർമ്മാണ സാമിഗ്രികൾ സംഭരിച്ച് വിതരണം ചെയ്യുന്ന സഹകരണസംഘങ്ങൾ സ്ഥാപിച്ച് സ്വകാര്യ മേഖലയുടെ ഈ രംഗത്തെ ചൂഷണം അവസാനിപ്പിക്കുക
4. പച്ചക്കറി കർഷകരുടെ സഹകരണ സംഘം സ്ഥാപിച്ച് പ്രവർത്തിപ്പിക്കുക
6. ഖാദി ഗ്രാമ വ്യവസായ സഹകരണ സംഘങ്ങളും വനിതാ വ്യവസായ സഹകരണ സംഘങ്ങളും രൂപീകരിക്കണം
7. സഹകരണസംഘങ്ങളുടെ രജിസ്ട്രേഷനുള്ള നിയമങ്ങൾ ലഘൂകരിക്കുക
8. സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്യാനുള്ള സൗകര്യം താലുക്ക് ആസ്ഥാനങ്ങളിൽ ലഭ്യമാകണം
9. അർഹരായ വ്യക്തികൾക്ക് സഹകരണ സംഘങ്ങളിൽ അംഗത്വം ലഭിക്കുന്നില്ല എന്ന പരാതി ഉണ്ടാകാൻ ഇടവരരുത്
10. സഹകരണ സംഘങ്ങളുടെ വായ്പാകുടിശിഖ പിരിവ് കാര്യക്ഷമമാക്കണം
11. കാർഷികോപകരണങ്ങളുടെ വളങ്ങളും കീടനാശിനികളും സംഭരിച്ച് വിതരണം ചെയ്യുന്നതിന് മാത്രമായി സഹകരണസംഘങ്ങൾ സ്ഥാപിക്കണം
12. സഹകരണ സംഘങ്ങളിലെ അഴിമതിയും ധനാപഹരണവും തടയുന്നതിന് നിലവിലുള്ള നിയമങ്ങൾ കുടതൽ കർക്കശമാക്കുക
13. ഇലക്ട്രോണിക് ഉപകരണങ്ങളുടെ അസ്സംബ്ലിങ് യൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുക
14. കുടുതൽ സ്കുൾ സഹകരണ സംഘങ്ങൾ ആരംഭിക്കുക
15. കോഴിവളർത്തൽ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക
17. സർക്കാരും, ധനകാര്യസ്ഥാപനങ്ങളും വിവിധ ഏജൻസികളും ക്ഷീരകർഷകർക്ക് നൽകുന്ന ആനുകുല്യങ്ങൾ ഏകോപിപ്പിച്ച് ഗ്രാമപഞ്ചായത്ത് വഴിനടപ്പിലാക്കുക
18. ഗ്രാമീണ സഹകരണ ബാങ്ക് ആരംഭിക്കുക
19. സഹകരണമേഖലയുടെ സർവ്വതോമുഖമായ വളർച്ചയ്ക്ക ആവശ്യമായ ബോധവൽക്കരണം നടത്തുക

4.11

പട്ടികജാതി പട്ടികവർഗ്ഗം

1991 ലൈസൻസസ് പ്രകാരം പള്ളിപ്പാട്ട് പഞ്ചായത്തിൽ 3675 പട്ടികജാതി വർഗ വിഭാഗത്തിൽ പെട്ടവരും 7 പട്ടിക വർഗ വിഭാഗത്തിൽ പെട്ടവരും താമസമുണ്ട്. ഇവർ മൊത്തത്തിൽ ജനസംഖ്യയുടെ 15.6ശതമാനമാണ്. പഞ്ചായത്തിലെ 3,4,6,7,8,9 വാർഡുകളിലായാണ് ഈ വിഭാഗത്തിൽപ്പെട്ട ഭൂരിപക്ഷം ആൾക്കാരും താമസിക്കുന്നത്. മറ്റുവാർഡികളിൽ ഒറ്റപ്പെട്ട കോളനികളോ കുടുംബങ്ങളോ ഇല്ലാതില്ല. ഹരിപ്പാട്ട് ബ്ലോക്കിൽ പട്ടികജാതി പട്ടിക വർഗ്ഗ കുടുംബങ്ങൾ ഏറ്റവും കൂടുതലുള്ള പഞ്ചായത്താണ് പള്ളിപ്പാട്. ഇവിടെ 13 അംഗീകൃത കോളനികളും അംഗികാരം ലഭിക്കുവാൻ അർഹതയുള്ള പല കോളനികളുമുണ്ട്. ഇവരിൽ ഭൂരിപക്ഷവും ഇന്നും കാർഷിക മേഖലയുമായി ബന്ധപ്പെട്ടു ജീവിക്കുന്നു.

സ്വീതന്ത്ര്യാനന്തര കാലഘട്ടത്തിൽ ഇവർ സാമൂഹിക സാമ്പത്തിക രംഗങ്ങളിൽ കാര്യമായ പുരോഗതി കൈവരിച്ചു. ഭൂപരിഷ്ക്കരണ നിയമങ്ങളുടെ ഫലമായി ഭൂരഹിതരായിരുന്ന ഇവരിൽ ഭൂരിപക്ഷത്തിനും സ്വന്തമായി ഒരു തുണ്ടു ഭൂമിയുടെയിങ്കിലും ഉടമകളാകാൻ കഴിഞ്ഞുട്ടുണ്ട്. വിദ്യാഭ്യാസരംഗത്തും കാര്യമായ പുരോഗതി ഈ വിഭാഗത്തിൽപ്പെട്ടവർക്ക് ഉണ്ടായതായി കാണാം. സർക്കാരിലും അർദ്ധ സർക്കാർമേഖലയുലും സ്വാകാര്യമേഖലയിലും ഉദ്യോഗമുള്ളവർ ഇക്കുട്ടിത്തിൽ ഉണ്ട്. ഉയർന്ന തസ്തികകളിൽ ജോലിചെയ്യുന്ന വരും ഇല്ലാതില്ല. എങ്കിലും വാദ്യാഭ്യാസയോഗ്യതകൾക്കനുസരിച്ച് എല്ലാവർക്കും തൊഴിൽ ലഭിക്കുന്നണ്ടെന്ന് പറയാൻ കഴിയില്ല. ഇവരിൽ നിരക്ഷൽ ഉണ്ടെന്നു തോന്നുന്നില്ല. സർക്കാരിന്റെ വിവിധ പദ്ധതികൾ വേണ്ട രീതിയൽ പ്രയോജനപ്പെടുത്താത്തതും ചില മേഖലയിലെങ്കിലും സാമ്പത്തിക പിന്നോക്കാവസ്ഥ നിലനില്ക്കുന്ന തിന് കാരണമായിട്ടുണ്ട്. സാമൂഹിക സാമ്പത്തിക രംഗത്ത് പിന്നോക്കാവസ്ഥ നിലനില് ക്കുന്നതിന് കാരണമായിട്ടുണ്ട്.സാമൂഹിക സാമ്പത്തിക രംഗത്ത് പിന്നോക്കാവസ്ഥ നിലനിൽക്കുന്നതിന് കാരണമായിട്ടുണ്ട് സാമൂഹിക സാമ്പത്തിക രംഗത്ത് പിന്നോക്കാവസ്ഥ നിലനിൽക്കുന്ന ണ്ടെങ്കിലും കലാകായിക രംഗത്ത് തനതായ വ്യക്തിത്വം നിലനിർത്താൻ ഇവരിൽ ചിലർക്കെങ്കിലും കഴിയുന്നുണ്ട്

ഒരുകാലത്ത് വിവിധതരം ചൂഷണങ്ങൾക്ക് വിധേയരായിരുന്ന ഈ വിഭാഗത്തിന് ഒരു പരിധിവരെയെങ്കിലും മോചനം ലഭിച്ചിട്ടുണ്ട്. എന്നാൽ ഉച്ചനീചത്വങ്ങളിൽ നിന്നു ഇവർ മോചനം നേടികഴിഞ്ഞു. നാനാജാതി മതസ്ഥരുടേയും എല്ലാചടങ്ങുകളിലും പന്തിഭേദമന്യേ പങ്കെടുക്കുവാൻ കഴിയുന്നു. എല്ലാ പൊതു പരിപാടികളിലും

അവരുടെ സജീവ സാന്നിദ്ധ്യം പ്രകടമാണ്. ഉറച്ച ആത്മവിശ്വാസത്തോടും ഉയർന്ന പൗരബോധത്തോടും ജീവിക്കുവാനുള്ള അവകാശം പരക്കെ അംഗീകരിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു.

പട്ടികജാതി പട്ടികവർജന വിഭാഗങ്ങളുടെ ഉന്നമനം കണക്കാക്കി സർക്കാർ നടപ്പാക്കുന്ന ഒട്ടേറെ ക്ഷേമ പ്രവർത്തനങ്ങളുമുണ്ട്. എന്നാൽ അവയെ ക്കുറിച്ച് പലപ്പോഴും അവർ അറിയുന്നില്ല. അറിഞ്ഞാൽ തന്നെ പലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. എങ്കിലും സർക്കാർ അനുവദിച്ചുനൽകുന്ന നിരവധി ആനുകൂല്യങ്ങൾ ഈ വിഭാഗക്കാരുടെ ജീവിതത്തിൽ കാര്യമായ പുരോഗതി ഉണ്ടാക്കിയിട്ടുണ്ട്. അതിൽത്തന്നെ കൂടുതൽ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത് കോളനി നിവാസികൾക്കാണ്.

പട്ടിക I

പട്ടികജാതി- പട്ടികത വർഗ്ഗ കോളനികർ

ക്രമനമ്പർ	വാർഡ്	കോളനികളുടെ പേര്
1	III	വഴുതാനം
2	IV	നീണ്ടൂർ
3	"	പല്ലമ്പട
4	"	ഹനുമാൻ തറ
5	VII	കുരീത്തറ
6	"	ചിരട്ടൻകേരി
7	"	നാലുകെട്ടുംകവല I.H.D.P
8	"	അമ്പിയിൽ
9	"	വടക്കേക്കരകിഴക്ക്
10	VIII	കോനുകഠം സെറ്റിൽമെന്റ്
11	"	ചാത്തൻതറ
12	IX	ചാന്നിപ്പാട്-തെക്കുമുറി
13	"	കോട്ടയ്ക്കകം I.H.D.P

പട്ടികII

പട്ടികജാതിസങ്കേതം നാലുകെട്ടുംകവല 1994-1996

ക്രമനമ്പർ	പരിപാടിയും നടപ്പാക്കുന്ന വകുപ്പും	ഭൗതികലക്ഷ്യം	അടങ്കൽതുക
1	കൃഷി	29	605855/-
2	ചെറുകിട ജലസേജനം കലുങ്ക് കെട്ട്	-	400000/-
3	ഭവനിർമ്മാണം	41	560500/-
4	മൃഗസംരക്ഷണം ആട്/കോഴി	29	31822/-
5	ക്ഷീരവികസനം പശു/കൊഴുത്ത്	3	18072/-
6	ഫിഷറീസ് സൈക്കിൾ മറ്റ് സധനം	5	6400/-
7	പഞ്ചായത്ത്-വീട്	8	90000/-
8	വൈദ്യുതി വയറിംഗ്	3	500/-
	തെരുവിളക്ക്		5000/-
9	വ്യാവസായം	4	60000/-
10	ആരോഗ്യം	-	2000/-
11	കുടിവെള്ളം	-	180000/-
12	വാർത്താവിനിമയം TVസെറ്റ്	-	17500/-
13	പട്ടികജാതി വീട്	6	90000/-
14	കമ്മ്യൂണിറ്റി ഡവലപ്മെന്റ് കിയോസ്ക്		9000/-

പട്ടിക III

കോട്ടയ്ക്കകംപട്ടികജാതിസങ്കേതം

പരിപാടികൾ 1991-92

ക്രമനമ്പർ	പരിപാടിയും നടപ്പാക്കുന്ന വകുപ്പും	ഭൗതിക ലക്ഷ്യം	തുക
1	കൃഷി സ്പ്രേയർവിതരണം	16എണ്ണം	14000
2	മണ്ണ്-ജലസംരക്ഷണം ഭൂവികസന പ്രവർത്തനങ്ങൾ	14കുടുംബങ്ങൾ	21500
3	ഗ്രാമവികനം ഐ.ആർ.ഡി.പി സബ്സിഡി	3കുടുംബങ്ങൾ	13500
4	മൃഗസംരക്ഷണം	11ഗുണഭോക്താക്കൾ	1075
5	ക്ഷീരവികസനം പശുവിതരണം	3ഗുണഭോക്താക്കൾ	15000
6	വൈദ്യുതീകരണം വിടുകൾക്ക് വൈദ്യുതീകരണം	25വീടുകൾ	20000
7	വ്യാവസായം-പട്ടികജാതിക്കാർക്ക് വ്യവസായവായ്പ	10ഗുണഭോക്താക്കൾ	150000
2500	ടുൾ കിറ്റുവിതരണം	10ഗുണഭോക്താക്കൾ	
8	വാട്ടർഅതോറിറ്റി-400മീറ്റർ പൈപ്പ്ലൈൻ നീട്ടൻ	250ഗുണഭോക്താക്കൾ	
268400			
9	ഭവനനിർമ്മാണം	24വീടുകൾ	
1362500			
10	ബ്രിഡജ്-കം -റെഗുലേറ്റർ		
500000			
1378150	ആകെ		

പട്ടികIV

മില്യൻ വെൽ ലാന്റ് ഡവലപ്മെന്റ്

സാമ്പത്തിക വർഷം	ഹെക്ടർ	രൂപ
1992-93	1.71	41500/-
93-94	0.67	35800/-
94-95	2.14	72800/-
95-96	3.3	95000/-

എങ്കിലു ഇവരുടെ ജീവിതവുമായി ബന്ധപ്പെട്ട ഒട്ടേറെപ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെയുണ്ട്. ലഭ്യമയ വിവരങ്ങൾ അനുസരിച്ച് ഇവിടുത്തെ കോളനി നിവാസികളുടെ വാർഡുതിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു

നടപ്പാക്കുന്ന ഭവനപദ്ധതികളുടെ പ്രയോജനം എല്ലാവർക്കും ലഭിച്ചിട്ടില്ല. പരിമിതമായ സൗകര്യങ്ങളാണെങ്കിൽപോലും ചെറ്റകുടിലുകളിൽ നിന്നു മോചനം പ്രതീക്ഷിച്ചുകഴിയുന്ന ഒട്ടേറെ കുടുംബങ്ങൾ ഇന്നും ഈ പഞ്ചായത്തിലുണ്ട്.

പട്ടിക V

പട്ടികജാതി-പട്ടികവർഗജനസംഖ്യ

വർഡ് നമ്പർ	പട്ടികജാതി ജനസംഖ്യ		പട്ടികവർഗ ജനസംഖ്യ	
	ആൺ	പെൺ	ആൺ	പെൺ
1	60	67	-	-
2	92	90	-	-
3	127	165	-	-
4	161	150	-	-
5	190	202	-	-
6	509	490	-	-
7	93	81	-	-
8	419	384	-	-
9	116	96	-	-
10	96	87	3	4
ആകെ	1863	1812	3	4

അവലംബം-1991ലെ പ്രാഥമിക സെൻസസ് രെഖകൾ

വിദ്യാഭ്യാസം

ഇന്ന് പട്ടിക ജാതി പട്ടിക വർഗ്ഗ ജനവിഭാഗങ്ങളുടെ ഇടയിൽ നിരക്ഷകർ കുറവാണെന്ന് നേരത്തെ സൂചിപ്പിച്ചുരുന്നുവല്ലേ. എന്നാൽ അവർക്ക് ലഭിക്കുന്ന വിദ്യാഭ്യാസ സൗകര്യങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുന്നുണ്ടെന്ന് പറയാൻ കഴിയുന്നില്ല. സ്ക്കുളിൽ പോകുന്നതിലും പഠിക്കുന്നതിലും താല്പര്യം കാണിക്കുന്ന കുട്ടികൾ പോലും ഇടയ്ക്കവെച്ച് പഠനം നിർത്തുന്നുന്നതായിട്ടാണ് കാണുന്നത്. കോളേജുകളിൽ പഠിക്കുന്ന കുട്ടികളിൽ ചിലരെങ്കിലും ഇടക്ക്വച്ച് പഠനം നിർത്തുന്നതായി കാണാം. ചുരുക്കത്തിൽ വിദ്യാഭ്യാസത്തിന്റെ എല്ലാതലത്തിലും കൊഴിഞ്ഞുപോക്ക് വളരെ സാധാരണമാണ്. ഇതിനുള്ളകാരണങ്ങൾ പലതാകും.

പാർപ്പിടം

മൊത്തത്തിൽ നോക്കുമ്പോൾ ഇവരുടെ പാർപ്പിട പ്രശ്നം രൂക്ഷമാണം. ചെറ്റകുടിലുകളിൽ താമസിക്കുന്നവർ ഇന്നുമുണ്ട്. കോളനിനിവാസികളുടെ കാര്യം ഭേദമാണ്. ഒട്ടുമിക്ക പട്ടിക ജാതി കോളനികളിലും സർക്കാർ സഹായത്തോടെ പണിയിച്ച ഓടിട്ടു വൈദ്യുതീകരിച്ച വീടുകളുമുണ്ട്. വിവിധ സർക്കാർ ഏജൻസികൾ ഇവരിൽ പലതും അപേക്ഷകൾകൊടുത്ത് കാത്തിരിക്കുന്നവരുമാണ്. വീടുവെയ്ക്കാൻ അനുവധിക്കുന്ന തുകയുടെ അപര്യാപ്തത പോലും കണക്കിലെടുക്കാതെയാണ് അവരുടെ ഈ കാത്തിരിപ്പ്. അതിലേറെ കഷ്ടം വീടു പെയ്ക്കൻ സ്വന്തമായി ഭൂമിയില്ലാത്തവരുടെ കാര്യമാണ്. അവർക്ക് വീടുവെയ്ക്കാൻ ആവശ്യമായ സ്ഥലവും വീടുവെയ്ക്കാനുള്ള വർദ്ധിപ്പിച്ച ധനസഹായവും പുനരധിവാസ പദ്ധതികളിലുടെ അനുവദിച്ചുനടപ്പാക്കിയെങ്കിൽ മാത്രമേ ഈ പൊള്ളുന്ന പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയു.കക്കൂസ് നിലവിലില്ലാത്ത വീടുകൾക്ക് അടിയന്തിരമായി കക്കൂസ് അനുവദിച്ചു നൽകേണ്ടതാണ്. മാതൃക ശുചിത്വ ഗ്രാമമായിദത്തെടുക്കപ്പെട്ടിട്ടുള്ള പള്ളിപ്പാട് പഞ്ചായത്തിൽ കക്കൂസ് ഇല്ലാത്തവീടുകൾ ഉണ്ടാകാൻ പാടില്ല. കോളനികളിൽ ഉൾപ്പെടാത്ത ഒറ്റപ്പെട്ട കുടുംബങ്ങൾ കൂടുതൽ അവഗണിക്കപ്പെടുന്നുണ്ടെന്നു തോന്നുന്നു. അവരുടെ പ്രശ്നങ്ങളും പരിഹരിക്കേണ്ടതാണ്.

തൊഴിൽ

കാർഷികമേഖലയെ മാത്രംആശ്രയിച്ചു കഴിഞ്ഞിരുന്നവരാണ് ഇവിടുത്തെ പട്ടിക ജാതി

വിഭാഗത്തിൽപ്പെട്ട ഭൂരിപക്ഷവും. ഉപജീവനത്തിന് മറ്റുതൊഴിലുകൾ ചെയ്യുവരും കണ്ടേക്കാംഎന്നാൽ കാർഷിക മേഖലയുടെ തളർച്ചകാരണം ഇവരിൽ ഒരു നല്ലപങ്കിനും തൊഴിൽ ഇല്ലതെയായി. അങ്ങനെ തൊഴിൽ രഹിതരായവർ മറ്റുമേഖലകളിലേക്ക് പോകാൻ നിർബ്ബന്ധിതരായിട്ടുണ്ട്. നിർമ്മാണ പ്രവർത്തനരംത്താണ് ഇവരുടെ കടന്നുകയറ്റം കൂടുതൽ പ്രകടമായിട്ടുള്ളത്. കാർഷിക മേഖലയിൽ നിന്ന് മറ്റുമേഖലകളിലേക്ക് പോകാൻ തൊഴിലാളികളെ പ്രേരിപ്പിക്കുന്ന ഘടകങ്ങളുമുണ്ട്. തൊഴിലിന്റെ മാന്യത കുറഞ്ഞതാണ് ഇതിന്റെ ഒരു കാരണമെങ്കിൽ നിലവിലുള്ള കൂലി വ്യവസ്ഥയാകാം മറ്റൊരു കാരണം. കാർഷിക മേഖലയിൽ സീസണുകളിൽ മാത്രമാണ് തൊഴിൽ ഉള്ളത്. കൃഷിക്കാരും വേണ്ടത്ര ഉത്സാഹത്തോടെ കൃഷിപ്പണികൾ ചെയ്യുക്കുന്നല്ല. അതുമൂലം തൊഴിൽ ദിനങ്ങളും കുറയുന്നുണ്ട്.

പ്രശ്നങ്ങൾ

വിശേഷാൽ ഗ്രാമസഭകളിൽ ചർച്ചയ്ക്കവിധേയമായ പ്രശ്നങ്ങൾ തഴെ കൊടുക്കുന്നു.

1 കാർഷിക മേഖലയിൽ തൊഴിൽ സാദ്ധ്യതയും തൊഴിൽ ദിനങ്ങളും കുറഞ്ഞുവരുന്നു.

2 വിദ്യാഭ്യാസരംഗത്ത് പ്രതീക്ഷയെക്കാത്ത പുരോഗതി കൈവരിച്ചിട്ടില്ല. വിദ്യാർത്ഥികളുയെ കൊഴിഞ്ഞുപോക്ക് ഇന്നും സർവ്വ സാധാരണമാണ.

3 എല്ലാവർക്കും തൊഴിൽ ലഭിക്കുന്നില്ല. ലഭിക്കുന്നവർക്കുതന്നെ കുറച്ചു ദിവസങ്ങൾ മാത്രമാണ് പണിയുള്ളത്.

4 എല്ലാവർക്കും സ്വന്തമായി വീടില്ല. വിടുള്ളപലർക്കും പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യമില്ല

5ഭവന നിർമ്മാണത്തിനു നൽകുന്ന സഹായം പര്യാപ്തമല്ല.

6വൈദ്യുതിയും കുടിവെള്ളവും കടന്നുചെല്ലാത്തമേഖലകൾ ഇപ്പോഴുമുണ്ട്

7 കൈവശഭൂമിക്ക്പട്ടയം ലഭിക്കാത്തവരുണ്ട്

8 പൊതുശ്മശാനമില്ല.

9 മെച്ചപ്പെട്ട ആരോഗ്യ സംരക്ഷണസംവിധാനമില്ല

10 കുന്നപ്പന്തറ, പാലത്തുംപാട്ട്, തിരുമംഗലം മുതലായ കോളനികൾ ഐ.എച്ച്.ഡി.പി കോളനികളിയി പ്രഖ്യാപിക്കാത്തതുകൊണ്ട് അവിടെ താമസിക്കുന്നവർക്ക് പല ആനുകുല്യങ്ങളും ലഭിക്കുന്നില്ല.

11 ഐ.ആർ.ഡി.പി പോലുള്ള പദ്ധതികളുടെ സഹായം തൃപ്തികരമായി ലഭിക്കുന്നില്ല

12 പട്ടികജാതി വികസന കോർപ്പറേഷനും പട്ടികതജാതി പട്ടിക വർഗ്ഗക്ഷേമ വകുപ്പും അഭ്യസ്ത വിദ്യരായ ചെറുപ്പക്കാർക്ക് നൽകുന്ന വായ്പകളും ധനസഹായങ്ങളും തൃപ്തികരമല്ല

13 ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ച് തക്കസമയത്ത് അറിവ്ലഭിക്കാതിരിക്കുന്നതും പുരോഗതിക്ക് വിഘാതമായിട്ടുണ്ട്

14കടക്കെണിയിൽപ്പെട്ടു പോകുന്നവരെ സഹായിക്കാനുള്ള പദ്ധതികളില്ല

സാദ്ധ്യതകൾ.

1 വൈദ്യുതിയും വഴിവിളക്കും കടന്നു ചെന്നിട്ടില്ലാത്ത മേഖലകളിൽ ഇവ കൊണ്ടെത്തിക്കുന്നതിലൂടെ ഈ ഡനവിഭാഗത്തിന്റെ ജീവിതരീതികളിൽ മാറ്റമുണ്ടാകും

2 വൈദ്യുതീകരിയ്ക്കാൻ യോഗ്യമായ എല്ലാവീടുകളും സൗജന്യമായി വൈദ്യുതികരിച്ചാൽ കുട്ടികളുടെ വിദ്യാഭ്യാസ കാര്യങ്ങളിൽ ഗുണപരമായ മാറ്റമുണ്ടാകുമെന്ന് പ്രതീക്ഷക്കാം

2 വൈദ്യുതീകരയ്ക്കാൻ യോഗ്യമായ എല്ലാ വീടുകളും സൗജന്യമായി വൈദ്യുതീകരിച്ചാൽ കുട്ടികളുടെ വിദ്യാഭ്യാസ കാര്യങ്ങളിൽ ഗുണപരമായ മാറ്റമുണ്ടാകുമെന്ന് പ്രതീക്ഷിക്കാം

3 കുടിവെള്ളം ലഭിക്കാത്തമേഖലകളിൽ അതെത്തിക്കുന്നതിലൂടെ ആരോഗ്യസംബന്ധമായ കാര്യങ്ങളിൽ ഒരു പരിധിവരെ മെച്ചമുണ്ടാകും.

4കോളനികളിൽ ജലദൗർല്ലഭ്യം ഉണ്ടാകരുത്. പരിസരമലിനീകരണത്തിന് ഇടവരരുത്

നിർദ്ദേശങ്ങൾ

1 ഇന്നുനൽകുന്ന വിദ്യാഭ്യാസ ആനുകുല്യങ്ങൾ വർദ്ധിപ്പിച്ചുനൽകണം

2 കുടിവെള്ളപ്രശ്നപരിഹരിക്കണം

3 കുടുതൽ പട്ടികജാതി സർവ്വീസ് സഹകരണ സംഘങ്ങൾ ഉണ്ടാകണം

4 ഭവനനിർമ്മാണ ധനസഹായം വർദ്ധിപ്പിക്കണം

5 പട്ടികജാതിക്കാരുടെ ആനുകുല്യങ്ങൾ മറ്റുള്ള വർതട്ടിയെടുക്കുന്നതെ നിയമം മൂലം തടയണം.

6 കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തിതൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കണം

7 പട്ടികജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ട ജനങ്ങൾതിങ്ങിപ്പാർക്കുന്ന മേഖലകളിൽ ഡേ-കെയർ സെന്ററുകൾ ആരംഭിക്കണം

8 പട്ടികജാതി പട്ടിക വർഗ്ഗ സംരക്ഷണം ഉറപ്പുവരുത്തുക

9 പി.എം.ആർവൈ ലോൺ അനുവദിക്കുമ്പോൾഈ വിഭാഗക്കാർക്ക് മുൻഗണനനൽകുക.

10 ഈ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളെ കൈത്തൊഴിൽ പരീശിലിപ്പിച്ച് തൊഴിൽ സംരംഭകരുടെ സഹകരണസംഘങ്ങൾ രജിസ്റ്റർചെയ്തു ധനസഹായം നൽകുക

11പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വിവാഹം,പ്രസവം, ചികിത്സ മുതലായ ആവശ്യങ്ങൾക്കും മരണാനന്തരനുണ്ടാകുന്ന ചെലവുകൾക്കും ധനസഹായം നൽകുക

12സർക്കാർ ഏജൻസികൾ നടപ്പാക്കുന്ന വായ്പകളും

ധനസഹായ പദ്ധതികളും ഏകോപിപ്പിച്ച് പഞ്ചായത്തു മുഖേന വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണമുണ്ടാക്കുക, ഇതിന്റെ മാനദണ്ഡങ്ങളും നടപടി ക്രമങ്ങളും ലഘൂകരിക്കുക

13 കോളനികൾക്ക് കൃഷിഭവൻ മുഖേന പച്ചക്കറിവിത്തുകളും വളവും സൗജന്യമായി നൽകി പച്ചക്കറി കൃഷിയെപ്രോത്സാഹിപ്പിക്കുക. ഉല്പന്നങ്ങൾക്ക് വിപണനസൗകര്യം ഏർപ്പെടുത്തുക

14 എല്ലാപദ്ധതികളുടേയും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള അവാകശം ഗ്രാമപഞ്ചയത്തിനുനൽകുക

15 വീടുകൾ പുതുക്കിപ്പണിയുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ധനസഹായം അനുവദിക്കുക

16 7-ാം വാർഡിലുള്ള എച്ച്.[illegible]യു.എൽ.പി.എസ് മഹാനായ അയ്യൻ കാളിയുടെ പേരിൽ പുനർനാമകരണം ചെയ്ത് അപ്പ്ഗ്രേഡ്ചെയ്യണം.

17 എസ്സ്സി, എസ്റ്റി വിഭാഗത്തിൽപ്പെട്ട ജനസാന്ദ്രത കൂടിയ മേഖലകളിൽ കമ്മ്യൂണിറ്റിഹാളും പി.എച്ച് സെന്ററും സ്ഥാപിക്കണം

18 പ്രീസെട്രിക് ഹോസ്റ്റലുകൾ സ്ഥാപിക്കണം

19 കുടുംബബാദ്ധ്യതകൾ ഏറ്റെടുത്ത് വിദ്യാഭ്യാസം നിർത്തുന്ന കുട്ടികളെ കണ്ടെത്തി പഠനം തുടങ്ങുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക

20 കോളനികളിൽ ടി.വി സെറ്റുകൾസ്ഥാപിക്കുക

21 എസ്സ്സി. എസ്സ്റ്റി വിദ്യാർർത്ഥികൾക്ക് സൗജന്യമായി യൂണിഫഫോം നൽകണം.

22 അഭ്യസ്ത വിദ്യരുടെ സേവനം കോളനികളിലെ വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിന്പ്രോജനപ്പെടുത്തുക

23 പട്ടികജാതി വികസന വകുപ്പ് നടുപ്പാക്കുന്ന ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കി സ്ഥലവും വീടും ഇല്ലാത്ത കുടുംബങ്ങളെ സഹായിക്കുക

24 പായ് നെയ്ത്ത്, കുട്ട, പനമ്പ് എന്നിവയുട് നിർമ്മാണം ആരംഭിക്കുന്നതിന് ധനസഹായം നൽകുക

25 7-ാം വാർഡിൽ കുരീത്തറ മേഖലയിൽ ഒരുപോലീസ്ഔട്ട്പോസ്റ്റ് സ്ഥാപിക്കുക

26 നാടൻകലകളിലും കായികരംഗത്തും തനതായ വ്യക്തിത്വം പ്രകടിപ്പിക്കുന്നവരെ കണ്ടെത്തി അവർക്ക് പ്രോത്സാഹനം നൽകുക

27 പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ തിങ്ങിപ്പാർക്കുന്ന മേഖലകളിലേക്കുള്ള ഗതാഗത സൗകര്യം വർദ്ധിപ്പിക്കുക

28 സ്ത്രീകളുടെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക ഇവടെ ലഭ്യമായ അസംസ്ക്രുത വസ്തുക്കളുപയോഗിച്ചുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് സഹകരണാടിസ്ഥാനത്തിൽ ചെറുകിട വ്യാവസായിക യൂണിറ്റുകൾ ആരംഭിക്കുക

4.12

വിഭവസമാഹരണം

നമ്മുടെ ഗ്രാമം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം സാമ്പത്തിക ബുദ്ധിമുട്ടാണ്. അത്യാവശ്യം നടപ്പാക്കേണ്ട ചില വികസന പ്രവർത്തനങ്ങൾ പോലും ഏറ്റെടുത്ത് നടപ്പാക്കാൻ കഴിയാത്തത് സാമ്പത്തിക പ്രതിസന്ധി മൂലംമാണ്. ഈ പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങളും കർഷകരും കർഷകതൊഴിലാളികളും മറ്റു ദുർബല ജനവിഭാഗങ്ങളുമാണ്. വ്യാവസായിക സ്ഥാപനങ്ങളോ മറ്റ് തൊഴിൽ സ്ഥാപനങ്ങളോ, സിനിമാശാലകളോ പഞ്ചായത്തിൽ ഇല്ലെന്നു തന്നെപറയാം. കെട്ടിട നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസുകൾ എന്നിവ മാത്രമാണ് പഞ്ചായത്തിന്റെ തനതായ വരുമാനം കൂടാതെ സർക്കാർ കാലാകാലങ്ങളിൽ നൽകുന്ന വിവിധയിനം ഗ്രാന്റുകൾ കൂടി കണക്കിലെടുത്താൽ പഞ്ചായത്തിന്റെമൊത്ത വരുമാനമാകും. എന്നാൽ ചെലവ് ഇനങ്ങൾനോക്കാം. പഞ്ചായത്തിന്റെ തനതു വരുമാനങ്ങളിൽ നിന്നുവേണം ജീവനക്കാരുടെ ശബളം, പഞ്ചായത്ത്ഭരണസമിതി അംഗങ്ങളുടെ അലവൻസുകൾ, പഞ്ചായത്തിലെ ദൈനം ദിനംചെലവുകൾ മുതലായവ വഹിക്കേണ്ടത്. ഇതിനു പുറമേയാണ് തെരുവു വിളക്കുകൾ കത്തിക്കുന്നതിനും, ശുദ്ധ ജലവിതരണത്തിനും മറ്റുക്ഷേമ പ്രവർത്തന ങ്ങൾക്കും ഭാരിച്ചതുക ചെലവഴിക്കേണ്ടിവരുന്നത്. ശുദ്ധജലവിതരണത്തിന്റെ കുടിശികയിന ത്തിൽതന്നെ640000/-ത്തോളം അടച്ചു തീർക്കുവാനുണ്ട്. ചുരുക്കത്തിൽ പഞ്ചായത്തിന്റെ സാമ്പത്തിക നില വളരെ മോശമാണ്. വരുമാനത്തിലേറെ ചെലവിടേണ്ടിവരുമ്പോൾ വികസനപ്രവർത്തനങ്ങൾ ജനാഭിലാഷത്തി നനുസൃതമായി പൂർത്തികരക്കാൻ കഴിയാതെവരും

ഇതു കൊണ്ട് കൂടുതൽ സർക്കാർ ഗ്രാന്റുകൾക്ക് വേണ്ടി ശ്രമിക്കേണ്ടിവരുന്നു. പക്ഷേ ഭരണതലത്തിൽ ഇതിനനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ മാറിക്കിട്ടേണ്ടതാണ് വിവേചന രഹിതമായി ഗ്രാന്റുകൾ തക്കസമയത്തു തന്നെ പഞ്ചായത്തുകൾക്ക് ലഭ്യമാകണം. ഗ്രാന്റുകളുടെ നീതിപൂർവ്വമായ വിതരണം ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനത്തെ ശക്തിപ്പെടുത്തുമെന്ന കാര്യത്തിൽ സംശയിമില്ല.

പഞ്ചായത്തിലെ നികുതി പിരിവ് തൃപ്തികരമല്ല. കച്ചവടസ്ഥാപനങ്ങളുടേയും മറ്റും ലൈസൻസ് ഫീസായി ഈടാക്കുന്നത് നാമമാത്രമായതുമാകണം. വിവിധമേഖലകളിൽ തൊഴിൽചെയ്യുന്നവരിൽ നിന്നെല്ലാം തൊഴിൽക്കരം ഈടാക്കുന്നുണ്ടെന്നു പറയാൻ കഴിയില്ല. നിലവിലുള്ള നികുതികൾ യുക്തിസഹമാക്കണം അതു കൃത്യമായി നൽകി സ്വയം ഭരണസ്ഥപനങ്ങളെ സഹായിക്കണമെന്നു പൗരബോധം വളർത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിനു നൽകേണ്ടനികുതികൾ യഥാസമയുവും പൂർണ്ണമായും നൽകിയാൽ യഥാസമയവും, പൂർണ്ണമായും നൽകിയാൽ വികസന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയും

ഗാമസഭകിളിൽ ഉയർന്നു വന്ന പ്രശ്നങ്ങൾ ഇവയാണം.

1 വരുമാനക്കുറവ് വികസനപ്രവർത്തനങ്ങളെ ദോഷകരമയി ബാധിക്കുന്നു.

2 മാനവവിഭവശേഷി വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

3 ഉപാധിരഹിത ഫണ്ടിന്റെ വിനിയോഗം പ്രത്യുൽപ്പാദനരംഗത്ത് ഉണ്ടാകുന്നില്ല.

4 വികസനപ്രവർത്തനങ്ങൾക്ക് നിയമങ്ങൾ പലപ്പോഴു വിഘാതം സൃഷ്ടിക്കുന്നുണ്ട്

5 പദ്ധതികൾ സമയബന്ധികമായി പൂർത്തീകരിക്കാത്തതു കൊണ്ട് അനുവദിക്കപ്പെട്ട തുകയേക്കാൾ ഏറെ ചെലവിടേണ്ടിവരുന്ന.

6 പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കുന്ന പദ്ധതികളിൽ സാങ്കേതിക വിദഗ്ദരുടെ അഭാവം തടസ്സം സൃഷ്ടിക്കുന്നുണ്ട്.

നിർദ്ദേശങ്ങൾ

1 പരസ്യ ബോർഡുകൾക്ക് നികുതി ഏർപ്പെടുത്തുക

2 പഞ്ചായത്തിൽ സ്ഥാപിക്കുന്ന വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തിനു നൽകുക.

3 കേബിൾ T.V സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുക.

4 സിനിമാശാലകൾ തുടങ്ങുന്നതിന് സ്വകാര്യ വ്യക്തികളേയോ സ്ഥാപനങ്ങളേയോ പ്രേരിപ്പിക്കുക

5 പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ആഡിറ്റോറിയം സ്ഥാപിക്കുക

6 പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ പൊതുമാർക്കറ്റും അറവുശാലയും സ്ഥാപിക്കുക

7 അത്യാഹിതങ്ങൾ, അപകടങ്ങൾ ഇവ ഉണ്ടാകുമ്പോഴോ മരണം സംഭവിക്കുമ്പോഴോ സഹായിക്കാൻ കഴിയുന്നതരത്തിൽ ഒരു ആബുലൻസ് വാങ്ങുക

8 പഞ്ചായത്തിൽ ഒരു വർക്കിംഗ് വിമൻസ് ഹോസ്റ്റൽ സ്ഥാപിക്കുക

9 അച്ചൻ കോവിൽ ആറിൽ നിന്നു മണൽ വാരാൻ അനുവദിക്കുന്ന പക്ഷം അതിനുള്ള അവകാശം ലേലംചെയ്തു കൊടുക്കുക

10 പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുക

11 പഞ്ചായത്തുവക സ്ഥലത്ത് ഫലവൃഷങ്ങൾ വെച്ചു പിടിപ്പിക്കുക

12 പഞ്ചായത്തിന്റെ നേതൃത്വത്തിൽ ജനങ്ങൾക്ക് സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചുനടപ്പാക്കുക

13 പഞ്ചായത്തുവക ഷോപ്പിംഗ് കോപ്ലക്സ് സ്ഥാപിക്കുക

14 പഞ്ചായത്തിലുള്ള ബാങ്കുകളിലെ സ്ഥിരനിക്ഷേപങ്ങളുടെ 60% എങ്കിലും പഞ്ചായത്തു പ്രദേശത്ത് വായ്പയായിനൽകുക

15 പദ്ധതികളുടെ ഗുണഭോക്താക്കളിൽ നിന്നും സംഭാവന സ്വീകരിച്ച് അവകാര്യക്ഷമമായി നടപ്പാക്കുക

16 ഇഷ്ടികത്തൊഴിലാളികളിൽ നിന്നും കെട്ടിട നിർമ്മാണത്തൊഴിലാളികളിൽ നിന്നും തൊഴിൽക്കരം ഈടാക്കുക

17 ചെറുകിട കച്ചവട സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ്വർദ്ധിപ്പിക്കുക

18 നായ്ക്കളെ വളർത്തുന്നതിന് ലൈസൻസ് നിർബന്ധമാക്കുക

19 നിർമ്മാണ പ്രവർത്തനങ്ങളിൽ കരാറികാരെ ഒഴിവാക്കുക

20 യുക്തിസഹമായ നികുതി നൽകുന്നതിന് ജനങ്ങളെതയ്യാറാക്കുന്നതിനുള്ള ബോധവൽക്കരണം നടത്തുക

21 പഞ്ചായത്തിലെ വാർഡുതലത്തിൽ വികസന സേനരൂപീകരിച്ച് പ്രവർത്തനങ്ങൾ ഏറ്റടുത്ത് നടത്തത്താൻ പരിശീലനം കൊടുക്കുക

പട്ടിക I

പള്ളിപ്പാട് ഗ്രാമപഞ്ചായത്ത് 1991-1992വരവ് ചെലവ്കണക്ക്

ക്രമനമ്പർ	വരവിനം	തുക	ക്രമനമ്പർ	ചെലവിനം	തുക
1	കെട്ടിടനികുതി	193991.40	1	എസ്റ്റാബ്ലിഷ്മെന്റ്	322769.65
2	തൊഴിൽനികുതി	95931.00	2	വൈദ്യുതിചാർജ്ജ്	70452.00
3	അടിസ്ഥാന നികുതിഗ്രന്റ്	26131.00	3	വിദ്യാഭ്യാസപ്രവർത്തനം	13694.00
4	പുനരധിവാസം-ഭൂമിവാങ്ങാൻ	30000.00	4	കുട്ടികൾക്ക് അവർഡ്	400.00
5	മൈനർഇറിഗേഷൻ	37275.00	5	സാക്ഷരത	2011.00
6	അൺടൈഡ്ഫണ്ട്	20700.00	6	റോഡ്സംരക്ഷണം	36372.00
7	വി.ആർ.എം.ഗ്രാന്റ്	51712.00	7	ജനവിതരണം	2742.00
8	കേരളോത്സവം	500.00	8	ചെറുകിടജലസേചനം	2241.00
9	സാക്ഷരത	1015.00	9	നിലത്തെഴുത്ത് ആശാൻമാർക്ക്ഗ്രന്റ്	4500
10	ഭൂമികൈമാറ്റനികുതി	212100.00			
	മറ്റുവരവുകൾ	23770.60			

അവലംബം:-ഗ്രാമപഞ്ചായത്താഫീസ് രേഖകൾ

പട്ടികII

പള്ളിപ്പാട്ഗ്രാമപഞ്ചായത്ത് വരവുചെലവ് കണക്ക്1992-1993

ക്രമ നമ്പർ	വരവിനം	തുക	ക്രമ നമ്പർ	ചെലവിനം	തുക
1	കെട്ടിടനികുതി	200572.00	1	എസ്റ്റാബ്ലീഷ്മെന്റ്	259596.00
2	തൊഴിൽനികുതി	114336.00	2	നിലത്തെഴുത്ത് ആശാന്മാർക്ക് ഗ്രൻ	4850.00
3	വിവിധയിനംഗ്രാന്റുകൾ	104500.00	3	സാക്ഷരത	1053.00
4	അൺടൈഡ്ണ്ട്	218000.00	4	വൈദ്യുതിചാർജ്	128170.00
5	സാക്ഷരത	1942.00	5	വെള്ളപ്പൊക്ക ദുരിതാശ്വാസം	5322.00
6	ഭൂമികൈമാറ്റനികുതി	75503.00	6	വിദ്യാഭ്യാസ പ്രവർത്തനം	11418.00
7	മറ്റുവരവുകൾ	46948.00	7	അവർഡുകൾ	400.00
			8	വസ്തുവാങ്ങിയത്	70261.00
			9	റോഡുസംരക്ഷണം	138490.00

അവലംബം:-ഗ്രാമപഞ്ചായത്താഫീസ് രേഖകൾ

പട്ടിക III

പള്ളിപ്പാട് ഗ്രാമപഞ്ചായത്ത് വരവുചിലവുകണക്ക് 1993-1994

ക്രമനമ്പർ	വരവിനം	തുക	ക്രമനമ്പർ	ചെലവ്	തുക
			1	എസ്റ്റാബ്ലിഷ്മെന്റ്	305798.50
2	തൊഴിൽനികുതി	140515.00	2	റോഡ്സംരക്ഷണം	83352.00
3	വസ്തുകൈമാറ്റനികുതി	177248.00	3	ചെറുകിടജലസേചനം	13480.00
4	ചെറുകിടജലസേചനഗ്രാന്റ്	37275.00	4	വൈദ്യുതിചാർജ്ജ്	121686.00
5	വി.ആർ.എം ഗ്രാന്റ്	49907.00	5	സാക്ഷരത	4507.00
6	അടിസ്ഥാനനികുതി	24230.00	6	മഹാരാഷ്ട്ര ദുരിതാശ്വസനിധി	2000.00

7	എസ്റ്റാബ്ലിഷ്മെന്റ്ഗ്രാന്റ്	73047.00
8	വി.ടി.സി ഗ്രാന്റ	150000.00
9	അൺടൈഡ്ഫണ്ട്	230000.00
10	മറ്റുവരവുകൾ	31248.00

അവലംബം:-ഗ്രാമപഞ്ചായത്താഫീസ് രേഖകൾ

പട്ടികIV

പള്ളിപ്പാട് ഗ്രമപഞ്ചായത്ത് വരവുചെലവ് കണക്ക് 1994-1995

ക്രമനമ്പർ	വരവിനം	തുക	ക്രമനമ്പർ	ചെലവിനം	തുക
1	കെട്ടിടനികുതി	257967.75	1	എസ്റ്റാബ്ലിഷ്മെന്റ്	300052.00
2	തെഴിൽനികുതി	162805.00	2	റോഡുസംരക്ഷണം	214584.00
3	വസ്തുകൈമാറ്റനികുതി	153452.00	3	ചെറുകിടജലസേചനം	55152.00
4	അടിസ്ഥാനനികുതി	42191.00	4	വൈദ്യുതിചാർഇളു	130586.00
5	എസ്റ്റാബ്ലിഷ്മെന്റ്ഗ്രാന്റ്	49164.00	5	വിദ്യാഭ്യാസപ്രവർത്തനം	4800.00
6	വി.ആർ.എം ഗ്രാന്റ്	49540.00	6	ലൈബ്രറിഗ്രാന്റ്	220.00
7	ചെറുകിട ജലസേചനം	37275.00	7	സാക്ഷരത	2375.00
8	സ്പെഷ്യൽഗ്രാന്റ്	120000.00	8	ഭൂമിവാങ്ങൽ	81765.00
9	ആൺടൈസ്ഫണ്ട്	315000.00	9	കേരളോത്സവം	5348.00
10	ഐ.വി.പി ഗ്രാന്റ്	33700.00	10	അവാർഡ്	400.00
11	കേരളോത്സവം	500.00			

അവലംബം:- ഗ്രാമപഞ്ചായത്താഫിസ്രേഖകൾ

പട്ടിക V

പള്ളിപ്പാട് ഗ്രാമപഞ്ചായത്ത് വരവുചെലവ് കണക്ക് 1995-1996

ക്രമനമ്പർ	വരവിനം	തുക	ക്രമനമ്പർ	ചെലവിനം	തുക
1	കെട്ടിടനികുതി	266225.25	1	എസ്റ്റാബ്ലിഷ്മെന്റ്	420910.00
2	തൊഴിൽ നികുതി	193630.00	2	വൈദ്യുതിചാർഇളു	105094.00
3	വസ്തുകൈ മറ്റനികുതി	163863.00	3	റോഡുസംരക്ഷണം	184075.00
4	എസ്റ്റാബ്ലിഷ് മെന്റ്ഗ്രാന്റ്	17200.00	4	പ്രത്യേകതൊഴിൽ ദാനപദ്ധതി	11865.00
5	കൊതുകു നിവാരണം	5000.00	5	ചെറുകിടജലസേചനം	86475.00
6	ചെറുകിടജല സേചനഗ്രാന്റ്	37275.00	6	സാക്ഷരത	1854.00
7	വീ.ആർ.എം ഗ്രാന്റ്	48879.00	7	നിലത്ത്എഴുത്ത്ശാന്മാർക്ക്ഗ്രാന്റ്	4125.00
8	വി.ടി.സി ഗ്രാന്റ്	394505.00	8	അവാർഡുകൾ	500.00
10	വൈദ്യുതി ഗ്രാന്റ്	10000.00	9	പട്ടിപിടുത്തം	3636.00
11	ഉപാധി രഹിതഫണ്ട്	325000.00	11	അനാഥപ്രേതം മറവുചെയ്തത്	300.00
12	മറ്റുവരവുകൾ	66163.00	12	ഇൻഷ്വറൻസ്	1524.60
			13	ഉപാധി രിഫണ്ട്	222839.50

അവലംബം-ഗ്രാമപഞ്ചായത്താഫീസ് രേഖകൾ

5

ഉപസംഹാരം

ആസൂത്രണ പ്രവർത്തനങ്ങളുടെ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം എഴുതി ചേർക്കുന്ന ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ വിജയകരമായ തുടക്കം കുറിച്ച് കഴിഞ്ഞിരിക്കുന്നു. ഇതിന്റെ നാളിതുവരെയുള്ള പ്രവർത്തനങ്ങളിൽ പ്രകടമായിരിക്കുന്ന ആവേശവും ജനപങ്കാളിത്തവും വലിയ പ്രതീക്ഷകളുണർത്തുന്ന വയാണ്. ജനപങ്കാളിത്തവും പ്രതീക്ഷക്കൊത്തുയരാൻ ജനകീയാ സൂത്രണ പ്രസ്ഥാനത്തിനു കഴിയണം. അവരുടെ ആശയാഭിലാഷങ്ങൾ പൂർത്തീകരിക്കാൻ കഴിയുന്ന പദ്ധതികൾക്കു രൂപം നൽകാനും. കാര്യക്ഷമമായി നടപ്പാക്കാനും. കഴിഞ്ഞെങ്കിൽ മാത്രമേ ഒരു പുതിയ വികസന കാഴ്ചപ്പാടു വളർത്തിയെടുക്കാൻ സാധിയ്ക്കു. ഇന്നു, ജനങ്ങളിൽ പ്രകടമാകുന്ന നിരാശയും. "ഒന്നും നേരെയാവില്ല" എന്ന മനോഭാവവും മാറ്റി അവരെ ശുഭാപ്തി വിശ്വാസവും. ദിശാബോധവു മുള്ളവരാക്കണം. അതുകൊണ്ടു തന്നെ, എല്ലാ പ്രവർത്തനങ്ങളും. അവരുടെ പങ്കാളിത്തം. ഉറപ്പാക്കികൊണ്ടു മുന്നോട്ടായിരിക്കണം. നമ്മുടെ ആസൂത്രണ പ്രവർത്തനങ്ങളിൽ സജീവമായി പങ്കുചേരേ ണ്ടതുണ്ട്. അതിനു തടസ്സമാകുന്ന എന്തിനെയും. ഒഴിവാക്കിയേ മതിയാകൂ. മാമൂൽ വിട്ട് ചിന്തിക്കാനും. പ്രവർത്തിക്കാനും സന്നദ്ധമാകണം. ലക്ഷ്യ പ്രാപ്തിക്കു വേണ്ടിയുള്ള കർമ്മ പദ്ധതികളിൽ അതിവിപുലമായ തോതിൽ ജനങ്ങളെ അണിനിരത്തിക്കൊണ്ട് കടമകൾ നിർവഹിക്കാൻ കഴിയുന്ന ഒരു വികസന സംസ്ക്കാരം. പടുത്തുയർത്തേ ണ്ടിയിരിക്കുന്നു. അതിനു വേണ്ടി നമുക്കോ രോരുമിച്ചു പ്രവർത്തിക്കാം. നമുക്കും അഭിമാനിക്കാൻ കഴിയട്ടെ?

(ഒപ്പ്)
സുചിത്രാ ശക്തിധരൻ.

പള്ളിപ്പാട് ഗ്രാമപഞ്ചായത്ത്

വികസന രേഖ

അനുബന്ധം



വികസനരേഖ

വിശദീകരണം - തിരുത്തൽ

1. പേജ് 10, പഞ്ചായത്തിലെ സ്ഥാപനങ്ങൾ
33. അംഗൻവാടികൾ - 16

2. പേജ് 36, പട്ടിക 18
'വെള്ളപൊക്കം' എന്നത് 'വെള്ളപ്പൊക്കത്തിനനുവദിച്ച തുക' എന്ന് വായിക്കുക

3. പേജ് 39, പട്ടിക 3
കൃത്രിമ ബീജസങ്കലനം നടത്തിയ പശുക്കളുടെ എണ്ണം 1682 എന്നും കിടാരികളുടെ എണ്ണം 216 എന്നും തിരുത്തണം. ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജസങ്കലനം വേണ്ടി വന്ന കീടാരികൾ 158 ആണ്.

4. പേജ് 40
താറാവുകൃഷി
പഞ്ചായത്തിൽ മൂന്ന് ചെറുകിട താറാവു കർഷകസംഘങ്ങളിലായി 176 താറാവു കർഷകരുണ്ട്. ഇപ്പോൾ വിരിച്ചിറക്കിയ 72,000 കുഞ്ഞുങ്ങൾ ഉൾപ്പെടെ 1,76,560 താറാവുകൾ ഉണ്ട്.

5. പേജ് 41 പട്ടിക 5 താഴെപറയും പ്രകാരം വായിക്കുക
രോഗവിവരങ്ങൾ

ക്രമനമ്പ:	രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി	താറാവ്	പൂച്ച	ആന	മറ്റുള്ളവ
1.	ദഹനസംബന്ധമായവ Diagestive disorders	1200	-	250	-	8	-	-	-		
2.	ശ്വാസകോശ സംബന്ധം Respiratory diseases	340	-	42	-	-	4000	12000	-	-	-
3.	ധാതുലവണങ്ങളുടെ അഭാവം Deficiency diseases	1300	6	90	-	-	-	-	-	-	-
4.	പാദരോഗങ്ങൾ Parastic diseases	463	-	76	-	-	-	-	-	-	-
5.	പ്രത്യുദ്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ Gynacological disorders	983	-	43	-	-	-	-	-	-	-
6.	വന്ധ്യത (Infertility)	125	-	8	-	-	-	-	-	-	-
7.	അകിടുവീക്കം Mastitis	287	-	67	-	-	-	-	-	-	-
8.	മുടന്തൻപനി Ephemeral Fever	37	-	-	-	-	-	-	-	-	-
9.	പകർച്ച വ്യാധികൾ Contagion diseases	639	6	27	-	-	4500	26000	-	-	-

6. പേജ് 51

വിദ്യാഭ്യാസം

വഴുതാനം ഗവഃ UPS, M.S.C. L.P.S, നങ്ങ്യാർകുളങ്ങര ഗവഃ UPS എന്നീ സ്ക്കൂളുകൾ 80 ൽ ഏറെ വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ചവയാണ്.

7. പേജ് 53 പട്ടിക 5

നടുവട്ടം HS ലെ SC/ST കുട്ടികളുടെ എണ്ണം താഴെപറയും പ്രകാരംആണ്

സ്ക്കൂൾ വർഷം	90-91	91-92	92-93	93-94	94-95	95-96
എണ്ണം	362	358	362	356	357	353

8 പേജ് 53

താഴെപറയും പ്രകാരം പട്ടിക 5 നോട് ഒരു വരികൂടിചേർത്ത് വായിക്കുക

ആകെ കുട്ടികൾ							SC/ST കുട്ടികൾ					
സ്ക്കൂൾ വർഷം	90-91	91-92	92-93	93-94	94-95	95-96	90-91	91-92	92-93	93-94	94-95	95-96
വഴുതാനം Govt. UPS	460	426	415	420	408	387	97	79	13	11	57	58

9. പേജ് 54 പട്ടിക 7

അക്കാഡമിക് സൗകര്യങ്ങളുടെ ലഭ്യത

	ലൈബ്രറി	ലബോറട്ടറി	റേഡിയോ	ടേപ്പ് റിക്കാർഡർ	ടെലിവിഷൻ	സിനിമ പ്രൊജക്ടർ	സ്റ്റിൽ പ്രൊജക്ടർ	ബ്ലാക് ബോർഡ്	മാതൃസംഗമം സജീവം	പാഠ്യേതരപ്രവർത്തനങ്ങൾ
ഉള്ളത്	11	2	8	3	0	0	1	11	11	3
ഇല്ലാത്തത്	0	9	3	8	11	11	10	0	0	8

10.

പേജ് 53 പട്ടിക 6

വിദ്യാലയ സൗകര്യങ്ങൾ

സ്ക്കൂളിന്റെ പേര്	ആഫീസ് മുറി	സ്റ്റാഫ് മുറി	ലൈബ്രറി	ലബോറട്ടറി	കുടിവെള്ളം	കക്കൂസ്	പാചകപ്പുര	വൈദ്യുതി	കുടിവെള്ളം	കളിസ്ഥലം
നടുവട്ടം H.S.	✓	✓	✓	✓	✓	✓	✓	✓	✓	✓
ഗവ : യു. പി. എസ്സ് വഴുതാനം	✓	✓	✓		✓					
ഗവ: യു. പി. എസ്സ്. നങ്ങ്യാർകുളങ്ങര	✓	✓	✓		✓			✓	✓	✓
ഗവ:എൽ. പി. എസ്സ്. നടുവട്ടം	✓		✓		✓		✓		✓	
എച്ച്. ഡബ്ല്യു. എൽ. പി. എസ്സ്.	✓	✓	✓		✓				✓	✓
എൽ. പി. ജി. എസ്സ് നടുവട്ടം	✓		✓		✓					
എം. ടി. എൽ. പി. എസ്സ് അകംകുടി	✓		✓		✓				✓	
എം എസ്സ്. സി. എൽ. പി. എസ്സ് പേർകാട്	✓		✓		✓				✓	✓
എൽ. പി. എസ്സ് മുല്ലക്കര	✓		✓		✓				✓	
ബി. ബി. എൽ. പി. എസ്സ്. നങ്ങ്യാർകുളങ്ങര.	✓	✓	✓		✓	✓	✓	✓	✓	✓
മാധവാ എഡ്യൂക്കേഷൻ സെന്റർ	✓				✓	✓			✓	
ഹോളി ഏഞ്ചൽസ് പബ്ലിക് സ്ക്കുൾ.	✓				✓	✓		✓	✓	✓

11. പേജ് 57. പട്ടിക 1

ആശുപത്രികളെ സംബന്ധിച്ച വിവരങ്ങൾ 95 - 96

ചികിത്സാ സംവിധാനം	ആശുപത്രി		ഡിസ്പെൻസറി		മാതൃ ശിശു സംരക്ഷണ കേന്ദ്രം		ടെലിമെഡിസിൻ യൂണിറ്റ്
	സർക്കാർ	സ്വകാര്യം	സർക്കാർ	സ്വകാര്യം	സർക്കാർ	സ്വകാര്യം	
ആയുർവ്വേദം	-	-	1	7	3	-	21
അലോപ്പതി	1	-	-	2	4	-	121
ഹോമിയോ	-	-	-	1	-	-	2
ഡെന്റൽ	-	-	-	1	-	-	2

12. പേജ് 58. പട്ടിക 3 A

ആരോഗ്യ സ്ഥിതി വിവരങ്ങൾ

1. ആകെ വീടുകൾ
   a. കുടിൽ - 593

3. കുടിവെള്ള സ്രോതസ്സ്
   e. പൈപ്പ് - 115

6. വൈദ്യുതി
   a. വൈദ്യുതീകരിച്ചവ - 3905

13. പേജ് 9 (പൊതുവിവരണം)

പേജ് 59. പട്ടിക 4

ആകെ ജനസംഖ്യ - 41945
(1996 - ലെ പഞ്ചായത്ത് സെൻസസ്)

പുരുഷന്മാർ - 18990

സ്ത്രീകൾ - 20044

കുട്ടികൾ - 2911

14. പേജ് 82 പട്ടിക 1

ഗ്രന്ഥശാലകൾ

പേര്	സ്ഥാപിച്ച വർഷം	അംഗങ്ങൾ	ഗ്രന്ഥങ്ങളുടെ എണ്ണം	ഗ്രേഡ്	പ്രതിദിന വിതരണം	മറ്റു പ്രവർത്തനങ്ങൾ
ഗാന്ധിജി സ്മാരക ഗ്രന്ഥശാല & വായനശാല തെക്കേക്കര കിഴക്ക്	1948	679	8736	A	65	സന്നദ്ധ പ്രവർത്തനം, ആർട്ട്സ് & സ്പോർട്ട്സ്
നങ്ങ്യാർകുളങ്ങര യുവജന സമാജം ഗ്രന്ഥശാല & വായനശാല	1958	642	5327	B	58	കലാ സാംസ്ക്കാരിക പ്രവർത്തനം, പ്രാചീന കലാരൂപങ്ങളുടെ നവോത്ഥാനം

പട്ടിക 2

സ്പോർട്ട്സ്കിറ്റ് വിതരണം ചെയ്തു സംബന്ധിച്ച വിവരങ്ങൾ

വാർഡ്	ക്ലബ്ബിന്റെ പേര്	വർഷം			
		91-92	92-93	93-94	94-95
IV	പ്രിയദർശിനി ആർട്ട്സ്സോപോർട്ട്സ് ക്ലബ്ബ്	-	✓	-	-
XI	ശ്രുതി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്	✓	-	-	-

4.1 കുടി, ജലസേചനം

പട്ടിക XII (തുടർച്ച)

പുതുതായി നിർമ്മിക്കേണ്ട ബണ്ടുകൾ	നീളം (കിലോമീറ്ററിൽ)
15. നടയിൽ കിഴക്കുവശം പാടശേഖരം ബണ്ട്	- 0.75
16. പനമൂട്ടുകാട് പാടശേഖരംബണ്ട്	- 0.5
17. കാട്ടുകണ്ടം പാടശേഖരം ബണ്ട്	- 1.5
18. ആഞ്ഞിലിമൂട്ടിൽ പാലംമുതൽ അരയാകുളങ്ങര കടവ്വരെയുള്ള ബണ്ട്	- 0.3
19. കോയിക്കലേത്ത് കിഴക്കുവശം പാടശേഖരത്തിലെ വളയംചാൽ തോടിന്റെ ഇരുകരകളും	- 1.5
20. കരിലിപാടശേഖരം ബണ്ട്	- 2.5

നീരൊഴുക്കു തോടുകൾ ആഴവും വീതിയും കൂട്ടി സംരക്ഷണഭിത്തി നിർമ്മിക്കേണ്ടവ

1. ചിറക്കുഴി പാടശേഖരത്തിലെ നിലവിലുള്ള തോട്
2. വൈപ്പിൻകാട് വടക്ക് പാടശേഖരത്തിലെ തോട്
3. മുണ്ടാറ്റിൻകര പാലത്തിനു കിഴക്കുവശം അച്ചൻകോവിലാർ വരെയുള്ള തോട്
4. പള്ളിയറ പടിഞ്ഞാറുവശം ഇരിപ്പൂ പാടശേഖരത്തിലെ തോട്
5. കാട്ടുവള്ളിൽ ജംഗ്ഷൻ മുതൽ പടിഞ്ഞാറോട്ട് കറുകയിൽ ജംഗ്ഷൻ വരെയുള്ള തോട്
6. തണ്ടാർ വിളയിൽ നിന്നും പടിഞ്ഞാറോട്ട് തയ്യിൽ വരെയുള്ള തോട്
7. വഴുതാനം ഇരിപ്പൂ പാടശേഖരത്തിലെ നീരൊഴുക്ക് ചാൽ
8. തലത്തോട്ടാ കിഴക്കുവശം അക്കരേത്തു ജംഗ്ഷൻ വരെയുള്ള തോട്
9. മണിമംഗലം കുളം മുതൽ വടക്കോട്ട് തലത്തോട്ടാ ക്ഷേത്രത്തിന്റെ മുൻഭാഗം വരെയുള്ള തോട്
10. മൂടാമ്പാടി കിഴക്കുവശം പാടശേഖരത്തിലേക്കുള്ള നീരൊഴുക്കു തോട്.
11. ചേക്കോട്ട് തെക്കുവശം തോട്
12. തുണ്ടിൽ തെക്കുവശം തോട്
13. നങ്ങ്യാർകുളങ്ങര ക്ഷേത്രം മുതൽ മറുതാത്തറവരെയുള്ള തോട്
14. താണ്ടാശേരി പാടശേഖരത്തിലെ ജലസേചനത്തിലുള്ള രാമനിലയം - ഈരിക്കൽ കലുങ്ക്തോട്
15. കോതേരി - കട്ടക്കുഴി തോട്, ഇളവൻകരി, 18ൽ ചിറ, 60 ൽ ചിറ എന്നീ തോടുകൾ.

നിർദ്ദേശങ്ങൾ (തുടർച്ച)

12. പ്രധാന പാടശേഖര റോഡുകൾ ട്രാക്ടർ റോഡുകളാക്കുക.

13. പാടശേഖരത്തിലെ മോട്ടോർ തറകൾക്ക് കരിങ്കൽഭിത്തി നിർമ്മിക്കുക.

14. ട്രാക്ടർ, ടില്ലർ, പവർ സ്പ്രേയർ, കൊയ്ത്തു യന്ത്രം, മെതിയന്ത്രം, ഞാറ്റടിയന്ത്രം എന്നിവ സൗജന്യനിരക്കിൽ വിതരണം ചെയ്യുക

15. കോളാച്ചിറ പാലം, നെടുന്തറപാലം എന്നിവയോടുചേർത്ത് ഷട്ടറുകൾ സ്ഥാപിക്കുക

16. പുവിയൻ വയൽ - മണ്ണൂർ കിഴക്കുവശം പാടശേഖരത്തിലെ ജലനിർഗമനത്തിന് അടിയന്തിര സംവിധാനം ഉണ്ടാക്കുക

17. സർക്കാരിൽ നിന്നുള്ള സഹായങ്ങൾ അനർഹർ കൈപ്പറ്റുന്നതിനെതിരെ കർശന നടപടികൾ എടുക്കുക

18. ജലസേചനത്തിനുള്ള വൈദ്യുതികണക്ഷൻ അടിയന്തിരമായി ലഭിക്കുന്നതിനുള്ള നടപടികളെടുക്കുക

19. പാടശേഖരങ്ങൾക്ക് അനുവദിക്കുന്ന ട്രാക്ടർ. ടില്ലർ എന്നിവ ബന്ധപ്പെട്ട പാടശേഖരങ്ങളിലെ കർഷകർക്ക് പ്രയോജനം ലഭിക്കത്തക്കവിധം ഉപയോഗിക്കുക

20. രോഗബാധയുള്ള തെങ്ങുകൾ വെട്ടിമാറ്റി പുതിയവ വെച്ചു പിടിപ്പിക്കുന്നതിനും തെങ്ങിനു മരുന്നുതളിക്കുന്നതിനു വേണ്ട നടപടികൾ എടുക്കുക

21. വാർഡുകൾതോറും കാർഷിക വാർത്താ ബോർഡുകൾ സ്ഥാപിക്കുക

22. പള്ളിപ്പാട് കൃഷിഭവനു സ്വന്തം സ്ഥലം വാങ്ങുകയും കെട്ടിടം നിർമ്മിക്കുകയും ചെയ്യുക

4.2 മൃഗസംരക്ഷണം, മത്സ്യബന്ധനം

മൃഗസംരക്ഷണം

നിർദ്ദേശങ്ങൾ (തുടർച്ച)

27. കന്നുകാലി, താറാവുകർഷകർക്ക് അർഹിക്കുന്ന എല്ലാ ആനുകൂല്യങ്ങളും യഥാസമയം നൽകുക. ഉത്പന്നങ്ങൾക്ക് ന്യായമായവില, തീറ്റ, മരുന്ന് എന്നിവ ലഭ്യമാക്കുന്നതിന് സഹകരണസംഘങ്ങൾ ശക്തിപ്പെടുത്തുക.

28. വായ്പകൾ കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനും അവ യഥാവിധി വിനിയോഗിക്കുന്നുണ്ടോ എന്ന് പരിശോദിക്കുന്നതിനും പഞ്ചായത്തുതല സമിതി രൂപീകരിക്കുക.

29. കന്നുകാലി, താറാവ് കർഷകർക്ക് പെൻഷനും ക്ഷേമനിധിയും ഏർപ്പെടുത്തുക.

മത്സ്യബന്ധനം

നിർദ്ദേശങ്ങൾ (തുടർച്ച)

17. പുറംപോക്കു ഭൂമികളിൽ താമസിക്കുന്ന പരമ്പരാഗത ഉൾനാടൻ മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുകയും ഭവനനിർമ്മാണ വായ്പകൾ ലഭ്യമാക്കുകയും ചെയ്യുക

18. മത്സ്യത്തൊഴിലാളികളുടെ വീടുകൾ വൈദ്യുതീകരിക്കുന്നതിനുള്ള കേന്ദ്രഗവൺമെന്റ് പദ്ധതികൾ നടപ്പിലാക്കുക

19. തീരദേശ മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്ന എല്ലാ ആനുകൂല്യങ്ങളും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കും ലഭ്യമാക്കുക

20. പഞ്ചായത്തിൽ ഒരു ഫിഷറീസ് ലാന്റിംഗ് സെന്ററർ സ്ഥാപിക്കുക.

4.3 കൃഷിയും അനുബന്ധവും

നിർദ്ദേശങ്ങൾ (തുടർച്ച)

11. മൾബറികൃഷി പുനരാരംഭിക്കുക

12. ഖാദിവ്യവസായ യൂണിറ്റ് ആരംഭിക്കുക

13. പാലുല്പന്നങ്ങളും ബേക്കറി സാധനങ്ങളും നിർമ്മിക്കുന്ന വനിതാ യൂണീറ്റുകൾ ആരംഭിക്കുക

4.4 വിദ്യാഭ്യാസം

നിർദ്ദേശങ്ങൾ (തുടർച്ച)

25. പഞ്ചായത്തു കമ്മിറ്റിയുടെ ഉടമസ്ഥതയിലും ഉത്തരവാദിത്വത്തിലും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുക.

26. L.P, U.P സ്ക്കൂളുകളിൽ ഉച്ചകഞ്ഞി വിതരണത്തിന് പഞ്ചായത്ത് സാമ്പത്തിക സഹായം നൽകുക.

27. നടുവട്ടം H.S ൽ നിന്നും S.S.L.C. ക്ക് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടിക്ക് പഞ്ചായത്ത് കമ്മിറ്റി നൽകി വരുന്ന പ്രോത്സാഹന സമ്മാനത്തിനൊപ്പം പഞ്ചായത്ത് അതിർത്തിക്കുള്ളിൽ താമസിക്കുന്നതും S.S.L.C ക്ക് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്നതുമായ കുട്ടിക്കുകൂടി പ്രോത്സാഹന സമ്മാനം നൽകണം.

28. നടുവട്ടം ഗവ: L.P സ്ക്കൂളിന്റെ ശോച്യാവസ്ഥ അടിന്തിരമായി പരിഹരിക്കുക

29. പഞ്ചായത്ത് അതിർത്തിക്കുള്ളിലെ മുഴുവൻ സ്ക്കൂൾ PTA കളേയും ഉൾപ്പെടുത്തി ഒരു കേന്ദ്രീകൃത സംഘടന രൂപീകരിക്കുക.

4.5 ശുചിത്വപദ്ധതികൾ

കുടിവെള്ളം

നിർദ്ദേശങ്ങൾ (തുടർച്ച)

24. പൊയ്യക്കര ജംഗ്ഷനിൽ പ്രവർത്തിക്കുന്ന ഹെൽത്സെന്റർ ഒരു P.H.C ആയി ഉയർത്തുകയും നിലവിലുള്ള കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുക.

25. ഒരു പൊതുശൗചാലയം സ്ഥാപിക്കുക.

26. പൊതുസ്ഥലങ്ങളിൽ മൂത്രപ്പുരകൾ നിർമ്മിക്കുക.

27. എലി, കൊതുക്, ഈച്ച എന്നിവയുടെ നിവാരണത്തിന് അടിയന്തിര നടപടികൾ സ്വീകരിക്കുക.

28. പ്രകൃതി ചികിത്സാകേന്ദ്രം ആരംഭിക്കുക.

29. അംഗീകാരമില്ലാത്ത മാംസ - മത്സ്യമാർക്കറ്റുകൾ നിർത്തലാക്കുക.

30. ശബ്ദമലനീകരണം തടയുക.

31. നാലുകെട്ടും കവലയിൽ വാട്ടർ സ്പ്ലെസ്കീം ആരംഭിക്കുക.

32. പ്രധാനപ്പെട്ട സ്ഥലങ്ങളിൽ ചപ്പുചവറുകൾ ഇടുന്നതിന് ഡസ്റ്റ്ബിൻ സ്ഥാപിക്കുക.

33. സുചീകരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ജീവനക്കാരെ നിയമിക്കുക.

4.6 ഗതാഗതം, ഉപരിതലം

ഗതാഗതം

ഗ്രാവൽ റോഡുകളെ സംബന്ധിക്കുന്ന വിവരങ്ങൾ (തുടർച്ച)

		വീതി - നീളം
107.	ഹണിമാൻതറ കോളനി റോഡ്	- 2.5m - 200
108.	കൊല്ലംമുറി ജംഗ്ഷൻ - അച്ചൻകോവിൽആറ് റോഡ്	- 3m - 150m
109.	നല്ലോട്ടിൽ റോഡ്	- 3m - 300m
110.	പനയറ ജംഗ്ഷൻ - കേളാട്ടുചിറ റോഡ്	- 3m - 300m
111.	കൊട്ടയ്ക്കാട്ട് ജംഗ്ഷൻ - തിരുമംഗലം റോഡ്	- 4m - 500m
112.	നാലുകെട്ടും കവല - മംഗലശ്ശേരി റോഡ്	- 5m - 600m

മണ്ണ് റോഡുകൾ സംബന്ധിക്കുന്ന വിവരം (തുടർച്ച)

123. നീണ്ടൂർ ഹരിജൻ സെറ്റിൽമെന്റെ് കോളനി റോഡ്

124. മംഗലശ്ശേരി മുതൽ തെക്കോട്ട് പായിപ്പാട് തറവരെയുള്ള നടപ്പാത

125. കല്ലൂർ ജംഗ്ഷൻ - അച്ചൻകോവിലാർ റോഡ്

126. കറുകയിൽ ജംഗ്ഷൻ മുതൽ തെക്കോട്ട് ഇലയിക്കൽ പടിഞ്ഞാറുവശം വഴി ചേരിയിൽ കോളനി റോഡ്.

127. ഇലയിക്കൽ ജംഗ്ഷൻ - പുഞ്ചറോഡ്

128. കീച്ചേരിൽ പടിഞ്ഞാറെ ജംഗ്ഷൻ മുതൽ തെക്കോട്ട് വൈയ്പിൽ പടിഞ്ഞാറുവശംവഴി നാച്ചാവീട്ടിൽ, ആനാടിയിൽ മുതൽ ചിറയ്ക്കൽ പടിഞ്ഞാറുവശം വരെയുള്ള നടപ്പാത.

അടിയന്തിരമായി ഉയർത്തി പിച്ചിംഗ് കെട്ടി ടാർചെയ്യേണ്ട റോഡുകൾ

		വീതി - നീളം
1.	മുണ്ടാറ്റിൻകര - പറക്കളം റോഡ്	6m - 1.5 km
2.	കുളഞ്ഞിൽ കൊമ്പിൽ - പള്ളിയറ ജംഗ്ഷൻ റോഡ്	4m - 400m
3.	N.H.47 മുതൽ കിഴക്കോട്ട് പാനല്ലൂർ വഴിയുള്ള റോഡ്	4m - 1km

4. കുരിശാട്ട് ജംഗ്ഷൻ
- കടുകോയിക്കൽ ജംഗ്ഷൻ
റോഡ് 4m - 400m

5. കരുമാടി ജംഗ്ഷൻ - കുന്നത്തുലക്ഷം
വീട് റോഡ് 4m - 1km

6. മേടക്കടവ് - അച്ചൻ
കോവിലാറ് റോഡ് 6m - 1.25km

7. കീത്തോത്ത് ജംഗ്ഷൻ
- മുല്ലാക്കുളങ്ങര ജംഗ്ഷൻ റോഡ് 4m - 350m

8. രജിഭവൻ - കൈപ്പള്ളി
ജംഗ്ഷൻ റോഡ് 4m - 1.5km

9. തുണ്ടുപറമ്പിൽ ജംഗ്ഷൻ
- ചൂരലായ്ക്കൽ റോഡ് 6m - 500m

10. മണ്ണട - കാട്ടിൽപറമ്പിൽ റോഡ് 3m - 400m

11. തെങ്ങിൻ തോപ്പിൽ - കുരീത്തറ
- 28ൽ കടവ് റോഡ് 5m - 3km

12. വാഴോലി ജംഗ്ഷൻ
- നാലുകെട്ടുംകവല
- 28ൽ കടവ് റോഡ് 5m - 3km

13. നരയങ്ങത്ത് ജംഗ്ഷൻ മുതൽ
കിഴക്കോട്ട് ഈഴിക്കൽ
വഴി കാട്ടിൻമുക്ക്
- കോളാച്ചിറ റോഡ് 4m - 2.5km

14. പൊന്നുരുട്ട ജംഗ്ഷൻ
- കളരിയ്ക്കൽ മുക്ക് കരപ്പള്ളി
ജംഗ്ഷൻ റോഡ് 4m - 2km

15. കുറ്റിമൂട്ടിൽ ജംഗ്ഷൻ
- നെടുന്തറ റോഡ് 4m - 1.5 k.m.

16. കൊച്ചരയാകുളങ്ങര
- കല്ലേലിൽ റോഡ് 4m - 900m

17. RDO ചിറ - കോനുമഠം .
ജംഗ്ഷൻ റോഡ് 3m - 500m

18. പൊന്നുരുട്ട ജംഗ്ഷൻ മുതൽ
പടിഞ്ഞാറോട്ട് ഇലയിക്കൽ വഴി
കാഞ്ഞിരത്തിൻ മൂട്ടിൽ
ജംഗ്ഷൻ റോഡ് 4m - 1k.m.

19. അകവൂർമഠം ജംഗ്ഷൻ
മുതൽ കിഴക്കോട്ട്
കോങ്ങിണിയേത്ത് ജംഗ്ഷൻ
വഴി കരുത്തോട്ടിൽ ജംഗ്ഷൻ,
വേലശ്ശരിൽ വഴി പെരുന്തേത്ത്
ജംഗ്ഷൻ റോഡ് 4m - 2k.m.

20. മണിമല മുക്ക് - പാനേൽമുക്ക്
റോഡ് 5m - 1k.m.

21. കൃഷ്ണഭവൻ - ജയവിഹാർ
ജംഗ്ഷൻ റോഡ് 4m - 1k.m.

22. കലാവിലാസം - നെടിയയിൽ
ജംഗ്ഷൻ റോഡ് 5m - 500m

23. കല്ലൂർ ജംഗ്ഷൻ
- വാണിയപ്പുരയിൽ റോഡ് 4m - 1k.m.

24. കണിയാം പറമ്പിൽ
ജംഗ്ഷൻ - ശ്രീകൃഷ്ണസ്വാമിക്ഷേത്രം
റോഡ് 4m - 300m

പാലം, കലുങ്ക്

1. പറക്കളത്തിൽ വാഹന ഗതാഗത യോഗ്യമായ പാലം പണിയണം.

2. കോളാച്ചിറ, നെടുന്തറ എന്നീപ്പാലങ്ങൾ വീതി കൂടിയ പാലങ്ങളായി പുതുക്കിപ്പണിയണം

3. നാലുകെട്ടും കവലയിൽ അച്ചൻകോവിലാറിനു കുറികെ ഗോവേണിപ്പാലം പണിയുക

4. മൂർത്തിയമ്പലം കലുങ്ക് പുതുക്കി പണിയുക.

5. അരണപ്പുറത്തു നിന്നും കിഴക്കോട്ടും വടക്കോട്ടും ഉള്ള കനാലിനു മുകളിൽ സ്ലാവിടുക.

6. മണ്ണട, കാട്ടിൽപ്പറമ്പിൽ റോഡ് കലുങ്ക് പുതുക്കിപ്പണിയണം.

7. നടുവട്ടം കാട്ടിക്കോയിക്കൽ റോഡിൽ കലുങ്കു പണിയണം.

8. 28ൽ കടവിനു തെക്കുവശമുള്ള നീരൊഴുക്കാതോടിൽ, ആയിരപ്പള്ളി പടിഞ്ഞാറുവശം, മംഗലശ്ശേരി എന്നിവിടങ്ങളിൽ കലുങ്കുകൾ വേണം.

ഗതാഗതം

നിർദ്ദേശങ്ങൾ (തുടർച്ച)

10. ടെലികോം ഡിപ്പാർട്ട്മെന്റും ശുദ്ധജല വിതരണവകുപ്പും റോഡുകൾ കുഴിക്കുന്നതുമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ ഒഴിവാക്കാനായി ഗ്രാമപഞ്ചായത്ത് നടപടികൾ എടുക്കണം.

11. വാഹന ഗതാഗതത്തിന് തടസ്സമായി നിൽക്കുന്ന വൈദ്യുതി - ടെലഫോൺ പോസ്റ്റുകൾ മാറ്റിസ്ഥപിക്കുക.

12. റോഡു കയ്യേറ്റം തടയുക.

13. റോഡിൽ പാറയും ചരലും മറ്റു ഗൃഹനിർമ്മാണ സാമഗ്രികളും ഇറക്കി ഗതാഗതതടസ്സം സൃഷ്ടിക്കുന്നതൊഴിവാക്കണം.

14. പ്രധാനപ്പെട്ട എല്ലാ ബസ്സ് സ്റ്റോപ്പുകളിലും വെയിറ്റിംഗ്ഷെഡുകൾ പണിയണം.

15. യാത്രാസൗകര്യം കുറഞ്ഞ മേഖലകളിലെ പ്രധാനറോഡുകളിൽ കൂടി ബസ്സ് സർവ്വീസ് തുടങ്ങുന്നതിന് നടപടി സ്വീകരിക്കണം.

16. പള്ളിപ്പാടുവഴി തിരുവനന്തപുരം, എറണാകുളം ഫാസ്റ്റ്പാസഞ്ചർ സർവ്വീസുകളും ഹരിപ്പാട് - കോട്ടയം ഫാസ്റ്റുപാസഞ്ചർ സർവ്വീസും കായംകുളം, തട്ടാരമ്പലം പള്ളിപ്പാടുവഴി ആലപ്പുഴയ്ക്കുമുള്ള സർവ്വീസും പുനരാരംഭിക്കുക.

17. അച്ചൻകോവിലാറ്റിൽ നിലവിലുള്ള കടത്തുകടവുകളിൽ പാലങ്ങൾ പണിയുക.

18. അച്ചൻകോവിലാറിന്റെ ഇരുകരകളിലും സംരംക്ഷണ ഭിത്തികെട്ടി റോഡുകൾ നിർമ്മിച്ച് സഞ്ചായയോഗ്യമാക്കണം.

19. റോഡു നിർമ്മാണ പ്രവർത്തനങ്ങളിൽ ഇടത്തട്ടുകാരെ ഒഴിവാക്കി പൊതുജന സഹകരണവും ശ്രമദാനവും പ്രയോജനപ്പെടുത്തണം. അച്ചൻകോവിലാറിന്റെ ഇരുവശങ്ങളിൽ താമസിക്കുന്നവർ ആറുനികത്തി പുരയിടമാക്കുന്നത് നിരോധിക്കണം.

ഊർജ്ജം

പട്ടിക VI (തുടർച്ച)

1. പഞ്ചായത്തിലെ എല്ലാ റോഡുകളിലും വൈദ്യുതലൈൻ വലിച്ച് ആവശ്യമായ സ്ഥലങ്ങളിൽ വെളിച്ചം എത്തിക്കണം

2. ചേരിയിൽ കോളനിറോഡ്, കണിയാമ്പറമ്പിൽ ജംഗ്ഷൻ - ശ്രീകൃഷ്ണസ്വാമിക്ഷേത്രം - ചേനച്ചേരിൽ - അച്ചൻകോവിലാറ് റോഡ്, നെടുന്തറ പാലത്തുമ്പാട്ട് കോളനിറോഡ്, പൂപ്പള്ളി ബേക്കറി, നങ്ങ്യർകുളങ്ങര ക്ഷേത്രം റോഡ് എന്നിവടങ്ങളിൽ അടിയന്തിരമായി വൈദ്യുതലൈൻ വലിക്കുക.

4.7 സംയോജിത ശിശുവികസന പദ്ധതി

സാമൂഹ്യക്ഷേമം

നിർദ്ദേശങ്ങൾ (തുടർച്ച)

18. എല്ലാ അംഗൻവാടിക്കും സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാക്കുക.

19. അംഗൻവാടികളിൽ പ്രാധമിക ആവശ്യങ്ങൾക്കുള്ള സൗകര്യം ഏർപ്പെടുത്തുക.

20. പഞ്ചായത്തിൽ ഒരു പോലീസ് ഔട്ടൊപോസ്റ്റ് സ്ഥാപിക്കുക.

പാർപ്പിടം

നിർദ്ദേശങ്ങൾ (തുടർച്ച)

16. കാലപ്പഴക്കത്താൽ താമസയോഗ്യമല്ലാതായ ലക്ഷംവീട് കോളനികളുടെ അറ്റകുറ്റപണികൾ നടത്തുക.

17 ലക്ഷംവീടുകോളനികളിൽ കുടിവെള്ളം, സാനിട്ടേഷൻ, ഗതാഗതം ഇവ ഉറപ്പാക്കുക.

18. ഭൂരഹിത - ഭവനരഹിതകർക്ക് സൗജന്യമായി ഭൂമി നൽകുന്നതിനൊപ്പം വീടുകളും സൗജന്യമായി നിർമ്മിച്ചു നൽകുക.

19. വായ്പാ വിതരണത്തിൽ ബാങ്കുകൾ കാട്ടുന്ന നിഷേധാത്മകമായ നിലപാടുമാറ്റുന്നതിന് അടിയന്തിര നടപടിയുണ്ടാകണം. വായ്പാതുകയുടെ സബ്സീഡി വർദ്ധിപ്പിക്കുക.

20. ജനറൽ വിഭാഗത്തിൽപ്പെട്ട പാവപ്പെട്ടവർക്ക് വീടുവെച്ചു നൽകുന്നതിന് ആവശ്യമായ നടപടി എടുക്കുക.

4.8 സാംസ്കാരിക രംഗം

നിർദ്ദേശങ്ങൾ (തുടർച്ച)

16. മാതൃഭൂമിസ്റ്റഡിസർക്കിൾ, മംഗളം കലാസാഹിത്യവേദി, പുരോഗമനകലാസാഹിത്യസംഘം, ശാസ്ത്രസാഹിത്യ പരിഷത്ത്, N.S.S തുടങ്ങിയ സംഘടനകളെ പഞ്ചായത്തു തല സാംസ്ക്കാരികപ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കണം.

17. പഞ്ചായത്തിൽ പ്രവൃത്തിക്കുന്ന മുഴുവൻ സാമൂഹിക സാംസ്ക്കാരിക സംഘടനകളും പഞ്ചായത്തിൽ രജിസ്ട്രേഷൻ നടത്തി അംഗീകാരം നേടണം.

18. ഓണാഘോഷങ്ങളുടെ ഭാഗമായി പഞ്ചായത്ത് പ്രദേശത്ത് നിലവിലുള്ള അനുഷ്ഠാനകലകളുടെ പ്രദർശനം സംഘ ടിപ്പിക്കണം.

4.9 തൊഴിൽ

നിർദ്ദേശങ്ങൾ (തുടർച്ച)

15. C.B.C.S, ത്രിഫ്റ്റ് ഗ്രൂപ്പുകൾ എല്ലാവാർഡിലും തുടങ്ങുക.

16. തുല്യജോലിക്ക് തുല്യവേതനം നടപ്പിലാക്കുക

4.11 പട്ടികജാതി-പട്ടികവർഗ്ഗം

നിർദ്ദേശങ്ങൾ (തുടർച്ച)

29. പട്ടികജാതി - പട്ടികവർഗ്ഗക്കാരുടെ ഒറ്റപ്പെട്ട വീടുകളെ ഏറ്റവും അടുത്തുള്ള കോളനിയുമായി ബന്ധപ്പെടുത്തി ആനുകൂല്യങ്ങൾ നൽകുക.

30. കോളനികളിൽ അംഗൻവാടികളും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും സ്ഥാപിക്കുക

31. കോളനികളിൽ വൈദ്യുതി എത്തിക്കുക.

32. വാണിപ്പുരകടവിൽ കടത്ത് അനുവദിക്കുക.

33. എല്ലാ പട്ടികജാതി - പട്ടികവർഗ്ഗ കോളനികളേയും IHDP കോളനിയായി പ്രഖ്യാപിക്കുക.

34. പട്ടികജാതി - പട്ടികവർഗ്ഗക്കാർ തിങ്ങിപ്പാർക്കുന്ന മേഘലയിൽ പൊതു ശ്മശാനം സ്ഥാപിക്കുക

4.12 തീപിടുത്തങ്ങൾ

നിർദ്ദേശങ്ങൾ (തുടർച്ച)

22. ആഢംഭര രീതിയിൽ പണിതിട്ടുള്ള വീടുകൾക്ക് നികുതി നിരക്ക് വർദ്ധിപ്പിക്കുക.

KERALA



പള്ളിപ്പാട് ഗ്രാമ പഞ്ചായത്ത്

സമ്പൂർണ്ണ ശുചിത്വ ഗ്രാമം

"വ്യക്തി ശുചിത്വം, സാമൂഹ്യ ശുചിത്വം ഇവ പാലിച്ച്
രോഗങ്ങളിൽ നിന്നും മോചനം നേടുക"

"രോഗം വന്നിട്ട് ചികിത്സിക്കുന്നതിനേക്കാൾ ഭേദം
രോഗം വരാതെ സൂക്ഷിക്കുകയാണ്"

വാണിപ്രിന്റേഴ്സ് (ഓഫ്സെറ്റ്) ഫോൺ : 245406